# സോവിയററു വിദേശനയം സമാധാനത്തിൻെറ രക്ഷയ്ക്കു

947

പി. കെ. വാസുദേവൻ നായർ

# സോവിയററു വിദേശനയം
# സമാധാനത്തിന്റെ രക്ഷക്ക്

7646

**പി. കെ. വാസുദേവൻ നായർ,**
മുൻ കേരളാ മുഖ്യമന്ത്രി

PC Library & Research Center

**ശ്രീദേവി ബുക്ക് ഹൗസ്**
മദിരാശി-600031.

ഒന്നാംപതിപ്പ്: ഡിസംബർ. 1982
പകർപ്പവകാശം

947F

വില: രൂ. 6-00

അച്ചടി:

ജനതാ പ്രസ്സ്, മദിരാശി-600014

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| I. | അവതാരിക | ... | 5 |
| II. | സോവിയററ് വിദേശനയത്തിൻെറ അടിസ്ഥാന തത്വങ്ങൾ | ... | 9 |
| III. | രണ്ടു ലോകയുദ്ധങ്ങൾക്കിടയിലുള്ള കാലത്തെ വിദേശനയം | ... | 34 |
| IV. | യുദ്ധകാലം (1939 – 45) | ... | 68 |
| V. | യുദ്ധാനന്തരകാലം | ... | 76 |
| VI. | 1950-നും 1890-നും ഇടക്കുള്ള കാലം | ... | 95 |
| VII. | ഇന്നു നാം കാണുന്ന രംഗം | ... | 130 |
| | ഉപസംഹാരം | ... | 139 |

# I. അവതാരിക

ഇന്ന് കാണുന്ന ലോകം രൂപപ്പെടുത്തുന്നതിൽ സോവിയററു വിദേശനയം വഹിച്ചിട്ടുള്ള പങ്കിനെയും സമീപകാല ചരിത്രത്തിൻമേൽ അതു ചെലുത്തിയിട്ടുള്ള ഗംഭീരമായ സ്വാധീനത്തെയും പററിയുള്ള ഈ പുസ്തകം എഴുതാൻ തുടങ്ങുന്ന ഈ അവസരത്തിൽ ലോകത്തിൻെറ പല ഭാഗങ്ങളിലും സംഭവബഹുലമായ അനേകം കാര്യങ്ങൾ നടക്കുന്നതായി ഞാൻ കാണുന്നു.

കൊളോണിയലിസ്റ്റ് വ്യാമോഹങ്ങൾ വെച്ചുപുലർത്തുന്ന ബ്രിട്ടൻ ഫോക്ലാൻഡിനെച്ചൊല്ലി അർജൻറീനക്കെതിരായി ഒരപ്രഖ്യാപിത യുദ്ധം നടത്തിക്കഴിഞ്ഞിരിക്കുകയാണ്. സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം ആയിരക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിക്കൊണ്ട് കുററബോധം തൊട്ടുതീണ്ടാതെ നാസ്സി അക്രമികളുടേതിനു തുല്യമായ ക്രൂരതയോടും രക്തദാഹത്തോടുംകൂടി ഇസ്രായേൽ ലെബനോൺ എന്ന കൊച്ചു രാജ്യത്തെ നിലംപരിശാക്കിക്കൊണ്ടിരിക്കുന്നു. ബർലിൻ-ടോക്കിയോ ഫിസിസ്റ്റ്-സൈനിക ദുഷ്പ്രഭുത്വ കൂട്ടുകെട്ട് മുപ്പതുകളുടെ അവസാനത്തിൽ പ്രയോഗിച്ച മിന്നലാക്രമണ രീതിയാണ് ഇസ്രായേലി ആക്രമണകാരികൾ അവിടെ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ആ യുദ്ധവും ഒരപ്രഖ്യാപിത യുദ്ധമാണ്. യുദ്ധത്തിനു പുതിയ വിശേഷണങ്ങളും തരംതിരിവുകളും ഉണ്ടായിരിക്കുന്നു... ''അപ്രഖ്യാപിതയുദ്ധം'', ''പുതിയ ആയുധങ്ങൾ പരീക്ഷിച്ചുനോക്കാനായുള്ള യുദ്ധം'', ''പുത്തൻ കൊളോണിയലിസ്റ്റു യുദ്ധം'' മുതലായവ. മേലെ പറഞ്ഞ യുദ്ധങ്ങൾ തരംതിരിവുകളിൽ പെടുന്നവയാണ്. അവ ആരംഭിച്ച

ഇപ്പറഞ്ഞ രീതിയും ആക്രമണകാരികഠം സ്വയം മുൻ വെച്ച കടമകളുമെല്ലാം അതു വ്യക്തമാക്കുന്നുണ്ട്.

''അപ്രഖ്യാപിത യുദ്ധങ്ങഠം'' നമ്മുടെ കാലത്ത് ഒരുതരം സാധാരണ ദുഷ്ടസംഭവമായിത്തീർന്നുകഴിഞ്ഞിരിക്കുകയാണ്. അവയ്ക്കു പുറമെ വേറെയും ചിലതരം യുദ്ധങ്ങഠം നടക്കുന്നുണ്ട്... വിമോചനത്തിനുവേണ്ടിയുള്ള യുദ്ധങ്ങളും കഷ്ടപ്പെട്ടു നേടിയ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻവേണ്ടിയുള്ള യുദ്ധങ്ങളും. ഉദാഹരണത്തിന് നമീബിയയിലെ ജനങ്ങഠം ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി ദക്ഷിണാഫ്രിക്കയിലെ വംശീയവാദി ഭരണകൂടത്തിനെതിരായി അവിരാമം പോരാടിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ശത്രുക്കളെ തുരത്താൻ കമ്പൂച്ചിയയിലെ ജനങ്ങഠം അവരുടെ വിയററ്നാമീസ് സഹോദരങ്ങളുടെ സഹായത്തോടുകൂടി ഒരു സമരത്തിലേർപ്പെട്ടിരിക്കുന്നു. കൊലപാതകികളിൽനിന്നും കൊള്ളക്കാരിൽനിന്നും സ്വന്തം ജനാധിപത്യനേട്ടങ്ങളെ സംരക്ഷിക്കാൻ അഫ്ഗാൻ ജനാധിപത്യ റിപ്പബ്ലിക്കിന് സുഹൃത്തുക്കളുടെ സഹായം ഇന്നും ആവശ്യമായിരിക്കുകയാണ്. സൈനിക ദുഷ്പ്രഭുത്വത്തിൽനിന്ന് തങ്ങളുടെ രാജ്യത്തെ രക്ഷിക്കാനായി എൽ സാൽവഡോറിലെ നൂറുകണക്കിനാളുകഠം വീരമരണമടയുന്നു. തങ്ങളുടെ കഷ്ടപ്പെട്ടു നേടിയ സ്വാതന്ത്ര്യത്തെ അമേരിക്കൻ സാമ്രാജ്യത്വാക്രമണത്തിൽനിന്നു രക്ഷിക്കാനായി സർവ്വസന്നദ്ധമായി നിൽക്കുകയാണ് നിക്കാരാഗുവ. പോളണ്ടിലെ സോഷ്യലിസ്റ്റു സമ്പ്രദായത്തെ കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി സദാ ജാഗ്രത പുലർത്തേണ്ടിയിരിക്കുകയാണ് അവിടത്തെ ഗവർമ്മെൻറിന്.

ഇപ്പറഞ്ഞതിലെല്ലാം ഒളിഞ്ഞോ തെളിഞ്ഞോ അമേരിക്കയുടെ കരങ്ങഠം ആക്രമണകാരിയുടെയോ മർദ്ദകൻെറയോ ഭാഗത്തു പ്രവർത്തിക്കുന്നതായി, ഒരു അസ്ഥിരീകരണ ഘടകമെന്ന നിലയിൽ പ്രവർത്തി

ക്കുന്നതായി, കാണാവുന്നതാണ്. ദക്ഷിണാഫ്രിക്കയെ ഒരു സുഹൃത്തെന്ന നിലയിൽ അമേരിക്ക കെട്ടിപ്പുണരുന്നു. കമ്പൂച്ചിയക്കെതിരായി ഒരു മുന്നണിയുണ്ടാക്കാൻ ''ആസിയാന്റെ''മേലും ചൈനയുടെമേലും പ്രേരണ ചെലുത്തുകയാണ് അമേരിക്ക. അഫ്ഗാനിസ്ഥാന്റെ ശത്രുക്കളെ അമേരിക്ക പരിശീലിപ്പിച്ച് ആയുധമണിയിക്കുന്നു. എവിടെ നോക്കിയാലും ജനതകളുടെ സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും നേർക്ക് അമേരിക്കയുടെ കൈവിരലുകൾ കാഞ്ചി വലിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ഇതിനുപുറമെ അമേരിക്ക സോവിയററു യൂണിയനെതിരായി ഒരു വ്യാപാരയുദ്ധം നടത്തിക്കൊണ്ടിരിക്കുന്നു. ആ രാജ്യവുമായി യാതൊരുവിധ സാമ്പത്തിക സഹകരണവും പുലർത്തരുതെന്ന് സഖ്യരാജ്യങ്ങളോടെല്ലാം അമേരിക്ക ആവശ്യപ്പെടുകയും ചെയ്യുന്നു. അണുവായുധ നിർമ്മാണം മുമ്പെന്നത്തേതിലും വർദ്ധിച്ച തോതിലാണ് അമേരിക്ക നടത്തിക്കൊണ്ടിരിക്കുന്നത്. അമേരിക്കയുടെ സ്പേസ് ഷട്ടിൽ കൊളമ്പിയ സൈനികാവശ്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള അതിന്റെ നാലാമത്തെ യാത്ര ഈയിടെ പൂർത്തിയാക്കി. ബാഹ്യാകാശത്തെ സൈന്യവൽക്കരിക്കാനുള്ള തന്റെ ഉദ്ദേശം യാതൊരു മടിയും കൂടാതെ അമേരിക്കൻ പ്രസിഡന്റ് പ്രഖ്യാപിച്ചിരിക്കുന്നു.

ഈ ഭൂതലത്തെ ഒരൊന്നാന്തരം ജനവാസകേന്ദ്രമാക്കിത്തീർക്കാനായി യു. എൻ. ജനറൽ അസ്സംബ്ലിയുടെ പ്രത്യേക സമ്മേളനം ന്യൂയോർക്കിൽ നിരായുധീകരണത്തിന്റെ പ്രശ്നങ്ങൾ ഗൗരവമായി ചർച്ചചെയ്തുകൊണ്ടിരുന്ന ഒരവസരത്തിലാണ് അമേരിക്കൻ പ്രസിഡന്റിന്റെ പ്രഖ്യാപനമുണ്ടായത്.

രാഷ്ട്രങ്ങളുടെ മജ്ജയും മാംസവും തിന്നുമുടിക്കുന്ന, ജനതകളുടെ വിത്ത വിഭവങ്ങൾ ഊററിയെടുത്തു കളയുന്ന, ഭ്രാന്തുപിടിച്ച ആയുധമൽസരത്തിന് എപ്രകാരം അറുതിവരുത്താമെന്നും ലോകത്തിൽ കുന്നുകൂട്ടി

വെച്ചിരിക്കുന്ന ബോംബുകളും രാസായുധങ്ങളും എപ്രകാരം ഉൻമൂലനംചെയ്യാമെന്നുമുളള ചിന്ത മുഴുവൻ ലോകത്തെയും പിടികൂടിയിരിക്കുകയാണ്. അവയെല്ലാം അതേപടി വെച്ചിരുന്നാൽ ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ഈ ഭൂതലം ഒരു ശ്മശാനമായി മാറിയേക്കും. വികസ്വര നാടുകളിൽ കോടിക്കണക്കിനു മനുഷ്യരാണ് പട്ടിണിയിലും ദാരിദ്ര്യത്തിലും രോഗത്തിലും കിടന്നു നരകിക്കുന്നത്. എങ്ങിനെ അതിനൊരു പരിഹാരം കാണാനാകും. ഈ ഭൂമുഖത്തുളളവരുടെ ജീവിതം എപ്രകാരം സന്തോഷകരവും സമാധാനപരവുമാക്കിത്തീർക്കാനാകും? ഇത്തരം ചിന്തകൾ ഇന്നു സകലരെയും അലട്ടിക്കൊണ്ടിരിക്കുകയാണ്.

അമേരിക്കൻ ഭരണകൂടത്തിന് ഇത്തരം കാര്യങ്ങളിൽ താൽപര്യമുണ്ടെന്നു തോന്നുന്നില്ല. അതിനു വേറെ പണിയുണ്ട്. 'സമാധാനത്തേക്കാൾ പ്രധാനപ്പെട്ട മററു കാര്യങ്ങളുണ്ട്' അവർക്ക്. ശേഖരിച്ചുവെക്കപ്പെട്ടിട്ടുളള അണുവായുധക്കൂമ്പാരം നമ്മുടെ ഈ ഗ്രഹത്തെ എന്നന്നേക്കുമായി തകർത്തു തരിപ്പണമാക്കിയേക്കാവുന്ന അപകടം നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുകയാണ്.

പ്രസ്തുത അപകടത്തെ ഒഴിവാക്കി ഈ ഭൂമിയെ ഭാവിതലമുറകൾക്കുവേണ്ടി കാത്തുസൂക്ഷിക്കേണ്ടതുണ്ടോ ഇല്ലയോ?

ഇതാണ് ഇന്നു മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന വലിയ ചോദ്യം. ഏതു രാഷ്ട്രവും ഈ ചോദ്യത്തിന് എന്തുത്തരം നൽകുന്നുവോ അത് ആ രാഷ്ട്രത്തിൻെറ വിദേശനയത്തിൻെറ അന്തസ്സത്ത എന്തെന്ന് വിളിച്ചോതും.

എന്താണ് സോവിയററ് യൂണിയൻ നൽകുന്ന ഉത്തരം എന്നു നോക്കാം.

## II. സോവിയററ് വിദേശനയത്തിൻെറ അടിസ്ഥാന തത്വങ്ങൾ

1917-ാമാണ്ട് റഷ്യക്കു മാത്രമല്ല മുഴുവൻ ലോകത്തിനും പ്രധാനപ്പെട്ട ഒരു വർഷമാണ്. തലമുറകളായിട്ട് തങ്ങളുടെമേൽ അടിച്ചേൽപിക്കപ്പെട്ടിരുന്ന കഷ്ടപ്പാടുകളിൽനിന്നും കണ്ണുനീരിൽനിന്നും റഷ്യയിലെ തൊഴിലാളികളും കർഷകരും അന്നു മോചിപ്പിക്കപ്പെട്ടു. അതു വെറും രാജവാഴ്ചയിൽനിന്നുള്ള മോചനം മാത്രമായിരുന്നില്ല. പുതിയ ഒരു വ്യവസ്ഥിതി—സോഷ്യലിസ്റ്റ് വ്യവസ്ഥിതി — സംജാതമായി. പുതിയ തരത്തിൽപെട്ട ഒരു ഭരണകൂടം — സ്ഥാപിക്കപ്പെട്ടു. അതാണതിൻെറ പ്രാധാന്യം. ചരിത്രപ്രധാനമായ ഒരു സംഭവമാണത്. കാരണം, അതിനുമുമ്പ് അത്തരമൊരു വ്യവസ്ഥിതിയോ ഭരണകൂടമോ ഈ ഭൂമുഖത്ത് ഉണ്ടായിരുന്നില്ല. അനിതരസാധാരണമായ ആ പരീക്ഷണം മഹാനായ ലെനിൻെറ നേതൃത്വത്തിലുള്ള ബോൾഷെവിക് പാർട്ടി സധൈര്യം ഏറെറടുത്തു ജൻമിത്വത്തിൽനിന്നും മുതലാളിത്തത്തിൽനിന്നും അതിൻെറ പരമോന്നതഘട്ടമായ സാമ്രാജ്യത്വത്തിൽനിന്നുമെല്ലാം തികച്ചും വ്യത്യസ്തമായ ഒരു നൂതന വ്യവസ്ഥിതി വളർത്തിയെടുക്കുക എന്നതായിരുന്നു ആ പരീക്ഷണത്തിൻെറ മൗലിക ലക്ഷ്യം. രാജ്യത്തിൻെറ മുഴുവൻ വിത്ത വിഭവങ്ങളും മുഴുവൻ ജനങ്ങളുടേയും പൊതുസ്വത്താണെന്നതിൻെറ അടിസ്ഥാനത്തിലാണ് അത് കെട്ടിപ്പടുക്കപ്പെട്ടത്. ആ വ്യവസ്ഥിതിയിൽ സ്വകാര്യസ്വത്തില്ല.

1917-ാമാണ്ടിന് വേറെയുമൊരു പ്രാധാന്യമുണ്ട്. ആ വർഷത്തിലാണ് പുതിയ തരത്തിൽപ്പെട്ട

അന്താരാഷ്ട്രബന്ധങ്ങൾ — വ്യത്യസ്ത സാമൂഹിക വ്യവസ്ഥിതികളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ — ആവിർഭവിച്ചത്.

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചയുടൻ സോവിയററ് അധികാരം ചരിത്രപ്രധാനമായ രണ്ടു ഡിക്രികൾ അംഗീകരിച്ചു — ഒന്ന് സമാധാനത്തെ സംബന്ധിച്ചും മററൊന്ന് ഭൂമിയെ സംബന്ധിച്ചും. വ്യത്യസ്ത സാമൂഹിക വ്യവസ്ഥിതികളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തനം എന്നതു സംബന്ധിച്ച തത്വങ്ങളാണ് സോവിയററ് സമാധാനനയത്തിനടിസ്ഥാനം. പ്രസ്തുത തത്വങ്ങളാവിഷ്കരിച്ചത് ലെനിനാണ്. സോവിയററ് റിപ്പബ്ലിക്ക് അതിന്റെ ആദ്യനാളുകളിൽ പുറപ്പെടുവിച്ച ശാസനങ്ങളിൽ അവ രേഖപ്പെടുത്തപ്പെട്ടു. സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളോട് സോവിയററ് അധികാരം പ്രകടമാക്കുന്ന കൂറ് വെറുമൊരു അടവോ പ്രചാരണതന്ത്രമോ അല്ല. നേരെ മറിച്ച്, അത് സോവിയററ് വിദേശനയത്തിന്റെ മൂലക്കല്ലാണ്.

പുതുതായി സ്ഥാപിച്ച റിപ്പബ്ലിക്കിനെ വിദേശനയകാര്യങ്ങളിൽ കൊണ്ടുനടത്താൻ ലെനിൻ ആഗ്രഹിച്ച മൗലിക സരണിയെപ്പററി ശരിയാംവണ്ണം മനസ്സിലാക്കാൻ ലെനിന്റെതന്നെ വാക്കുകൾ ശ്രദ്ധിക്കുന്നതായിരിക്കും ഉത്തമം. സമാധാനത്തെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് നവംബർ 8-ന് (ഒക്ടോബർ 26-ന്) ലെനിൻ ചെയ്ത പ്രസംഗത്തിൽനിന്നു ചില ഭാഗങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളട്ടെ:

"...കീഴടക്കപ്പെട്ട ദുർബല ജനതകളെ ശക്തരും സമ്പന്നരുമായ രാഷ്ട്രങ്ങൾ എങ്ങിനെ പങ്കിട്ടെടുക്കണം എന്ന പ്രശ്നത്തെച്ചൊല്ലിയുള്ള ഈ യുദ്ധം തുടരുന്നത് മനുഷ്യരാശിക്കെതിരായ ഏററവും വലിയ പാതകമായി ഈ ഗവർമ്മെണ്ട് കരുതുന്നു...

"സോവിയററ് ഗവർമ്മെണ്ട് രഹസ്യ നയതന്ത്രം റദ്ദാക്കുന്നു. എല്ലാ കൂടിയാലോചനകളും മുഴുവൻ ജനങ്ങരംക്കും കാണത്തക്കവിധം പരസ്യമായി നടത്താനുള്ള അതിൻെറ തീരുമാനം പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഭൂപ്രഭുക്കളുടേയും മുതലാളിമാരുടേയും ഭരണകൂടം 1917 ഫെബ്രുവരി മുതൽ ഒക്ടോബർ 25 വരെയുള്ള കാലയളവിനുള്ളിൽ അംഗീകരിക്കുകയോ ഒപ്പുവെക്കുകയോ ചെയ്ത രഹസ്യ ഉടമ്പടികരം ഉടൻ പൂർണ്ണമായി അതു പ്രസിദ്ധപ്പെടുത്താൻപോകുകയാണ്. റഷ്യൻ ഭൂപ്രഭുക്കരംക്കും മുതലാളിമാർക്കും പ്രയോജനങ്ങളും പ്രത്യേകാനുകൂല്യങ്ങളും നേടിക്കൊടുക്കുകയും റഷ്യക്കാർ വെട്ടിപ്പിടിച്ചതത്രയും കൈവശം വെക്കുകയും കൂടുതൽ വെട്ടിപ്പിടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യംവെച്ചുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള രഹസ്യ ഉടമ്പടികളെല്ലാം നിരുപാധികമായി ഉടനെ റദ്ദാക്കുന്നുവെന്ന് ഈ ഗവർമ്മെണ്ട് പ്രഖ്യാപിക്കുന്നു..."

പ്രസ്തുത പ്രഖ്യാപനം ധീരവും ചരിത്രത്തിൽ അന്നുവരെ മററാരും ചെയ്യാൻ ഒരുമ്പെടാത്തതുമാണ്. സ്വയം തടിച്ചുകൊഴുക്കാൻ അത്തരം രഹസ്യ ഉടമ്പടികരം പുതുതായി ജനിച്ച സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന് ആവശ്യമില്ലെന്ന പരസ്യ പ്രഖ്യാപനമായിരുന്നു അത്. സോവിയററുകളുടെ രണ്ടാം അഖില റഷ്യാ കോൺഗ്രസ്സിൻെറ തീരുമാനമനുസരിച്ച് സോവിയററ് വിദേശകാര്യാലയം അത്തരം രഹസ്യ ഉടമ്പടികരം 1917 ഡിസംബറിലും 1918 ആദ്യത്തിലുമായി പ്രസിദ്ധപ്പെടുത്തി. പിന്നീട്, സാറിസ്റ്റ് ഭരണകൂടവും ഇടക്കാലഗവർമ്മെണ്ടും ഒപ്പിട്ടതുരംപ്പെടെ നൂറിൽപ്പരം രഹസ്യ ഉടമ്പടികളും മററു രേഖകളും ഗ്രന്ഥരക്ഷാലയത്തിൽനിന്നെടുത്ത് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. നേരത്തെ റഷ്യയുടെ ബാരംട്ടിക് നാവികസേനയിൽ സേവനമനുഷ്ടിച്ചിരുന്ന ബോരംഷെവിക് പാർട്ടി അംഗമായ ഒരു എൻ. ജി. മാർക്കിനാണ് അതിനു മുൻകൈ എടുത്തത്. ആദ്യം അവ വർത്തമാനപത്ര

ങ്ങളിൽ വന്നു. തദനന്തരം ഒമ്പതു വാല്യങ്ങളിലായി അവ പ്രസിദ്ധീകരിക്കപ്പെട്ടു. ഒന്നാം ലോകയുദ്ധത്തിൻെറ സാമ്രാജ്യത്വസ്വഭാവം തുറന്നുകാട്ടാൻ ഉപകരിച്ച പ്രസ്തുത പ്രസിദ്ധീകരണത്തിൽ ജർമ്മൻ, ഇററാലിയൻ, ഫ്രഞ്ച് തുടങ്ങിയ പല വിദേശരേഖകളും ഉണ്ടായിരുന്നു.

ലെനിൻ തൻെറ പ്രസംഗത്തിൽ ഇങ്ങനെകൂടി പറഞ്ഞു: ''...സമാധാനത്തിനും നീതിക്കും അധരസേവ നടത്തുകയും യഥാർത്ഥത്തിൽ വെട്ടിപ്പിടുത്തങ്ങളും കൊള്ളയും നടത്തുകയും ചെയ്യുന്ന ഗവർമ്മെണ്ടുകളുടെ വഞ്ചനക്കെതിരെ നാം പോരാടിക്കൊണ്ടിരിക്കുകയാണ്. ഒരു ഗവർമ്മെണ്ടും പറയുകയില്ല അതെന്താണ് ചിന്തിക്കുന്നതെന്ന്. പക്ഷെ നാം രഹസ്യനയതന്ത്രത്തെ എതിർക്കുന്നു. മുഴുവൻ ജനങ്ങൾക്കും കാണത്തക്ക വിധത്തിൽ മാത്രമേ നാം പ്രവർത്തിക്കുകയുള്ളു. വിഷമതകളുടെ നേർക്ക് നാം കണ്ണടക്കുകയില്ല; ഒരിക്കലും കണ്ണടച്ചിട്ടില്ല...''

ആ വാക്കുകൾ സ്പഷ്ടമാണ്. സോവിയററ് റിപ്പബ്ലിക്ക് ഭാവിയിൽ പിന്തുടരേണ്ടിയിരുന്ന വിദേശനയത്തിൻെറയും നയതന്ത്രത്തിൻെറയും അന്തസ്സത്ത അതിലടങ്ങിയിട്ടുണ്ട്. സമാധാനത്തെ സംബന്ധിച്ച റിപ്പോർട്ടിനെപ്പററിയുള്ള ചർച്ചക്കുശേഷം ലെനിൻ ചെയ്ത പ്രസംഗത്തിൽനിന്നുകൂടി ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ. അദ്ദേഹം ഇങ്ങനെ പറഞ്ഞു:

''...സഖാക്കളെ, നിങ്ങൾ ഏററവും സൂക്ഷ്മമായ ശ്രദ്ധ പതിപ്പിക്കേണ്ടുന്ന മറെറാരു കാര്യംകൂടിയുണ്ട്. രഹസ്യ ഉടമ്പടികളെല്ലാം റദ്ദാക്കിയേ തീരൂ. വെട്ടിപ്പിടുത്തത്തെ ന്യായീകരിക്കുന്നതും നഷ്ടപരിഹാരം ആവശ്യപ്പെടുന്നതുമായ വ്യവസ്ഥകളെയെല്ലാം റദ്ദാക്കണം. ആക്രമണകാരികളായ ഭരണകൂടങ്ങൾ തമ്മിൽ ഒപ്പിട്ടിട്ടുള്ള ഉടമ്പടികളിൽ കൂട്ടുകൊള്ളക്കുള്ള വ്യവസ്ഥകളുണ്ട്. അതോടൊടൊപ്പം സാമ്പത്തിക സഹകരണകരാറുകൾക്കും നല്ല അയൽബന്ധങ്ങൾക്കു

മുള്ള വ്യവസ്ഥകളുമുണ്ട്...നല്ല അയൽബന്ധങ്ങളെയും സാമ്പത്തിക സഹകരണത്തെയും സംബന്ധിച്ച എല്ലാ വ്യവസ്ഥകളെയും നാം സ്വാഗതം ചെയ്യുന്നു. നമുക്ക് അവയെ തള്ളിക്കളയാൻ പററില്ല...

''സാമ്രാജ്യത്വ ഭരണകൂടങ്ങളുടെ കൽപനയനുസരിച്ച് കണ്ണുമടച്ച് കൊലക്കളത്തിലേയ്ക്ക് ജനങ്ങൾ പോകുന്നത് ശക്തിയുടെ സൂചനയാണെന്നാണ് ബൂർഷ്വാ ധാരണ. ഭരണയന്ത്രമുപയോഗിച്ച് ജനങ്ങളെ എവിടേക്ക് വേണമെങ്കിലും വലിച്ചെറിയാൻ കഴിഞ്ഞാൽ മാത്രമെ ഒരു ഗവർമ്മെൻറ് സുശക്തമാണെന്ന് ബൂർഷ്വാസി സമ്മതിക്കുകയുള്ളു. ശക്തിയെ സംബന്ധിച്ചുള്ള നമ്മുടെ ധാരണ വ്യത്യസ്തമാണ്. ജനങ്ങൾ രാഷ്ട്രീയമായി ബോധമുള്ളവരാകുമ്പോൾ ഒരു രാഷ്ട്രം സുശക്തമാകുന്നു എന്നതാണ് നമ്മുടെ ധാരണ. ജനങ്ങൾ എല്ലാം അറിഞ്ഞിരിക്കണം; എല്ലാററിനെപ്പററിയും ഒരഭിപ്രായം രൂപീകരിക്കാൻ അവർക്കു കഴിയണം; എല്ലാ പ്രവർത്തിയും അവർ ബോധപൂർവ്വം ചെയ്യണം. അപ്പോൾ മാത്രമേ ഒരു രാഷ്ട്രം സുശക്തമാകുകയുള്ളു...''

നവംബർ 15-ന് പ്രസിദ്ധപ്പെടുത്തിയ അവകാശപ്രഖ്യാപനമനുസരിച്ച് 1917 ഡിസംബറിൽ സോവിയററ് ഗവർമ്മെൻറ് അന്നുവരെ റഷ്യയുടെ ഒരു ഭാഗമായിരുന്ന ഫിൻലാൻഡിൻെറ സ്വാതന്ത്ര്യം അംഗീകരിച്ചു. സ്വതന്ത്രമായ സ്വയംനിർണ്ണയാവകാശത്തിന് അർമേനിയക്കാർക്കുള്ള അവകാശവും അതംഗീകരിച്ചു. ജനങ്ങളുടെ താൽപര്യം മുൻനിർത്തി സമുദായത്തെ സമൂലം വീണ്ടും രൂപപ്പെടുത്തുന്ന പ്രസ്തുത വിപ്ലവകരമായ നിയമം അതിപ്രധാനമായ പുതിയ ഒരു ചരിത്രഘട്ടത്തെ കുറിക്കുന്നു.

അതേപ്പററി സംസാരിക്കവെ 1917 ഡിസംബർ 5-ന് നാവികസേനയുടെ ഒന്നാം അഖില റഷ്യാ കോൺഗ്രസ്സിൽ ലെനിൻ ഇപ്രകാരം പറയുകയുണ്ടായി:

''നാമിപ്പോൾ ഫിൻലാൻഡിനെ 'വെട്ടിപ്പിടിച്ചു' കൊണ്ടിരിക്കുകയാണ്. വെട്ടിപ്പിടിക്കുക എന്നത് വൃത്തികെട്ട വാക്കാണ്. പക്ഷെ നാം വെട്ടിപ്പിടിക്കുന്നത് മുതലാളിത്തലോകത്തിലെ കാട്ടുകള്ള പ്രഭുക്കൻമാർ വെട്ടിപ്പിടിക്കുന്നതുപോലെയല്ല. ഫിൻലാൻഡിന് പരിപൂർണ്ണ സ്വാതന്ത്ര്യം നൽകിക്കൊണ്ട് ആ രാജ്യത്തെ ജനങ്ങളുടെ സൗഹൃദം നേടിയെടുക്കുകയാണ് നാം ചെയ്യുന്നത്. അവർക്കിഷ്ടമാണെങ്കിൽ അവർക്ക് നമ്മോടൊപ്പം നിൽക്കാം; അല്ലെങ്കിൽ മററുള്ളവരോടൊപ്പം നിൽക്കാം. ഏതു രാജ്യത്തെയും ബൂർഷ്വാസിക്കെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് നാം പിന്തുണ നൽകുമെന്നുറപ്പാണ്. ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ള സഖ്യമല്ല അത്; ചൂഷകർക്കെതിരിൽ ചൂഷിതരുടെ സാഹോദര്യമാണ്...

''നാമിപ്പോൾ ഉക്രൈനിൽ ഒരു ദേശീയ പ്രസ്ഥാനം കാണുന്നു. ഉക്രൈനിയൻ ജനങ്ങളുടെ പരിപൂർണ്ണമായ സ്വാതന്ത്ര്യത്തിനുവേണ്ടി നാം നിരുപാധികം നിലകൊള്ളുകയാണ്. മുതലാളിത്ത മർദ്ദകരുടെ റഷ്യ മററു ജനതകളെ കശാപ്പുചെയ്തിരുന്ന രക്തപങ്കിലവും നീചവുമായ ആ പഴയ കാലത്തെ നാം തുടച്ചുനീക്കേണ്ടതായുണ്ട്. അങ്ങനെ ചെയ്യാൻ നാം ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്...

''...ഉക്രൈൻകാർ അവരുടെ ജീവിതം ഉചിതമെന്ന് അവർക്ക് തോന്നുന്ന രീതിയിൽ ക്രമപ്പെടുത്തി മുന്നോട്ടു പൊയ്ക്കോളൂ എന്ന് നാം അവരോടു പറയാൻ പോകുകയാണ്. പക്ഷെ ഉക്രൈനിയൻ തൊഴിലാളികളുടെ നേർക്ക് സഹോദരനിർവ്വിശേഷമായ നമ്മുടെ സഹായഹസ്തം നാം നീട്ടിക്കൊടുക്കും. എന്നിട്ട് നാം അവരോട് പറയും അവരോടൊപ്പം നാം അവരുടെയും നമ്മുടെയും ബൂർഷ്വാസിക്കെതിരായി പോരാടാൻ പോകുകയാണെന്ന്...''

ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറ സ്ഥാപകനായ ലെനിൻെറ വാക്കുകളെപ്പ

ററി ആലോചിക്കുമ്പോഠം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ദുഷ്പ്പെയ്തികഠം... എൽ സാൽവഡോറിലും നിക്കാരാഗുവയിലും മററും മററും... സ്വാഭാവികമായും ഓർത്തുപോകും. നമുക്കതേപ്പററിയൊക്കെ വിശദമായി പിന്നീട് ചിന്തിക്കാം.

പഴയതിനെ തച്ചുടച്ച് പുതിയ ഒരു വ്യവസ്ഥിതിയുടെ നിർമ്മാണം തുടങ്ങുന്നതിന് ക്ഷമയോടുകൂടിയ പ്രവർത്തനം ആവശ്യമാണ്. എല്ലാററിനുമുപരി സമാധാനമാണാവശ്യ,. യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ രാജ്യങ്ങളുമായും സമാധാന കൂടിയാലോചനയിലേർപ്പെടാനും തുല്യനിലയിലുള്ള ഉടമ്പടികഠം അവയുമായി ഒപ്പുവെക്കാനുമുള്ള സന്നദ്ധത സോവിയററു ഗവർമ്മെൻറ് പ്രഖ്യാപിച്ചു. മററു ഗവർമ്മെൻറുകഠംക്കയച്ച ഔദ്യോഗിക കുറിപ്പുകളിലും റേഡിയോ വഴി പുറപ്പെടുവിച്ച അഭ്യർത്ഥനകളിലും ഈ നിർദ്ദേശം എടുത്തുപറയപ്പെട്ടു.

ഇളം സോവിയററു റിപ്പബ്ലിക്കിന്റെ ഈ സമാധാന മുൻകൈ സ്വാഗതം ചെയ്യുന്നതിനു പകരം അതിനെതിരായി ഒരു സായുധാക്രമണം അഴിച്ചുവിടുകയാണ് മുതലാളിത്ത ഗവർമ്മെൻറുകഠം ചെയ്തത്. ഒക്ടോബർ വിപ്ലവം റഷ്യയിൽ കടപുഴക്കിയെറിഞ്ഞ മുതലാളിത്തത്തെ അവിടെ വീണ്ടും കയററി പ്രതിഷ്ഠിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിലൂടെ നിയമസാധുത നൽകപ്പെട്ടിട്ടുള്ള ഒന്നാണ് ജനതകളുടെ വിപ്ലവപൂർണ്ണമായ സ്വയംനിർണ്ണയാവകാശം. റഷ്യയിലെ ജനങ്ങഠം അതു നടപ്പാക്കിയപ്പോഠം അവർക്കെതിരെ മുതലാളിത്ത കോയ്മകഠം വാളെടുത്തു. തികച്ചും അന്യായമായ ഒരു കൈകടത്തൽ.

''ശീതയുദ്ധം: ഭൂതവും ഭാവിയും'' എന്ന തന്റെ പുസ്തകത്തിൽ അമേരിക്കൻ ചരിത്രകാരൻ ഫ്രെഡെറിക് എൽ. ഷൂമാൻ ഇപ്രകാരം എഴുതിയിരിക്കുന്നു: ''റഷ്യയിലെ ഒക്ടോബർ വിപ്ലവം കഴിഞ്ഞ് പത്തു

മാസത്തിനുള്ളിൽ സോവിയററ് റഷ്യയും പാശ്ചാത്യ രാജ്യങ്ങളും തമ്മിൽ യുദ്ധം തുടങ്ങി. അത് ശീതയുദ്ധമായിരുന്നില്ല; ശരിക്കും ചൂടുള്ള യുദ്ധംതന്നെ. അനവധിപ്പേരുടെ മരണത്തിനും വളരെ നാശനഷ്ടങ്ങാക്കും അതിടയാക്കുകയും ചെയ്തു. ഇക്കാര്യം എല്ലാവരും ഓർത്തിരിക്കേണ്ടതാവശ്യമാണ്. റഷ്യക്കാർ അതൊരിക്കലും മറക്കുകയില്ല. കമ്മ്യൂണിസ്റ്റുകാർ പാശ്ചാത്യരാജ്യങ്ങാക്കെതിരെ പട്ടാളത്തെ അയച്ചതുമൂലം തുടങ്ങിയ യുദ്ധമാണത്.

വിദേശാക്രമണകാരികളെ ആട്ടിയോടിച്ചപ്പോഠം തന്നെ സോവിയററ് ഭരണകൂടം ഒരു കാര്യം പ്രസ്താവിക്കുകയുണ്ടായി: സോവിയററു റിപ്പബ്ലിക്കിൻെറ അഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കുന്നപക്ഷം അമേരിക്ക ഉഠംപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങളുമായി കരാറുകളുണ്ടാക്കാൻ തങ്ങഠം തയ്യാറാണ്. 1918-ൻെറ അവസാനത്തിലും 1919-ൻെറ ആരംഭത്തിലും സമാധാനത്തിനുവേണ്ടി അനവധി അഭ്യർത്ഥനകഠം അതു പ്രകടിപ്പിച്ചു.

ദീർഘവീക്ഷണമുള്ള പല പാശ്ചാത്യ രാഷ്ട്രീയ നേതാക്കളും സോവിയററു ഭരണകൂടത്തിൻെറ അഭ്യർത്ഥനയെ സ്വാഗതം ചെയ്തു. അക്കൂട്ടത്തിലൊരാളായിരുന്നു റഷ്യയിൽ പ്രവർത്തിച്ചിരുന്ന അമേരിക്കൻ റെഡ്ക്രോസ്സ് മിഷൻെറ തലവൻ കേണൽ ഇ. റോബിൻസ്. സോവിയററു റഷ്യയുമായി സഹകരിക്കാൻ അദ്ദേഹം 1917-ൽ അമേരിക്കയോട് അഭ്യർത്ഥിച്ചു. സോവിയററു യൂണിയനെ അമേരിക്ക അംഗീകരിക്കണമെന്നും ആ ഇളം റിപ്പബ്ലിക്കുമായി സഹകരിക്കണമെന്നും നിർബ്ബന്ധപൂർവ്വം അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം ലെനിനെ കാണുകയും അദ്ദേഹവുമായി റെഡ്ക്രോസ്സിൻെറ പ്രപ്രവർത്തനങ്ങളെപ്പററിയും സോവിയററ്-അമേരിക്കൻ സാമ്പത്തിക സമ്പർക്കങ്ങളെപ്പററിയും ചർച്ച നടത്തുകയും ചെയ്തു. ജി. ബി. ചിച്ചെറിൻ, എ. വി. ലു

നാഷ്ലാർസ്കി തുടങ്ങിയ മററു സോവിയററു നേതാക്കളുമായും കേണൽ റോബിൻസ് ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്. റെഡ്ക്രോസ് മിഷനെപ്പററി സോവിയററു ഗവർമ്മെൻറിന് വളരെ വലിയ പ്രശംസയാണുണ്ടായിരുന്നതും.

1919 മാർച്ചിൽ ഡബ്ല്യു. സി. ബുള്ളിട്ട് എന്നു പേരായ ഒരമേരിക്കൻ ഉദ്യോഗസ്ഥനെ ലെനിൻ സ്വീകരിച്ചു. അദ്ദേഹം തൻെറ മോസ്കോ സംഭാഷണത്തെപ്പററി പ്രസിഡൻറു വിൽസന് റിപ്പോർട്ടു നൽകി. ന്യായമായ സമാധാനമാണ് സോവിയററു ഗവർമ്മെണ്ട് ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം പ്രസിഡണ്ടിന് ഉറപ്പുനൽകുകയും ചെയ്തു. കേണൽ റോബിൻസ് വഴിയും മി. ബുള്ളിട്ട് വഴിയും സോവിയററു ഗവർമ്മെണ്ട് അയച്ച നിർദ്ദേശങ്ങരം അമേരിക്കൻ ഗവർമ്മെണ്ട് തള്ളിക്കളഞ്ഞു.

സോവിയററു റഷ്യക്കെതിരെ സായുധ കൈകടത്തൽ നടത്തിയ പാശ്ചാത്യകോയ്മകരം സോവിയററു സമാധാന മുൻകൈകളെയെല്ലാം തിരസ്ക്കരിച്ചു. സൈനിക വിജയത്തിൽ അവരെല്ലാം ആശ നട്ടിരുന്നു. അവർക്കെല്ലാം സോവിയററു യൂണിയൻെറ സമാധാന നയത്തെപ്പററി വലിയ തെററിദ്ധാരണകളാണുണ്ടായിരുന്നത്. സത്യം പറഞ്ഞാൽ സോവിയററു വിദേശനയത്തിൻെറ അടിസ്ഥാന തത്വങ്ങരം അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. സോവിയററു യൂണിയൻ സമാധാനപരമായ സഹവർത്തിത്വത്തെപ്പററി പറഞ്ഞപ്പോരം അത് ആത്മാർത്ഥമായി പറയുന്നതല്ലെന്നാണ് അവർ കരുതിയത്. ഒരു സോഷ്യലിസ്റ്റു രാഷ്ട്രവും മുതലാളിത്ത രാജ്യങ്ങളും തമ്മിൽ സമാധാനവും സാമ്പത്തിക സഹകരണവും അസാദ്ധ്യമാണെന്ന തീവ്ര ഇടതുപക്ഷ വീക്ഷണം സോവിയററു യൂണിയനുണ്ടെന്ന് അവർ ആരോപിച്ചു. അടിസ്ഥാനരഹിതമായ ഒരാരോപമായിണരുന്നു അതെങ്കിലും അന്ന

ത്തെ സാഹചര്യത്തിൽ അതു മനസ്സാലാക്കാവുന്ന തേയുണ്ടായിരുന്നുള്ളു.

എന്നാലിന്ന്, സോവിയററു യൂണിയൻ കഴിഞ്ഞ ആറു പതിററാണ്ടുകാലം സമാധാനപരമായ സഹവർത്തനനയം ഇടതടവില്ലാതെ പിന്തുടർന്നുപോന്നിട്ടും, പാശ്ചാത്യലോകത്തെ ചില ശക്തികൾ, പ്രത്യേകിച്ചും അമേരിക്ക, പ്രസ്തുത നയത്തിനെതിരെ അപവാദം പ്രചരിപ്പിക്കുകയും സോവിയററു ഭീഷണി എന്ന ശുദ്ധ നുണ പറഞ്ഞുപരത്തുകയും ചെയ്യുന്നു. എന്തിനങ്ങനെ ചെയ്യുന്നു? അക്കാര്യം നമുക്ക് വിശദമായി പിന്നീടു ചർച്ചചെയ്യാം. ഏതായാലും, മുതലാളിത്ത കോയ്മകൾക്ക് അന്നും ഇന്നും ഒരുപോലെ യാഥാർത്ഥ്യത്തിനു നിരക്കുംവിധം ചിന്തിക്കാൻ കഴിയുന്നില്ലെന്നതും ദീർഘവീക്ഷണമില്ലെന്നതും തികച്ചും ഖേദകരംതന്നെ.

മററു രാജ്യങ്ങളുമായി പരസ്പരം പ്രയോജനകരമായ സഹകരണം വികസിപ്പിക്കുകയെന്നത് സത്യത്തിൽ സോവിയററു യൂണിയൻ പിന്തുടരുന്ന സമാധാനപരമായ സഹവർത്തിത്വനയത്തിൻെറ ഒരവിഭാജ്യ ഭാഗമാണ്. അമേരിക്കയുമായി വ്യാപാരബന്ധം സ്ഥാപിക്കുന്നതിന് അനുകൂലമായി സോവിയററു നേതാക്കൾ 1918-ലെ വസന്തത്തിൽത്തന്നെ സംസാരിക്കുകയുണ്ടായിട്ടുണ്ട്. സായുധ കൈകടത്തൽ ആരംഭിക്കുന്നതിനുമുമ്പായിരുന്നു അത്. ഖനനോപകരണങ്ങൾ, വൈദ്യുതോപകരണങ്ങൾ, തുണി നെയ്ത്തിനും മററു വ്യവസായങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ, കാർഷികോപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ അമേരിക്കയിൽനിന്നു വാങ്ങുന്നതിനു വ്യവസ്ഥ ചെയ്യുന്ന വ്യാപാരകരാറിൻെറ ഒരു കരടു രേഖ ലെനിൻെറ നിർദ്ദേശപ്രകാരം തയ്യാറാക്കുകയും ചെയ്തു. അപ്രകാരം വാങ്ങുന്ന സാധനങ്ങൾക്ക് ഖനിജവസ്തുക്കളായിട്ടോ കാർഷികോൽപന്നങ്ങളായിട്ടോ വില നൽകാമെന്നും അമേരിക്കക്കും മററു പാ

ശ്ചാത്യരാജ്യങ്ങൾക്കും സോവിയററു യൂണിയനിൽ ഖനനാവകാശം നൽകാമെന്നുപോലും സോവിയററു ഗവർമ്മെണ്ടു പ്രഖ്യാപിക്കുകയുണ്ടായി.

പക്ഷെ അതൊന്നും നടന്നില്ല. അപ്പോഴേക്ക് ഫ്രാൻസും ബ്രിട്ടനും സോവിയററു റഷ്യക്കെതിരായി സായുധാക്രമണം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഇളം സോഷ്യലിസ്റ്റു റിപ്പബ്ലിക്കിനെ ഞെക്കിക്കൊല്ലാൻവേണ്ടി റഷ്യയിലെ മുതലാളിമാരുമായും കുലാക്കുകളുമായും അവർ കൂട്ടുകൂടി. ബ്രിട്ടനും ജപ്പാനും ചേർന്ന് സോവിയററ് അതിർത്തിക്കുള്ളിൽ കടന്ന് ആക്രമിച്ചു. അതിനെല്ലാം അമേരിക്ക മൗനാനുവാദം നൽകി.

അന്ന് ലെനിൻ അമേരിക്കയിലെ തൊഴിലാളികളോട് (അമേരിക്കൻ ഗവർമ്മെണ്ടിനോടല്ല) അഭ്യർത്ഥിച്ചു. 'അമേരിക്കൻ തൊഴിലാളികൾക്കുള്ള കത്ത്'' സോവിയററു റഷ്യയുടെ നയത്തിൻെറ പ്രതീകമായി ഇന്നും പരിലസിക്കുന്നു. ആ ഇളം റിപ്പബ്ലിക്കിൻെറ വിദേശനയം എന്താണെന്നു മനസ്സിലാക്കാൻ ഒരു വലിയ പരിധിവരെ അതു സഹായിക്കും. ആ കത്ത് ''സോഷ്യലിസ്റ്റ് ഇൻറർനാഷനലിസ്റ്റ്'' എന്ന ന്യൂയോർക്കു പത്രിക പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പിന്നീടത് ലഘുലേഖാ രൂപത്തിൽ പുറത്തുവന്നു. അതിൽനിന്നു ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:

''...ഈ സമയത്ത് ആധുനിക അടിമ രാജാക്കൻമാരായ അമേരിക്കൻ കോടീശ്വരൻമാർ, ആംഗ്ലോ-ജപ്പാനീസ് ദുഷ്ട സാമ്രാജ്യവാദികളുടെ സോവിയററു യൂണിയനെതിരായ സായുധാക്രമണത്തെ ശരിവെച്ചുകൊണ്ട് (അത് പ്രത്യക്ഷമോ പരോക്ഷമോ പരസ്യമോ രഹസ്യമോ ആയിക്കൊള്ളട്ടെ) രക്തപങ്കിലമായ സാമ്രാജ്യത്വ ചരിത്രത്തിൽ അതിദാരുണമായ പുതിയ ഒരദ്ധ്യായം തുറന്നു.''

അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ ശ്ലാഘിച്ചുകൊണ്ട് ലെനിൻ എഴുതി:

വെട്ടിപ്പിടിച്ച ഭൂമിക്കുവേണ്ടിയോ അന്യായമായി തട്ടിയെടുത്ത വിത്തത്തിനുവേണ്ടിയോ രാജാക്കൻമാർ തമ്മിലും ഭൂപ്രഭുക്കൾ തമ്മിലും മുതലാളിമാർ തമ്മിലുമുള്ള നടക്കുന്ന കലഹംകാരണമുണ്ടായിട്ടുള്ള അനേകം യുദ്ധങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ (ഇപ്പോഴത്തെ സാമ്രാജ്യത്വ യുദ്ധവും അത്തരത്തിലുള്ള ഒന്നാണ്) ആധുനിക അമേരിക്കയുടെ ചരിത്രത്തിനു തുടക്കം കുറിച്ച യുദ്ധം മഹോത്തരവും യഥാർത്ഥത്തിൽ വിമോചനപരവും വിപ്ലവകരവുമായ ചുരുക്കം ചില യുദ്ധങ്ങളിൽ ഒന്നാണ്. അമേരിക്കയെ മർദ്ദിച്ചൊതുക്കി നിറുത്തുകയും അതിനെ കൊളോണിയൽ അടിമത്വത്തിൽ പിടിച്ചുവെക്കുകയും ചെയ്ത ബ്രിട്ടീഷ് കൊള്ളക്കാർക്കെതിരായി അമേരിക്കൻ ജനങ്ങൾ നടത്തിയ യുദ്ധമായിരുന്നു അത്...''

ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്നെതിരായി നിലയുറപ്പിച്ച അമേരിക്കയെപ്പററി ലെനിൻ ഇപ്രകാരം തുടർന്നു പറഞ്ഞു: ''...അതിൽപ്പിന്നെ 150 സംവൽസരങ്ങൾ കഴിഞ്ഞു. ബൂർഷ്വാ നാഗരികത അതിൻെറ വിശിഷ്ട കനികളെല്ലാം നൽകിക്കഴിഞ്ഞു. സ്വതന്ത്രവും വിദ്യാസമ്പന്നവുമായ രാഷ്ട്രങ്ങളുടെയിടയിൽ ഉൽപാദകശക്തികളുടെ വികസനത്തിൻെറ കാര്യത്തിലും യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലും ആധുനിക എഞ്ചിനീയറിംഗിൻെറ അൽഭുതങ്ങളുടെ കാര്യത്തിലും അമേരിക്ക ഒന്നാംസ്ഥാനത്തെത്തിച്ചേർന്നു. അതേസമയംതന്നെ, വൃത്തികേടിലും ധൂർത്തിലും മുഴുകിക്കഴിയുന്ന ധിക്കാരികളായ കോടീശ്വരൻമാരും സദാ ദാരിദ്ര്യത്തിൻെറ വക്കിൽ കഴിഞ്ഞുകൂടുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളും തമ്മിലുള്ള വിടവിൻെറ കാര്യത്തിലും അത് ഒന്നാം സ്ഥാനത്താണ്. ഫ്യൂഡൽ അടിമത്വത്തിന്നെതിരെ വിപ്ലവ പോരാട്ടം നടത്തുന്നതിന്നു മാതൃക കാട്ടിത്തന്ന അമേരി

ക്കൻ ജനതയിന്ന് ഒരു പിടി കോടീശ്വരൻമാരുടെ വേതനം പററിക്കഴിയുന്ന അടിമകളും അവർക്കുവേണ്ടി കൂലിക്കു കൊള്ള നടത്തുന്നവരുമായിത്തീർന്നിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ആ കൂലിപ്പട 1898-ൽ സമ്പന്നരായ തെമ്മാടികൾക്കുവേണ്ടി ഫിലിപ്പൈൻസിനെ മോചിപ്പിക്കാനെന്ന നാട്യത്തിൽ ആ രാജ്യത്തെ അടിമയാക്കി. 1918-ൽ അവർ റഷ്യൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിനെ ഞെക്കിഞെരിക്കുകയാണ്, ജർമ്മൻകാരിൽനിന്ന് അതിനെ സംരക്ഷിക്കാനെന്ന നാട്യത്തിൽ.''

ഒന്നാം ലോകയുദ്ധകാലത്തെ അമേരിക്കൻ പ്രവർത്തനങ്ങളെപ്പററിയുള്ള ലെനിൻെറ വിലയിരുത്തൽ വെട്ടിത്തുറന്നു കാര്യം പറയുന്നതിനുള്ള ഒരൊന്നാന്തരം ഉദാഹരണമാണ്. അദ്ദേഹം ഇങ്ങനെ എഴുതി: അമേരിക്കൻ കോടീശ്വരൻമാർ ഒരുപക്ഷെ മററെല്ലാവരെയുംകാൾ സമ്പന്നരും ഭൂമിശാസ്ത്രപരമായി സുരക്ഷിതരും ആയിരിക്കാം. മററാരെയുംകാൾ അവർ ലാഭമുണ്ടാക്കി. മററു സമ്പന്നരാഷ്ട്രങ്ങളെപ്പോലും സ്വന്തം സമ്പത്തു വർദ്ധിപ്പിക്കാനുള്ള കൈവഴികളാക്കി അവർ മാററി. അവർ കോടിക്കോടിക്കണക്കിന്നു ഡോളർ പോക്കററിലാക്കി. ബ്രിട്ടനുമായും അതിൻെറ ''സഖ്യരാജ്യങ്ങളു''മായും ജർമ്മനിയുമായും അതിൻെറ ശിങ്കിടികളുമായും ഉണ്ടാക്കിയ രഹസ്യ ഉടമ്പടികളുടെ നാററുന്ന കറ പുരണ്ടതാണ് ആ ഓരോ ഡോളറും. എന്തായിരുന്നു ആ ഉടമ്പടികളുടെ ഉദ്ദേശം? കൊള്ള ചെയ്തു കിട്ടുന്ന ധനം പങ്കിടുകയും തൊഴിലാളികളെ മർദ്ദിക്കുകയും സാർവ്വദേശീയവാദികളായ സോഷ്യലിസ്റ്റുകളെ പീഡിപ്പിക്കുകയും ചെയ്യുക എന്നതുതന്നെ. സൈനിക കൺട്രാക്ടുകളുടെ കറപുരണ്ടതാണ് ആ ഓരോ ഡോളറും. പ്രസ്തുത കൺട്രാക്ടുകൾ എല്ലാ രാജ്യത്തും സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ കൂടുതൽ ദരിദ്രരും ആക്കി. ഓരോ ഡോളറും രക്തക്കറ പുരണ്ടതാണ്— ബ്രിട്ടീഷ് തഗ്ഗുകളോ അ

തോ ജർമ്മൻ തഗ്ഗുകളാണോ കൊള്ളമുതലിന്ന് അവകാശി, ലോകമാസകലം ദുർബ്ബല ജനതകളെ ഞെരിച്ചു ഞെക്കിപ്പിഴിയുന്നതിൽ ബ്രിട്ടീഷ് കൊള്ളക്കാരായിരിക്കണമോ ജർമ്മൻ കൊള്ളക്കാരായിരിക്കണമോ മുൻപന്തിയിൽ, എന്നു തീരുമാനിക്കാനായി നടത്തിയ മഹത്തായ, പവിത്രമായ, വിമോചനയുദ്ധത്തിൽ കൊല്ലപ്പെട്ട പത്തു ദശലക്ഷം പേരിൽനിന്നും അംഗഭംഗം വന്ന ഇരുപതു ദശലക്ഷം പേരിൽനിന്നും വാർന്നൊഴുകിയ രക്തക്കടലിൽനിന്നുള്ള കറ.

ഒക്ടോബർ സോഷ്യലിസ്റ്റു വിപ്ലവം വിജയിച്ചതിനെ തുടർന്ന് സോവിയററു ഭരണകൂടം അംഗീകരിച്ച സമാധാനത്തെ സംബന്ധിച്ച ഡിക്രി തൃണവൽഗണിച്ചുകൊണ്ട് സാറിസ്റ്റുറഷ്യയുടെ സൈനിക സഖ്യരാജ്യങ്ങളായ ബ്രിട്ടനും ഫ്രാൻസും സമാധാനസന്ധി ഒപ്പുവെക്കാൻ കൂട്ടാക്കിയില്ല. ജർമ്മനി സോവിയററു റിപ്പബ്ലിക്കിനെ തകർക്കുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. തൻമൂലം ജർമ്മനിയുമായി പ്രത്യേകം സംഭാഷണം ആരംഭിക്കേണ്ടതായി വന്നു സോവിയററ് ഭരണകൂടത്തിന്.

ഈ സംഭാഷണം നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ 1918 ഫെബ്രുവരിയിൽ യുദ്ധമുന്നണിയിലുടനീളം ജർമ്മൻ സൈന്യം സോവിയററ് റിപ്പബ്ലിക്കിന്നെതിരായി ഒരാക്രമണം അഴിച്ചുവിട്ടു. വളരെ സന്ദിഗ്ദ്ധമായ ഒരു സമയമായിരുന്നു അത്. പക്ഷെ റഷ്യൻ ജനത ഒററക്കെട്ടായി സോവിയററ് റിപ്പബ്ലിക്കിന്റെ രക്ഷയ്ക്കുവേണ്ടി അണിനിരന്നു. പുതുതായി രൂപീകരിച്ച ചുവപ്പുസേനാദളങ്ങൾ ജർമ്മൻ പട്ടാളത്തിന്നെതിരെ ധീരധീരം പോരാടി. ഇതിനിടയിൽ, തൊഴിലാളികളുടെയും കർഷകരുടെയും ഭരണവുമായി പൊരുത്തപ്പെടാൻ കഴിയാതിരുന്ന ബൂർഷ്വാ പാർട്ടികൾ പ്രതിവിപ്ലവയുദ്ധം ആരംഭിച്ചു. പിരിച്ചുവിടപ്പെട്ട ജനറൽമാരും മററു ഭൂപ്രഭുക്കളുമെല്ലാം അവരുടെ

കൂടെക്കൂടി. ഇളം റിപ്പബ്ലിക്കിനെ സംബന്ധിച്ചേട ത്തോളം അതൊരു ജീവൻമരണ സമരമായിരുന്നു.

പ്രസ്തുത സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് ജർമ്മനി സോവിയററ് റിപ്പബ്ലിക്കിനെ വരിഞ്ഞു കെട്ടുന്ന സമാധാനസന്ധിവ്യവസ്ഥകരം മുമ്പോട്ടു വെച്ചു. ലാററ്വിയയും എസ്ത്തോണിയയും ഉക്രൈനും ആവശ്യപ്പെടുന്നതിനു പുറമെ ഒരു വലിയ തുക നഷ്ടപരിഹാരമായും ജർമ്മനി ആവശ്യപ്പെട്ടു. യുദ്ധക്കെടുതികൊണ്ടു പൊറുതിമുട്ടിയ സോവിയററു റിപ്പബ്ലിക്കിന് അതൊക്കെ സമ്മതിക്കാതെ മററു മാർഗ്ഗമുണ്ടായിരുന്നില്ല. ഏതു വിധേനയും യുദ്ധം നിന്നേ തീരൂ എന്ന നിലയിലായിരുന്നു അത്. അങ്ങനെ, 1918 മാർച്ച് 3ന് ബ്രെസ്റ്റ്–ലിറേറാവ്സ്ക്കിൽ വെച്ച് സോവിയററ് റിപ്പബ്ലിക്ക് ജർമ്മനിയുമായി ഒരു സമാധാന ഉടമ്പടി ഒപ്പുവെച്ചു.

അങ്ങനെയൊരു ഉടമ്പടി ഒപ്പുവെച്ചെങ്കിലും സോവിയററു റിപ്പബ്ലിക്കിന് സമാധാനം കിട്ടിയില്ല. 1918 മാർച്ച് 8-ന് റഷ്യയുടെ വടക്കെ അററത്തുള്ള റുർമാൻസ്ക് തുറമുഖത്തിൽ ബ്രിട്ടീഷ് പട്ടാളം ചെന്നിറങ്ങി. ഒരു മാസം കഴിഞ്ഞപ്പോരം ജാപ്പനീസ് പട്ടാളക്കാരും അമേരിക്കൻ പട്ടാളക്കാരും ഫ്ളഡിവൊസ്ത്തോക്കിൽ പ്രവേശിച്ചു. തെക്കുഭാഗത്തുനിന്ന് ബ്രിട്ടീഷ് പട മദ്ധ്യേഷ്യയിലേക്കും ട്രാൻസ്കോക്കസസ്സിലേക്കും തള്ളിക്കയറി. അതിന്നിടയിൽ ജർമ്മൻ യുദ്ധക്കുതുകികരം ഉക്രൈനും ബൈലോ റഷ്യയും ബാരംട്ടിക് സ്റ്റേററുകളും കയ്യടക്കിക്കഴിഞ്ഞു. വോഗോ പ്രദേശത്തും ഉറാരംസിലും സൈബീരിയയിലും ഒന്നാം ലോകയുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട ചെക്കോസ്ലോവാക് സൈനികോദ്യോഗസ്ഥൻമാർ കലാപം ആരംഭിച്ചു.

ചുരുക്കത്തിൽ 1918-ലെ വേനൽക്കാലമായപ്പോഴേക്ക് വിദേശാക്രമണകാരികളും സോവിയററ് അധി

കാരത്തിന്റെ ശത്രുക്കളും റഷ്യയുടെ മുക്കാൽ ഭാഗവും കയ്യടക്കിക്കഴിഞ്ഞിരുന്നു.

''ഹിസ്റ്ററി ഓഫ് കോൾഡ് വാർ'' (വാള്യം 1, ന്യൂയോർക്ക്, 1961) എന്ന തന്റെ പുസ്തകത്തിൽ ഡി. എഫ്. ഫ്ളെമിംഗ് ഇപ്രകാരം എഴുതിയിട്ടുണ്ട്: ആദ്യം മുതലേ പാശ്ചാത്യ ശക്തികളാണ് ആക്രമണം നടത്തിയിരുന്നത്, സോവിയററു റിപ്പബ്ലിക്കല്ല. 1917 ഡിസംബറിൽ തെക്കൻ റഷ്യയിൽ റസ്തോവെന്ന സ്ഥലത്ത് റഷ്യൻ രാജവാഴ്ചയെ പിന്താങ്ങുന്നവരുടെ ആദ്യത്തെ പ്രധാനപ്പെട്ട യോഗം ചേർന്നപ്പോൾ, അതിന്റെ നേതാക്കൾക്കുടനെ ബ്രിട്ടനും ഫ്രാൻസും 100 മില്യൻ റൂബിൾ വീതം നൽകാമെന്നേററു. എന്തിനായിരുന്നു അത്? സോവിയററ് ഭരണകൂടത്തിന്നെതിരെ യുദ്ധം ചെയ്യാൻ! മോസ്ക്കോവിലെ അക്കാലത്തെ അമേരിക്കൻ കോൺസൽ ജനറൽ ഡെവിൽററ് സി. പൂൾ രഹസ്യമായി റഷ്യൻ പ്രതിവിപ്ലവ നേതാക്കളെ കാണുകയും സോവിയററ് വിരുദ്ധ ശക്തികളെ പിന്താങ്ങണമെന്ന് അമേരിക്കൻ ഗവർമ്മേണ്ടിനോട് ശുപാർശ ചെയ്യുകയുമുണ്ടായി.

ബോൾഷെവിക്കുകൾ ഒരു ചെറു തീവ്രവാദി സംഘമാണെന്നും ജനപിന്തുണയില്ലാത്ത അവർക്ക് അധികനാൾ അധികാരത്തിൽ തുടരാനാവില്ലെന്നുമൊക്കെയാണ് അമേരിക്കൻ ജനങ്ങളെ ധരിപ്പിച്ചത്. 1917 നവംബറിനും 1919 നവംബറിനും മദ്ധ്യേ ''ന്യൂയോർക്ക് ടൈംസ്'' സോവിയററ് ഭരണകൂടം നിലംപതിക്കുമെന്ന് 91 പ്രാവശ്യം പ്രവചിക്കുകയുണ്ടായതായി വാൾട്ടർ ഹിപ്പ്മാൻ പറയുകയുണ്ടായി.

സാമ്രാജ്യത്വ രാഷ്ട്രങ്ങൾ സോവിയററ് റിപ്പബ്ലിക്കിന്നെതിരായി നടത്തിയ അപ്രഖ്യാപിതയുദ്ധം സോവിയററ് റഷ്യക്ക് വളരെ നാശനഷ്ട്രങ്ങൾ വരുത്തിവെച്ചു. ഫ്ളെമിംഗിനെ വീണ്ടും ഉദ്ധരിക്കട്ടെ. ഒന്നാം ലോകയുദ്ധത്തെതൊട്ടുതുടർന്ന് മററൊരു യുദ്ധം റഷ്യയുടെ വലിയ ഭൂവിഭാഗത്തെ വെട്ടിവിഴുങ്ങി

യപ്പോൾ റഷ്യൻ ജനങ്ങൾക്ക് മുമ്പൊരു ജനതക്കും അനുഭവപ്പെട്ടിട്ടില്ലാത്ത കഷ്ടപ്പാട് അനുഭവപ്പെട്ടു. കൊള്ളയും കൊലയും മററതിക്രമങ്ങളും അവർക്കനുഭവിക്കേണ്ടിവന്നു. പ്ലേഗും പട്ടിണിയും മൂലം ദശലക്ഷക്കണക്കിന് റഷ്യക്കാർ മരണമടഞ്ഞു.

ഇങ്ങനെയൊക്കെയാണെങ്കിലും സോവിയററ് റിപ്പബ്ലിക്കിന്നെതിരായ ഇടങ്കോലിടൽ യുദ്ധം പരാജയപ്പെട്ടു. തൊഴിലാളികളും കർഷകരും അവരുടെ റിപ്പബ്ലിക്കിൻെറ രക്ഷക്ക് ഉറപ്പു വരുത്തി.

വിപ്ലവത്തിൻെറ നേട്ടങ്ങളെ ദൃഢീകരിക്കാനായി സമാധാനത്തിന്നുവേണ്ടി സോവിയററ് ഭരണകൂടം നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. സമാധാന കൂടിയാലോചനകൾക്ക് തങ്ങൾ സന്നദ്ധമാണെന്ന് 1918 ഒക്ടോബർ 24-ന് സോവിയററ് ഗവർമ്മേണ്ട് അമേരിക്കൻ പ്രസിഡണ്ടിനെ അറിയിച്ചു. ആ വർഷം നവംബർ 3-ന് പ്രസ്തുത സമാധാന നിർദ്ദേശം വീണ്ടും ആവർത്തിച്ചു. 1918 നവംബറിനും 1919 ഫെബ്രുവരിക്കുമിടക്ക് അമേരിക്കക്കും അതിൻെറ സഖ്യശക്തികൾക്കും സോവിയററ് ഗവർമ്മേണ്ട് ഏഴു സമാധാന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. പക്ഷെ ഫലം നാസ്തി.

1920 അവസാനമായപ്പോഴേക്കും വിദേശാക്രമണകാരികളെയും പ്രതിവിപ്ലവകാരികളെയും തുരത്താൻ സോവിയററ് ഭരണകൂടത്തിനു കഴിഞ്ഞു. വിദൂരപൂർവ്വദേശത്ത് ജാപ്പനീസ് ആക്രമണകാരികൾ 1922 അവസാനം വരെ പിടിച്ചുനിന്നു. ആ വർഷം ഒക്ടോബർ 25-ന് സോവിയററ് ഭടൻമാർ ജപ്പാൻെറ മേൽ നിർണ്ണായക വിജയം നേടി.

യുദ്ധാനന്തര യൂറോപ്പിൽ ഒക്ടോബർ വിപ്ലവം സുശോഭനമായ ഒരു പാത വെട്ടിത്തുറന്നു. ജർമ്മനിയിലും ഹങ്കറിയിലും മററു പലേടങ്ങളിലും തൊഴിലാളികളും സൈനികരും കർഷകരും പങ്കെടുത്ത വിപ്ലവ

ങ്ങരം പൊട്ടിപ്പുറപ്പെട്ടു. പല പാശ്ചാത്യരാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടികരം രൂപീകരിക്കപ്പെടുകയുമുണ്ടായി.

ഇതിനെല്ലാം പുറമെ 1920-ൽ അതിനുമുമ്പുണ്ടായിട്ടില്ലാത്തവിധം രൂക്ഷമായ ഒരു സാമ്പത്തികക്കുഴപ്പം പാശ്ചാത്യലോകത്തെ പിടികൂടി. സാമ്പത്തികോപരോധനടപടികളിലൂടെ സോവിയററുറഷ്യയെ ലോകസമ്പദ്വിധാനത്തിൽനിന്ന് അകററിനിറുത്തിയതാണ് അതിനു മുഖ്യ കാരണം. അതു സംബന്ധിച്ച് ലെനിൻ ഇങ്ങനെ പറഞ്ഞു: ''ലോകത്തെ സംബന്ധിച്ചേടത്തോളം സമ്പദ്ഘടന വീണ്ടെടുക്കപ്പെടുക തന്നെ വേണം; റഷ്യയുടെ അസംസ്കൃതവിഭവങ്ങരം ഉപയോഗിക്കപ്പെടണം. അവയെ കൂടാതെ ആർക്കും മുമ്പോട്ടു പോകാനാവില്ല.''

അമേരിക്കയിൽ വേതനം ശരാശരി 100 ശതമാനം കണ്ടു വർദ്ധിച്ചപ്പോരം ഭക്ഷ്യപദാർത്ഥങ്ങളുടെ വില 120 ശതമാനം കണ്ടു വർദ്ധിച്ചു. ബ്രിട്ടനിൽ വേതനം 130 ശതമാനം വർദ്ധിച്ചപ്പോരം ഭക്ഷ്യപദാർത്ഥങ്ങളുടെ വില 170 ശതമാനം ഉയർന്നു. ഫ്രാൻസിൽ അത് യഥാക്രമം 200-ഉം 300-ഉം ആയിരുന്നെങ്കിൽ ജപ്പാനിൽ അത് 60-ഉം 130-ഉം ആയിരുന്നു.

ഇരുപതുകളുടെ അവസാനമായപ്പോഴേക്ക് സോവിയററ് റഷ്യയുമായി സാമ്പത്തികബന്ധം സ്ഥാപിക്കുന്നതിൽ വർദ്ധമാനമായ താൽപര്യം അമേരിക്കയിൽ സംജാതമായി. ''റഷ്യയുമായി ഒരൊത്തുതീർപ്പുണ്ടാക്കാൻ കൂടുതൽ കൂടുതൽ അമേരിക്കക്കാർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെ''ന്ന് ലെനിൻ ചൂണ്ടിക്കാട്ടി.

തങ്ങളുടെ സ്വന്തം താൽപര്യം മുൻനിറുത്തി സോവിയററുറഷ്യയുമായി വ്യാപാരബന്ധമുണ്ടാക്കാൻ അമേരിക്കയിലെ വൻകിട വർത്തകവൃത്തങ്ങരം ആഗ്രഹി

ച്ചതു സ്വാഭാവികമാണ്. സോവിയററുറഷ്യയുമായി കച്ചവടം നടത്താൻ 941 അമേരിക്കൻ കമ്പനികളാണ് ആഗ്രഹം പ്രകടിപ്പിച്ചത്. അക്കാലത്ത് സോവിയററുറഷ്യയുമായി കച്ചവടബന്ധം വളർത്താനായി അമേരിക്കൻ വാണിജ്യ അസ്സോസിയേഷൻ എന്ന സംഘടന രൂപീകരിക്കപ്പെടുകയുണ്ടായി. ഔദ്യോഗികമായി ഇതേപ്പററിയൊന്നും യാതൊരുവക അഭിപ്രായപ്രകടനവും വാഷിംഗ്ടനിൽനിന്നുണ്ടായില്ലെന്നിരിക്കിലും, സ്വകാര്യ കമ്പനികൾക്ക് സ്വന്തം ഉത്തരവാദിത്വത്തിൻമേൽ സോവിയററുറഷ്യയുമായി കച്ചവടം നടത്താവുന്നതാണെന്ന് സ്റ്റേററ് ഡിപ്പാർട്ടുമെൻറ് 1920 ജൂലായ് മാസത്തിൽ പ്രസ്താവിച്ചു.

പാശ്ചാത്യ രാജ്യങ്ങൾക്കുനേരെ യാതൊരുവിധ ശത്രുതയും സോവിയററുറഷ്യ പ്രകടമാക്കുകയുണ്ടായില്ല. നേരെമറിച്ച്, എല്ലാവരുമായും സമാധാനപരമായ സഹവർത്തിത്വത്തിൻെറ അടിസ്ഥാനത്തിൽ സൗഹൃദത്തിൽ ജീവിക്കണമെന്ന ആഗ്രഹമാണ് സോവിയററുറഷ്യക്കുണ്ടായിരുന്നത്.

സോവിയററുറഷ്യയുമായി സാധാരണനിലയ്ക്കുള്ള ബന്ധം സ്ഥാപിക്കുന്നതിനെ എതിർത്തിരുന്നവർ സത്യത്തിൽ അമേരിക്കയുടെ ഉത്തമതാൽപര്യങ്ങളെയാണ് എതിർത്തിരുന്നതെന്നു വ്യക്തം. അമേരിക്കയുടെ റഷ്യാവിരുദ്ധ സാമ്പത്തികോപരോധത്തെപ്പററി ലെനിൻ പറയുകയുണ്ടായി, ഉപരോധംകൊണ്ട് ആർക്കാണ്, ഉപരോധമേർപ്പെടുത്തിയവർക്കോ അതിനിരയായവർക്കോ, നഷ്ടമുണ്ടായതെന്ന് ഏവർക്കും കാണാവുന്നതാണെന്ന്. സോവിയററുറഷ്യ ഒരു വൻശക്തിയാണെന്നും അവിടത്തെ ഭരണകൂടത്തെ ഇഷ്ടമല്ല എന്ന കാരണത്താൽ ആ രാജ്യവുമായി വ്യാപാര-സാമ്പത്തികബന്ധങ്ങൾ സ്ഥാപിക്കാൻ വിൽസൻ ഭരണകൂടം കൂട്ടാക്കുന്നില്ലെങ്കിൽ അതുകൊണ്ടു യാതൊരു നേട്ടവും അമേരിക്കക്ക് ഉണ്ടാകുകയില്ലെന്ന് 1920 ഒക്ടോബറിൽ ലെനിൻ എഴുതി.

അമേരിക്കയുടെ ഉപരോധവും വിരോധവുമൊക്കെ ഉണ്ടായിരുന്നിട്ടും വിപ്ലവത്തിൻെറ നേട്ടങ്ങളെ ദൃഢീകരിക്കാനും സാമ്രാജ്യത്വ യുദ്ധവും പിന്നീടുണ്ടായ അഭ്യന്തരയുദ്ധവും (രണ്ടുംകൂടി ഏഴു വർഷം നീണ്ടുനിന്നു) താറുമാറാക്കിയ സാമ്പത്തിക നാശത്തിൽനിന്നു കരകേറാനും സോവിയററു യൂണിയനു കഴിഞ്ഞു. അതൊന്നും ഇവിടെ വിശദീകരിക്കേണ്ട കാര്യമില്ല. എല്ലാവർക്കമറിയാം.

അയൽരാജ്യങ്ങളുമായി സാറിസ്റ്റുറഷ്യ ഒപ്പുവെച്ച തുല്യതയുടെ അടിസ്ഥാനത്തിലല്ലാത്ത കരാറുകളെല്ലാം സോവിയററു ഭരണകൂടം റദ്ദാക്കി. എന്നിട്ട് ചൈന, ഇറാൻ, അഫ്ഗാനിസ്ഥാൻ മുതലായ രാജ്യങ്ങളുമായി തുല്യനിലക്കുള്ള ഉടമ്പടികൾ ഒപ്പുവെച്ചു. വെട്ടിപ്പിടുത്തത്തിൻെറ അടിസ്ഥാനത്തിൽ അന്യരാജ്യങ്ങളുമായി ബന്ധമുണ്ടാക്കുക എന്ന പഴയ സാമ്രാജ്യത്വരീതിയിൽനിന്നുള്ള വ്യതിയാനമായിരുന്നു അത്. അത്തരമൊരു നയം അതിനുമുമ്പ് ആരും കേട്ടിട്ടില്ല. ആ നയം ഇന്ത്യാക്കാരുടെപ്പടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടുന്ന സകലമാന ജനതകളെയും സോവിയററുറഷ്യയുടെ സുഹൃത്തുക്കളാക്കിത്തീർത്തു.

സോവിയററുറഷ്യയാണ് സാമ്രാജ്യത്വത്തിൻെറ ഏററവും വലിയ എതിരാളിയെന്നും പൗരസ്ത്യ ജനതകളുമായുള്ള അതിൻെറ ബന്ധം നീതിയോളം ഔദാര്യത്തോടുംകൂടിയതാണെന്നും കൽക്കട്ടയിൽ ഒരു സമ്മേളനത്തിൽ പ്രസംഗിക്കവെ ജവഹർലാൽ നെഹ്റു പ്രസ്താവിക്കുകയുണ്ടായി. ചൈനയിലും തുർക്കിയിലും പേർഷ്യയിലും റഷ്യക്കുണ്ടായിരുന്ന അവകാശങ്ങളും പ്രത്യേകാനുകൂല്യങ്ങളും അതു സ്വമേധയാ കൈവെടിഞ്ഞപ്പോൾ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പ്രതിഷേധിക്കാൻ ധൈര്യപ്പെട്ടു എന്ന കാരണത്താൽ നൂറുകണക്കിനു ചൈനക്കാരെ ബ്രിട്ടീഷുകാർ കൊന്നൊടുക്കുകയും ചൈനീസ് നഗരങ്ങളുടെമേൽ

ബോംബു വർഷിക്കുകയും ചെയ്ത കാര്യം നെഹ്റു അനുസ്മരിച്ചു.

ഒരു പുള്ളിപ്പുലിക്ക് അതിന്റെ പുള്ളികൾ മായ്ച്ചുകളയാനാവില്ലെന്നതുപോലെ സാമ്രാജ്യത്വത്തിന് അതിന്റെ സ്വഭാവം മാററാനാവില്ല. ഈ എമ്പതുകളിൽപ്പോലും ബ്രിട്ടൻ സ്വന്താതീർത്തിയിൽനിന്ന് ആയിരക്കണക്കിനു മൈലുകളകലെക്കിടക്കുന്ന മററു വല്ലവരുടെയും നാടായ മാൽവിനാസ് ദ്വീപിൽ നിഷ്ഠൂരം ബോംബാക്രമണം നടത്തിയതുതന്നെ അതിനു തെളിവാണ്.

തികച്ചും വ്യത്യസ്തമായിരുന്നു മററു ദേശക്കാരോടുള്ള—സോവിയററുറഷ്യയുടെ പെരുമാററം. പേർഷ്യയിൽ തബ്രീസ് നഗരത്തിൽ സോവിയററുറഷ്യയുടെ അംബാസ്സിഡർ ആദ്യമായി എത്തിച്ചേർന്നപ്പോൾ നഗരവാസികളെ വിളിച്ചുകൂട്ടി അദ്ദേഹം സോവിയററു ഗവർമ്മെണ്ടിന്റെ പേരിൽ അവരോട് സാർചക്രവർത്തിമാർ ചെയ്ത തെററുകൾക്ക് മാപ്പുചോദിച്ചു. മററു ദേശക്കാരോട് തുല്യനിലയിലാണ് സോവിയററുറഷ്യ പെരുമാറിയത്. സോവിയററു വിദേശനയത്തിന്റെ അടിസ്ഥാനവശങ്ങളിലൊന്നായി അത് ഇന്നും നിലനിൽക്കുന്നു.

സോഷ്യലിസ്റ്റുസ്റ്റേററിന്റെ വിദേശനയകടമകളോടുള്ള ലെനിന്റെ സമീപനത്തിൽ വരട്ടുതത്വവാദത്തിന്റെയോ വൻശക്തി മനോഭാവത്തിന്റെയോ ലാഞ്ഛനപോലും ഉണ്ടായിരുന്നില്ല. സോഷ്യലിസ്റ്റുസ്റ്റേററിന്റെ വിദേശനയം ഒരു ശാസ്ത്രവും കലയുമാണെന്ന സങ്കൽപമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. രാഷ്ട്രീയം വെറും കണക്കിനേക്കാളുപരി ആൾജിബ്രാപോലെയാണെന്നും പ്രാഥമിക ഗണിതശാസ്ത്രത്തേക്കാൾ കുറേക്കൂടി ഉയർന്നതാണെന്നും രാഷ്ട്രീയത്തെ മൊത്തത്തിൽ ചർച്ചചെയ്തുകൊണ്ട് ലെനിൻ എഴുതുകയുണ്ടായിട്ടുണ്ട്.

അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഇററലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി ജർമ്മനി 1919 ജൂൺ 28-ന് ഒപ്പുവെച്ച വർസൈൽ ഉടമ്പടിയോടുകൂടി ഒന്നാം ലോകയുദ്ധം ഔദ്യോഗികമായി അവസാനിച്ചു. വിജയികളായ മുതലാളിത്ത രാജ്യങ്ങൾക്ക് അനുകൂലമായ വ്യവസ്ഥകളാണ് ആ ഉടമ്പടിയിലുണ്ടായിരുന്നത്. അതോടൊപ്പം സോവിയററുറഷ്യക്കും ലോക വിപ്ലവപ്രസ്ഥാനത്തിനും എതിരായുള്ള ലോക മുതലാളിത്തരാജ്യങ്ങളുടെ ഒരു കൂട്ടുകെട്ട് നിലവിൽ വന്നു. വർസൈൽ ഉടമ്പടിപോലെ അന്യായമായ ഒരുടമ്പടി അതിനു മുമ്പുണ്ടായിട്ടില്ലെന്നും അങ്ങേയററം നാഗരികത കൈവരിച്ചിട്ടുള്ള ജനതകൾ ഉൾപ്പടെ കോടിക്കണക്കിനു മനുഷ്യരെ അത് അടിമകളാക്കിയിരിക്കുകയാണെന്നുമാണ് പ്രസ്തുത ഉടമ്പടിയെ ലെനിൻ വിലയിരുത്തുകയുണ്ടായത്.

പ്രസ്തുത ഉടമ്പടിയനുസരിച്ച് ജർമ്മനിക്ക് യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഭൂപ്രദേശത്തിന്റെ എട്ടിലൊന്നും ജനസംഖ്യയുടെ പന്ത്രണ്ടിലൊന്നും കോളനികൾ മുഴുവനും നഷ്ടപ്പെട്ടു. ടോഗോയും കാമറൂണും ബ്രിട്ടനും ഫ്രാൻസും പങ്കിട്ടെടുത്തു. ആഫ്രിക്കയുടെ തെക്കുപടിഞ്ഞാറും കിഴക്കും ഭാഗങ്ങളിൽ ജർമ്മനിക്കുണ്ടായിരുന്ന കോളനികൾ ബ്രിട്ടനും ദക്ഷിണാഫ്രിക്കാ യൂണിയനും ബൽജിയവും പോർത്തുഗലും തട്ടിയെടുത്തു. ശാന്തമഹാസമുദ്രമേഖലയിലുണ്ടായിരുന്ന മാർഷൽ, മര്യാന, കരോളിൻ എന്നീ ദ്വീപുകളും കിയാവോ ചോയി എന്ന ജില്ലയും ചൈനീസ് ഷാന്തുങ്ങ് പ്രവിശ്യയിൽ ജർമ്മനിക്കുണ്ടായിരുന്ന പ്രത്യേകാനുകൂല്യങ്ങളും ജപ്പാൻ കൈവശപ്പെടുത്തി. ശാന്തമഹാസമുദ്രമേഖലയിൽ ജർമ്മനിക്കുണ്ടായിരുന്ന മററു കോളനികൾ ആസ്ത്രേലിയയും ന്യൂസിലാൻഡും കൈക്കലാക്കി. അതിനെല്ലാം പുറമെ 1,32,000 മില്യൻ സ്വർണ്ണമാർക്ക് നഷ്ടപരിഹാരമായി സഖ്യശക്തികൾ ജർമ്മനിയോട് ആവശ്യപ്പെടുകയും ചെയ്തു.

ജർമ്മനിയുടെ സായുധസേനാബലം പരിമിതപ്പെടുത്തുന്ന വ്യവസ്ഥയും ഉടമ്പടിയിലുണ്ടായിരുന്നു. അതനുസരിച്ച് ജർമ്മനിയുടെ പട്ടാളബലം ഒരു ലക്ഷത്തിൽ കൂടാൻ പാടില്ലായിരുന്ന. മുങ്ങിക്കപ്പലുകളും വലിയയിനം തോക്കുകളും വ്യോമസേനയും ജർമ്മനിക്ക് അനുവദിച്ചിരുന്നില്ല.

ചുരുക്കത്തിൽ അതൊരു സമാധാന ഉടമ്പടി ആയിരുന്നില്ലെന്നും കൊള്ള മുതൽ പങ്കിട്ടെടുക്കാനുള്ള ഒരുടമ്പടിയായിരുന്നെന്നും ഇതിൽനിന്നെല്ലാം വ്യക്തമാകുന്നുണ്ട്. ലോക സാമ്രാജ്യത്വശക്തികളുടെ കള്ളക്കളി അത്ര വ്യക്തതയോടുകൂടി തുറന്നുകാട്ടാൻ ലെനിനെപ്പോലുള്ള ഒരു ക്രാന്തദർശിക്കേ കഴിയുമായിരുന്നുള്ളു. 1921-ൽ ഒക്ടോബർ സോഷ്യലിസ്റ്റു വിപ്ലവത്തിന്റെ നാലാം വാർഷികത്തിനു തൊട്ടുമുമ്പ് ലെനിൻ ഇങ്ങനെ എഴുതുകയുണ്ടായി:

സാമ്രാജ്യത്വ യുദ്ധങ്ങളുടെ പ്രശ്നം, ഇന്നു ലോകം അടക്കിവാഴുന്ന ഫൈനാൻസ് കാപ്പിററലിന്റെ നയത്തിന്റെ പ്രശ്നം (പുതിയ സാമ്രാജ്യത്വയുദ്ധങ്ങൾ അനിവാര്യമായും കുത്തിയിളക്കുന്നതും ഒരു പിടി 'വികസിത' ശക്തികളെക്കൊണ്ട് ദേശീയ മർദ്ദനവും കൊള്ളയും കവർച്ചയും ബലം കുറഞ്ഞവയും പിന്നോക്കാവസ്ഥയിൽ കഴിയുന്നവയും ചെറുതുമായ ദേശീയ ജനവിഭാഗങ്ങളുടെ കഴുത്തു ഞെരിക്കലും അങ്ങേയററം രൂക്ഷമാക്കിക്കുന്നതുമായ ഒരു നയമാണത്) — ആ പ്രശ്നമാണ് 1914-നുശേഷം എല്ലാ രാജ്യങ്ങളുടെയും നയത്തിന്റെ മൂലക്കല്ലായിരിക്കുന്നത്. കോടിക്കണക്കിനു ജനങ്ങളെ സംബന്ധിച്ചേടത്തോളം ജീവൻമരണപ്രശ്നമാണത്. 1914–'18 കാലത്തു നടന്ന യുദ്ധത്തിലും തുടർന്ന് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന 'കൊച്ചു' യുദ്ധങ്ങളിലും കൂടി പത്തു ദശലക്ഷം മനുഷ്യർ കൊല്ലപ്പെട്ടു. അടുത്ത സാമ്രാജ്യത്വയുദ്ധത്തിൽ (ബൂർഷ്വാസി അതിനു തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്) ഇരുപത് ദശലക്ഷം പേ

രെ കശാപ്പുചെയ്യണമോ എന്ന പ്രശ്നമാണത്. ആ ഭാവിയുദ്ധത്തിൽ (മുതലാളിത്വം തുടരുകയാണെങ്കിൽ അത് അനിവാര്യമാണ്) അറുപതു ദശലക്ഷം മനുഷ്യർക്ക് അംഗഭംഗം നേരിടണമോ (1914–18 കാലത്തെ യുദ്ധത്തിൽ മുപ്പതു ദശലക്ഷം പേർക്കാണതുണ്ടായത്) എന്ന പ്രശ്നമാണത്...ബ്രെസ്റ്റിൽ ഒപ്പുവെച്ച സമാധാന ഉടമ്പടി തുറന്നുകാട്ടപ്പെട്ടു കഴിഞ്ഞു. അതിലും മോശമായ വർസൈൽ ഉടമ്പടി ഓരോ ദിവസവും തുറന്നു കാട്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യുദ്ധത്തിൻെറയും വരാനിരിക്കുന്ന യുദ്ധത്തിൻെറയും കാരണങ്ങളെപ്പററി ചിന്തിക്കുന്ന ദശലക്ഷക്കണക്കിനാളുകൾക്ക് ബോദ്ധ്യമായിരിക്കുകയാണ് സാമ്രാജ്യത്വയുദ്ധത്തിൽനിന്നു രക്ഷപ്പെടുക സാദ്ധ്യമല്ലെന്ന്...

സാമ്രാജ്യത്വത്തിൻെറ സമാധാനം മറെറാരു യുദ്ധത്തിന് കളമൊരുക്കുകയാണെന്ന ലെനിൻെറ പ്രവചനം രണ്ടു പതിററാണ്ടുകാലത്തിനകം യാഥാർത്ഥ്യമായിത്തീർന്നു. പക്ഷെ ആ യുദ്ധത്തിൽ ഇരുപതു ദശലക്ഷം പേരല്ല അമ്പതു ദശലക്ഷം പേരാണ് മരിക്കാൻ പോകുന്നതെന്ന് അദ്ദേഹത്തിനു മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല. സോവിയററു യൂണിയനു മാത്രം രണ്ടാം ലോകയുദ്ധത്തിൽ ഇരുപതു ദശലക്ഷം പേർ നഷ്ടപ്പെട്ടു!

ലെനിൻ ആവിഷ്ക്കരിച്ചതും ഇന്നും കർശനമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ സോവിയററു വിദേശനയത്തിൻെറ പ്രഖ്യാപിത തത്വങ്ങൾ ഇപ്രകാരം ചുരുക്കി പറയാവുന്നതാണ്:

—വ്യത്യസ്ത സാമൂഹികവ്യവസ്ഥിതികളോടുകൂടിയ രാഷ്ട്രങ്ങളുടെ സഹവർത്തിത്വത്തിൻെറ അനിവാര്യത; രാഷ്ട്രാന്തരപ്രശ്നങ്ങളുടെ പരിഹരണത്തിന് യുദ്ധം ഒരുപാധിയാക്കാതെ കൂടിയാലോചനയുടെ മാർഗ്ഗം അവലംബിക്കുകയും ചെയ്യുക;

— എല്ലാ ദേശക്കാരുടെയും പരിപൂർണ്ണമായ അവകാശസമത്വം;

— വിമോചന സമരങ്ങൾക്കും സാമ്രാജ്യത്വാക്രമണം തുരത്താനും കൊളോണിയൽ മർദ്ദനം അവസാനിപ്പിക്കാനും രാജ്യങ്ങളും ജനതകളും നടത്തുന്ന പോരാട്ടങ്ങൾക്കും പിന്തുണ;

— മററു രാഷ്ട്രങ്ങളുടെ അഭ്യന്തരകാര്യങ്ങളിൽ കൈകടത്താതിരിക്കുക;

— പരസ്പരമുള്ള പ്രയോജനത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ തമ്മിൽ സഹകരണം വികസിപ്പിക്കൽ.

അമേരിക്ക ഉൾപ്പടെ എല്ലാ രാജ്യങ്ങളുമായും വ്യാപാരം നടത്താനും സാധാരണ ബന്ധം പുലർത്താനും സോവിയററുറഷ്യ തയ്യാറായത് എന്തുകൊണ്ടാണെന്നും മുൻ റഷ്യൻഭരണകൂടം അയൽരാജ്യങ്ങളുമായി ഒപ്പുവെച്ച തുല്യനിലയിലല്ലാത്ത ഉടമ്പടികൾ അതു റദ്ദാക്കിയതെന്തുകൊണ്ടാണെന്നും സാമ്രാജ്യത്വാക്രമണത്തിനെതിരായി പോരാടിക്കൊണ്ടിരുന്ന ചൈനയേയും മററും അതു സഹായിച്ചതെന്തുകൊണ്ടാണെന്നുമെല്ലാം മേലെ പറഞ്ഞ തത്വങ്ങൾ വ്യക്തമാക്കുന്നു.

## III. രണ്ടു ലോകയുദ്ധങ്ങൾക്കിടയിലുള്ള കാലത്തെ വിദേശനയം

യുദ്ധവിപത്ത് ഒഴിവാക്കാനും മുതലാളിത്ത ലോകവുമായി സാമ്പത്തിക സഹകരണം വളർത്താനു മുള്ള സന്നദ്ധത പ്രഖ്യാപിക്കുന്ന ഒരു കുറിപ്പ് സോവിയററു ഭരണകൂടം ലോകത്തിലെ പ്രധാനപ്പെട്ട എല്ലാ മുതലാളിത്ത രാജ്യങ്ങൾക്കും അയച്ചുകൊടുത്തു. യുദ്ധഭീഷണി ഇല്ലാതാക്കാനും സാമ്പത്തിക സഹകരണം വളർത്താനും വേണ്ടി, യുദ്ധത്തിനുമുമ്പുള്ള റഷ്യയുടെ കടബാദ്ധ്യതകളുടെ പ്രശ്നം പുനഃപരിശോധിക്കാൻപോലും സന്നദ്ധമാണെന്ന് സോവിയററുറഷ്യ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു. ഒരേ ഒരു വ്യവസ്ഥ മാത്രം — സോവിയററുറഷ്യക്കെതിരായി മുതലാളിത്ത രാജ്യങ്ങൾ നടത്തുന്ന എല്ലാ പ്രകോപനങ്ങളും നിറുത്തുകയും അതിൻെറ അതിർത്തികളുടെ അലംഘനീയത അംഗീകരിക്കുകയും അതുമായി ഒരു സമാധാന ഉടമ്പടി ഒപ്പുവെക്കുകയും ചെയ്യുക.

സാമ്രാജ്യത്വ വ്യാമോഹങ്ങളൊ രാജ്യവിസ്തൃതീകരണവാഞ്ഛയൊ സോവിയററു ഗവർമ്മെണ്ടിനുണ്ടായിരുന്നില്ല. സ്വന്തം രാജ്യത്ത് സോഷ്യലിസം കെട്ടിപ്പടുക്കണം; പുറമെനിന്നുള്ള ശല്യമില്ലാതെ ആരുടേയും കയ്യേററത്തെ ഭയപ്പെടാതെ പുതിയ വ്യവസ്ഥിതി പടുത്തുയർത്താൻ കഴിയണം എന്ന ഒരൊററ ആഗ്രഹമെ അതുന്നുണ്ടായിരുന്നുള്ളു.

സോവിയററ്റഷ്യക്കെതിരായി നടത്തിയ സായുധ കയ്യേററം പരാജയപ്പെട്ടു. തുടർന്ന് ബ്രിട്ടൻ, ജർമ്മനി, നോർവെ, ആസ്ത്രിയ, ഇററലി, ഡൻമാർക്ക്,

ചെക്കോസ്ലോവാക്യ എന്നീ രാജ്യങ്ങളുമായി സോവിയററ് ഭരണകൂടം വ്യാപാരക്കരാറുകഠം ഒപ്പുവെച്ചു. അതോടുകൂടി സോഷ്യലിസ്റ്റ് രാഷ്ട്രം സാമ്പത്തികവും നയതന്ത്രപരവുമായ ഒററപ്പെടലിൽനിന്നു പുറത്തു കടന്നു.

സോവിയററ്റഷ്യയുടെ നേരെ അമേരിക്കയിലെ ജനങ്ങഠംക്കുള്ള മനോഭാവവും അവരുടെ ഗവർമ്മേണ്ടിൻേറതിൽനിന്നും വ്യത്യസ്തമായിരുന്നു. സോഷ്യലിസ്റ്റ് രാഷ്ട്രവുമായി ബന്ധം സാധാരണനിലയിലാക്കാനാവശ്യപ്പെടുന്ന ഒരു വലിയ പ്രചരണം അമേരിക്കയിൽ നടന്നു. 1921-ലെ വേനൽക്കാലത്ത് റഷ്യ സന്ദർശിച്ച സെനററർ ഫ്രാൻസ് പല അമേരിക്കൻ വണിക്കുകളുടേയും രാഷ്ട്രീയ നേതാക്കളുടേയും അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് അതേ വർഷം ആഗസ്റ്റ് 21-ന് ''ന്യൂയോർക്ക് ടൈംസി''നോട് ഇങ്ങിനെ പറയുകയുണ്ടായി: ''ഭക്ഷ്യപദാർത്ഥങ്ങളും വാഹനങ്ങളും കാർഷിക യന്ത്രോപകരണങ്ങളും മററു നിർമ്മിതവസ്തുക്കളുംപോലെ റഷ്യക്ക് അടിയന്തിരമായി ആവശ്യമുള്ള സാധനങ്ങഠം വാങ്ങാൻ അതിനു വായ്പ നൽകണം.'' പക്ഷെ അക്കാലത്തും അമേരിക്കയുമായി സോവിയററ്റഷ്യ വ്യാപാരക്കരാറൊന്നും ഒപ്പുവെച്ചിരുന്നില്ല. സോവിയററ്റഷ്യയെ അംഗീകരിക്കാൻ അമേരിക്ക കൂട്ടാക്കിയില്ല എന്നതായിരുന്നു അതിന്നു കാരണം. അമേരിക്കൻ അധികൃതർ പിന്തുടർന്ന ആ നയം അമേരിക്കൻ കച്ചവടക്കാരുടെ താൽപര്യത്തിന്ന് എതിരായിരുന്നു. റഷ്യൻ കമ്പോളത്തിലേക്ക് അവർക്ക് പ്രവേശനം ലഭിച്ചില്ല.

റഷ്യയിലെ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ തകർക്കാനുള്ള ഉദ്ദേശം സാമ്രാജ്യവാദികഠം ഒരിക്കലും കൈവെടിയുകയുണ്ടായില്ല. ഇപ്പോഴും അവർ അതു കൈവെടിഞ്ഞിട്ടില്ല. റഷ്യക്കെതിരായി സായുധാക്രമണം പുനരാരംഭിക്കാൻ ഒരവസരത്തിനായി ചിലർ കാത്തിരുന്നപ്പോഠം മററു ചിലരാകട്ടെ, റഷ്യക്ക് അതി

ൻെറ വലിയ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കാനാവില്ലെന്നും ഒടുവിൽ മുതലാളിത്ത സാമ്പത്തിക സഹായത്തിനുവേണ്ടി അതു സോഷ്യലിസം കൈവിട്ടുകളയുമെന്നും ആശിച്ചിരുന്നു.

അങ്ങനെ, പ്രമുഖ പാശ്ചാത്യ മുതലാളിത്ത ശക്തികൾ പരസ്പര കൂടിയാലോചനകൾക്കുശേഷം, 1922 ഏപ്രിൽ 10-ന് ജനോവ (ഇററലി) യിൽ ചേരാനിരുന്ന അന്താരാഷ്ട്ര സാമ്പത്തിക-ധനകാര്യ സമ്മേളനത്തിലേക്ക് സോവിയററ്റഷ്യയെ ക്ഷണിക്കാൻ തീരുമാനിച്ചു.

സോവിയററ്റഷ്യ ക്ഷണം സ്വീകരിച്ചു. 1922 ജനുവരി 27-ന് ചേർന്ന അഖില റഷ്യാ കേന്ദ്ര നിർവ്വാഹകസമിതിയുടെ അസാധാരണയോഗം പ്രസ്തുത സമ്മേളനത്തിലേക്കുള്ള സോവിററ് പ്രതിനിധിസംഘത്തിൻെറ നേതാവായി ലെനിനെ തിരഞ്ഞെടുത്തു. പക്ഷെ അദ്ദേഹത്തിന് ജനോവക്കു പോകാൻ കഴിഞ്ഞില്ല. എങ്കിലും സോവിയററ് പ്രതിനിധിസംഘത്തിൻെറ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ ഉപദേശങ്ങളും അദ്ദേഹം നൽകി.

സോവിയററ് റഷ്യ ജനോവ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനെ പരാമർശിച്ച് ലെനിൻ 1922 മാർച്ച് 6-ന് ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: "...ജനോവ സമ്മേളനത്തെ നാം സ്വാഗതം ചെയ്യുന്നെന്നും നാം അതിൽ പങ്കെടുക്കുന്നതായിരിക്കുമെന്നും ആദ്യമെതന്നെ നാം പ്രഖ്യാപിച്ചതാണ്. ജനോവക്കു പോകുന്നത് കച്ചവടക്കാരായിട്ടാണെന്ന വസ്തുത നാം നന്നായി മനസ്സിലാക്കിയിട്ടുണ്ട്. നാം അക്കാര്യം ലവലേശം മറച്ചുവെച്ചിട്ടുമില്ല. മുതലാളിത്ത രാജ്യങ്ങളുമായി (അവ ആകെ തകർന്നു തരിപ്പണമാകാത്ത കാലത്തോളം) കച്ചവടം നടത്തേണ്ടത് നമ്മെ സംബന്ധിച്ചേടത്തോളം തികച്ചും അനുപേക്ഷണീയമാണ്. നാം ജനോവക്കു പോകന്നത് ഏററവും ഉചിതവും അങ്ങേയററം പ്രയോജനകരവും രാഷ്ട്രീയമായി

സ്വീകാര്യമായതുമായ വ്യാപാര വ്യവസ്ഥകൾക്കുവേണ്ടി വിലപേശാനല്ലാതെ മറ്റൊന്നിനുമല്ല എന്നു നമുക്കു ബോദ്ധ്യമാണ്. ജനോവ സമ്മേളനത്തിനുള്ള ആദ്യപദ്ധതി തയ്യാറാക്കിയ മുതലാളിത്ത രാജ്യങ്ങൾക്കും ഇതൊരു രഹസ്യമല്ല. വിവിധ മുതലാളിത്തരാജ്യങ്ങളുമായി നമ്മെ ബന്ധിപ്പിക്കുന്ന വ്യാപാരക്കരാറുകളുടെ പട്ടിക കൂടുതൽ കൂടുതൽ നീണ്ടുവരികയാണെന്ന് അവർക്ക് നല്ലവണ്ണമറിയാം. കച്ചവടം വർദ്ധിച്ചും വരികയാണ്. വിവിധ വിദേശരാജ്യങ്ങളുമായും വ്യത്യസ്ത വ്യവസായശാഖകളുമായുള്ള അനവധി വാണിജ്യ പദ്ധതികളെപ്പററി അങ്ങേയററം വിശദമായ ചർച്ച നടത്താൻ നാം പോകുകയാണെന്ന കാര്യവും അവർക്കു നന്നായറിയാം...

''...കാലഹരണപ്പെട്ട ബൂർഷ്വാ നയതന്ത്രകലയുടെ എല്ലാ നിയമങ്ങളും അനുസരിച്ച് മുതലാളിത്ത രാജ്യങ്ങളിലെ മാന്യൻമാർ നടത്തുന്ന നയതന്ത്രക്കളി ശരിയാംവണ്ണം നാം വിലയിരുത്തുന്നു. ആ കളിയുടെ അടിയിലുള്ളത് വ്യാപാര ലക്ഷ്യമാണെന്നു നാം നന്നായി അറിയുന്നു. *റഷ്യയുമായി ബൂർഷ്വാ രാജ്യങ്ങൾ കച്ചവടം നടത്തിയേ പററൂ.* ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികബന്ധം അതുമായി സ്ഥാപിക്കുന്നില്ലെങ്കിൽ അവയുടെ ശിഥിലീകരണം തടഞ്ഞുനിർത്താനാവില്ലെന്ന് അവർക്കറിയാം. അവർ ആരെയൊക്കെ ഒന്നാംതരം ഇരയാക്കിക്കൊണ്ടാണിരിക്കുന്നെങ്കിലും വർത്തമാന പത്രങ്ങളിലും മററു വാർത്താ മാദ്ധ്യമങ്ങളിലുംകൂടി അനവസാനമായി അവർ പൊങ്ങച്ചം പറഞ്ഞു പ്രചരിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ സമ്പദ്ഘടന ശിഥിലമായിക്കൊണ്ടിരിക്കുകയാണ്...

''...അവരുമായി കച്ചവടക്കാരെന്ന നിലയിൽ നാം കൂടിയാലോചന നടത്തും. അവരുമായി വർദ്ധമാനമായ തോതിൽ വ്യാപാരക്കരാറുകൾ ഒപ്പുവെക്കാൻ നമുക്കു കഴിയുന്നു എന്നതും കൂടുതൽ കൂടുതൽ കരാറു

കരം സംബന്ധിച്ച് കൂടിയാലോചന നടക്കുന്നു എന്ന തും നമുക്കതു സാധിക്കുമെന്നതിനുള്ള തെളിവാണ്.''

മുതലാളിത്ത ലോകത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളും മന്ത്രിമാരും വൻകിട മുതലാളിമാരും നയതന്ത്രജ്ഞരും പത്രലേഖകരുമെല്ലാം ജനോവയിലെത്തിച്ചേർന്നു. സമാധാനത്തെ സംബന്ധിച്ച് പൊതുവായ ചില സംഭാഷണം അവിടെ നടക്കുമെന്നേ അവർ പ്രതീക്ഷിച്ചിരുന്നുള്ളു എങ്കിലും കടുകടുത്ത സമാധാന വ്യവസ്ഥകരം സോവിയററ്റഷ്യയുടെ മേൽ വെച്ചുകെട്ടാനുള്ള ഉദ്ദേശവും ഉണ്ടായിരുന്നു. സാറിസ്റ്റ് റഷ്യയും ഇടക്കാല ഭരണകൂടവും വരുത്തിവെച്ച കടമെല്ലാം സോവിയററ് റഷ്യയെക്കൊണ്ട് കൊടുപ്പിക്കാനായിരുന്നു പദ്ധതി. അതു മാത്രമായിരുന്നില്ല അവരുടെ ഉള്ളിരുപ്പ്. പ്രസ്തുത കടബാദ്ധ്യതകളെല്ലാം തീർക്കുന്നതിന്നുള്ള പ്രവർത്തനങ്ങരംക്ക് മേൽനോട്ടം വഹിക്കാൻ നൂറുകണക്കിന് വിദേശ വിദഗ്ദ്ധൻമാരെ ബോരംഷെവിക്കുകളെക്കൊണ്ട് സ്വീകരിപ്പിക്കാനും അവർക്കു പരിപാടിയുണ്ടായിരുന്നു. സോവിയററ് സാമ്പത്തിക-ധനകാര്യ വകുപ്പുകളിൽ അത്തരം ''വിദഗ്ദ്ധൻമാരെ''യും ''ഉപദേഷ്ടാക്കളെ''യും തിരുകി നിറക്കാനായിരുന്നു ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പ്ലാൻ.

തഴക്കവും പഴക്കവും ചെന്ന സൂത്രശാലികളായ മുതലാളിത്ത രാഷ്ട്രീയ നേതാക്കരംക്കെതിരായി തങ്ങളുടെ നില്പാടിൽ ഉറച്ചുനിൽക്കാൻ അന്താരാഷ്ട്രരംഗത്ത് പുതുതായി പ്രവേശിച്ച സോവിയററു പ്രതിനിധികരംക്കു കഴിയുമോ?

ജനോവ സമ്മേളനത്തിനു മുമ്പു ചെയ്ത തന്റെ മേലെ സൂചിപ്പിച്ച പ്രസംഗത്തിൽ ലെനിൻ ഇങ്ങനെ കൂടി പറയുകയുണ്ടായി: ''...ജനോവയിൽ എന്താണു സംഭവിക്കാൻ പോകുന്നതെന്ന് തങ്ങരംക്ക് (പാശ്ചാത്യ രാഷ്ട്രീയ നേതാക്കരംക്ക്...പി. കെ. വി. കൃത്യമായി അറിയുകയില്ലെന്നും പുതുതായെന്തോ തങ്ങരം

രഹസ്യമായി സൂക്ഷിച്ചിട്ടുണ്ടെന്നും റഷ്യയുടെ മുമ്പിൽ പുതിയ വ്യവസ്ഥകൾ വെച്ചുകൊണ്ട് ത ങ്ങൾ ലോകത്തെ അത്ഭുതപ്പെടുത്താൻ ആഗ്രഹിക്കു ന്നെന്നും മററുമുള്ള ഒരു പ്രീതി ജനിപ്പിക്കാനുതകുന്ന പ്രസ്താവനകൾ വിദേശ കമ്പിവാർത്തകളിൽ തുടച്ച യായി നാം വായിച്ചുകൊണ്ടിരിക്കുകയാൽ, അവരോട് ഇങ്ങിനെ പറയാൻ എന്നെ അനുവദിച്ചാലും (ജനോവ യിൽ ലോയിഡ് ജോർജിനോട് അതു പറയാനുള്ള അവസരം എനിക്കു കിട്ടുമെന്ന് ഞാനാശിക്കുകയും ചെയ്യുന്നു): "മാന്യൻമാരെ. ഇതുകൊണ്ട്. നിങ്ങൾ ആരെയും അത്ഭുതപ്പെടുത്തുകയില്ല. നിങ്ങൾ കച്ചവ ടക്കാരാണ്; നിങ്ങൾക്ക് നിങ്ങളുടെ ജോലി നല്ലവണ്ണ മറിയാം. ഞങ്ങൾ കച്ചവടം നടത്താൻ പഠിക്കുന്നതേ യുള്ളു; ഇപ്പോഴും ആ വിദ്യ ഞങ്ങൾക്കു വേണ്ടത്ര വശ മായിട്ടില്ല. പക്ഷെ ഞങ്ങളുടെ പക്കൽ നൂറുകണ ക്കിനു കരാറുകളും കരാറുകളുടെ കരടുരേഖകളുമു ണ്ട്. ഞങ്ങൾ എപ്രകാരം വ്യാപാരം നടത്തുന്നുവെ ന്നും എന്തൊക്കെ കൊടുക്കൽ വാങ്ങലുകളാണ് ഞ ങ്ങൾ നടത്തുന്നതെന്നും അല്ലെങ്കിൽ നടത്താൻ പോകു ന്നതെന്നും അതിൻെറയൊക്കെ വ്യവസ്ഥകളെന്താണെ ന്നുമൊക്കെ അവ കാട്ടിത്തരുന്നു. ഞങ്ങളെ ഏതോ പ രീക്ഷക്കിരുത്താൻ പോകുകയാണെന്ന അർത്ഥത്തി ലുള്ള—ആരെയോ ഭയപ്പെടുത്താനുള്ള ഉദ്ദേശത്തോടു കൂടിയുള്ള—റിപ്പോർട്ടുകൾ നിങ്ങൾ പ്രസിദ്ധപ്പെടു ത്തുന്നതു വർത്തമാനപ്പത്രങ്ങളിൽ വായിക്കുമ്പോൾ ഞങ്ങൾ ഉള്ളുകൊണ്ടു ചിരിക്കുകയാണ്. ഞങ്ങൾ കൂടെക്കൂടെ ഭീഷണിപ്പെടുത്തലിന് ഇരയായിട്ടുണ്ട്. അവയാകട്ടെ, അവസാന വില പറച്ചിലിനുശേഷം ക തകടക്കാൻ ഉദ്ദേശിക്കുന്ന കച്ചവടക്കാരൻെറ ഭീഷണി പ്പെടുത്തലിനേക്കാളേറെ ഗൗരവമുള്ളവയുമായിരുന്നു. മിക്കവാറും മുഴുവൻ ലോകവും അടക്കിവാഴുന്ന സഖ്യ ശക്തികളുടെ തോക്കുകൾ ഞങ്ങളെ ഭീഷണിപ്പെടു ത്തിയിട്ടുണ്ട്. അത്തരം ഭീഷണികൾക്കൊന്നും ഞങ്ങ ളെ ഭയപ്പെടുത്താൻ കഴിഞ്ഞില്ല. മാന്യൻമാരേ, യൂ

റോപ്യൻ നയതന്ത്രജ്ഞരേ, ദയവായി അക്കാര്യം മറന്നുകളയരുത്…''

സോവിയററു റിപ്പബ്ലിക്കിന് മുതലാളിത്തകോയ്മകരം എന്താണു കരുതിവെച്ചിരിക്കുന്നതെന്നതിനെപ്പററി പരിപൂർണ്ണമായ ബോധത്തോടുകൂടിയും അതേസമയംതന്നെ മുതലാളിത്ത രാജ്യങ്ങളുമായി സാധാരണ ബന്ധം പലർത്താനും അവയുമായി സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിയാനുമുള്ള ആഗ്രഹത്തോടുകൂടിയുമാണ് ജനോവയിലെ അന്താരാഷ്ട്ര സമ്മേളനത്തെ സോവിയററു റഷ്യ സമീപിച്ചതെന്നു വ്യക്തം.

പ്രസ്തുത സമ്മേളനം തുടങ്ങുന്നതിന് ഏതാനും ദിവസംമുമ്പ് ലെനിൻ വീണ്ടും പറഞ്ഞു:

''വ്യാപാരം വികസിപ്പിക്കുന്നതിനുള്ള പ്രായോഗിക നടപടികരംക്കായും ഏററവും വിപുലമായ തോതിൽ അതു വികസിപ്പിക്കുന്നതിന്നാവശ്യമായ ഏററവും അനുകൂല സാഹചര്യങ്ങരം സൃഷ്ടിക്കാനായുമാണ് നാം ജനോവക്കുപോകുന്നത്…''

ജനോവാ സമ്മേളനത്തിലേക്കുള്ള സോവിയററു പ്രതിനിധി സംഘത്തെ നയിച്ചത് ജി. വി. ചിച്ചെറിൻ ആയിരുന്നു. സമ്മേളനത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: ''റഷ്യൻ പ്രതിനിധിസംഘം കമ്യൂണിസത്തിൻെറ തത്വങ്ങളെ മുറുകെപിടിക്കുന്നു. പക്ഷെ സ്വന്തം സിദ്ധാന്തം പ്രചരിപ്പിക്കാനായിട്ടല്ല ഞങ്ങളിവിടെ വന്നിരിക്കുന്നത്. പരസ്പരപൂരകത്വം, തുല്യത, സോവിയററു റഷ്യയെ പരിപൂർണ്ണമായും നിരുപാധികമായും അംഗീകരിക്കൽ എന്നിവയുടെ അടിസ്ഥാനത്തിൽ എല്ലാ രാജ്യങ്ങളിലെ ഗവർമ്മെണ്ടുകളുമായും വ്യാപാര-വ്യാവസായിക വൃത്തങ്ങളുമായും കച്ചവടബന്ധങ്ങരം സ്ഥാപിക്കുകയെന്നതാണ് സോവിയററു പ്രതിനിധിസംഘത്തിൻെറ ലക്ഷ്യം.'' ആയുധസാമഗ്രികരം പൊതുവെ കുറക്കുക

യും സൈന്യവൽക്കരണത്തിൻെറ ഭാരം ലഘൂകരിക്കുകയും എല്ലാ രാജ്യങ്ങളുടെയും പട്ടാളത്തിൻെറ വലിപ്പം കുറക്കുകയും യുദ്ധമുറകളെ സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതിവരുത്തുകയും, വിഷവാതകപ്രയോഗവും ആകാശയുദ്ധവും പോലുള്ള പ്രാകൃതവും മൃഗീയവുമായ യുദ്ധമുറകഠം നിരോധിക്കുകയും നിരായുധരായ സാമാന്യജനങ്ങഠംക്കുനേരെ ആയുധം പ്രയോഗിക്കുന്നതു വിലക്കുകയും ചെയ്യുന്ന പ്രശ്നങ്ങളുടെ നേരെ കാര്യമാത്രപ്രസക്തമായ ഒരു സമീപനം ഉണ്ടാകണമെന്ന് അദ്ദേഹം എല്ലാവരോടും അഭ്യർത്ഥിച്ചു.

ഇന്ന് യു. എൻ. നിരായുധീകരണ കമ്മിററിയിലും യു. എൻ. ജനറൽ അസ്സംബ്ലിയിലും മററു ലോകവേദികളിലും സോവിയററു യൂണിയൻ ആവർത്തിച്ച് അഭ്യർത്ഥിക്കുന്ന കാര്യങ്ങഠം സോവിയററുറഷ്യ 1922-ൽത്തന്നെ പറഞ്ഞിട്ടുണ്ട്. സമാധാനത്തെ സംബന്ധിച്ച അതിൻെറ നയത്തിൽ യാതൊരു മാററവും വന്നിട്ടില്ല. അതുപോലെതന്നെ, യുദ്ധം വഴിയും കൂടുതൽ കൂടുതൽ മാരകമായ ആയുധങ്ങളുടെ ഉപയോഗം വഴിയും പ്രശ്നങ്ങഠം പരിഹരിക്കാൻ ശ്രമിക്കുന്ന പാശ്ചാത്യകോഴ്മകളുടെ സമീപനത്തിലും മാററമൊന്നുമുണ്ടായിട്ടില്ല.

ജനോവ സമ്മേളനത്തിൽ സോവിയററു പ്രസ്താവന ഇങ്ങിനെ പറഞ്ഞു: ''ഒരു ലോ കോൺഗ്രസ്സു വഴി ലോകസമാധാനത്തിൻെറ സംസ്ഥാപനം നേടിയെടുത്തേ തീരൂ. എല്ലാ ദേശക്കാരുടെയും പരിപൂർണ്ണമായ തുല്യത, സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ ഓരോ ദേശക്കാർക്കുമുള്ള അവകാശത്തിൻെറ അംഗീകരണം എന്നിവ ആയിരിക്കണം അതിൻെറ അടിസ്ഥാനം.''

നിരായുധീകരണം വഴി സമാധാനം നേടിയെടുക്കാനുള്ള സോവിയററു നിർദ്ദേശത്തെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങഠം സ്വാഗതം ചെയ്തു. പക്ഷെ

പാശ്ചാത്യ പ്രതിനിധികളുടെ പ്രതികരണം തനി തണുപ്പനായിരുന്നു. അവർ സോവിയററു നിർദ്ദേശം തള്ളിക്കളഞ്ഞു. നിരായുധീകരണത്തിന് അവർ സമ്മതിച്ചില്ല. സോവിയററുറഷ്യയുടെമേൽ ആ സോഷ്യലിസ്റ്റു റിപ്പബ്ലിക്കിനെ തകർക്കാൻവേണ്ടി പാശ്ചാത്യ രാഷ്ട്രീയനേതാക്കൾ ഒരുക്കിയ പദ്ധതി സോവിയററു പ്രതിനിധിസംഘം അപ്പാടെ തള്ളിക്കളഞ്ഞു.

സമ്മേളനം പരാജയപ്പെട്ടു. അതിനു മുഖ്യ കാരണം ബ്രിട്ടൻെറയും ഫ്രാൻസിൻെറയും സോവിയററു റഷ്യയോടുള്ള ശത്രുതാപരമായ നിലപാടായിരുന്നു. ജനോവയിൽ ചർച്ചചെയ്ത പ്രശ്നങ്ങൾ പിന്നീട് 1922 ജൂൺ – ജൂലായ് മാസങ്ങളിൽ ഹേഗിൽ ചേർന്ന ഒരു വിദഗ്ദ്ധ നിലവാര സമ്മേളനത്തിൻെറ ചർച്ചക്കു വിഷയീഭവിച്ചു. പക്ഷെ അതും നിഷ്ഫലമായിപ്പോയി.

അത്തരം സമ്മേളനങ്ങളുടെ പരാജയം അനിവാര്യമായിരുന്നു. സമാധാനം വേണമെന്നോ അതിനുവേണ്ടി പ്രവർത്തിക്കണമെന്നോ ഉള്ള ആഗ്രഹം പാശ്ചാത്യകോയ്മകൾക്കുണ്ടായിരുന്നില്ല. അവരുടെ വിശ്വാസം മുഴുവനും കൊള്ളക്കും കവർച്ചക്കുമുള്ള ആയുധബലത്തിലായിരുന്നു.

പക്ഷെ സോവിയററുറഷ്യ അതിൻെറ പട്ടാളബലം 1922 പകുതിയായപ്പോഴേക്ക് 83 ശതമാനമാനമാക്കി കുറച്ചു. ജനോവ സമ്മേളനത്തിൽ തങ്ങൾ മുമ്പോട്ടുവെച്ച നിരായുധീകരണം സംബന്ധിച്ച നിർദ്ദേശം തിരസ്ക്കരിക്കപ്പെട്ടതിൽ നിരാശപ്പെടാതെ സോവിയററു യൂണിയൻ 1922 ജൂൺ 12-ന് പൊതുവായ നിരായുധീകരണം നേടിയെടുക്കാനുള്ള വഴികളാരായാനായുള്ള ഒരു യോഗത്തിൽ പങ്കെടുക്കാൻ അയൽ രാജ്യങ്ങളെ ക്ഷണിച്ചു. പിന്നീട്, 1922 ഡിസംബറിൽ മോസ്ക്കോവിൽ ചേർന്ന സമ്മേളനത്തിൽ രാഷ്ട്രങ്ങൾ അവയുടെ സായുധസേനാബലം 75 ശത

മാനം വീതം കുറവുചെയ്യണമെന്ന ഒരു നിർദ്ദേശം സോവിയററു യൂണിയൻ മുമ്പോട്ടുവെച്ചു. പക്ഷെ യോഗത്തിൽ പങ്കെടുത്തവർക്ക് അതു സ്വീകാര്യമായില്ല. 25 ശതമാനം കുറക്കണമെന്ന സോവിയററു നിർദ്ദേശംപോലും പാശ്ചാത്യപ്രതിനിധികൾ തള്ളിക്കളയുകയാണുണ്ടായത്.

1922 ഡിസംബറിലാണ് ഇന്നത്തെ സോവിയററു യൂണിയൻ (സോവിയററു സോഷ്യലിസ്റ്റു റിപ്പബ്ലിക്കുകളുടെ യൂണിയൻ) രൂപീകരിക്കപ്പെട്ടത്. (അതിൻെറ 60-ാം വാർഷികമാണ് ഈ വർഷം). ആ സംഭവം സാർവ്വദേശീയരംഗത്തുള്ള ആദ്യത്തെ സോഷ്യലിസ്റ്റു രാഷ്ട്രത്തിൻെറ നിലപാട് കൂടുതൽ ശക്തിപ്പെടുത്തി. രാജ്യത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ ശക്തി കൂടുതൽ ദൃഢീകരിക്കുകയും ചെയ്തു.

മാനുഷിക വ്യാപാരത്തിൻെറ എല്ലാ തുറകളിലും ഇക്കഴിഞ്ഞ 60 വർഷക്കാലത്തിനിടക്ക് സോവിയററു യൂണിയൻ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ചു. മുതലാളിത്തലോകത്തിലെ ഏതു വികസിത രാജ്യത്തോടുമൊപ്പം നിൽക്കാനുള്ള കരുത്തും അന്തസ്സും അതാർജ്ജിച്ചു. പക്ഷെ അത് ഇന്നും അതിൻെറ സമാധാനനയവും സമാധാനപരമായ സഹവർത്തിത്വനയവും മുറുകെ പിടിക്കുന്നു. എല്ലാ ജനതകളുടെയും സ്വാതന്ത്ര്യത്തിനും സ്വാശ്രിതത്വത്തിനും അതു പിന്തുണ നൽകുന്നു.

സോവിയററു യൂണിയൻെറ ആദ്യവർഷങ്ങളിൽ തന്നെ അതിനെ അംഗീകരിക്കാൻ മുതലാളിത്ത രാജ്യങ്ങൾ നിർബന്ധിതമായി. അക്കാലത്തെ ഏററവും വലിയ സാമ്രാജ്യത്വ ശക്തിയായിരുന്ന ബ്രിട്ടൻതന്നെ സോവിയററു യൂണിയനെ 1924-ൽ അംഗീകരിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഇററലിയും ആസ്ത്രിയയും ഗ്രീസും സ്വീഡനും നോർവേയും മെക്സിക്കോയും ചൈനയും ഫ്രാൻസും ജപ്പാനും മററനേകം രാജ്യങ്ങളും

സോവിയററു യൂണിയനെ അംഗീകരിച്ചു. വൻശക്തികളിൽ അമേരിക്ക മാത്രമാണ് സോവിയററു യൂണിയനുമായി ബന്ധം സാധാരണനിലയാലാക്കാൻ വിസമ്മതിച്ചത്. എന്നുതന്നെയ;മല്ല, മററു രാജ്യങ്ങളെയും അപ്രകാരം ചെയ്യാൻ അമേരിക്ക പ്രേരിപ്പിക്കുകയും ചെയ്തിരുന്നു.

പക്ഷെ അക്കാലത്ത് പാശ്ചാത്യ രാജ്യങ്ങൾ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം നിലവിലുണ്ടെന്ന വസ്തുതയുടെ മുഴുവൻ അർത്ഥവും ശരിക്കു മനസ്സിലാക്കിയിരുന്നു എന്നു കരുതുക വയ്യ. അവർക്ക് അവരുടേതായ കരുതലുകളും ഉദ്ദേശങ്ങളുമുണ്ടായിരുന്നു. സോവിയററു യൂണിയൻെറ മേൽ മാരകമായി ആഞ്ഞടിക്കാൻ സന്ദർഭം പാർത്തിരിക്കുകയായിരുന്നു അവരെല്ലാംതന്നെ. അതിനുള്ള മുടന്തൻ ന്യായങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു അവർ.

ഉദാഹരണത്തിന് 1925-ൽ മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ ഒപ്പുവെച്ച ലാക്കാർണോ ഉടമ്പടിയുടെ കാര്യംതന്നെ നോക്കുക. പ്രമുഖ സാമ്രാജ്യത്വ രാജ്യങ്ങളെ ഒരു സോവിയററു വിരുദ്ധ കൂട്ടുകെട്ടിൽ കൊണ്ടുവരിക എന്നതായിരുന്നു അതിൻെറ പ്രാഥമികമായ ലക്ഷ്യം. പ്രസ്തുത ഉടമ്പടി ഒപ്പുവെച്ച സമ്മേളനത്തിലേക്ക് സോവിയററു യൂണിയൻ ക്ഷണിക്കപ്പെടുകയുണ്ടായില്ല. ലീഗ് ഓഫ് നേഷൻസും സോവിയററു യൂണിയനു വിരുദ്ധമായ ഒരു നയമാണ് പിന്തുടർന്നിരുന്നത്.

അമേരിക്കയിലാണെങ്കിൽ അവിടത്തെ ഭരണാധികാരികളും വാർത്താ മാദ്ധ്യമങ്ങളും സോവിയററു യൂണിയനെതിരായി എല്ലാത്തരം നുണകളും ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചുകൊണ്ടിരിന്നു. എന്നിരുന്നാലും കൂടുതൽ കൂടുതൽ അമേരിക്കക്കാർ സോവിയററു യൂണിയനിലെ യഥാർത്ഥസ്ഥിതി നേരിൽ കണ്ടു മനസ്സിലാക്കാനായി ആ രാജ്യം സന്ദർശിച്ചു. സോവിയററു ഭരണകൂടത്തിൻെറ ക്ഷണമനുസരിച്ച്

പല സോവിയററ് നഗരങ്ങളും നാട്ടുമ്പുറവും പല പ്രമുഖ അമേരിക്കക്കാരും സന്ദർശിക്കുമായിരുന്നു. അവരിലൊരാളാണ് തിയഡോർ ഡ്രയ്സർ. അദ്ദേഹം അമേരിക്കയിൽ തിരിച്ചെത്തിയ ശേഷം ''ഡ്രയ്സർ റഷ്യയെ നോക്കിക്കാണുന്നു'' എന്ന പേരിൽ ഒരു പുസ്തകമെഴുതി. താൻ അവിടെ കണ്ട കാര്യങ്ങൾ മുൻവിധികളൊന്നും വികലമാക്കാൻ ഇടയാക്കാതെ അദ്ദേഹം അതിൽ വിവരിച്ചു.

സോവിയററ് റിപ്പബ്ലിക്കും ലോകത്താലുള്ള എല്ലാ മുതലാളിത്ത രാജ്യങ്ങളും തമ്മിൽ മുറപ്രകാരം വ്യപാര ബന്ധം തുടർന്നു വികസിച്ചുകൊണ്ടിരിക്കുമെന്ന് അന്താരാഷ്ട്ര സാമ്പത്തികബന്ധങ്ങളുടെ വസ്തുനിഷ്ഠമായ വികാസനിയമങ്ങളുടെ അടിസ്ഥാനത്തിൽ ലെനിൻ ചൂണ്ടിക്കാട്ടിയിരുന്നു.

പക്ഷെ, സോഷ്യലിസ്റ്റ് രാഷ്ട്രത്തോടുള്ള ശത്രുത വാഷിംഗ്ടനെ അത്തരമൊരു പാത അവലംബിക്കുന്നതിൽനിന്ന് അകററി നിറുത്തി. ''ന്യൂയോർക്ക് ജർണൽ ഓഫ് കമ്മേഴ്സ്'' 1926 ജൂൺ 4-ന് എഴുതിയ രസകരമായ ഒരു കാര്യം നോക്കുക: ''ജർമ്മൻകാർക്കും ഫ്രഞ്ചുകാർക്കും സ്കാൻഡിനേവിയക്കാർക്കും താൽപര്യജനകമായ ഒരു കേന്ദ്രമായി മാറിത്തുടങ്ങിയിരിക്കുകയാണ് മോസ്കോ. ചിലപ്പോൾ അമേരിക്കൻ ബിസ്സിനസുകാരും അവിടെ പോകാറുണ്ട്. പക്ഷെ വാഷിംഗ്ടൻ ഭരണകൂടത്തിൻെറ ഇഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കാൻ അവരിൽ ഭൂരിഭാഗം പേരും മുതിരുന്നില്ല... തൻമൂലം അവർക്ക് സന്ദർഭം നഷ്ടപ്പെടുകയാണ്. അമേരിക്കയുടെ വളരെ വലിയ കഴിവുകളും മൂലധനവും വായ്പയും നൽകാനുള്ള കഴിവും എടുത്തുപറയത്തക്ക ഒരു രംഗം അവർക്കുവേണ്ടി ഇപ്പോഴും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അവിടെ പ്രവേശിക്കാൻ അവർക്കു മനസ്സുണ്ടാകണമെന്നു മാത്രം!

സത്യത്തിൽ ഇപ്പറഞ്ഞത് ഇന്നും പ്രസക്തമല്ലേ?

സോവിയററു സോഷ്യലിസ്റ്റു ഭരണകൂടത്തെ അംഗീകരിക്കുകയില്ലെന്ന നയം അമേരിക്കൻ ഭരണകൂടം പിന്നെയും തുടർന്നു.

ലെനിൻ പ്രവചിച്ചതുപോലെ, ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ സമാധാനം ഉറപ്പുള്ളതായിരുന്നില്ല. സാമ്രാജ്യത്വ രാജ്യങ്ങളിൽ ആയുധമൽസരം പൂർണ്ണവേഗതയിൽ മുന്നേറിക്കൊണ്ടിരുന്നു. ലോകജനത അമ്പരന്നു. പൊതുജനങ്ങളുടെ പ്രതിഷേധത്തെ തണുപ്പിക്കാനായി പാശ്ചാത്യകോയ്മകരം ഇടക്കിടെ നിരായുധീകരണപ്രശ്നം ചർച്ചചെയ്യാനൊരുങ്ങും. പക്ഷെ അവർക്കതിൽ ആത്മാർത്ഥത ഉണ്ടായിരുന്നില്ല. ലീഗ് ഓഫ് നേഷൻസിൻെറ ചട്ടക്കൂടിനുള്ളിൽ രൂപീകരിച്ച പ്രിപ്പറേട്ടറി കമ്മിഷൻ യോഗങ്ങളും ചർച്ചകളും മുറയ്ക്കു നടത്തുമായിരുന്നു. വാഗ്ധോരണികരം മുഴങ്ങും. കെട്ടുകണക്കിന് കടലാസ് എഴുതിത്തള്ളും. പ്രമേയങ്ങരം ഡസൻ കണക്കിനു പാസ്സാക്കും. പക്ഷെ നിരായുധീകരണം മാത്രം ഉണ്ടായില്ല. ആയുധമൽസരം ഇരമ്പിക്കയറുകയും ചെയ്തു.

പ്രസ്തുത സംരംഭത്തിൽ പങ്കുചേരാൽ 1927 നവംബറിൽ സോവിയററു യൂണിയൻ ക്ഷണിക്കപ്പെട്ടു. സോവിയററ് യൂണിയൻ ഒരു പ്രതിനിധിസംഘത്തെ അയച്ചു. പക്ഷെ സമാധാനവും നിരായുധീകരണവും ലോകത്തിനു പ്രദാനം ചെയ്യാൻ ലീഗ് ഓഫ് നേഷൽസിനുണ്ടെന്ന യാതൊരു വ്യാമോഹവും അതിനുണ്ടായിരുന്നില്ല. 1922-ൽതന്നെ ആ ലോകസംഘടനയെപ്പററി ലെനിൻ പറഞ്ഞ വാക്കുകരം അനുസ്മരിക്കുന്നതു നന്നായിരിക്കും. ''ഒബ്സർവറി''ൻെറയും ''മാഞ്ചസ്റ്റർ ഗാർഡിയ''ൻെറയും ലേഖകനായിരുന്ന മിഖായേൽ ഫാർബ്മാനോട് സംസാരിക്കവെ ലെനിൻ ഇങ്ങിനെ പറഞ്ഞു: ഞങ്ങരം ലീഗ് ഓഫ് നേഷൻസിന് എതിരാണെന്നതു നേരാണ്. അതിനു കാരണം

ഞങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥിതി മാത്രമാണെന്ന് ഞാൻ കരുതുന്നില്ല. പൊതുവെ ഇന്നത്തെ അന്താരാഷ്ട്ര രാഷ്ട്രീയത്തിന്റെ വസ്തുനിഷ്ഠമായ സാഹചര്യങ്ങളുടെ വീക്ഷണകോണിൽ നിന്നു നോക്കുമ്പോഴ് സമാധാനത്തിന്റെ താൽപര്യങ്ങളും ഞങ്ങളുടെ നിലപാടിനെ പൂർണ്ണമായും ന്യായീകരിക്കുന്നു. ലോകയുദ്ധത്തിൽനിന്നുടലെടുത്ത ലീഗ് ഓഫ് നേഷൻസിന് അതിന്റെ ജൻമസമയത്തു ലഭിച്ച പല പാടുകളും ഇന്നുമുണ്ട്. വർസൈൽ ഉടമ്പടിയുമായി അത് അവിഭാജ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. ജനതകളുടെ യഥാർത്ഥത്തിലുള്ള അവകാശ സമത്വം അംഗീകരിക്കുന്നതിന്റെ, രാഷ്ട്രങ്ങളുടെ സമാധാനപരമായ സഹവർത്തിത്വത്തിന് ഒരു യഥാർത്ഥ അവസരം നൽകാനുള്ള ആഗ്രഹത്തിന്റെ ഒരു ലാഞ്ഛനപോലും അതിൽ കാണാനില്ല. ലീഗിനോടുള്ള ഞങ്ങളുടെ പ്രതികൂല മനോഭാവം മനസ്സിലാക്കാവുന്നതേയുള്ളു എന്നും കൂടുതൽ വിശദീകരണം ആവശ്യമില്ലെന്നും ഞാൻ കരുതുന്നു.

ഇങ്ങനെയൊക്കെയാണ് കാര്യങ്ങളുടെ കിടപ്പെന്നിരിക്കിലും, ലോകകാര്യങ്ങളിൽ തങ്ങഠംക്കുള്ള അഭിപ്രായം രേഖപ്പെടുത്താനായി എം. എം. ലിററ്വിനോവിന്റെ നേതൃത്വത്തിൽ ഒരു പ്രതിനിധിസംഘത്തെ സോവിയററു യൂണിയൻ അയച്ചു. ഒരു മഹാ പണ്ഡിതനും ഒരൊന്നാന്തരം പ്രാസംഗികനുമായിരുന്നു ലിററ്വിനോവ്.

സാമാന്യവും സമ്പൂർണ്ണവുമായ സാർവ്വത്രികമായ നിരായുധീകരണത്തിനുള്ള സമഗ്രമായ ഒരു പരിപാടി അടങ്ങുന്ന ഒരു പ്രഖ്യാപനം അദ്ദേഹം കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചു. സായുധസേനാവിഭാഗങ്ങളെ പിരിച്ചുവിടുക, എല്ലാ മാരകായുധങ്ങളും നശിപ്പിക്കുക, രാസായുധങ്ങളും കൂട്ടക്കൊലക്കുള്ള ആയുധങ്ങളും നശിപ്പിക്കുക, കോട്ടകോത്തളങ്ങളും നാവിക-വ്യോമസേനകളുടെ താവളങ്ങളും പൊളിച്ചുമാററുക,

യുദ്ധകാര്യങ്ങൾക്കായുള്ള മന്ത്രാലയങ്ങൾ നിറുത്തലാക്കുക, ജനറൽ സ്റ്റാഫിനെ പിരിച്ചുവിടുക, സൈനിക പരിശീലനം നിരോധിക്കുക തുടങ്ങി പരിപൂർണ്ണ നിരായുധീകരണത്തിന് ഉറപ്പുവരുത്താനുതകുന്ന നടപടികൾക്കു വ്യവസ്ഥ ചെയ്യുന്നതായിരുന്നു സോവിയററു പരിപാടി. ഒരു വർഷത്തെ സമയപരിധിയും അതു വിഭാവനം ചെയ്തിരുന്നു. മുതലാളിത്ത രാജ്യങ്ങൾക്ക് പ്രസ്തുത സമയപരിധി സ്വീകാര്യമല്ലെങ്കിൽ അതിൽ ഭേദഗതി വരുത്താവുന്നതാണെന്നും സോവിയററു പ്രതിനിധിസംഘം അറിയിച്ചു.

ലോകമാസകലമുള്ള സമാധാനശക്തികളെല്ലാം സോവിയററു നിർദ്ദേശത്തെ സ്വാഗതം ചെയ്തതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എല്ലായിടത്തുമുള്ള സാധാരണ ജനങ്ങൾ സോവിയററു നിർദ്ദേശത്തെ സ്വാഗതം ചെയ്തു എന്ന് ''ബോൾട്ടിമോർ സൺ'' എന്ന അമേരിക്കൻ പത്രം എഴുതി. ''സമാധാനത്തിനുവേണ്ടിയുള്ള പോരാട്ടത്തിൻെറ ചരിത്രത്തിലെ ഏററവും മഹത്തായ സംഭവ''മായിട്ടാണ് പ്രമുഖ ബ്രിട്ടീഷ് ലേബർ കക്ഷി അംഗമായ ജോർജ് ലാൻസ്ബറി സോവിയററു നിർദ്ദേശത്തെ വിശേഷിപ്പിച്ചത്. പ്രസ്തുത നിർദ്ദേശങ്ങൾ സാധാരണ സ്ത്രീ പുരുഷൻമാരുടെ ഒരു അസ്സംബ്ലിയിലാണ് അവതരിപ്പിച്ചിരുന്നതെങ്കിൽ അവ ഏകകണ്ഠമായി അംഗീകരിക്കപ്പെടുമായിരുന്നു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ലിററ്വിനോവ് പദ്ധതിയുടെ ചർച്ച അടുത്ത സമ്മേളനത്തിലേക്കു നീട്ടിവെച്ചു. വീണ്ടും 1928 ഫെബ്രുവരിയിൽ സമ്പൂർണ്ണ നിരായുധീകരണത്തിനുള്ള മറെറാരു നിർദ്ദേശം അദ്ദേഹം മുമ്പോട്ടുവെച്ചു. രണ്ടു രാജ്യങ്ങൾ മാത്രം — തുർക്കിയും ജർമ്മനിയും — അതിനു പിന്തുണ നൽകി. പാശ്ചാത്യ കോയ്മകളുടെ പ്രതികൂലമായ നിലപാടുണ്ടായിട്ടും സോവിയററു യൂണിയൻ നിരാശപ്പെടാതെ നിരായുധീകരണത്തിനുവേണ്ടി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരുന്നു.

1928 മാർച്ച് 23-ന് ഭാഗികമായ നിരായുധീകരണ ത്തിനുള്ള ഒരു പദ്ധതി ലിററ്വിനോവ് സമർപ്പി ച്ചു. പക്ഷെ അതു ചർച്ചചെയ്യാൻ ഒരു തീയതി നിശ്ചയിക്കുകപോലും ഉണ്ടായില്ല.

ലോകത്തിൽ ഒരു യുദ്ധം ഉണ്ടായിക്കാണാതിരി ക്കാനുള്ള ഉൽക്കടമായ ആഗ്രഹം കാരണം ഇങ്ങനെ ഇരുപതുകളുടെ അവസാനത്തിലും മുപ്പതുകളുടെ ആ രംഭത്തിലും സോവിയററു യൂണിയൻ നിരായുധീകര ണത്തിനായുള്ള അനേകം നിർദ്ദേശങ്ങൾ മുമ്പോട്ടു വെക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളെയെ ല്ലാം മുതലാളിത്ത കോയ്മകൾ തിരസ്ക്കരിച്ചു. ആക്രമണം നടത്തി മററു ജനതകളുടെ ഭൂപ്രദേശങ്ങൾ വെട്ടിപ്പിടിക്കാൻ ഉദ്ദേശമില്ലാത്ത ഏതു രാജ്യവും സോവിയററ് നിർദ്ദേശങ്ങൾ സ്വീകരിക്കുമായിരു ന്നു. സോവിയററു യൂണിയൻെറ നയം അത്തരത്തിലു ള്ളതാകയാൽ പ്രസ്തുത നിർദ്ദേശങ്ങൾ ധൈര്യമാ യി മുന്നോട്ടുവെക്കാൻ അതിന്നു യാതൊരു വിഷമവു മുണ്ടായില്ല. സോവിയററു യൂണിയന് ആക്രമണോൻ മുഖലക്ഷ്യങ്ങളുണ്ടെന്ന് ഇന്നും ചിലർ ആക്ഷേപി ക്കുന്നുണ്ട്. പക്ഷെ, ലോകരാഷ്ട്രങ്ങൾ നിരായു ധീകരണനടപടികൾ എടുക്കണമെന്ന് ഇക്കാലമത്ര യും നിർബന്ധപൂർവ്വം നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് സോവിയററു യൂണി യൻ എന്ന സത്യം മറച്ചുപിടിക്കാൻ അവർക്കാർക്കും കഴിയുകയില്ല.

പ്രിപ്പറേട്ടറി കമ്മീഷനും അതിൽ പങ്കെടുക്കുന്ന മുതലാളിത്ത കോയ്മകളും സോവിയററു നിർദ്ദേശ ങ്ങൾ തള്ളിക്കളയുകയും നിരായുധീകരണം ലക്ഷ്യ മാക്കി ഒരു ചെറു നടപടിപോലും കൈക്കൊള്ളാൻ കൂ ട്ടാക്കാതിരിക്കുകയും ചെയ്തതിൽനിന്ന് സോവിയ ററു യൂണിയൻ ന്യായമായും ഒരു നിഗമനത്തിലെത്തി ച്ചേർന്നു — മറെറാരു ലോകയുദ്ധത്തിന്നുള്ള തയ്യാറെ

ടുപ്പിൽ അധിഷ്ഠിതമാണ് പ്രസ്തുത രാഷ്ട്രങ്ങളുടെ നയം.

സോവിയററു യൂണിയൻെറ ഈ നിഗമനം എത്രയോ ശരിയായിരുന്നെന്ന് പിന്നീട് നടന്ന സംഭവങ്ങരം തെളിയിച്ചു.

അതിന്നിടയിൽ, 1929-ൽ, മുതലാളിത്ത ലോകത്തെ ആകമാനം കടുത്ത ഒരു സാമ്പത്തിക കുഴപ്പം പിടികൂടി. അഭൂതപൂർവ്വമായ ഒന്നായിരുന്നു ആ കുഴപ്പം. അമിതമായ വ്യാവസായികോൽപാദനത്തെ തൊട്ടുതുടർന്ന് കാർഷികരംഗത്ത് അതിരൂക്ഷമായ തകർച്ചയും ധനപരമായ കുഴപ്പവും ഉണ്ടായി. അനേകം ബാങ്കുകളും പലതരത്തിൽപ്പെട്ട കമ്പനികളും തകർന്നു പാപ്പരായി. ദശലക്ഷക്കണക്കിനു ചെറുകിട വ്യവസായ സ്ഥാപനങ്ങരംക്കു നിൽക്കക്കള്ളിയില്ലാതായി. മുതലാളിത്ത ലോകത്ത് വ്യാവസായികോൽപാദനം കുത്തനെ (35–40 ശതമാനം) ഇടിഞ്ഞു. അമേരിക്കയിൽ ഉൽപാദനം അതിലും താണു. കുത്തകകളുടെ ലാഭം കൂടുതൽ നഷ്ടപ്പെടാതിരിക്കാനായി ദശലക്ഷക്കണക്കിനു ചാക്കുകരം നിറയെ കാപ്പിക്കുരു കടലിൽ തള്ളി. ദശലക്ഷക്കണക്കിനു ടൺ ഗോതമ്പാണ് അമേരിക്കയിൽ കത്തിച്ചുകളഞ്ഞത്. വിലനിലവാരം ഉയർത്തി കുത്തകകരംക്കു കൂടുതൽ നഷ്ടം വരാതെ നോക്കുകയായിരുന്നു അതിൻെറയൊക്കെ ലക്ഷ്യം. സാധാരണക്കാരുടെ ചിലവിൽ കൊള്ളലാഭമുണ്ടാക്കുന്ന കുത്തകകളുടെ എക്കാലത്തെയും ഏർപ്പാടാണത്. അതിരൂക്ഷമായ ആ സാമ്പത്തികത്തകർച്ചക്കാലത്ത് നൂറു ദശലക്ഷത്തിൽപ്പരം പേർക്കു തൊഴിലില്ലാതായി. ഒന്നാലോചിച്ചുനോക്കൂ അവരും അവരുടെ കുടുംബാംഗങ്ങളും അക്കാലത്ത് അനുഭവിച്ച പട്ടിണിയും കഷ്ടപ്പാടും എന്തായിരിക്കുമെന്ന്.

സോവിയററു യൂണിയൻ അതിൻെറ സമ്പദ്ഘടനയെ ലോകമുതലാളിത്ത സമ്പദ്വിധാനത്തോടു ബന്ധിപ്പിക്കാതിരുന്നതിനാൽ സാമ്പത്തികക്കുഴപ്പമൊ

ന്നും അതിനെ ലവലേശം ബാധിക്കുകയുണ്ടായില്ല. സോവിയററു സമ്പദ്ഘടന നിരന്തരം മുന്നേറിക്കൊണ്ടിരുന്നു. ഒന്നാമത്തെ പഞ്ചവൽസരപദ്ധതി വിജയകരമായി നിർവ്വഹിക്കപ്പെട്ടു. 1930 ആയപ്പോഴേക്ക് തൊഴിലില്ലായ്മയെന്ന പ്രശ്നം അവിടെ എന്നന്നേക്കുമായി പരിഹരിക്കപ്പെട്ടു. അങ്ങനെ സോഷ്യലിസ്റ്റു സമ്പദ്ഘടനയുടെ മേൻമഎല്ലവർക്കും ബോദ്ധ്യമാകത്തക്ക രീതിയിൽ സോവിയററു ജനങ്ങരം കാട്ടിക്കൊടുത്തു.

സാമ്പത്തികക്കുഴപ്പങ്ങരം നേരിടുമ്പോരം അതിൽനിന്നു കരകയറാൻവേണ്ടി മുതലാളിത്തക്കോയ്മകരം സാധാരണ പ്രയോഗിക്കാറുള്ള ഒരു സൂത്രമാണ് യുദ്ധം. ഉൽപാദനത്തിൻെറ ചക്രങ്ങളെ യുദ്ധം വീണ്ടും ചലിപ്പിക്കുന്നു. കുത്തകകരംക്ക് നല്ല ലാഭം ലഭിക്കുന്നു. യുദ്ധത്തിൽ ചത്തൊടുങ്ങുന്ന സാധാരണ മനുഷ്യരുടെ ജീവനേക്കാരം കുത്തകകരംക്ക് വിലപ്പെട്ടത് അവരുടെ ലാഭമാണ്. അങ്ങനെ, മുപ്പതുകളിൽ മുതലാളിത്ത ലോകത്തെ പിടികൂടിയ രൂക്ഷമായ സാമ്പത്തികത്തകർച്ചയിൽനിന്നു രക്ഷപ്പെടാനായി ലോകമുതലാളിത്തത്തിലെ ഏററവും പിന്തിരിപ്പൻ യുദ്ധോൽസുകവൃത്തങ്ങരം സോവിയററ് യൂണിയനെതിരായി ഒരു യുദ്ത്തിനു വട്ടംകൂട്ടി. അതിനു ലോകാഭിപ്രായത്തെ തയ്യാറാക്കാനായി സോവിയററ് യൂണിയനെതിരായി അങ്ങേയററം ശബ്ദായമാനമായ ഒരു നുണപ്രചരണവുമാരംഭിച്ചു. 1929–32 കാലത്ത് അനേകം സാമ്രാജ്യത്വ രാഷ്ട്രങ്ങളിലെ ഭരണവൃത്തങ്ങരം ഒരു സംയുക്ത സോവിയററ് വിരുദ്ധ കയ്യേററത്തെപ്പററി ചർച്ച നടത്തുകയുണ്ടായി. പക്ഷെ, പല കാരണങ്ങളാലും അതു നടന്നില്ല.

അതിരൂക്ഷമായ സാമ്പത്തികത്തകർച്ചകൊണ്ടു ഞെളിപിരികൊള്ളുന്ന പാശ്ചാത്യലോകത്തെ വ്യവസായികളും പണച്ചാക്കുകളും വ്യവസായത്തിലും കൃഷിയിലും വളരെ ഉയർന്ന വികസനനിരക്കോടുകൂടി

കുതിച്ചു മന്നേറുന്ന സോവിയററ് യൂണിയനിലേക്ക് വീണ്ടും നോക്കാൻ നിർബപ്ബന്ധിതരായി എന്നതാണ് ഒരു കാരണം.

അമേരിക്കയുടെ മുഖ്യ വ്യാപാരപങ്കാളികളായ രാജ്യങ്ങളിൽ സോവിയററ് യൂണിയൻ മാത്രമാണ് 1930-ൽ അമേരിക്കയുമായുള്ള വ്യാപാരം വർദ്ധിപ്പിച്ചത്. 1929-ൽ അമേരിക്കൻ ചരക്കുകൾ വാങ്ങുന്ന രാജ്യങ്ങളിൽ 17-ാമത്തെ സ്ഥാനമായിരുന്നു സോവിയററ് യൂണിയന്. 1930-ൽ എട്ടാം സ്ഥാനത്തേക്കും 1931-ൽ ഏഴാം സ്ഥാനത്തേക്കും അതു നീങ്ങി.

സോവിയററ് റഷ്യയുടെ അനിവാര്യമായ തകർച്ചയെപ്പററി പ്രവചനം നടത്തിയ അമേരിക്കൻ പത്രങ്ങൾ തന്നെ സോവിയററ് പഞ്ചവൽസരപദ്ധതിയുടെ വിജയത്തെപ്പററിയും അത് ലോകമാസകലം ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനത്തെപ്പററിയും പറയാനാരംഭിച്ചു. സോവിയററ് യൂണിയനുമായുള്ള വ്യാപാരബന്ധത്തെ നേരത്തെ തള്ളിപ്പറഞ്ഞിരുന്ന ഔദ്യോഗിക അമേരിക്കൻ പ്രചാരണംതന്നെ പ്രസ്തുത ബന്ധത്തെ സാമ്പത്തികത്തകർച്ചയിൽനിന്നു അമേരിക്കക്കു കരകയറാനുള്ള ഒരുപായമായി ചിത്രീകരിക്കാൻ തുടങ്ങി.

ആ വർഷങ്ങളിൽ സോവിയററ് യൂണിയൻ കാർഷിക യന്ത്രോപകരണങ്ങളും മററും അമേരിക്കയിൽനിന്നു വാങ്ങുകയുണ്ടായി. ഉരുക്കു മില്ലിൻെറ ഉൽപന്നങ്ങളും മോട്ടോർവാഹനങ്ങളും വൈദ്യുതനിലയങ്ങൾക്കാവശ്യമായ ഉപകരണങ്ങളും അമേരിക്കയിൽനിന്നു വാങ്ങി. 1930 ആയപ്പോഴേക്ക് അമേരിക്കയിലെ നാൽപതിൽപ്പരം വൻകിട വ്യവസായശാലകൾക്ക് പതിവായി ഓർഡർ നൽകിയിരുന്നു. ഫോർഡ് മോട്ടോർ കമ്പനി, ജനറൽ എലക്ട്രിക്സ്, ആർ. സി. എം., ഡുപോണ്ട് ആൻഡ് മാക്കോർമിക് കമ്പനി തുടങ്ങിയവ അവയിൽ ചിലതാണ്. മാഗ്നിത്തോ ഗോർസ്കിലും നൊവോബിനെത്സ്ക്കിലും ഉരുക്കു മില്ലുകൾ

പണിയാനും സ്ലാലിൻഗ്രാഡിലും ഖാർക്കോവിലും ട്രാക്ടർ പ്ലാൻറുകൾ നിർമ്മിക്കാനും ഗോർക്കിയിൽ ഒരു മോട്ടോർവാഹന നിർമ്മാണശാല പണിയാനും ഇപ്പറഞ്ഞ അമേരിക്കൻ കമ്പനികൾ പങ്കെടുത്തു.

സോഷ്യലിസത്തോടുള്ള സ്നേഹംകൊണ്ടൊന്നുമല്ല അവരങ്ങനെ സഹകരിച്ചതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അവർ സ്വയം പെന്നുപെട്ട ശ്വാസംമുട്ടിക്കുന്ന സാമ്പത്തികാന്തരീക്ഷത്തിൽ ഒരൽപം ശുദ്ധവായു ശ്വസിക്കാൻ അവർക്ക് അവസരം ലഭിച്ചു. അതെന്തായാലും ആ സഹകരണം രണ്ടു കൂട്ടക്കാർക്കും പ്രയോജനകരമായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല.

സോവിയററ് യൂണിയനെ അംഗീകരിക്കാനാവശ്യപ്പെടുന്ന പ്രസ്ഥാനം അമേരിക്കയിൽ ദേശവ്യാപകമായി പടർന്നുപിടിച്ചു. വലിയ സ്വാധീനബലമുള്ള കോൺഗ്രസ് അംഗങ്ങളും വർത്തക പ്രമാണിമാരും അതിൻെറ വക്താക്കളായിരുന്നു. സോവിയററ് യൂണിയനുമായി വിപുലമായ വ്യാപാരബന്ധം പുലർത്തുകയെന്നു പറഞ്ഞാൽ അമേരിക്കയിൽ വർദ്ധിച്ച തൊഴിലവസരമെന്നാണർത്ഥം. സോവിയററ് യൂണിയനുമായി അമേരിക്ക നയതന്ത്രബന്ധം സ്ഥാപിക്കേണ്ടതിൻെറ ആവശ്യകത ഊന്നിക്കൊണ്ട് "ദ് നേഷൻ" എന്ന വാരിക ഇങ്ങനെ എഴുതി: വർഷങ്ങളോളം നീണ്ടുനിന്ന അഭ്യന്തരയുദ്ധത്തിൽനിന്നും പട്ടിണിയിൽനിന്നും വിദേശാക്രമണത്തിൽനിന്നും സാമ്പത്തിക നാശത്തിൽനിന്നും റഷ്യ കരകയറി. യൂറോപ്പു ഭൂഖണ്ഡത്തിലെ ഏററവും ഉറപ്പുള്ള ഒരു ഭരണകൂടമാണ് ഇന്നതിന്നുള്ളത്. റഷ്യയുടെ സഹനശക്തിയും പുനരുദ്ധാരണത്തിന്നുള്ള കഴിവും ആർക്കും അസൂയ ഉളവാക്കുന്നവയാണ്. അമേരിക്ക ഒഴിച്ച് ബാക്കിയെല്ലാ വലിയ രാഷ്ട്രങ്ങളും പണ്ടേ സോവിയററ് യൂണിയനെ അംഗീകരിക്കുകയും അതുമായി ഏടപാടു നടത്തിത്തുടങ്ങുകയും ചെയ്തു.

ഒടുവിൽ 1933 നവംബർ 17-ന് അമേരിക്ക ഔദ്യോഗികമായി സോവിയററ് യൂണിയനെ അംഗീകരിച്ചു. അമേരിക്കൻ ഭരണകൂടത്തിൻെറ ആ നടപടിയെ പ്രമുഖ അമേരിക്കൻ പത്രങ്ങളെല്ലാം സസന്തോഷം സ്വാഗതം ചെയ്തു. ''ഒരു പുതിയ യുഗത്തിൻെറ ആരംഭം'', ''സാമാന്യ ബോധത്തിൻെറ നടപടി'', ''യാഥാർത്ഥ്യ ബോധത്തിൻെറ വിജയം'', ''ഒരസാധാരണ സ്ഥിതിവിശേഷത്തിൻെറ അന്ത്യം'' മുതലായ തലക്കെട്ടുകളോടുകൂടിയാണ് പ്രമുഖ അമേരിക്കൻ പത്രങ്ങളിൽ ആ വാർത്ത വന്നത്. ''ധനപരമായി വാറംസ്ട്രീററിനേക്കാറം വിശ്വസിക്കാവുന്നവരാണ് റഷ്യക്കാർ'' എന്ന് അക്കാലത്തെ പ്രമുഖ ധനകാര്യവിദഗ്ദ്ധൻമാരിൽ ഒരാളായ എസ്. ബ്രൂഖാർട്ട് ''ന്യൂയോർക്ക് ടൈംസിൽ'' എഴുതുകയുണ്ടായി.

സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതോടുകൂടി അവ തമ്മിലുള്ള വ്യാപാരം പിന്നെയും വർദ്ധിച്ചു. 1935-ൽ ആദ്യത്തെ സോവിയററ്-അമേരിക്കൻ വ്യാപാരക്കരാർ ഒപ്പുവെച്ചു. അതോടുകൂടി സോവിയററ്-അമേരിക്കൻ ബന്ധങ്ങറംക്ക് നിയമാടിസ്ഥാനം ലഭിച്ചു.

അതിനിടക്ക്, 1931 സെപ്തംബറിൽ, ലീഗ് ഓഫ് നേഷൻസിൻെറ ഒരു പ്രമുഖാംഗമായ ജപ്പാൻ ചൈനയുടെ വടക്ക്-കിഴക്കൻ പ്രവിശ്യകറം ആക്രമിച്ചു കൈവശപ്പെടുത്തി. ജപ്പാൻെറ തുടർന്നുള്ള വികസനത്തിന് ഒരു വലിയ യുദ്ധം ആവശ്യമാണെന്നും ചൈനയുടെ വലിയ ഭൂപ്രദേശങ്ങറം ജപ്പാനു കിട്ടിയേ പററൂ എന്നും ജപ്പാനീസ് ഭരണവൃത്തങ്ങറം പരസ്യമായി അവകാശപ്പെട്ടു.

ജപ്പാൻെറ പ്രവൃത്തി ഒരാക്രമണമായിരുന്നിട്ടും അത് ലീഗ് ഓഫ് നേഷൻസിൻെറ തത്വങ്ങളുടെ പരസ്യമായ ലംഘനമായിരുന്നിട്ടും ആ ലോകസംഘടന ജപ്പാന്നെതിരായി യാതൊരു നടപടിയുമെടുക്കാൻ മുതിരുകയുണ്ടായില്ല. ജപ്പാൻെറ പ്രവൃത്തിയെ ബ്രിട്ട

നും ഫ്രാൻസും ആക്രമണമായി ചിത്രീകരിച്ച് അപലപിച്ചെങ്കിലും അതിനെതിരെ യാതൊരു നടപടിക്കും മുതിർന്നില്ല. മഞ്ചൂറിയ കൈക്കലാക്കിയ ശേഷം നേരെ വടക്കോട്ട് നീങ്ങി സോവിയററ് യൂണിയനെ ആക്രമിക്കും എന്നായിരുന്നിരിക്കും ഒരു പക്ഷെ അവരാശിച്ചത്.

1932 ഫെബ്രുവരിയിൽ ജനീവായിൽ നടന്ന നിരായുധീകരണ സമ്മേളനത്തിലും സോവിയററു യൂണിയൻ ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുമ്പോട്ടുവെച്ചു. തർക്കപ്രശ്നങ്ങൾ പരിഹരിക്കാനായി യുദ്ധത്തിനു മുതിരുകയില്ലെന്ന് എല്ലാ രാജ്യക്കാരും പ്രഖ്യാപിക്കാൻ സോവിയററു യൂണിയൻ ആവശ്യപ്പെട്ടു. ഏററവും വേഗം നിരായുധീകരണം നടപ്പിലാക്കാനാവശ്യപ്പെടുന്ന ഒരു കരടുപ്രമേയം സോവിയററു യൂണിയൻ പ്രസ്തുത സമ്മേളനത്തിൽ അവതരിപ്പിക്കുകയും ചെയ്തു.

പതിവുപോലെ അത്തവണയും സോവിയററു നിർദ്ദേശങ്ങളെ മുതലാളിത്ത രാജ്യങ്ങൾ തള്ളിക്കളഞ്ഞു. സത്യത്തിൽ അവർ ജർമ്മനിയുമായി പ്രത്യേകമായ ഒരു കരാറുണ്ടാക്കുന്നതു സംബന്ധിച്ച് ധാരണയിലെത്തിച്ചേരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ. പുനരായുധീകരണത്തിന്ന് ജർമ്മനിയെ അനുവദിക്കണമെന്ന് യൂറോപ്പിലെ പ്രമുഖ മുതലാളിത്ത രാജ്യങ്ങളും അമേരിക്കയും മറെറാരു സമ്മേളനത്തിൽ അഭ്യർത്ഥിച്ചു. അതിനു പറഞ്ഞ ന്യായമെന്താണെന്നോ? അവകാശസമത്വം!

ഹിററ്ലർ ജർമ്മനിയിൽ അധികാരം പിടിച്ചുപററിയതോടുകൂടി സ്ഥിതി ആകെ വഷളായിത്തുടങ്ങി. ആക്രമണത്തെ നിർവ്വചിക്കുന്ന ഒരു പ്രമേയം 1933-ൽ സോവിയററു യൂണിയൻ നിരായുധീകരണ സമ്മേളനത്തിന്നു സമർപ്പിച്ചു. അതിനെയും ബ്രിട്ടനുൾപ്പടെയുള്ള പ്രമുഖ മുതലാളിത്ത രാഷ്ട്രങ്ങൾ എതിർത്തു.

1933 ഒക്ടോബറിൽ ജർമ്മനി നിരായുധീകരണ സമ്മേളനത്തിൽനിന്നു പിൻവാങ്ങി. ഒരാഴ്ച കഴിഞ്ഞ് ലീഗ് ഓഫ് നേഷൻസിൽനിന്നും അതു പുറത്തുകടന്നുപോയി. ആ സമയത്തൊക്കെ ബ്രിട്ടന് ജർമ്മനിയുടെമേൽ വിലിയ അനുകമ്പയായിരുന്നു.

അന്നത്തെ സാർവ്വദേശീയ സ്ഥിതി സോവിയററു യൂണിയൻ ശരിക്കും മനസ്സിലാക്കി. നിരായുധീകരണവും സമാധാനവും യഥാർത്ഥത്തിൽ ആഗ്രഹിക്കാത്ത മുതലാളിത്ത രാഷ്ട്രങ്ങളുടെയിടക്ക് സമാധാനത്തിനുവേണ്ടി വാദിക്കുന്ന ഏക രാഷ്ട്രം സോവിയററു യൂണിയനാണെന്ന് അതിനു ബോദ്ധ്യമായി. കാര്യങ്ങരം ഏതുവഴിക്കാണു നീങ്ങുന്നതെന്നതിൻെറ വ്യക്തമായ സൂചനയായിരുന്നു ജർമ്മനിയുടെയും ജപ്പാൻെറയും ലീഗ് ഓഫ് നേഷൻസിൽനിന്നുള്ള പിൻമാററം. ലോക സമാധാനത്തിനു ഗൗരവമായ ഭീഷണി നേരിട്ടിരിക്കുകയാണെന്നു സോവിയററു യൂണിയനു ബോദ്ധ്യമായി. സമാധാനം കാത്തുസൂക്ഷിക്കാൻ ആവുന്നതെല്ലാം സോവിയററു യൂണിയൻ ചെയ്തു. ലീഗ് ഓഫ് നേഷൻസ്, യുദ്ധത്തിലേക്കുള്ള ഓട്ടത്തിൻെറ വേഗത കുറക്കാനും സമാധാനത്തെ സഹായിക്കാനും ഉപകരിക്കുന്ന വളരെ ചെറിയ ഒരുപകരണമാണെങ്കിൽപ്പോലും ഞങ്ങരം ആ സംഘടനക്ക് എതിരല്ല എന്ന് സോവിയററ് പ്രധാനമന്ത്രിയായിരുന്ന ജെ. വി. സ്റ്റാലിൻ പറയുകയുണ്ടായി.

ലോകസമാധാനം പുലർത്താനുള്ള ഉൽക്കടമായ ആഗ്രഹം കാരണം സോവിയററു യൂണിയൻ 1934 സെപ്തംബർ 18-ന് ലീഗ് ഓഫ് നേഷൻസിൽ അംഗമായി. ആ സംഘടനയെപ്പററി ലെനിൽ പറഞ്ഞതെന്താണെന്നു നമുക്കറിയാം. എന്നിരുന്നാലും സമാധാനത്തിനുള്ള അഭിവാഞ്ഛര അങ്ങനെയൊരു തീരുമാനമെടുക്കാൻ സോവിയററു നയതന്ത്രം ഒരുമ്പെട്ടു. ലീഗിനെ ഗൗരവമായി എടുത്തിട്ടുള്ള ഏക രാജ്യം സോവിയററു യൂണിയൻ മാത്രമാണെന്ന് അത് ലീഗിൽ പ്രവേ

ശിച്ച സമയത്ത് കടുത്ത സോവിയററു വിരോധികരം പോലും സമ്മതിക്കാൻ നിർബ്ബ്ബന്ധിതരായി എന്ന് ''തീരുമാനം എടുക്കേണ്ട സമയം'' എന്ന തൻെറ പുസ്തകത്തിൽ സമ്മർ വെൽസ് എഴുതി.

ലീഗിനുള്ളിൽ നടന്നിരുന്ന ഉപജാപങ്ങളും അതാരുടെ താൽപര്യങ്ങരംക്കാണു സേവനം ചെയ്തിരുന്നതെന്നുമൊക്കെ സോവിയററു യൂണിയൻ ശരിക്കും മനസ്സിലാക്കിയിരുന്നു. എന്നിരുന്നാലും സമാധാനം കാത്തുസൂക്ഷിക്കാൻ വേണ്ടി സകല ശ്രമവും നടത്താൻ അതാഗ്രഹിച്ചു.

വർസൈൽ ഉടമ്പടി അനുസരിച്ചുള്ള നിബന്ധനകരം ജർമ്മനി ലംഘിച്ചപ്പോരം അതിന് ഒത്താശ ചെയ്യുകയായിരുന്നു ബ്രിട്ടനും ഫ്രാൻസും. 1935 മാർച്ചിൽ ജർമ്മനി നിർബ്ബന്ധ സൈനികസേവനം നടപ്പിലാക്കി. എത്യോപ്യയെ കടന്നാക്രമിക്കാനുള്ള മാർഗ്ഗം തുറന്നുകിട്ടിയതായി ഇററലി കണ്ടു. 1935 ഒക്ടോബറിൽ ഇററലി എത്യോപ്യയെ കടന്നാക്രമിച്ചു. രണ്ടുകൂട്ടരും ലീഗിൻെറ അംഗങ്ങളായിരുന്നെന്നോർക്കണം. ഇററലി ആക്രമണകാരിയാണെന്ന് ലീഗ് പ്രഖ്യാപിച്ചെങ്കിലും, അക്രമിക്കെതിരായി സാമ്പത്തിക നടപടികരം കൈക്കൊള്ളണമെന്ന സോവിയററു യൂണിയൻെറ നിർദ്ദേശം പാശ്ചാത്യകോയ്മകരം തള്ളിക്കളഞ്ഞു. ഇററലിയിലേക്കുള്ള ആയുധക്കയററുമതി നിരോധിക്കുകയും സാമ്പത്തികോപരോധം ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് സോവിയററു യൂണിയൻ ഒററക്ക് ഇററലിക്കെതിരായി നടപടികളെടുത്തു.

ഇന്നത്തെ സ്ഥിതി ശരിക്കും വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യണമെങ്കിൽ ആ പഴയ ചരിത്ര യാഥാർത്ഥ്യങ്ങരം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. അതൊക്കെ നടന്നിട്ട് അര നൂററാണ്ടിൽ കുറച്ചുസമയമേ ആയിട്ടുള്ളു. ഇന്നും ആക്രമണകാരികരം

ക്കെതിരായി നടപടിയെടുക്കണമെന്ന് സോവിയററു യൂണിയൻ ആവശ്യപ്പെടുമ്പോ൦ അമേരിക്കയും മററു പാശ്ചാത്യ രാജ്യങ്ങളും അതിനെ എതിർക്കുന്നു. ഇസ്രായേലിൻെറ കാര്യംതന്നെ ഒരുദാഹരണമാണ്. ഇസ്രായേലിനെതിരായുള്ള അത്തരമൊരു നിർദ്ദേശത്തെ യു. എൻ. രക്ഷാസമിതിയിൽ ഈയിടെയാണ് അമേരിക്ക നിഷേധാധികാരം പ്രയോഗിച്ച് പരാജയപ്പെടുത്തുകയുണ്ടായത്. സോവിയററു യൂണിയൻെറ സമാധാനപ്രിയ നയവും പാശ്ചാത്യ കോയ്മകളുടെ യുദ്ധോൽസുക നയവും അന്നത്തെപ്പോലെ ഇന്നും വ്യക്തമായി കാണാവുന്നതാണ്.

റൈൻ നദിയുടെ ഇടതുകരയിലുള്ള നിസൈനീകൃത മേഖല കൈവശപ്പെടുത്തിക്കൊള്ളാൻ ജർമ്മനിയെ 1936-ൽ ബ്രിട്ടനും ഫ്രാൻസും അനുവദിച്ചു. ഫാസ്സിസ്റ്റ് ആക്രമണശക്തികാംക്കെതിരെ കൂട്ടായ ഭദ്രതക്ക് ഏർപ്പാടുണ്ടാക്കണമെന്ന സോവിയററു നിർദ്ദേശത്തെ ബ്രിട്ടീഷ് യാഥാസ്ഥിതികവൃത്തങ്ങ൦ പുച്ഛിച്ചുതള്ളി. ഉടമ്പടികളും ലീഗിൻെറ പ്രമാണം പോലും ലംഘിക്കുന്നതിനുനേരെ നാം കണ്ണടക്കുകയാണെങ്കിൽ ലീഗിനെ നിലനിറുത്താനാവില്ല എന്ന് സോവിയററു പ്രതിനിധി ലിററ്വിനോവ് ചൂണ്ടിക്കാട്ടി.

സ്വീകരിക്കപ്പെട്ടിരുന്നെങ്കിൽ സമാധാനത്തെ രക്ഷിക്കാനും ആക്രമണത്തെ തടയാനും ഉതകുമായിരുന്ന സോവിയററു നിർദ്ദേശങ്ങളെല്ലാം ലീഗിൻെറ ഗ്രന്ഥരക്ഷാഗാരത്തിൽ കുഴിച്ചുമൂടപ്പെട്ടു. ഒരാക്രമണകാരിയാകുമെന്നു തീർച്ചയായറിയാമായിരുന്ന ഫാസ്സിസ്റ്റു ജർമ്മനിയുമായി പാശ്ചാത്യ കോയ്മക൦ എന്തിനുവേണ്ടിയാണ് രഹസ്യമായി കൂട്ടുകൂടിയതും അതിനെ പ്രീതിപ്പെടുത്തിയതും? സോവിയററു യൂണിയനെ ആക്രമിച്ചു നശിപ്പിക്കാനായി ജർമ്മനിയെ പ്രേരിപ്പിക്കാനുള്ള ആഗ്രഹംകൊണ്ടു മാത്രമാണ് അവരങ്ങനെ ചെയ്തതെന്ന് പിന്നീടു നടന്ന സംഭവങ്ങ൦

തെളിയിച്ചു. സോവിയററു യൂണിയനുമായുള്ള യുദ്ധത്തിൽ ജർമ്മനി ദുർബ്ബലപ്പെടുകയാണെങ്കിൽ ജർമ്മനിയെ വെട്ടിപ്പിടിക്കുകയും കൊള്ളമുതൽ പങ്കിട്ടെടുക്കുകയും ചെയ്യാമെന്ന കണക്കുകൂട്ടലും അവർക്കുണ്ടായിരുന്നു.

അതേ വർഷത്തിൽത്തന്നെയാണ് രണ്ടാം ലോകയുദ്ധത്തിന്റെ ഡ്രസ് റിഹേഴ്സൽ സ്പെയിനിൽ നടന്നത്. പോപ്പുലർ ഫ്രണ്ട് ഭരണകൂടത്തിനെതിരായി വലതുപക്ഷ പിന്തിരിപ്പൻ ശക്തികൾ കലാപം ആരംഭിച്ചു. അതിന്റെ പദ്ധതി ആസൂത്രണം ചെയ്തത് ബർലിനിലും റോമിലും ആയിരുന്നു. സ്പെയിനിലെ അഭ്യന്തരയുദ്ധത്തിൽ ഫാസിസ്റ്റ് ഫ്രാങ്കോയെ സഹായിക്കാൻ ഹിററ്ലറും മുസ്സോളിനിയും പടയും പടക്കോപ്പും പോർ വിമാനങ്ങൾപോലും സ്പെയിനിലേക്കയച്ചു.

ബ്രിട്ടന്റെയും ഫ്രാൻസിന്റെയും അനുഭാവമത്രയും സ്പെയിനിലെ ജനങ്ങൾക്കെതിരായി യുദ്ധം ചെയ്തിരുന്ന ഫ്രാങ്കോയോടായിരുന്നു. പല രാജ്യങ്ങളിലെയും സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്ന ജനങ്ങൾ സ്പെയിനിലെ ജനങ്ങളുടെ പക്ഷത്തുനിന്നു പോരാടാനായി സ്പെയിനിലെത്തിച്ചേർന്നു. അവർ ഒരു ഇൻററർനാഷനൽ ബ്രിഗേഡ് രൂപീകരിച്ച് ഫാസിസത്തിനെതിരായി പോരാടി. തൊഴിലാളിവർഗ്ഗ സാർവ്വദേശീയവാദത്തിന്റെ അതിമഹത്തായ ഒരദ്ധ്യായം അവർ സ്വന്തം രക്തംകൊണ്ട് എഴുതിച്ചേർത്തു. ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളിൽനിന്നുമായി മുപ്പത്തി അയ്യായിരത്തോളം ഫാസ്സിസത്തിന്റെ വിരോധികളും ജനാധിപത്യവാദികളും ആ ബ്രിഗേഡിലുണ്ടായിരുന്നു. ആ സമരത്തിൽ സോവിയററ് യൂണിയൻ സ്പെയിനിലെ ജനങ്ങളോടൊപ്പം ദൃഢമായി നിലകൊണ്ടു. സോവിയററ് പൗരൻമാർ അവരോടൊപ്പം പോരാടി. ഗണ്യമായ ആയുധസഹായവും സോവിയററ് യൂണിയൻ അവർക്ക് നൽകി.

അക്കാലത്ത് കൊളോണിയൽ ഭരണത്തിൻ കീഴിൽ കിടന്നു കഷ്ടപ്പെട്ടിരുന്ന ഇന്ത്യയിലെ ജനങ്ങളെ അഭിമാനപുളകം കൊള്ളിച്ചുകൊണ്ട് ജവഹർലാൽ നെഹ്രുവും വി. കെ. കൃഷ്ണമേനോനും സ്പെയിനിലെ ഫാസിസ്റ്റു വിരുദ്ധ യുദ്ധമുന്നണിയിൽനിന്നു പോരാടിക്കൊണ്ട് സ്പെയിനിലെ ജനങ്ങളോടുള്ള ഇന്ത്യൻ ജനതയുടെ സഹഭാവം പ്രകടമാക്കി.

ഫയസ്പൂർ കോൺഗ്രസ്സ് സമ്മേളനത്തിൽ ചെയ്ത തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ ജവഹർലാൽ നെഹ്രു ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി: ''സ്പെയിനിൽ ഇന്ന് നടക്കുന്നത് നമ്മുടെ പോരാട്ടമാണ്. കേവലം പുറമെ നിൽക്കുന്ന സുഹൃത്തുക്കളുടെ അനുഭാവത്തോടുകൂടി മാത്രമല്ല നാം ആ പോരാട്ടത്തെ നോക്കിക്കാണുന്നത് പിന്നെയോ അതിൽ സ്വയം പങ്കു ചേരുന്നവരുടെ വേദനാജനകമായ ഉൽക്കണ്ഠയോടുകൂടിയാണ്.''

അതേ സമയം ഇംഗ്ലണ്ടും ഫ്രാൻസും അമേരിക്കയും ഫാസിസ്റ്റുകൾക്ക് ഒത്താശ ചെയ്യുകയായിരുന്നു.

ആക്രമണത്തിന്നിരയാകുന്നവർക്ക് പിന്തുണ നൽകുകയെന്ന സോവിയററ് യൂണിയൻെറ പ്രഖ്യാപിത നയമനുസരിച്ച് സ്പെയിനിലെയും ചൈനയിലെയും ആക്രമണത്തിന്നിരയായ മററു രാജ്യങ്ങളിലെയും ജനതകൾക്ക് കഴിവുള്ള സകല സഹായവും അതു നൽകി. അതേ സമയംതന്നെ സമാധാനം കാത്തുസൂക്ഷിക്കാനായി ഒരു ഫാസിസ്റ്റുവിരുദ്ധ കൂട്ടുഭദ്രതാ സമ്പ്രദായം ഉണ്ടാക്കണമെന്ന നിർദ്ദേശം സോവിയററ് യൂണിയൻ പാശ്ചാത്യ രാജ്യങ്ങളുടെ മുമ്പിൽ വെച്ചു. ജനാധിപത്യരാഷ്ട്രങ്ങളെന്നവകാശപ്പെടുന്ന പാശ്ചാത്യ രാജ്യങ്ങൾ സോവിയററു യൂണിയൻെറ ആ നിർദ്ദേശം സ്വീകരിച്ചിരുന്നെങ്കിൽ ചരിത്രം വ്യത്യസ്തമാകുമായിരുന്നു. ദശലക്ഷക്കണക്കിനു മനുഷ്യരുടെ ജീവനും മററു നാശനഷ്ടങ്ങളും ഒഴിവാകുമായിരുന്നു.

പക്ഷെ അതു സാധിച്ചില്ല. അന്ധമായ സോവിയററ് വിരോധമായിരുന്നു ബ്രിട്ടനെയും ഫ്രാൻസിനെയും അമേരിക്കയെയും ഭരിച്ചിരുന്നത്. അത് അവരെത്തന്നെ തിരിഞ്ഞുകുത്തി. സ്വന്തം വിവരക്കേടിന് അവർക്ക് നല്ല പ്രായശ്ചിത്തം ചെയ്യേണ്ടതായി വന്നു.

1938 മാർച്ച് 12-ന് ഹിററ്ലർ ഒരു മിന്നലാക്രമണത്തിൽ ആസ്ത്രിയ വെട്ടിപ്പിടിച്ചു. സാമ്രാജ്യത്വശക്തികഠം മൗനം ദീക്ഷിച്ചു. സോവിയററ് യൂണിയൻ മാത്രമാണ് ആ വെട്ടിപ്പിടുത്തത്തെ അധിക്ഷേപിച്ചത്. തുടർന്ന് അത്തരം ആക്രമണം ഒഴിവാക്കാനായി ലീഗ് ഓഫ് നേഷൻസിനകത്തും പുറത്തും ഉടൻ ചർച്ചയാരംഭിക്കണമെന്ന് സോവിയററ് യൂണിയൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അത്തരമൊരു ചർച്ചയിൽ ആക്രമണകാരികഠംകൂടി പങ്കെടുക്കണമെന്നായി ലണ്ടനും പാരീസും വാഷിംഗ്ടനും!

ആസ്ത്രിയക്കു പിന്നാലെ ചെക്കോസ്ലോവാക്യക്കു നേരെയായി ഭീഷണി. തുടർന്ന് ആക്രമണം ഉണ്ടാകാതിരിക്കാൻ സംയുക്ത നടപടികളെടുക്കാൻ സോവിയററ് യൂണിയൻ പാശ്ചാത്യകോയ്മകളോട് അഭ്യർത്ഥിച്ചു. പക്ഷെ പാശ്ചാത്യകോയ്മകഠംക്ക് അതിനുള്ള 'സൽബുദ്ധി' ഉണ്ടായിരുന്നില്ല.

1938-ൽ മൂനിക്കിൽ വെച്ച് ബ്രിട്ടൻെറയും ഫ്രാൻസിൻെറയും പ്രധാനമന്ത്രിമാർ ഹിററലറെയും മുസ്സോളിനിയേയും കണ്ടു സംസാരിച്ചു. ചെക്കോസ്ലോവാക്യയുടെ പകുതി ജർമ്മനിക്കു നൽകാമെന്ന് അവർ അവിടെവെച്ച് രഹസ്യമായി ഹിററ്ലർക്കു വാക്കു കൊടുത്തു (ആ അവസരത്തിൽ സമ്മേളനഹാളിനു വെളിയിൽ കാത്തു നിൽക്കാൻ ചെക്കോസ്ലോവാക്യയുടെ പ്രതിനിധിയോട് അവർ ആവശ്യപ്പെട്ടിരിക്കുകയായിരുന്നു!). ഹിററ്ലറുടെ മുമ്പിൽ മുട്ടുകുത്തലായിരുന്നു ആ നടപടി. അതിൻെറ ഉദ്ദേശമാകട്ടെ ആ ഫാസിസ്റ്റ് അക്രമിയെ കിഴക്കോട്ട്, സോവിയററ് യൂ

ണിയനെതിരായി, തിരിച്ചു വിടുകയെന്നതായിരുന്നു താനും.

അന്ന് സോവിയററ് പ്രതിനിധി ലിററ്വിനോവ് നടത്തിയ പ്രവചനം അധികനാരം കഴിയും മുമ്പ് യാഥാർത്ഥ്യമായിത്തീർന്നു. യുദ്ധോൽസുകതക്ക് ബോണസു നൽകുകയും യുദ്ധക്കോമരത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക വഴി തൽക്കാലത്തേക്ക് ഒരു യുദ്ധം ഒഴിവാക്കാൻ പാശ്ചാത്യ കോയ്മകരംക്ക് കഴിഞ്ഞേക്കാമെങ്കിലും അതിനു പകരം അവർക്കു തീർച്ചയായും നാളെ ഒരു വലിയ യുദ്ധത്തെ നേരിടേണ്ടതായി വരും എന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

ചെക്കോസ്ലോവാക്യയുടെ പകുതി കൊണ്ടൊന്നും ഹിററ്ലർ തൃപ്തനായില്ല. 1939 മാർച്ച് 13-ന് ജർമ്മൻ ഫാസിസ്റ്റ് സൈന്യം പ്രാഗിലേക്ക് കടന്ന് ആ രാജ്യത്തിന്റെ ബാക്കി ഭാഗം കൂടി കൈവശപ്പെടുത്തി.

ബ്രിട്ടീഷ് ഭരണകൂടത്തിന്റെ പ്രീണന നയത്തിന്നെതിരെ ബ്രിട്ടനിലെ ജനങ്ങരം രോഷാകുലരായി. സ്വന്തം നാട്ടുകാരെ സമാധാനിപ്പിക്കാനായി എല്ലാ മതലാളിത്ത ഭരണകൂടങ്ങളും സകല ശ്രമവും നടത്തുക പതിവാണല്ലൊ. ലണ്ടൻ അതിനൊരു അപവാദമായില്ല. സോവിയററു യൂണിയനുമായി അതുടൻ സംഭാഷണത്തിലേർപ്പെട്ടു. ബ്രിട്ടീഷ് ഭരണകൂടം ആത്മാത്ഥമായിട്ടായിരുന്നില്ല സംഭാഷണം തുടങ്ങിയതെന്ന് പിന്നീട് വ്യക്തമായി. എന്നിരുന്നാലും സോവിയററ് യൂണിയൻ ആ കൂടിയാലോചനയെ സമീപിച്ചത് സ്വാഭാവികമായും ആത്മാർത്ഥതയോടുകൂടിത്തന്നെയായിരുന്നു. ബാരംട്ടിക്കു മുതൽ കരിങ്കടൽ വരെയുള്ള സകല രാഷ്ട്രങ്ങരംക്കും ഭദ്രതക്കുറപ്പേകാനുതകുന്ന ഒരു സൈനിക കരാർ ബ്രിട്ടനും സോവിയററ് യൂണിയനും ഫ്രാൻസും ഒപ്പുവെക്കണമെന്ന് സോവിയററ്

യൂണിയൻ നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശം ബ്രിട്ടൻ വെച്ചു താമസിപ്പിച്ചു. അതിനിടയിൽ ഹിററ്ലർ ആക്രമണം തുടർന്നു. ഇംഗ്ലണ്ടുമായി ഒപ്പുവെച്ചിരുന്ന നാവൽ ഉടമ്പടിയും പോളണ്ടുമായി ഒപ്പുവെച്ചിരുന്ന അനാക്രമണ ഉടമ്പടിയും ഹിററ്ലർ പിച്ചിച്ചീന്തി കാററിൽ പറത്തി.

സോവിയററ് യൂണിയനുമായി ഒരു ധാരണയിലുമെത്തിച്ചേരാൻ ബ്രിട്ടനും ഫ്രാൻസും തയ്യാറായില്ല. നേരെ മറിച്ച്, യൂറോപ്പിൽ ഹിററ്ലറുടെ താണ്ഡവം കണ്ടു രസിക്കുകയായിരുന്നു അവർ. എന്തായിരുന്നു അതിനു കാരണമെന്നു മനസസിലാക്കാൻ ഇന്നു വിഷമമില്ല; അന്ന് അൽപം വിഷമമുണ്ടായിരുന്നെങ്കിലും. ബ്രിട്ടനിലെ പൊതുജനാഭിപ്രായത്തെ തൃപ്തിപ്പെടുത്താനായി അക്കാലത്തു ലണ്ടൻ താഴ്ന്ന പദവിയിലുള്ള ഒരു നയതന്ത്രപ്രതിനിധിയെ മോസ്ക്കോവിലേക്കയച്ചു. എന്നിട്ട് അതേ മാസത്തിൽ ഹിററലർ ജർമ്മനിക്ക് 5000 ദശലക്ഷം ഡോളർ ബ്രിട്ടൻ വായ്പ നൽകുന്നതിന്നുള്ള സാദ്ധ്യതയെപ്പററിചർച്ച ചെയ്യാൻ ഹിററ്ലറുടെ സാമ്പത്തികോപദേഷ്ടാക്കളുമായി ചർച്ച ചെയ്യാൻ ബ്രിട്ടീഷ് പ്രധാനമന്ത്രി തൻെറ സാമ്പത്തികോപദേഷ്ടാക്കളെ നിയോഗിച്ചു!

അന്നത്തെ സാഹചര്യത്തെ ശരിക്കും വിലയിരുത്തിക്കൊണ്ട് 1939 ജൂൺ 29-ന്, രണ്ടാം ലോകയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു കഷ്ടിച്ച് രണ്ടു മാസം മുമ്പ്, സോവിയററു കമ്യൂണിസ്റ്റുപാർട്ടിയുടെ മുഖപത്രമായ ''പ്രാവ്ദ'' ഇങ്ങനെ ചൂണ്ടിക്കാട്ടുകയുണ്ടായി; സോവിയററു യൂണിയനുകൂടി സ്വീകാര്യമായ യഥാർത്ഥത്തിലുള്ള ഒരു കരാറുണ്ടാക്കാൻ ബ്രിട്ടൻെറയും ഫ്രാൻസിൻെറയും ഗവർമ്മെണ്ടുകൾ ഒരുക്കമല്ല. പത്രം ഇങ്ങനെ കൂട്ടിച്ചേർത്തു: എഴുപത്തിയഞ്ചു ദിവസമായി ആംഗ്ലോ-സോവിയററ് കൂടിയാലോചന ആരംഭിച്ചിട്ട്. അതിനിടയിൽ മറുപടി നൽകാൻ സോവിയററു യൂണിയൻ പതിനൊന്നു ദിവസമെടുത്ത

പ്പോൾ ബ്രിട്ടീഷ് ഗവർമ്മെണ്ട് അമ്പത്തിയെട്ടു ദിവസമെടുത്തു.

സോവിയററു യൂണിയൻെറ കഥ കഴിക്കാനായി ഹിററ്ലറെ തള്ളിവിടാൻ പാശ്ചാത്യകോയ്മകൾ നടത്തിയ ശ്രമം നാണംകെട്ട ഒരേർപ്പാടായിരുന്നു. സോവിയററ് യൂണിയൻ നിർദ്ദേശിച്ചതനുസരിച്ച് ഒരു ഫാസിസ്റ്റു വിരുദ്ധ കൂട്ടുകെട്ടുണ്ടാക്കിയിരുന്നെങ്കിൽ അത്ര വിനാശകരമായ ഒരു യുദ്ധത്തിൽ ലോകത്തെ പിടിച്ചു താഴ്ത്താൻ ഹിററ്ലർ മുതിരുമായിരുന്നില്ല. തൻെറ ദയയിലാണ് ബ്രിട്ടനും ഫ്രാൻസും കഴിയുന്നതെന്ന് ഹിററ്ലർക്ക് നല്ലവണ്ണമറിമായിരുന്നു. ഫാസ്സിസത്തിനെതിരായി നടുവു നിവർന്നു നിൽക്കാൻ അവർക്കു ധൈര്യമില്ലെന്നും ഹിററ്ലർ മനസ്സിലാക്കി.

അത്തരമൊരു സാഹചര്യത്തിൽ സോവിയററു യൂണിയൻ ഒരു വിഷമസന്ധിയിൽ ചെന്നുപെട്ടിരിക്കുകയാണെന്ന് സോവിയററു നേതൃത്വത്തിനു ബോദ്ധ്യമായി. സാമ്രാജ്യത്വ കോയ്മകളുടെ നയതന്ത്രത്തേക്കാൾ ഒട്ടും മോശമായിരുന്നില്ല സോവിയററു നയതന്ത്രം. സ്വന്തം ഭദ്രത കാത്തുസൂക്ഷിക്കാനായും സമയം നേടാനായും ബർലിനുമായി ഒരു കരാറുണ്ടാക്കാൻ സോവിയററു യൂണിയൻ കൂടിയാലോചന ആരംഭിച്ചു. അതിൻെറ ഫലമായി 1939 ആഗസ്റ്റ് 23-ന് മോസ്ക്കോയിൽ വെച്ച് ജർമ്മനിയും സോവിയററു യൂണിയനും ഒരനാക്രമണ ഉടമ്പടി ഒപ്പുവെച്ചു.

പ്രസ്തുത ഉടമ്പടിയെ സാമ്രാജ്യത്വ പ്രചരണം നിശിതമായി വിമർശിച്ചു. അതു സ്വാഭാവികവുമാണ്. പക്ഷെ സ്വന്തം പാരമ്പര്യം നിലനിറുത്തിക്കൊണ്ട് സോവിയററു യൂണിയൻ യാതൊരുവക രഹസ്യ നയതന്ത്രത്തിനും ഒരുമ്പെടുകയോ അകപ്പെടുകയോ ചെയ്തില്ല. സോവിയററു-ജർമ്മൻ ഉടമ്പടിയെ വിമർശിക്കുകയും സോവിയററു യൂണിയനെ ഫാ

സ്സിസ്റ്റു പക്ഷപാതിയെന്നു വിളിച്ചാക്ഷേപിക്കുകയും ചെയ്ത പാശ്ചാത്യ കോയ്മകരം തന്നെയാണ് ഹിററ്ലറെ വളർത്തിയതും ഫാസ്സിസത്തെ തലപൊക്കാൻ സഹായിച്ചതും അതിനു തടിച്ചുകൊഴുക്കാൻ സഹായിച്ചതത്രയും അമേരിക്കൻ സാമ്രാജ്യത്വമാണെന്നുമൊക്കെയുള്ള വിവരം പാശ്ചാത്യ പ്രചാരകർ പുറത്തു പറഞ്ഞില്ല. സ്വന്തം ജനങ്ങളെപ്പോലും അറിയിക്കാതെയാണ് പാശ്ചാത്യ കോയ്മകരം ഹിററ്ലറെ സഹായിച്ചുകൊണ്ടിരുന്നത്. പക്ഷെ സോവിയററു യൂണിയൻ സ്വന്തം നയതന്ത്രം കൊണ്ട് അവരെ കടത്തിവെട്ടി. ഒന്നാമത്തെ സോഷ്യലിസ്റ്റു രാഷ്ട്രത്തെ ഹിററ്ലർ ജർമ്മനിയെക്കൊണ്ടു നശിപ്പിക്കാമെന്ന സാമ്രാജ്യവാദികളുടെ കണക്കുകൂട്ടൽ തെററിപ്പോയി.

ഫാസ്സിസത്തിൻെറ സ്വഭാവത്തെക്കുറിച്ച് എന്തെങ്കിലും വ്യാമോഹമുണ്ടായിട്ടോ സാമ്രാജ്യത്വത്തേക്കാരം നല്ലത് ഫാസ്സിസമാണെന്നു കരുതിയതുകൊണ്ടോ അല്ല ഫാസ്സിസ്റ്റു ജർമ്മനിയുമായി സോവിയററു യൂണിയൻ ഉടമ്പടി ഉണ്ടാക്കിയത്. ഒന്നാമതായും, മററു രാജ്യങ്ങളെപ്പോലെ, പ്രത്യേകിച്ചും ജർമ്മനിയെപ്പോലെ, സോവിയററു യൂണിയൻ അതിൻെറ സമ്പദ്ഘടനയെ ഒരു യുദ്ധത്തിനുതകുന്ന ഒന്നായി വളർത്തിയിരുന്നില്ല. പുറമെനിന്നുള്ള ആക്രമണമുണ്ടായാൽ (അത് അധികം വൈകാതെ ഉണ്ടാകുമെന്ന് സോവിയററു നേതൃത്വത്തിനറിയാമായിരുന്നു) ആത്മരക്ഷക്കു തയ്യാറെടുക്കാൻ അതിനു സമയം ആവശ്യമായിരുന്നു.

സോവിയററ്-ജർമ്മൻ അനാക്രമണ ഉടമ്പടി ഒപ്പുവെച്ചതിൻെറ മൂന്നാം ദിവസം ''ഫോർവേർഡ്'' എന്ന ഇന്ത്യൻ വാരിക (സി. ആർ. ദാസ്സാണ് അതിൻെറ സ്ഥാപകൻ) ഇങ്ങനെ എഴുതി: ആംഗ്ലോ-ഫ്രഞ്ച് നയതന്ത്രത്തിൻെറ ആത്മാർത്ഥതയില്ലായ്മകൊണ്ട് സോവിയററു യൂണിയൻ പൊറുതിമുട്ടിയിരിക്കുകയാ

ണ്. സ്വന്തം താൽപര്യങ്ങൾക്കു ഭീഷണി നേരിടുമ്പോൾ മാത്രമെ അവർക്കു സോവിയററു യൂണിയൻെറ സഹായം ആവശ്യമുള്ളു. പക്ഷെ അതുകൊണ്ട് നാസി ആക്രമണത്തിന് പൂർണ്ണവിരാമമിടാൻ പററില്ല. യൂറോപ്പിൽ ഒരു യുദ്ധം നടത്തി അതിൽനിന്നു ലാഭമുണ്ടാൻ സോവിയററു യൂണിയൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. അന്താരാഷ്ട്രരംഗത്തെ സമീപ കാലസംഭവങ്ങൾ സോവിയററു യൂണിയൻെറ അഭിപ്രായത്തെ ശക്തിപ്പെടുത്തിയിട്ടേയുള്ളു. ബ്രിട്ടനുമായും ഫ്രാൻസുമായുമുള്ള ഏടപാടുകളിലുണ്ടായിട്ടുള്ള അനുഭവവും അതിനു നിരക്കുന്ന തരത്തിലുള്ളതായിരുന്നു. ബ്രിട്ടനും ഫ്രാൻസും അർഹിക്കുന്ന പ്രഹരം തന്നെയാണ് ഹിററ്ലറിൽനിന്ന് അവർക്കു കിട്ടിയത്. അവരുടെ ഏക ലക്ഷ്യം ഹിററ്ലറെ കിഴക്കോട്ടു തിരിച്ചുവിടുക എന്നതായിരുന്നു. അതിനു ബുദ്ധിപൂർവ്വം ഹിററ്ലർ താളം കൊട്ടുകയും ചെയ്തു. ബോൾഷെവിക്കുകൾക്കു നേരെ അയാൾ നിരന്തരം കുരച്ചുകൊണ്ടിരുന്നു. നാസ്സികളും ബോൾഷെവിക്കുകളും തമ്മിൽ യുദ്ധമുണ്ടാകുമെന്നും രണ്ടുകൂട്ടരും അതോടെ നശിക്കുമെന്നും സാമ്രാജ്യവാദികൾ ആശിച്ചു. ഓരോ സന്ദിഗ്ദ്ധാവസ്ഥയിലും ഹിററ്ലറെ രക്ഷിച്ചത് ബ്രിട്ടീഷ് നയതന്ത്രവും ബ്രിട്ടൻെറ പണവുമായിരുന്നു.

മുതലാളിത്ത കോയ്മകളുടെ ചെയ്തികൾ പുറംലോകത്തിന് ഉടനെ മനസ്സിലാകാറില്ല. നേതാക്കൻമാരുടെ പ്രസ്താവനകൾ ജനം വിശ്വസിക്കും. പക്ഷെ നേതാക്കൻമാരാകട്ടെ രഹസ്യനയതന്ത്രത്തിൽ വ്യാപൃതരാവുന്നു; അണിയറ ഉപജാപങ്ങളും ഇരട്ടത്താപ്പും പ്രയോഗിക്കുന്നു. അതൊക്കെ വർഷങ്ങൾക്കു ശേഷമെ മാലോകർ അറിയാറുള്ള; അതും ഭാഗികമായി മാത്രം. ഉദാഹരഹത്തിന് ''അങ്ങനെ യുദ്ധങ്ങൾ ഉണ്ടാക്കുന്നു'' എന്ന ആൽബർട്ട് നോർഡൻെറ പുസ്തകത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:

1939-ലെ വസന്തത്തിലും വേനൽക്കാലത്തും ബ്രിട്ടീഷ് നേതാക്കൾ മോസ്ക്കോവിൽ കൂടിയാലോചന നടത്തിയത് സോവിയററ് യൂണിയൻെറ ജാഗ്രത തണുപ്പിക്കാനായിട്ടായിരുന്നു. അവർ അതേ സമയം സോവിയററു യൂണിയനെ അറിയിക്കാതെ ഹിററ്ലറുമായി യൂറോപ്പും ചൈനയും സോവിയററു യൂണിയൻ തന്നെയും പങ്കിട്ടെടുക്കുന്നതിനെപ്പററി ഹിററ്ലറുമായി ഗൂഢാലോചന നടത്തുകയായിരുന്നു.

അക്കാലത്തെ ബ്രിട്ടീഷ് രഹസ്യ രേഖകളെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം അപ്രകാരം എഴുതിയത്.

പാശ്ചാത്യകോയ്മകളുടെ രഹസ്യ നീക്കങ്ങളിൽനിന്നും രഹസ്യ നയതന്ത്രത്തിൽനിന്നും വിഭിന്നമായി സോവിയററു യൂണിയൻ അതിൻെറ വിദേശനയം 1939-ൽ നടന്ന ബോൾഷെവിക് പാർട്ടിയുടെ 18-ാം കോൺഗ്രസ്സിൽ വ്യക്തമായി പ്രഖ്യാപിച്ചു. നാലു ഭാഗങ്ങളായി പ്രസ്തുത നയത്തെ തരംതിരിക്കാം.

— സമാധാനവും എല്ലാവരുമായും വ്യാപാര ബന്ധവും;

— സോവിയററു യൂണിയൻെറ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന എല്ലാ രാജ്യങ്ങളുമായും ഉററ സുഹൃൽ ബന്ധം;

— ആക്രമണത്തിനെതിരായും സ്വന്തം നാടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയും പോരാടുന്ന ജനതകൾക്ക് പിന്തുണ;

— സോവിയററ് അതിർത്തി ലംഘിക്കുന്ന ആക്രമണകാരികൾക്ക് ഒരടിക്കു രണ്ടടി.

ജോസഫ് സ്റ്റാലിനാണ് ഈ പ്രഖ്യാപനം നടത്തിയത്. സോവിയററ് യൂണിയൻ എന്തെങ്കിലും പ്രഖ്യാപിച്ചാൽ ആ പ്രഖ്യാപനമനുസരിച്ച് അതു പ്രവർത്തിക്കുമെന്ന് ഇതിനകം ലോകത്തിനു ബോദ്ധ്യമായിക്കഴിഞ്ഞിട്ടുണ്ടല്ലോ.

## IV. യുദ്ധകാലം (1939—45)

രണ്ടാം ലോകയുദ്ധകാലത്തെ സോവിയററ് വിദേശനയത്തെപ്പററി അധികമൊന്നും പറയേണ്ടതായിട്ടില്ല. സോവിയററ് യൂണിയൻ അക്കാലത്ത് ഒരു ജീവൻമരണസമരത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. ഐതിഹാസികമായ ധീരതയും ത്യാഗവുമാണ് സോവിയററ് യൂണിയനിലെ സ്ത്രീകളും പുരുഷൻമാരും പ്രകടമാക്കിയത്. സ്വന്തം രാജ്യത്തിന്റെ രക്ഷക്കായി മാത്രമല്ല അവർ ധീരധീരം പോരാടിയത്. പിന്നെയോ മുഴുവൻ മനുഷ്യരാശിയേയും ഫാസിസത്തിൽനിന്നു രക്ഷിക്കാനായിട്ടാണ്. അതിന് അവർ വളരെ വലിയ വില നൽകി. ഇരുപതു ദശലക്ഷം സോവിയററ് പൗരർ മരണമടഞ്ഞു; 1710 പട്ടണങ്ങളും 70,000 ഗ്രാമങ്ങളും വെന്തു വെണ്ണീറായി; ഏകദേശം 32,000 വ്യവസായശാലകൾ തകർന്നു തരിപ്പണമായി. ഉരുക്കുൽപാദന പ്ലാൻറുകളുടെ 70 ശതമാനവും നാസികൾ തകർത്തു. അനേകം കൽക്കരി ഖനികളിൽ അവർ വെള്ളം നിറച്ചു. രാജ്യത്തെ കൽക്കരി ഉൽപാദനത്തിന്റെ 60 ശതമാനം അങ്ങനെ നിലച്ചു. 4100 റെയിൽവേ സ്റ്റേഷനുകളും 65,000 കിലോമീററർ ദൂരം റെയിൽപാതകളും നാസികൾ നശിപ്പിച്ചു.

കാർഷികരംഗത്തും കനത്ത നാശനഷ്ടങ്ങളാണ് അവർ വരുത്തിവെച്ചത്. 1876 സ്റ്റേററ് ഫാമുകളും 98,000 കൂട്ടുകൃഷിക്കളങ്ങളും 2890 മെഷീൻ-ട്രാക്ടർ സ്റ്റേഷനുകളും 71 ദശലക്ഷം കന്നുകാലികളുമാണ് നാസി ആക്രമണത്തിൽ സോവിയററ് യൂണിയനു നഷ്ടമായത്. യുദ്ധംമൂലം മൊത്തം 2,600,000 ദശലക്ഷം റൂബിളിന്റെ നഷ്ടമുണ്ടായി സോവിയററ്

യൂണിയനു്. രാജ്യത്തിന്റെ വികസനം കുറഞ്ഞതു് പത്തു വർഷത്തേക്കെങ്കിലും പുറകോട്ടടിക്കപ്പെട്ടു.

ഭക്ഷ്യദൗർബല്യം അതിരൂക്ഷമായിരുന്നു. നിർമ്മിതവസ്തുക്കളും വളരെ ദുർല്ലഭമായിരുന്നു. പാർപ്പിടങ്ങളില്ലാതിരുന്നതിനാൽ ദശലക്ഷക്കണക്കിനാളുകൾ ജീവിച്ചതെങ്ങനെയെന്നു പറഞ്ഞറിയിക്കാൻ പ്രയാസം.

മററു ദേശക്കാരുടെ ഒരു തുണ്ടുഭൂമിയോ ഒരു ചില്ലിക്കാശോ ഒരിക്കലും ആഗ്രഹിച്ചിട്ടില്ലാത്ത സോവിയററ് ജനങ്ങൾക്കാണ് യുദ്ധംമൂലം ഇപ്പറഞ്ഞ കഷ്ടപ്പാടുകളെല്ലാം സഹിക്കേണ്ടതായിവന്നതു്. അവർ യുദ്ധം ചെയ്തതു് സ്വന്തം മാതൃരാജ്യത്തെയും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെയും രക്ഷിക്കാനായിട്ടാണ്.

ഇന്നു പാശ്ചാത്യലോകത്തുനിന്ന്, പ്രത്യേകിച്ചും അമേരിക്കയിൽനിന്ന് ബൂർഷ്വാപ്രചാരകർ "സോവിയററ് ഭീഷണി"യെപ്പററി വിളിച്ചുകൂവുന്നതു കേൾക്കാം. എവിടെയാണ് "സോവിയററ് ഭീഷണി?" സോവിയററ് യൂണിയൻ ജൻമമെടുത്തതിന്നു ശേഷം ഏതു രാജ്യത്തെയാണ് അതു് ഭീഷണിപ്പെടുത്തിയിട്ടുള്ളതു്? അതാരെയും ഭീഷണിപ്പെടുത്തുന്നില്ല. സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് അന്യമാണതു്. അതേസമയം കൊളോണിയലിസത്തിനും സാമ്രാജ്യത്വത്തിനും എതിരെ പോരാടുന്നവർക്ക് സോവിയററ് യൂണിയൻ പരിപൂർണ്ണ പിന്തുണ നൽകുന്നു.

ഇന്നുവരെ സോവിയററ് യൂണിയൻ മററുള്ളവരുടെ ആക്രമണത്തിന് ഇരയായിട്ടേയുള്ളു. സോഷ്യലിസം തങ്ങളുടെ "സ്വാതന്ത്ര്യലോക"ത്തിന് ഒരു ഭീഷണിയാണെന്ന് പാശ്ചാത്യകോയ്മകൾ കരുതുന്നു. "സ്വാതന്ത്ര്യലോകത്തിന് മാരകമായ ഒരു ഭീഷണിയായിത്തീർന്നിരിക്കുകയാണ് റഷ്യ" എന്ന് വിൻസ്റ്റൻ ചർച്ചിൽ അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പുകളിൽ എഴുതിയിട്ടുണ്ട്.

യുദ്ധം നടക്കുന്ന അവസരത്തിൽതന്നെ പാശ്ചാത്യകോയ്മകൾ ആഗ്രഹിച്ചു ഹിററ്ലർ റഷ്യയെ തകർക്കണമെന്ന്. ഫാസിസത്തെ പരാജയപ്പെടുത്തുന്നതിൽ പാശ്ചാത്യ സഖ്യശക്തികൾ വഹിച്ച പങ്കിനെ ചെറുതാക്കിക്കാട്ടാൻ ആരും ആഗ്രഹിക്കുന്നില്ല. പക്ഷെ ഫാസിസത്തോട് അവർക്കുണ്ടായിരുന്ന വിരോധം ആത്മാർത്ഥമായിരുന്നില്ല എന്നു കരുതാൻ വേണ്ടത്ര കാരണങ്ങളുണ്ട്. രണ്ടാം യുദ്ധമുന്നണി (സെക്കൻഡ് ഫ്രണ്ട്) തുറക്കാൻ പാശ്ചാത്യകോയ്മകൾ വരുത്തിയ താമസംതന്നെ നോക്കുക. നിശ്ചയിച്ച സമയത്ത് അതു തുറന്നിരുന്നെങ്കിൽ സോവിയററ് യുദ്ധ മുന്നണിയിലെ നാസി സമ്മർദ്ദത്തിന് അയവു വരുമായിരുന്നു. 1942-ൽ രണ്ടാം യുദ്ധമുന്നണി യൂറോപ്പിൽ ആരംഭിക്കാമെന്ന് അമേരിക്കൻ പ്രസിഡണ്ടുതന്നെ എം. ലിററ്വിനോട് പറഞ്ഞതായിരുന്നു. ബ്രിട്ടനാണ് അതിനു കാലതാമസം വരുത്തിയത്. 1943-ൽപ്പോലും പാശ്ചാത്യ സഖ്യശക്തികൾ രണ്ടാം യുദ്ധമുന്നണി തുറന്നില്ല- 43 ആയപ്പോഴേക്ക് സോവിയററ് യൂണിയൻ നാസി ആക്രമണകാരികളുടെ മേൽ പല വിജയങ്ങളും നേടിക്കഴിഞ്ഞിരുന്നു. ഒടുവിൽ 1943 നവംബർ-ഡിസംബർ കാലത്ത് നടന്ന ടെഹറൻ സമ്മേളനം പശ്ചിമ യൂറോപ്പിൽ രണ്ടാം യദ്ധമുന്നണി തുറക്കാൻ തീരുമാനിച്ചു. അതും 1944 മേയ് മാസത്തിൽ! 1944 ജനുവരി-ഫെബ്രുവരിക്കാലത്ത് കനത്ത പ്രഹരമാണ് സോവിയററ് സേനാവിഭാഗങ്ങൾ നാസി ആക്രമണസേനയുടെ മേൽ ഏൽപിച്ചത്. പല യുദ്ധമുന്നണികളിലും നാസികൾ തിരിഞ്ഞോടിത്തുടങ്ങി. ഏപ്രിൽ ആയപ്പോഴേക്ക് ഉക്രൈനിൽനിന്നും നീപ്പെറിൻെറ പടിഞ്ഞാറു ഭാഗത്തുനിന്നും ജർമ്മൻപടയെ തുടച്ചുമാററി. തുടർന്ന് സോവിയിററ് സേനാവിഭാഗങ്ങൾ ചെക്കോസ്ലോവാക്യയുടേയും റുമേനിയയുടേയും അതിർത്തി കടന്ന് ജർമ്മൻ അധിനിവേശ രാജ്യങ്ങൾ മോചിപ്പിക്കാൻ പടിഞ്ഞാറോട്ട് തള്ളിക്കയറി. മററാരുടെയും സഹായംകൂടാതെ നാസിജർമ്മനിയെ പരാജ

യപ്പെടുത്താൻ തങ്ങൾക്കു കഴിയുമെന്ന് ചുവപ്പുസേന അപ്പോഴേക്ക് തെളിയിച്ചുകഴിഞ്ഞിരുന്നു. രണ്ടാം യുദ്ധമുന്നണി തുറക്കുന്നത് പിന്നെയും വെച്ചുതാമസിപ്പിക്കുന്നത് ബുദ്ധിശൂന്യമായിരിക്കുമെന്ന് പാശ്ചാത്യകോയ്മകൾക്ക് അപ്പോൾ ബോദ്ധ്യമായി.

അങ്ങനെ ജൂൺ 6-ന് (ടെഹറാൻ തീരുമാനം മേയിൽ വേണമെന്നായിരുന്നു) ബ്രിട്ടൻെറയും അമേരിക്കയുടെയും സേനാവിഭാഗങ്ങൾ ഫ്രാൻസിൻെറ വടക്കെ കരയിൽ ചെന്നുകയറാൻ തുടങ്ങി. ശത്രുസേനയേക്കാൾ വളരെ വലിയ സേനയായിരുന്നു അത്. എന്നിട്ടും വളരെ സാവധാനത്തിലും മടിച്ചു മടിച്ചുമാണ് ബ്രിട്ടീഷ്-അമേരിക്കൻ സേനാവിഭാഗങ്ങൾ നീങ്ങിയത്.

എന്താണതിനു കാരണം? ഈ ചോദ്യത്തിന് ചരിത്രകാരൻമാർ ഉത്തരം പറയട്ടെ.

സോവിയററ് യൂണിയൻെറ മനോഭാവം എന്തായിരുന്നു? ഫാസിസത്തെ എന്നന്നേക്കുമായി കടപുഴക്കി എറിയുക എന്നതായിരുന്നു സോവിയററ് യൂണിയൻെറ ലക്ഷ്യം. 1944 ഡിസംബർ അവസാനത്തിൽ പടിഞ്ഞാറെ യുദ്ധമുന്നണിയിൽ ജർമ്മൻ സേന ഒരു കടന്നാക്രമണമാരംഭിച്ചു. ആർഡെന്നസ് മുന്നണിയിൽ ജർമ്മൻസേന ബ്രിട്ടീഷ്-അമേരിക്കൻ സമരമുന്നണി മുറിച്ചുകടന്നു. ആന്ത്‌വെർപ്പനിൽ എത്തിച്ചേർന്ന് (ബ്രിട്ടീഷ്-അമേരിക്കൻ സേനയുടെ മുഖ്യ കേന്ദ്രീകരണം അവിടെയായിരുന്നു) സഖ്യശക്തികളുടെ സേനയെ വളഞ്ഞ് ബ്രിട്ടനെ യുദ്ധത്തിൽനിന്നു പിൻമാററുകയും ജർമ്മനിയുമായി ഒരു പ്രത്യേക സന്ധിയുണ്ടാക്കാൻ അമേരിക്കയെ പ്രേരിപ്പിക്കുകയും ചെയ്യുകയെന്നതായിരുന്നു നാസി പദ്ധതി. ബ്രിട്ടീഷ്-അമേരിക്കൻ സേനാവിഭാഗങ്ങൾ പരാജയത്തിൻെറ വക്കത്തെത്തിയിരുന്നു. ആ സമയത്ത്, 1945 ജനുവരി 6-ന് ബ്രിട്ടീഷ് പ്രധാനമന്ത്രി സോവിയററ് ഗവർമ്മെണ്ടിന് ഒരു സന്ദേശമയച്ചു. കടുത്ത ജർമ്മൻ സമ്മർദ്ദം

ലഘൂകരിക്കാനായി വൻതോതിലുള്ള സോവിയററ് കടന്നാക്രമണം ഉടൻ ആരംഭിക്കണം എന്നായിരുന്നു സന്ദേശത്തിൻെറ സാരം. ബ്രിട്ടീഷ്-അമേരിക്കൻ സേനയെ സഹായിക്കാൻ സോവിയററു യൂണിയൻ ഉടൻ ഒരുമ്പെട്ടു. യുദ്ധമുന്നണി ഉടനീളം, ബാൾട്ടിക് മുതൽ കാർപ്പാത്തിയൻ പർവ്വതംവരെ, സോവിയററ് സേന ഒരു വൻകിട കടന്നാക്രമണം ആരംഭിച്ചു. 1945 ജനവരി 20-നാണ് അതാരംഭിക്കാൻ തീരമാനിച്ചിരുന്നതെങ്കിലും എട്ടു ദിവസം മുമ്പേ, 12-ന് അതാരംഭിച്ചു. സോവിയററ് കടന്നാക്രമണം ആരംഭിച്ച ക്ഷണത്തിൽ ജർമ്മൻ സേനാവിഭാഗങ്ങൾ ബ്രിട്ടീഷ്-അമേരിക്കൻ സേനയുടെ മേലുള്ള സമ്മർദ്ദം നിറുത്തി. പടിഞ്ഞാറോട്ട് നീങ്ങാൻ കരുതിയിരുന്ന ജർമ്മൻ സേനാവിഭാഗങ്ങൾ സോവിയററ് സേനാവിഭാഗങ്ങളുടെ നേരെ തിരിഞ്ഞു.

സോവിയററു യൂണിയൻെറയും അമേരിക്കയുടെയും ബ്രിട്ടൻെറയും ഗവർമ്മേണ്ടു തലവൻമാരുടെ യാൾട്ടാ സമ്മേളനം 1945 ഫെബ്രുവരിയിലായിരുന്നു. സുപ്രധാനങ്ങളായ പല യുദ്ധാനന്തര പ്രശ്നങ്ങളും പ്രസ്തുത യോഗത്തിനു പരിഹരിക്കേണ്ടതായുണ്ടായിരുന്നു. ജർമ്മനിയെ സൈനികമായും സാമ്പത്തികമായും രാഷ്ട്രീയമായും ഒതുക്കിനിറുത്താനുള്ള ഒരു പരിപാടി പ്രസ്ത യോഗത്തിൽ സോവിയററ് യൂണിയൻ സമർപ്പിച്ചു. മററു രണ്ടു കൂട്ടരും അതു സ്വീകരിച്ചു. ഐക്യരാഷ്ട്രസഭ രൂപീകരിക്കണമെന്നു തീരുമാനിച്ചതും യു. എൻ. പ്രമാണത്തിൻെറ അടിസ്ഥാന തത്വങ്ങൾ തീരുമാനിച്ചതും യാൾട്ടാ സമ്മേളനമാണ്. സമാധാനപരമായ സഹവർത്തനവും സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥിതികൾ തമ്മിലുള്ള വ്യത്യാസം വക വെക്കാതെ എല്ലാ രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണവും എന്ന തത്വങ്ങളാണ് യു. എൻ. പ്രമാണത്തിൻെറ അടിസ്ഥാനമെന്ന് ഇത്തരുണത്തിൽ ഓർക്കുന്നത് നന്നായിരിക്കും.

യൂറോപ്പിലെ യുദ്ധം അവസാനിച്ച് മൂന്നു മാസം കഴിഞ്ഞ്, ബ്രിട്ടൻെറയും അമേരിക്കയുടെയും അപേക്ഷയനുസരിച്ച്, ജപ്പാനെതിരായ യുദ്ധത്തിൽ പങ്കെടുക്കാൻ സോവിയററ് യൂണിയൻ തീരുമാനിച്ചു.

1945 മേയ് 1-നു മുമ്പായി ഹിററ്ലർ ജർമ്മനിയെ നിശ്ശേഷം പരാജയപ്പെടുത്തണമെന്ന് സോവിയററ് യൂണിയൻ ദൃഢനിശ്ചയം ചെയ്തിരുന്നു. ബർലിൻ നഗരത്തിനകത്ത് ജർമ്മൻ പട്ടാളം ഭയങ്കരമായ പോരാട്ടമാണ് നടത്തിയത്. ഓരോ തെരുവും ഓരോ വീടും അവരുടെ കോട്ടയായി മാറി. റെയ്സ്റ്റാഗിനു വേണ്ടിയുള്ള പോരാട്ടമായിരുന്നു ഏററവും ഭയങ്കരം. ഏപ്രിൽ 30-ന്, മേയ് ദിനത്തിൻെറ തലേന്നാൾ, രണ്ടു സോവിയററ് സാർജൻറുമാർ റെയ്സ്റ്റാഗിൻെറ മേൽപ്പുരക്കു മുകളിൽ വിജയപതാക നാട്ടി. മേയ് 2-ന് ബർലിൻ ഗാരിസ്സൻ ആയുധംവെച്ചു കീഴടങ്ങി. ഹിററ്ലറും ഗീബൽസും ആത്മഹത്യ ചെയ്തു. മേയ് 8-ന് ജർമ്മനി നിരുപാധികം കീഴടങ്ങുന്ന ഒരു രേഖ ബർലിനിൽ ഒപ്പുവെച്ചു.

കൃത്യമായും മൂന്നു മാസത്തിനു ശേഷം, 1945 ആഗസ്റ്റ് 9-ന് സോവിയററ് യൂണിയൻ ജപ്പാനെതിരായി യുദ്ധം പ്രഖ്യാപിച്ചു. എന്നാൽ ആഗസ്റ്റ് 6, 9 എന്നീ തിയതികളിൽ അമേരിക്കൻ പ്രസിഡണ്ട് ട്രൂമാൻെറ കൽപനപ്രകാരം അമേരിക്കൻ വിമാനങ്ങൾ ഹിറോഷിമ, നാഗസാക്കി എന്നീ ജാപ്പനീസ് നഗരങ്ങളിൽ ആററംബോംബു വർഷിച്ചു. ആ രണ്ടു ജാപ്പനീസ് നഗരങ്ങളും നിലംപരിശായി. ലക്ഷക്കണക്കിനാളുകൾ മരണമടയുകയും ചെയ്തു. ജപ്പാൻെറ മേൽ ആററംബോംബു പ്രയോഗിച്ചതിന് സൈനികമായ യാതൊരു ന്യായീകരണവുമുണ്ടായിരുന്നില്ല. അതിനു മുമ്പുതന്നെ ജാപ്പനീസ് സൈന്യത്തിൻെറ തോൽവി സുനിശ്ചിതമായിക്കഴിഞ്ഞിരുന്നു. ഏഷ്യയിലെ യുദ്ധം വേഗത്തിൽ അവസാനിപ്പിക്കാനായിട്ടായിരുന്നില്ല അമേരിക്ക ആ ക്രൂരത കാട്ടിയത്. മനുഷ്യരു

ടെ മേൽ ആററംബോംബു പരീക്ഷിച്ചുനോക്കാൻ അമേരിക്ക ആഗ്രഹിച്ചു. ലോകത്തെ, എല്ലാററിനുമുപരി സോവിയററു യൂണിയനെ, ഭയപ്പെടുത്തുക എന്നതായിരുന്നു അമേരിക്കയുടെ മറെറാരു ലക്ഷ്യം. ആററംബോംബു കാട്ടി ഭയപ്പെടുത്തി യുദ്ധാനന്തര കാലത്ത് ലോകാധിപത്യം നേടാമെന്ന വ്യാമോഹമായിരുന്നു വാഷിംഗ്ടനു്.

1945 സെപ്തംബർ 2-ന് ജപ്പാൻ നിരുപാധികം കീഴടങ്ങി.

അതോടുകൂടി രണ്ടാം ലോകയുദ്ധം അവസാനിച്ചു.

ആറു വർഷം നീണ്ടുനിന്ന ആ യുദ്ധം അവസാനിച്ചപ്പോഠം യൂറോപ്പു നശിച്ചു കഴിഞ്ഞിരുന്നു. പല പൗരസ്ത്യനാടുകളേയും യുദ്ധം താറുമാറാക്കി. സോവിയററ് യൂണിയനിലാണ് ഏററവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായത്. രണ്ടു നൂററാണ്ടു കാലം കൊണ്ട് സോഷ്യലിസം നേടിയതൊക്കെ യുദ്ധം ഇല്ലാതാക്കി. യുദ്ധത്തിൽ ഒരംഗമെങ്കിലും നഷ്ടപ്പെടാത്ത ഒരൊററ കുടുംബവും സോവിയററു യൂണിയനിലുണ്ടായിരുന്നില്ല. പക്ഷെ ഒന്നു മാത്രം തകർക്കപ്പെട്ടില്ല—സോഷ്യലിസം പടുത്തുയർത്താനുള്ള സോവിയററു മനുഷ്യന്റെ ഇച്ഛാശക്തി.

യുദ്ധംമൂലം ശാരീരികമായ പോറലേൽക്കാതിരുന്ന ഏക സഖ്യശക്തി അമേരിക്കയായിരുന്നു. അമേരിക്കയുടെ ഒരു ഭാഗമോ ഒരു വ്യവസായമോ യുദ്ധം മൂലം നശിച്ചില്ല. യുദ്ധത്തിൽ അമേരിക്കൻ പട്ടാളക്കാർ ധീരധീരം പോരാടി എന്ന കാര്യത്തിൽ സംശയമില്ല. മൂന്നു ലക്ഷം അമേരിക്കൻ പട്ടാളക്കാർ മരണമടയുകയും ചെയ്തു. ഏതാണ്ടത്രയും പേർ ആണ്ടുതോറും അമേരിക്കയിൽ റോഡപകടത്തിൽ മരിക്കുന്നുണ്ട് എന്നത് വേറെ കാര്യം. യുദ്ധം അമേരിക്കൻ സമ്പദ്ഘടനക്ക് ഒരു പോറൽ പോലും ഏൽപിച്ചി

ല്ലെന്നു മാത്രമല്ല, അതിൻെറ വികസനത്തിനു വമ്പിച്ച സംഭാവന നൽകുകയും ചെയ്തു. വ്യവസായത്തിൻെറ ചക്രങ്ങരം കറങ്ങി. 53000 മില്യൻ ഡോളറാണ് അമേരിക്കൻ കുത്തകകരം യുദ്ധകാലത്തുണ്ടാക്കിയ ലാഭം.

ശാശ്വത സമാധാനത്തിന്ന് എപ്രകാരം ഉറപ്പുവരുത്താം എന്നതായിരുന്നു യുദ്ധം കഴിഞ്ഞതോടെ എല്ലാവരുടേയും ഗൗരവമായ ചിന്തക്കു വിഷയീഭവിച്ച മുഖ്യപ്രശ്നം. ഇതിൻെറ വെളിച്ചത്തിൽ നോക്കുമ്പോരം ഐക്യരാഷ്ട്രസഭയുടെ രൂപീകരണത്തിൻെറ വമ്പിച്ച പ്രാധാന്യം കാണാവുന്നതാണ്.

യുദ്ധത്തെ തുടർന്ന് സുശക്തമായ ഒരു സോഷ്യലിസ്റ്റ് ചേരി നിലവിൽ വന്നു. സാമ്രാജ്യത്വം പൊതുവെ പറഞ്ഞാൽ യുദ്ധപൂർവ്വകാലത്തേതിനെ അപേക്ഷിച്ച് ദുർബ്ബലമായി. കോളനികളിലെ ജനതകരം ദേശീയസ്വാതന്ത്ര്യന്നുവേണ്ടി സമരമാരംഭിച്ചു. കൊളോണിയൽ സാമ്രാജ്യങ്ങരം ഒന്നിനുപുറകൊന്നായി തകർന്നടിയാൻ തുടങ്ങി.

അനേകം ദേശക്കാർ സ്വതന്ത്രരായി. എന്നിരുന്നാലും കൊളോണിയൽ കോയ്മകളും സാമ്രാജ്യത്വവും ശാശ്വത സമാധാനത്തിൻെറ താൽപര്യങ്ങളെ തുരങ്കം വെക്കാൻ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. തങ്ങളുടെ പുതിയ ആയുധം—ആററംബോംബ്—തങ്ങളെ എക്കാലവും തുണക്കുമെന്നായിരുന്നു അവരുടെ വ്യാമോഹം. അതെടുത്തുകാട്ടി സകലരെയും ഭീഷണിപ്പെടുത്താമെന്ന് അവർ ആശിച്ചു.

## V. യുദ്ധാനന്തരകാലം

എല്ലാ ജനതകൾക്കും അവർക്കിഷ്ടപ്പെട്ട സാമൂഹിക വ്യവസ്ഥിതി രൂപപ്പെടുത്താനുള്ള അവകാശത്തെ സോവിയററ് യൂണിയൻ എക്കാലവും പിന്താങ്ങുമെന്ന് 1941 സെപ്തംബർ 24-ന് പുറപ്പെടുവിച്ച അത്ലാൻറിക് പ്രമാണത്തിൽ സോവിയററ് യൂണിയൻ ഊന്നിപ്പറയുകയുണ്ടായി. അന്ന് റൂസ്‌വെൽററും ചർച്ചിലും അതംഗീകരിക്കുകയും ചെയ്തു. പക്ഷെ, പ്രസ്തുത പ്രഖ്യാപനത്തിൻെറ അർത്ഥം ഏതു ജനതക്കും വേണമെങ്കിൽ സോഷ്യലിസം സ്ഥാപിക്കാനും അവകാശമുണ്ടെന്നാണെന്ന് അവർ മനസ്സിലാക്കാതിരുന്നില്ല. അതനുസരിച്ച് നിവൃത്തിയുള്ളടത്തോളം അവർ പ്രവർത്തിക്കുകയും ചെയ്തു.

യുദ്ധം അവസാനിക്കാറായ സമയത്ത് അമേരിക്കയുടെയും ബ്രിട്ടൻെറയും പട്ടാളക്കാർ കൈവശപ്പെടുത്തിയ പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിൽ (ഇററലിയിലും ഗ്രീസിലും ആസ്ത്രിയയിലുമെല്ലാം) അവിടങ്ങളിലെ ജനതകൾ അവരുടെ സാമൂഹിക വ്യവസ്ഥിതി ജനാധിപത്യവൽക്കരിക്കുന്നതു തടയാൻ സൈനികമുൾപ്പടെ സകല ഉപായങ്ങളും പ്രയോഗിക്കുകയുണ്ടായി.

പക്ഷെ, മദ്ധ്യയൂറോപ്പിലും യൂറോപ്പിൻെറ തെക്കുകിഴക്കു ഭാഗത്തുമുള്ള പല രാജ്യങ്ങളിലെയും ജനതകൾ ഫാസ്സിസത്തെ തുരത്തിയതിനുശേഷം പുതിയ ഒരു ജീവിതരീതി, പുതിയ ഒരു സാമൂഹിക വ്യവസ്ഥിതി, കെട്ടിപ്പടുക്കാനാരംഭിച്ചു. ബൾഗേറിയ, റുമേനിയ, ചെക്കോസ്ലോവാക്യ, ഹങ്കറി, അൽബേനിയ, പോളണ്ട്, യുഗോസ്ലാവിയ എന്നിവിടങ്ങളിലെ

ല്ലാം അദ്ധ്വാനിക്കുന്ന ജനങ്ങഠം മുതലാളിത്തത്തിൻെറ ആധിപത്യത്തിന്ന് അറുതി വരുത്തുകയും സ്റ്റേററ് അധികാരം ഏറെറടുക്കുകയും ചെയ്തു.

യുദ്ധാനന്തര പ്രശ്നങ്ങളുടെ പരിഹരണം ലക്ഷ്യമാക്കിയുള്ള അടിസ്ഥാന തത്വങ്ങളുടെ കാര്യത്തിൽ ഫാസിസ്റ്റു വിരുദ്ധ സഖ്യശക്തികഠം ചില തീരുമാനങ്ങഠം നേരത്തെ എടുത്തിരുന്നു. എന്തൊക്കെയായിരുന്നു ആ തത്വങ്ങളെന്ന് പാശ്ചാത്യകോയ്മകളെ ഇന്ന് ഓർമ്മിപ്പിക്കുന്നത് നന്നായിരിക്കും. ഫാസിസ്റ്റുവിരുദ്ധ കൂട്ടുകെട്ടിലെ പ്രമുഖ രാജ്യങ്ങളുടെ കൂട്ടായ പ്രവർത്തനത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം എല്ലാ തീരുമാനങ്ങളും എന്നതാണ് ഒന്നാമത്തെ തത്വം. വ്യത്യസ്ത സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതികളോടുകൂടിയ രാഷ്ട്രങ്ങളുടെ സമാധാനപരമായ സഹവർത്തിത്വം എന്ന തത്വത്തിൻെറ അടിസ്ഥാനത്തിലുള്ളതായിരിക്കണം സോവിയററ് യൂണിയനും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള യുദ്ധാനന്തര കാലത്തെ ബന്ധങ്ങഠം എന്നതാണ് രണ്ടാമത്തെത്. സമാധാനം കാത്തുസൂക്ഷിക്കുകയെന്ന കടമ എല്ലാവർക്കും പൊതുവായുള്ളതാണെന്നും അതിലുഠപ്പെടുതതിയിരുന്നു. ജർമ്മൻ സൈനിക ദുഷ്പ്രഭുത്വത്തെയും ഫാസ്സിസത്തെയും ഉൻമൂലനം ചെയ്യുകയും സമാധാനത്തെ മേലിൽ ഭീഷണിപ്പെടുത്താത്ത തരത്തിൽ ജർമ്മനിക്ക് ജനാധിപത്യ രീതിയിൽ വികസിക്കാനുള്ള മുന്നുപാധികഠം സൃഷ്ടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യമാണ് ഫാസ്സിസ്റ്റു വിരുദ്ധ കൂട്ടുകെട്ടിലെ അംഗങ്ങഠംക്കുള്ളതെന്നതാണ് മൂന്നാമത്തെ തത്വം.

ജർമ്മനിയുടെ ഭാവി നിർണ്ണയിക്കാനായുള്ള ഒരു സമ്മേളനം 1945 ജൂലായ് 17-ന് പോട്സ് ഡാമിൽ ചേർന്നു. സോവിയററ് യൂണിയൻെറയും അമേരിക്കയുടെയും ബ്രിട്ടൻെറയും ഗവർമ്മെൻറു തലവൻമാർ അതിൽ പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ

സത്യസന്ധവും ആത്മാർത്ഥവുമായ ഒരു നയമാണ് സോവിയററു യൂണിയൻ പിന്തുടർന്നത്. ജർമ്മൻ ജനതയെ നാസ്സി ആക്രമണകാരികളായി സോവിയററു യൂണിയൻ കണക്കാക്കിയില്ല. അവർക്കെതിരായി പ്രതികാരം ചെയ്യണമെന്നും സോവിയററു യൂണിയൻ ആഗ്രഹിച്ചില്ല. തൊഴിലാളിവർഗ്ഗ സാർവ്വദേശീയ വാദത്തിലധിഷ്ഠിതമായ അതിൻെറ നയത്തിനനുസൃതമായി സോവിയററു യൂണിയൻ ആവശ്യപ്പെട്ടു, ജർമ്മനിയിൽനിന്ന് ഫാസിസത്തെ ഉൻമൂലനം ചെയ്യണമെന്നും യൂറോപ്പിൻെറ മദ്ധ്യ ഭാഗത്ത് ഒരു സമാധാനപ്രിയ ജനാധിപത്യ രാഷ്ട്രം പടുത്തുയർത്താൻ ഒരവസരം ജർമ്മൻ ജനതയ്ക്കു നൽകണമെന്നും.

എന്നാൽ പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങഠം പിന്തുടർന്ന നയം മറെറാന്നായിരുന്നു. ഒരു സമാധാനപ്രിയ ജനാധിപത്യ ജർമ്മനി എന്ന ആശയം അവർക്കിഷ്ടമായിരുന്നില്ല. ജർമ്മനി പരാജിത ശത്രുരാജ്യമാണെന്നും അതനുസരിച്ചാണ് അതിനോടു പെരുമാറേണ്ടതെന്നും ജർമ്മനിയെ മോചിപ്പിക്കുകയെന്ന കടമയൊന്നും ഇല്ലെന്നും ജർമ്മനിയിലുണ്ടായിരുന്ന അമേരിക്കൻ സേനാവിഭാഗങ്ങളുടെ കമ്മാണ്ടർക്കയച്ച ഒരു നിർദ്ദേശത്തിൽ അമേരിക്കൻ പ്രസിഡൻറ് അയാളെ ഓർമ്മിപ്പിച്ചു. അതിനു കടകവിരുദ്ധമായിരുന്നു 1945 മേയ് 9-ന് സ്റ്റാലിൻ അയച്ച സന്ദേശം. ''വിജയത്തിൽ സോവിയററ് യൂണിയൻ ആഹ്ലാദിക്കുന്നു. പക്ഷെ ജർമ്മനിയെ വെട്ടിമുറിക്കാനോ നശിപ്പിക്കാനോ സോവിയററ് യൂണിയന് ഉദ്ദേശമില്ല'' സ്റ്റാലിൻ പ്രസ്താവിച്ചു.

യുദ്ധം അവസാനിച്ചയുടൻതന്നെ സോവിയററു യൂണിയൻ സായുധസേനാംഗങ്ങളെ പിരിച്ചുവിടാൻ തുടങ്ങി. 1948 മാർച്ച് ആയപ്പോഴേക്ക് ആ പ്രക്രിയ അവസാനിച്ചു. 114 ലക്ഷത്തിൽനിന്ന് സോവിയററു യൂണിയൻ അതിൻെറ സൈനികബലം 29 ലക്ഷമായി കുറച്ചു.

മഹശ്ശക്തികഠം തമ്മിൽ പ്രത്യയശാസ്ത്രപര മായ വ്യത്യാസമുണ്ടെന്നിരിക്കിലും അവ തമ്മിൽ സഹ കരണം സാദ്ധ്യമാണെന്നും ആ സഹകരണം ലോക ത്തിന് ഉപകാരപ്രദമാണെന്നും അത്തരം സഹകരണ ത്തെ ലോകമാസകലമുള്ള മനുഷ്യർ സ്വാഗതം ചെയ്യു മെന്നും രണ്ടാം ലോകയുദ്ധത്തെ സഖ്യശക്തികളുടെ സഹകരണം വിളിച്ചോതി. മനുഷ്യരാശിക്ക് ശാശ്വത സമാധാനം പ്രദാനം ചെയ്യാനായി, യുദ്ധത്തിനുശേ ഷവും അമേരിക്കയ്ക്കും സോവിയററു യൂണിയനും യോജിച്ചു പ്രവർത്തിക്കാൻ കഴിയുമെന്നാണ് ഭൂരിഭാ ഗം അമേരിക്കൻ ജനങ്ങളുടേയും വിശ്വാസം എന്ന് പ്ര സിഡൻറ് റൂസ്സവെൽററിൻെറ ഉപദേഷ്ടാവായിരു ന്ന ഹാരി ഹോഫ്കിൻസ് 1945 മേയിൽ മോസ്കോ സന്ദർശിച്ച അവസരത്തിൽ പറയുകയുണ്ടായി.

1945-ൽ ''റീഡേഴ്സ് ഡൈജസ്റ്റി''ൽ വന്ന ഒരു ലേഖനത്തിൽ ഇങ്ങനെ പറയുകയുണ്ടായി: ''ചരിത്ര ത്തിൽ തങ്ങഠംക്ക് നേരിട്ട ഏററവും വലിയ ആപത്തു സമയത്ത് അമേരിക്ക റഷ്യയേയും റഷ്യ അമേരിക്കയേ യും പിന്താങ്ങി. രണ്ടു കൂട്ടർക്കും സമാധാനം ആവശ്യ മാണ്. സമാധാന സംസ്ഥാപനത്തിന് രണ്ടു രാജ്യ ങ്ങളുടെയും ഭാഗഭാഗിത്വം അനുപേക്ഷണീയ മാണ്.''

യുദ്ധവിപത്ത് ഇനിമേലിൽ തലപൊക്കുകയി ല്ലെന്ന് സോവിയററു ജനങ്ങളും അമേരിക്കൻ ജനങ്ങളും ഒരുപോലെ ആത്മാർത്ഥമായി പ്രതീക്ഷിച്ചു. സ മാധാനത്തിൻെറതും വിപുലമായ അന്താരാഷ്ട്ര സഹ കരണത്തിൻേറതുമായ ഒരു യുഗം പിറന്നിരിക്കുന്നതാ യി അവർ വിശ്വസിച്ചു.

പക്ഷെ മറെറാരു രീതിയിലാണ് കാര്യങ്ങഠം നീ ങ്ങിയത്. അങ്ങനെ സംഭവിച്ചത് സോവിയററു യൂ ണിയൻെറ കുററംകൊണ്ടല്ല. സോവിയററ് ജനങ്ങഠം അവരുടെ സർവ്വശക്തിയും സമയവും അവരുടെ സമ്പ

ദ്ഘടനയെ പുനരുദ്ധരിക്കാൻ വേണ്ടി പാടുപെട്ടു കൊണ്ടിരുന്ന സമയത്ത് വിൻസ്റ്റൻ ചർച്ചിൽ "കണ്ടു പിടിച്ചു" സോവിയററു യൂണിയൻ ലോകം വെട്ടിപ്പി ടിക്കാൻ ഒരുങ്ങുകയാണെന്ന്! ജപ്പാനിൽ അമേരിക്ക ആററംബോംബു വർഷിച്ചതിനു ശേഷവും ചർച്ചിൽ അതുതന്നെ വിളിച്ചുകൂവി. ആററംബോംബിനെ ഒരു രാഷ്ട്രീയ ഉപകരണമായി ഉപയോഗിക്കണമെന്ന് ചർച്ചിൽ നിർല്ലജ്ജം പരസ്യമായി ആഹ്വാനംചെയ്തു. പൂർവ്വ യൂറോപ്പിലെ സോവിയററു നയത്തെ ചർച്ചിൽ 1945 ആഗസ്റ്റിൽ ബ്രിട്ടീഷ് പാർലമെൻറിൽ ചെയ്ത ഒരു പ്രസംഗത്തിൽ രൂക്ഷമായി വിമർച്ചു. എന്നിട്ട്, ആററംബോംബ് ബ്രിട്ടൻെറയും അമേരിക്കയുടെയും കുത്തകയായിരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

അക്കാലത്ത് ആററംബോംബ് പാശ്ചാത്യർക്ക് (അമേരിക്കയ്ക്ക്) മാത്രമെ ഉണ്ടായിരുന്നുള്ളു. അത് അവരെ മത്തു പിടിപ്പിച്ചു. അമേരിക്ക കടമായി സോ വിയററു യൂണിയനു ചരക്കുകരം വിൽക്കാൻ വ്യവ സ്ഥചെയ്യുന്ന സോവിയററ്-അമേരിക്കൻ കരാറുകളെ ല്ലാം വാഷിംഗ്ടൻ റദ്ദാക്കി. പ്രസിഡൻറ് ട്രൂമാൻ അമേരിക്കയുടെ ആയുധശക്തി വർദ്ധിപ്പിക്കുന്ന ന യവുമായി മുമ്പോട്ടു പോയി. കമ്മ്യൂണിസത്തെ തട ഞ്ഞു നിറുത്തണമെന്നും ചുരുട്ടിക്കെട്ടണമെന്നുമൊക്കെ അദ്ദേഹം രാപ്പകൽ പറഞ്ഞുതുടങ്ങി. ബ്രിട്ടനിലെ യും അമേരിക്കയിലെയും വൻകിട മുതലാളിമാർ ലോ കാധിപത്യത്തിനു കൊതിക്കുകയായിരുന്നു. അവരുടെ ഒന്നാമത്തെ ലക്ഷ്യം സോവിയററു യൂണിയനുമായി രുന്നു. അമേരിക്കയിലെ യുദ്ധഭ്രാന്തൻമാർ കൂടുതൽ ആററംബോംബുണ്ടാക്കാൻ ആഗ്രഹിച്ചു. അതുകൊണ്ട് റഷ്യയെ തകർക്കാമെന്നായിരുന്നു അവരുടെ ആശ.

കാര്യങ്ങരം എങ്ങനെ നീങ്ങുന്നു എന്ന് മനസ്സി ലാക്കിക്കൊണ്ട് 1945 നവംബറിൽ "ന്യൂ ടൈംസ്" എന്ന മോസ്കോ വാരിക ഇങ്ങനെ എഴുതി: "സോവി

യററു യൂണിയനെതിരായുള്ള ഒരു കുരിശുയുദ്ധത്തിനുവേണ്ടി പ്രക്ഷോഭം നടത്താനുള്ള സിഗ്നലാണ് ആററംബോംബ്.''

കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളെ സോവിയററ് യൂണിയൻ മോചിപ്പിച്ചത് മറെറാരാക്രമണമാണെന്നും അത് ഹിററ്ലറുടെ ആക്രമണത്തിനു തുല്യമാണെന്നും പാശ്ചാത്യ രാജ്യതന്ത്രജ്ഞർ നിർല്ലജ്ജം പറയാറുണ്ടായിരുന്നു. അതുകൊണ്ടാണ് ''ന്യൂ ടൈംസ്'' അങ്ങനെ പറയാൻ കാരണം. ലോകാധിപത്യത്തിനുള്ള സോവിയററു യൂണിയൻെറ അഭിവാഞ്ഛക്കുള്ള തെളിവാണതെന്ന് പാശ്ചാത്യ കോയ്മകൾ കൊട്ടിഘോഷിച്ചു.

അതൊരു കറകളഞ്ഞ നുണയായിരുന്നു. ശീതയുദ്ധം ആരംഭിക്കാനുള്ള മുടന്തൻ ന്യായമായിട്ടാണ് അവർ അതു പറഞ്ഞു പരത്തിയത്.

ആററമിക് ആയുധങ്ങൾ നിയമവിരുദ്ധമാക്കാനും അവയുടെ ഉൽപാദനം നിരോധിക്കാനും ഉണ്ടാക്കിവെച്ചിട്ടുള്ളവ നശിപ്പിക്കാനും യുദ്ധപ്രചാരണം നിരോധിക്കാനും പടയും പടക്കോപ്പും മൂന്നിലൊന്നുകണ്ടു കുറക്കാനുമുള്ള നടപടികളടങ്ങുന്ന അനേകം നിർദ്ദേശങ്ങൾ സോവിയററു യൂണിയൻ യുദ്ധത്തിനു ശേഷമുള്ള ആദ്യവർഷങ്ങളിൽത്തന്നെ സോവിയററു യൂണിയൻ മുമ്പോട്ടു വെക്കുകയുണ്ടായി. അതൊക്കെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. സോവിയററു യൂണിയനും അമേരിക്കയും തമ്മിൽ പരസ്പരം പ്രയോജനകരമായ സഹകരണം തുടർന്നും വളർത്താൻ സാദ്ധ്യമാണെന്ന ഉറച്ച വിശ്വാസമാണ് അതിനു പ്രേരകമായി വർത്തിച്ചത്.

പ്രസ്തുത നിർദ്ദേശങ്ങൾ സോവിയററു യൂണിയൻ മററു രാജ്യങ്ങളുടെയും ഐക്യരാഷ്ട്ര സഭയുടെയും മുമ്പാകെ സമർപ്പിച്ചു. എല്ലാ രാഷ്ട്രങ്ങളുടെയും ഭദ്രത ദൃഢീകരിക്കുകയും ആയുധമൽസരത്തിന്

ഒരറുതി വരുത്തുകയും ചെയ്യുകയെന്നതായിരുന്നു പ്രസ്തുത നിർദ്ദേശങ്ങളുടെ ലക്ഷ്യം. പക്ഷേ പാശ്ചാത്യലോകത്തുള്ള ചിലർ പറഞ്ഞു പരത്തി അതൊക്കെ സോവിയററു യൂണിയൻെറ ഒരു വിദ്യയാണെന്ന്. മനുഷ്യരാശിയുടെ ചരിത്രത്തിലെ ഏററവും ഭീകരമായ ഒരു യുദ്ധംമൂലമുണ്ടായ നാശനഷ്ടങ്ങളെല്ലാം സഹിച്ച് അതിൽനിന്നൊക്കെ കഷ്ടിച്ചു കരകയറിയ സോവിയററു ജനതയുടെ സമാധാനവാഞ്ഛ ആത്മാർത്ഥമല്ലെന്നാണ് അവർ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. യുദ്ധം ചവുട്ടി മെതിച്ച ദേശീയ സമ്പദ്ഘടനയെ കഴിയുന്നത്ര വേഗത്തിൽ പുനരുദ്ധരിക്കണമെന്നതായിരുന്നു സോവിയററു ജനങ്ങളുടെ ആഗ്രഹം. പക്ഷെ പാശ്ചാത്യകോയ്മകരം അതു കണ്ടതായിപ്പോലും നടിച്ചില്ല. അവർ സോവിയററു യൂണിയനെതിരായി സൈനിക-രാഷ്ട്രീയ ബ്ലോക്കുകളുണ്ടാക്കാനാരംഭിച്ചു. തൽഫലമായി സോവിയററ്-അമേരിക്കൻ ബന്ധങ്ങളും ലോകസ്ഥിതി ആകെയും അറുവഷളായിത്തീർന്നു.

യുദ്ധകാലത്തു പ്രവേശിച്ച സ്ഥലങ്ങളിൽനിന്ന്, ഗ്രീസ്, ഇന്തോനേഷ്യ, സിറിയ, ലെബനോൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന്, സാമ്രാജ്യത്വകോയ്മകളുടെ സേനാവിഭാഗങ്ങരം ഉടൻ പിൻമാറണമെന്ന് സോവിയററു യൂണിയൻ പാശ്ചാത്യ രാജ്യങ്ങളോട് നിരന്തരം ആവശ്യപ്പെട്ടു. മർദ്ദിത ജനതകരംക്കു ദേശീയ സ്വാതന്ത്ര്യം നൽകണമെന്നും സോവിയററു യൂണിയൻ ഇടതടവില്ലാതെ ആവശ്യപ്പെട്ടു. ലോകസമാധാനം ശക്തിപ്പെടുത്താൻ അത് അത്യന്താപേക്ഷിതമാണെന്നു സോവിയററു നേതൃത്വത്തിനു ബോദ്ധ്യമായിരുന്നു. സോവിയററു യൂണിയൻെറ അത്തരം നിലപാടുകളെ വെച്ചുപൊറുപ്പിക്കാൻ പാശ്ചാത്യകോയ്മകരംക്കായില്ല.

ശീതയുദ്ധത്തിൻെറ ആദ്യവെടി പൊട്ടിച്ചത് വിൻസ്റ്റൻ ചർച്ചിലാണ്. പ്രസിഡൻറ് ട്രൂമാൻെറ

പരിപൂർണ്ണമായ അറിവോടും അനുഗ്രഹത്തോടും കൂടിയാണത് പൊട്ടിച്ചതും. ഫൾട്ടനിലുള്ള (മിസ്സോറി—അമേരിക്ക) വെസ്റ്റ് മിനിസ്റ്റർ കോളേജിൽ 1946 മാർച്ച് 5-ന് പ്രസംഗിക്കുകയായിരുന്നു ആ മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി. പ്രസിഡണ്ട് ട്രൂമാനും സന്നിഹിതനായിരുന്നു. സോവിയററു റഷ്യയുടെയും ലോക കമ്യൂണിസ്റ്റു സംഘടനയുടെയും ഉദ്ദേശങ്ങളെന്താണെന്നോ അവർ ഭാവിയിൽ എന്താണു ചെയ്യാൻ പോകുന്നതെന്നോ അവരുടെ പ്രവർത്തനപരിധിയെന്താണെന്നോ ഒന്നും ആർക്കും അറിയില്ലെന്നും ആയതിനാൽ ആംഗ്ലോ-സാക്സൻ ജനാധിപത്യത്തിനുവേണ്ടി ലോക കമ്യൂണിസത്തെ തച്ചുടക്കാനുള്ള ഒരു കുരിശുയുദ്ധം ആരംഭിക്കണമെന്നും അദ്ദേഹം തൻെറ ശ്രോതാക്കളെ ഉദ്ബോധിപ്പിച്ചു. കുരിശുയുദ്ധം ഉടൻ ആരംഭിക്കണമെന്നും ഒരു നിമിഷംപോലും പാഴാക്കരുതെന്നും പാശ്ചാത്യശക്തികൾ സോവിയററു യൂണിയനെ ഉടൻ, 1946-ൽത്തന്നെ, നേരിടണമെന്നും ചർച്ചിൽ ആഹ്വാനം ചെയ്തു.

''ശീതയുദ്ധത്തിൻെറ ചരിത്രം'' എന്ന തൻെറ പുസ്തകത്തിൽ ഡി. എഫ്. ഫ്ളെമിംഗ് ഇപ്രകാരം എഴുതിയിട്ടുണ്ട്:

ലോക തന്ത്രജ്ഞനായ ആ പഴയ യോദ്ധാവ് ഭയങ്കരമായ ശക്തിയോടെ വീണ്ടും ആരംഭിച്ചിരിക്കുകയാണ്. 1919-ൽ ബ്രിട്ടീഷ് ജനതയുടെ ആത്മസംയമനത്തിൻെറ പരിധികാണുംവരെ റഷ്യയിൽ കമ്യൂണിസ്റ്റുകാർക്കെതിരായി അദ്ദേഹം അങ്കം വെട്ടി. ഇരുപതുകൾ ഉടനീളം ബോൾഷെവിക് വിപ്ലവം ഉയർത്തുന്ന ഭീഷണിയെപ്പററി പ്രസംഗിച്ചു നടന്നു. കിട്ടുന്ന സകല സന്ദർഭങ്ങളിലും അദ്ദേഹം ബോൾഷെവിക് നേതാക്കളെ കൊലയാളികളെന്നും പിശാചുക്കളെന്നും വിളിച്ചു.

1941-ൽ ബ്രിട്ടനെ രക്ഷിക്കാനായി ബോൾഷെവിക്കുകളുടെ സഹായം സ്വാഗതം ചെയ്യാൻ അദ്ദേ

ഹം നിർബ്ബന്ധിതനായി. ജർമ്മനിയെ പരാജയപ്പെടുത്താൻവേണ്ടി അവരെ ഉപയോഗപ്പെടുത്തുകയും അതേസമയം വിജയത്തിൻെറ ഫലം അവർക്കു നിഷേധിക്കുകയും ചെയ്യുകയെന്ന അസ്സാദ്ധ്യമായ വിദ്യയാണ് അദ്ദേഹം നിരന്തരം ശ്രമിച്ചുപോന്നത്. പണ്ട് തനിക്കൊരുകാലത്തും നേടാൻ കഴിയാതെപോയതു നേടാൻവേണ്ടി ഇനിയിപ്പോളദ്ദേഹം അമേരിക്കയുടെ ശക്തിയെ അണിനിരത്തും.

ഫാംട്ടനിൽ പ്രസംഗിക്കുമ്പോ൦ ചർച്ചിലിന് യാതൊരു ഔദ്യോഗിക സ്ഥാനവും ഉണ്ടായിരുന്നില്ല. അത്തരമൊരാളുടെ ശീതയുദ്ധപ്രസംഗത്തോട് ഔദ്യോഗിക അമേരിക്കയുടെ പ്രതികരണം എന്തായിരുന്നു? പ്രസിഡണ്ട് ട്രൂമാൻ പ്രസംഗം കേട്ടുകൊണ്ടിരുന്നു എന്നു മാത്രമല്ല അതിന്നിടയിൽ പ്രസംഗകനെ കയ്യടിച്ച് അഭിനന്ദിക്കുകയും കൂടി ചെയ്തു!

പ്രസ്തുത പ്രസംഗത്തെ അശുഭസൂചകമായി സ്റ്റാലിൻ കണ്ടു. അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''ഹിററ്ലറെപ്പോലെ ചർച്ചിലും ഒരു വംശീയവാദ സിദ്ധാന്തവുമായി, മുഴുവൻ ലോകത്തിൻേറയും ഭാഗധേയം നിർണ്ണയിക്കാൻ ചുമതലപ്പെട്ടത് ഇംഗ്ലീഷ് സംസാരിക്കുന്ന ദേശക്കാരാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട്, പുതിയ ഒരു യുദ്ധം അഴിച്ചുവിടാനുള്ള ജോലി തുടങ്ങിയിരിക്കുന്നു.''

ചർച്ചിലിനെപ്പോലെ അന്നും ഇന്നും യുദ്ധഭ്രാന്തുമൂത്ത് വിളിച്ചുകൂവി നടക്കുന്ന യുദ്ധക്കോമരങ്ങളെ എല്ലാവരും വിശ്വസിച്ചിട്ടുണ്ടോ? സോവിയററു യൂണിയൻ മുഴുവൻ ലോകത്തിന്നും ഭീഷണിയാണെന്നും അത് ലോകം വെട്ടിവിഴുങ്ങാൻ പോകുകയാണെന്നുമൊക്കെ ചർച്ചിൽ വിളിച്ചുകൂവിയപ്പോ൦ അക്കാലത്തു മോസ്ക്കോവിൽ ''ന്യൂയോർക്കു ടൈംസി'' ൻെറ ലേഖകനായിരുന്ന ബ്രൂക്സ് അത്ക്കിൻസൺ എഴുതുകയുണ്ടായി, ചർച്ചിലിൻെറ ഗോഗ്വാവിളി

സോവിയററു ജനങ്ങളുടെയിടയിൽ അങ്ങേയററത്തെ അങ്കലാപ്പുളവാക്കിയിരിക്കുകയാണെന്നും ഒരു വലിയ യുദ്ധത്തിന്റെ നാശനഷ്ടങ്ങടം വയററുനിറയെ അനുഭവിച്ച ആ ജനത ആ ദുഃഖത്തിൽനിന്നിനിയും കരകയറിയിട്ടില്ലെന്നും. ബ്രിട്ടനും അമേരിക്കക്കും യുദ്ധത്തിൽ നേരിട്ട ആരംനാശത്തേക്കാരം വളരെക്കൂടുതൽ ആരംനാശം സോവിയററു യൂണിയനുണ്ടായി എന്നും "സോവിയററു റഷ്യ ലോക സമാധാനത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു ശക്തിയാണെ"ന്നും അദ്ദേഹം തുടർന്നെഴുതിയപ്പോരം ലോകസമാധാനം നിലനിറുത്താനും ശക്തിപ്പെടുത്താനുമുള്ള സോവിയററു ജനങ്ങളുടെ ആത്മാർത്ഥമായ ആഗ്രഹം അദ്ദേഹം ശരിക്കും മനസ്സിലാക്കിയിരുന്നു എന്നു വ്യക്തം.

ചർച്ചിലും കൂട്ടരും സോവിയററു ഭീഷണിയെപ്പററിയും സോവിയററു യൂണിയന്റെ 'ലോകാധിപത്യവാഞ്ഛ'യെപ്പററിയുമൊക്കെ ചർച്ചിലും കൂട്ടാളികളും പറഞ്ഞുനടന്നതിന്റെ പൊരുളെന്താണെന്നു നോക്കിക്കാണുന്നതു രസകരമായിരിക്കും. അക്കാലത്തെ (ഇടക്കാലത്തെയും) സംഭവഗതികരം അവരുടെ ഇഷ്ടത്തിനൊത്തതായിരുന്നില്ല. പഴയ കൊളോണിയൽ മർദ്ദക വ്യവസ്ഥിതിക്കെതിരെ മർദ്ദിത ജനതകരം എല്ലായിടത്തും സമരകാഹളം മുഴക്കിത്തുടങ്ങി. വിദേശ മർദ്ദകർക്കും ആക്രമണകാരികരംക്കുമെതിരായി പോരാടുന്ന സകല ജനതകരംക്കും സോവിയററു യൂണിയൻ കലവറയില്ലാത്ത പിന്തുണ നൽകിപ്പോന്നു; ഇപ്പോഴും നൽകുന്നു. അതിനെയാണ് സോവിയററു യൂണിയന്റെ രാജ്യവിസ്തൃതീകരണ മോഹമായി പാശ്ചാത്യ ബൂർഷ്വാ സൈദ്ധാന്തികർ പ്രചരിപ്പിച്ചത്. സത്യത്തിൽ കൊളോണിയൽ ജനതകളുടെ ദേശീയ വിമോചന പ്രസ്ഥാനങ്ങളെയാണ് അവർ ഭയപ്പെട്ടിരുന്നത്. ആ പ്രസ്ഥാനത്തിന് സോവിയററ് യൂണിയൻ നിസ്വാർത്ഥവും നിർല്ലോഭവുമായ പിന്തുണ നൽകിപ്പോന്നതിനെ വളച്ചൊടിച്ചു വികൃത

മാക്കി ബഹുജനസമക്ഷം ശ്രമിക്കുകയായിരുന്നു അവർ.

ചർച്ചയിൽ ശീതയുദ്ധം ഉൽഘാടനം ചെയ്ത് ഏതാനും മാസം കഴിഞ്ഞപ്പോളാണ് ന്യൂയോർക്കിൽ ആററമിക് എനർജി കമ്മീഷൻെറ രണ്ടാമത്തെ യോഗം ചേർന്നത്. ആററമിക് ആയുധങ്ങളുടെ ഉൽപാദനവും ഉപയോഗവും നിരോധിക്കുകയും ഉണ്ടാക്കി ശേഖരിച്ചു വെച്ചിട്ടുള്ള അത്തരം ആയുധങ്ങൾ മൂന്നു മാസത്തിനകം നശിപ്പിക്കാനാവശ്യപ്പെടുകയും ചെയ്യുന്ന ഒരുടമ്പടിയുടെ കരട് സോവിയററ് യൂണിയൻ പ്രസ്തുത യോഗത്തിൽ സമർപ്പിച്ചു.

അണുശക്തി ഉപയോഗപ്പെടുത്തുന്നതിന് സോവിയററ് യൂണിയൻ എതിരായിരുന്നില്ല. പക്ഷെ അത് സമാധാനപരമായ ആവശ്യങ്ങൾക്കേ ഉപയോഗിക്കാവൂ; മനുഷ്യൻെറ നൻമക്കായിട്ട്, അവൻെറ ജീവിതനിലവാരവും ക്ഷേമൈശ്വര്യങ്ങളും ഉയർത്താനായിട്ട്, മാത്രമെ ഉപയോഗിക്കാവൂ എന്ന് സോവിയററ് യൂണിയന് നിർബന്ധമുണ്ട്.

സോവിയററു യൂണിയൻെറ നിർദ്ദേശം ചർച്ച ചെയ്തുകൊണ്ടിരുന്നതിനിടയിൽ 1946 ജൂലായ് 1-ന് ബിക്കിനിയിൽ അമേരിക്ക ആററംബോംബുകൾ പരീക്ഷണാർത്ഥം പൊട്ടിച്ചു. മനപ്പൂർവ്വമായുള്ള ഒരു പ്രകോപനമായിരുന്നു അതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

സോവിയററ് നിർദ്ദേശമനുസരിച്ച് അണുവായുധങ്ങളുടെ നിർമ്മാണം നിറുത്തിവെക്കാൻ അന്ന് അമേരിക്ക സമ്മതിച്ചിരുന്നെങ്കിൽ പുതിയ ഒരായുധപ്പന്തയത്തെ മുളയിൽത്തന്നെ നുള്ളിക്കളയാൻ കഴിയുമായിരുന്നു. അമേരിക്കയുടെയും മററു മുതലാളിത്ത രാജ്യങ്ങളുടെയും നേതാക്കളുടെ ഗോഗ്വാ വിളികൾ സോവിയററ് യൂണിയനെതിരായിട്ടുള്ളതാണെന്ന് സോവിയററ് നേതൃത്വത്തിന് വ്യക്തമായിരിക്കു

മ്പോൾ അമേരിക്കയുടെ അണുവായുധ നിർമ്മാണം കയ്യും കെട്ടി നോക്കിയിരിക്കാൻ അവർക്കു സാധിക്കാമോ?

ഒരു നിരായുധീകരണ കമ്മീഷൻ രൂപീകരിക്കണമെന്നും തൊണ്ണൂറു ദിവസത്തിനകം സാമാന്യ നിരായുധീകരണത്തിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ അതിനെ ചുമതലപ്പെടുത്തണമെന്നും 1946 ഡിസംബറിൽ ചേർന്ന യു. എൻ. രക്ഷാസമിതി യോഗത്തിൽ സോവിയററ് യൂണിയൻ നിർദ്ദേശിച്ചു. അതിനുശേഷം 1947 അവസാനിക്കുന്നതിനുമുമ്പ് അണുവായുധ നിരോധം സംബന്ധിച്ചും അണുശക്തി ഉപയോഗപ്പെടുത്തുന്നതിൻെറമേൽ സാർവ്വദേശീയ നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ചും അനേകം നിർദ്ദേശങ്ങൾ സോവിയററ് യൂണിയൻ ലോകസമക്ഷം സമർപ്പിക്കുകയുണ്ടായിട്ടുണ്ട്.

അതൊക്കെ അമേരിക്ക തള്ളിക്കളയുകയാണുണ്ടായത്. എന്തുകൊണ്ട്? സോഷ്യലിസ്റ്റ് രാഷ്ട്ര സമുച്ചയത്തെ ഭീഷണിപ്പെടുത്തി മുട്ടുകുത്തിക്കാനായി അണുവായുധ കുത്തക ഉപയോഗിക്കാൻ അമേരിക്ക ആഗ്രഹിച്ചു എന്നതുതന്നെയാണ് അതിനു കാരണം. നിരായുധീകരണത്തിനും അണുവായുധങ്ങൾ നിരോധിക്കുന്നതിനും വേണ്ടി സോവിയററ് യൂണിയൻ പല പല നിർദ്ദേശങ്ങളും മുമ്പോട്ടു വെച്ചുകൊണ്ടിരുന്ന അക്കാലത്ത് 1946 സെപ്തംബറിൽ പ്രസിഡണ്ട് ട്രൂമാൻെറ ഉപദേഷ്ടാക്കൾ ഒരു റിപ്പോർട്ട് തയ്യാറാക്കി അദ്ദേഹത്തിനു സമർപ്പിച്ചു. അമേരിക്കൻ വിദേശനയതന്ത്രമാണതിൽ ആവിഷ്ക്കരിക്കപ്പെട്ടിരുന്നത്. സോവിയററ് യൂണിയൻെറ സാർവ്വദേശീയ സ്വാധീനം കുറക്കുകയും ദേശീയ വിമോചനപ്രസ്ഥാനങ്ങളെ അടിച്ചമർത്തുകയും ചെയ്യുക എന്നതായിരുന്നു പ്രസ്തുത തന്ത്രത്തിൻെറ ലക്ഷ്യം. പ്രസ്തുത ലക്ഷ്യങ്ങൾ നേടാനായി ഒരു വലിയ യുദ്ധത്തിനു തയ്യാറെടുക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെ

ട്ടിരുന്നു. തന്നെയുമല്ല, അത്തരമൊരു യുദ്ധത്തിൽ അമേരിക്ക സോവിയററ് യൂണിയനെതിരായി അണു വായുധങ്ങളും രോഗാണു ആയുധങ്ങളും ഉപയോഗിക്ക ണമെന്ന നിർദ്ദേശവും അതിലുണ്ടായിരുന്നു!

അമേരിക്കൻ യുദ്ധക്കഴുകൻമാരുടെ എന്തുമാത്രം പ്രകോപനങ്ങളെയാണ് അക്കാലത്ത് (ഇന്നും സ്ഥിതി വ്യത്യസ്തമല്ല) സോവിയററു യൂണിയനു നേരിടേണ്ടിവന്നതെന്ന് ഓർത്തു നോക്കുക.

റഷ്യയുടെ വ്യവസായകേന്ദ്രങ്ങളിൽ അണു ബോംബുകൾ വർഷിക്കാൻ അമേരിക്ക സർവ്വവിധേന യും തയ്യാറായിരിക്കണമെന്ന് മുൻ അമേരിക്കൻ ജനറൽ മാരും വ്യോമസേനാധിപൻമാരും മററു ശീതയുദ്ധ ക്കോമരങ്ങളും പരസ്യമായി പറഞ്ഞു നടന്നിരുന്നു. ''നമ്മൾ അപ്രകാരം ചെയ്യുമെന്ന് സോവിയററ് യൂണി യനെ ബോദ്ധ്യമാക്കുകയും അത്തരം നടപടി ആവശ്യ മാണെന്ന് നമ്മുടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക യും വേണം'' എന്ന് ''ന്യൂയോർക്ക് ഹെറാൾഡ് ട്രി ബൂൺ'' ചൂണ്ടിക്കാട്ടുകയുണ്ടായി.

അങ്ങനെ പരസ്യമായ സോവിയററ് വിരുദ്ധ ഗോഗ്വാവിളികൾ നടക്കുന്നതിനിടയിൽ അന്നത്തെ യു. എസ്. സ്റ്റേററ് സെക്രട്ടറി ഡീൻ അച്ചസൻ ഇങ്ങനെ പ്രസ്താവിച്ചതായി അതേ പത്രം 1947 ഫെബ്രുവരി 11-ന് റിപ്പോർട്ട് ചെയ്തു: ''റഷ്യൻ വിദേശനയം ആക്രമണോൻമുഖവും രാജ്യവിസ്തൃതീകരണപരവു മാണെന്ന് എനിക്ക് തീർച്ചയായറിയാം.''

ആ വർഷം മാർച്ചിൽ അമേരിക്കൻ ഗവർമ്മേണ്ട് ട്രൂമാൻ ഡോക്ട്രിൻ വിളംബരം ചെയ്തു. എന്താ യിരുന്നു ട്രൂമാൻ ഡോക്ട്രിൻ എന്നു പറയുന്നതിൻെറ സാരം?

കമ്മ്യൂണിസവും ''ജനാധിപത്യ സോഷ്യലിസ'' വും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടാനാവാത്ത വിധ മുള്ള സംഘട്ടനമുണ്ടെന്നാണ് ട്രൂമാൻ സിദ്ധാന്തം

പറഞ്ഞത്. സമാധാനത്തേക്കാൾ പ്രധാനം "സ്വാതന്ത്ര്യം" (എന്തു സ്വാതന്ത്ര്യമാണാവോ?) ആണെന്ന് ട്രൂമാൻ പ്രസ്താവിച്ചു. സ്വാതന്ത്ര്യമെന്നു പറഞ്ഞാൽ സ്വകാര്യ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യമാണെന്ന വസ്തുത അദ്ദേഹം മറച്ചുവെച്ചില്ല. അമേരിക്കൻ സമ്പ്രദായം അവലംബിക്കാൻ ട്രൂമാൻ മുഴുവൻ ലോകത്തോടും അഭ്യർത്ഥിച്ചു. ആ സമ്പ്രദായത്തിലാണ് ഇന്ന് ആണ്ടുതോറും മുപ്പതിനായിരത്തോളം മനുഷ്യരാണ് കൊലപാതകികളുടെ കത്തിക്കും തോക്കിനും ഇരയാകുന്നത്. അമേരിക്കൻ സമ്പ്രദായം അമേരിക്കയിൽത്തന്നെ നിലനിൽക്കണമെങ്കിൽ അത് ലോകസമ്പ്രദായമായിത്തീരണം എന്നു പറയാനുള്ള ധൈര്യം (അതോ ചളിപ്പില്ലായ്മയോ?) ട്രൂമാനുണ്ടായിരുന്നു. ചുരുക്കി പറഞ്ഞാൽ അമേരിക്കൻ കുത്തകകൾ ലോകം അടക്കി വാഴണമെന്ന തൻെറ ആഗ്രഹമാണ് ട്രൂമാൻ തൻെറ സിദ്ധാന്തത്തിലൂടെ പ്രഖ്യാപിച്ചത്.

തുടർന്ന് സാമ്രാജ്യത്വ വാർത്താ മാദ്ധ്യമങ്ങൾ വിഷലിപ്തമായ ഒരു നുണപ്രചരണം സോവിയററു യൂണിയനെതിരായി ആരംഭിച്ചു. അത്തരം നുണപ്രചരണം സാധാരണ ജനങ്ങളെ എങ്ങിനെ ബാധിക്കുമെന്നതിന് ഒരുദാഹരണം പറയാം. 1948 മാർച്ച് 4-ന് "ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂണി"ൽ ഒരു വായനക്കാരൻ ഇപ്രകാരം എഴുതി: "ഓ! ഉണരുക അമേരിക്കാ! ആററം ബോംബിൻെറ രഹസ്യം നമുക്കു മാത്രമേ ഇപ്പോളറിയുകയുള്ളു. അതു പ്രയോഗിക്കുമെന്ന് ഭീഷണിപ്പെടുത്താനുള്ള സന്ദർഭമിതാണ്, ആവശ്യമെങ്കിൽ ആററം ബോംബുതന്നെയും ഉപയോഗിക്കണം!"

ഒരു പരിധിവരെ ജനങ്ങളുടെ മനസ്സിനെ സ്വാധീനിക്കാൻ പാശ്ചാത്യ നുണപ്രചാരണത്തിനു കഴിഞ്ഞു എന്നതിനുള്ള തെളിവാണത്. സോവിയററു യൂണിയൻ ആരെയും ഭീഷണിപ്പെടുത്തിയിരുന്നില്ല (ഇ

പ്പോഴും ഭീഷണിപ്പെടുത്തുന്നില്ല) എന്ന വസ്തുതയും ആരുമായും യുദ്ധത്തിനു പുറപ്പെടാൻ അതു തയ്യാറല്ലെന്ന സത്യവും ആരറിഞ്ഞു? വ്യത്യസ്ത സാമൂഹിക വ്യവസ്ഥിതികളോടുകൂടിയ രാഷ്ട്രങ്ങളുടെ സമാധാനപരമായ സഹവർത്തിത്വം എന്നതാണ് തങ്ങളുടെ നയമെന്ന് സോവിയററു വക്താക്കരം ആവർത്തിച്ചൂന്നി പറഞ്ഞുകൊണ്ടിരുന്നു. അതൊക്കെ പാശ്ചാത്യ മാദ്ധ്യമങ്ങരം സ്വന്തം നാട്ടിലെ ജനങ്ങളിൽനിന്ന് ഒളിച്ചുവെച്ചു.

അതേസമയംതന്നെ, ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നവർക്കെല്ലാം സകലവിധ സഹായവും സോവിയററ് യൂണിയൻ നൽകിക്കൊണ്ടിരുന്നു. അക്കാര്യത്തിൽ പാശ്ചാത്യകോയ്മകളുമായി സഹവർത്തിത്വമൊന്നുമുണ്ടായിരുന്നില്ല.

നാൽപതുകളുടെ രണ്ടാം പകുതി ആയപ്പോഴേക്ക് ദേശീയ വിമോചനപ്രസ്ഥാനം മിക്കവാറും മുഴുവൻ ഏഷ്യയേയും സമാശ്ലേഷിച്ചു കഴിഞ്ഞിരുന്നു. ജനതകളുടെ ദേശീയ വിമോചനസമരങ്ങളെ ഇണക്കാനും കൊളോണിയലിസ്റ്റുകളുടെ ആക്രമണ നടപടികളെ പരാജയപ്പെടുത്താനും സോവിയററു യൂണിയൻ അതിൻെറ സാർവ്വദേശീയ അന്തസ്സ് മുഴുവൻ ഉപയോഗിച്ചു.

കൊളോണിയലിസ്റ്റുകളുടെ ലോകം ചുരുങ്ങിച്ചുരുങ്ങി വന്നു. അവരതറിയുകയും ചെയ്തിരുന്നു. പക്ഷെ ആ പ്രക്രിയ ചരിത്രപരവും അനിവാര്യവുമായ ഒരാവശ്യമാണെന്ന് അവർ മനസ്സിലാക്കിയില്ല. കോളനികളിലെ ജനതകളുടെ സമ്പത്തു കൊള്ളയടിക്കാൻ അവർക്കു ജൻമാവകാശമുണ്ടെന്നാണ് ആ വിഡ്ഢികരം കരുതിയത്. ''കമ്മ്യൂണിസത്തെ പുരുട്ടിക്കെട്ടുക'' വഴി ആ അവകാശം എന്നെന്നേക്കും നിലനിറുത്താമെന്ന് അവർ വിശ്വസിച്ചു.

ദേശീയ വിമോചന സമരങ്ങളെയും അവയ്ക്ക് സോവിയററ് യൂണിയൻ നൽകുന്ന പിന്തുണയെയും

സോവിയററു ലോകാധിപത്യവാഞ്ഛയായി ബൂർഷ്വാ പ്രചാരകർ വ്യാഖ്യാനിച്ചു. സോഷ്യലിസത്തിൻ കീഴിൽ മാത്രമെ അദ്ധ്വാനിക്കുന്ന സകലർക്കും ന്യായവും സമാധാനപരവുമായ ജീവിതത്തിനുറപ്പുണ്ടാകുകയുള്ളു എന്ന് കൂടുതൽ കൂടുതൽ ജനതകഠം മനസ്സിലാക്കിയെങ്കിൽ അതിനു സോവിയററു യൂണിയനെ കുററപ്പെടുത്തിയിട്ടെന്തു കാര്യം? പുതുതായി സ്വാതന്ത്ര്യം നേടിയ അനേകം രാജ്യങ്ങഠം സോഷ്യലിസ്റ്റു പാത അവലംബിച്ചു. കൊളോണിയൽ ഭൂതകാലത്തിൻെറ പൈതൃകമായ പിന്നോക്കാവസ്ഥയിൽനിന്നു കരകയറാനും സോഷ്യലിസ്റ്റ് പാതയിൽക്കൂടി മുന്നേറാനും ഇളം സ്വതന്ത്രരാഷ്ട്രങ്ങഠംക്കു സ്വാഭാവികമായും സോവിയററു യൂണിയൻ സർവ്വവിധ പിന്തുണയും നൽകി; ഇപ്പോഴും നൽകുന്നു. ഇത് രാജ്യവിസ്തൃതീകരണമോഹത്തിൻെറയോ ലോകാധിപത്യവാഞ്ഛയുടെയോ ലക്ഷണമായി വ്യാഖ്യാനിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ തനി വിഡ്ഢിത്തവും ആത്മവഞ്ചനയുമാണു.

രണ്ടാം ലോകമഹായുദ്ധകാലത്തോ അതിനു മുമ്പോ പിമ്പോ മററാരുടെയെങ്കിലും ഒരു തുണ്ടു ഭൂമി കൈക്കലാക്കാനോ പ്രകൃതവിഭവങ്ങഠം കൊള്ളയടിക്കാനോ സോവിയററു യൂണിയൻ ശ്രമിച്ചിട്ടില്ല. അത്തരം ലക്ഷ്യങ്ങഠം ഇല്ലെന്ന് സോവിയററ് യൂണിയൻ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുമുണ്ട്. അത്തരം ലക്ഷ്യങ്ങഠം സോഷ്യലിസത്തിന് ആവശ്യമാണ്.

പക്ഷെ, ''കമ്മ്യൂണിസത്തെ ചുരുട്ടിക്കെട്ടുക'' എന്ന പാശ്ചാത്യ സിദ്ധാന്തത്തിൻെറ ലക്ഷ്യം ജനതകളുടെ ദേശീയ വിമോചനസമരത്തെ അടിച്ചമർത്തുക എന്നതാണ്. അതോടൊപ്പം സോവിയററു യൂണിയനു ചുററിലും അനേകം സൈനിക ബ്ലോക്കുകഠം സ്ഥാപിക്കുകയും അവർ ചെയ്യുന്നു.

അങ്ങനെ 1949-ൽ അവർ ''നാറേറാ'' രൂപീകരിച്ചു. അങ്ങനെ ആദ്യമായി സമാധാനകാലത്ത് അമേ

രിക്ക യൂറോപ്യൻ രാജ്യങ്ങളുമായി ചേർന്ന് ഒരു സൈനിക സഖ്യമുണ്ടാക്കി. അക്കാലത്താണ് ട്രൂമാൻെറ നാലിന പരിപാടി വിളംബരം ചെയ്യപ്പെട്ടത്. എന്താണാ നാലിന പരിപാടി? കോളനികൾക്കും ആശ്രിത രാജ്യങ്ങൾക്കും സാങ്കേതിക സഹായം നൽകാൻ വ്യവസ്ഥചെയ്യുന്നതായിരുന്നു അത്. പക്ഷെ ഒരു കാര്യം... അങ്ങനെ സാങ്കേതിക സഹായം തേടുന്നവർ അമേരിക്കയിൽനിന്ന് ജനാധിപത്യവും പഠിക്കണം!

''നാറേറാ''യുടെ രൂപീകരണത്തോടെ കമ്മ്യൂണിസത്തെ തടഞ്ഞു നിറുത്തുകയെന്ന കുപ്രസിദ്ധ സിദ്ധാന്തത്തിൻെറ ഭൗതികരൂപമായിത്തീർന്നു സൈനിക ബ്ലോക്കുകൾ. അങ്ങനെയൊക്കെ സാമ്രാജ്യവാദികൾ ചെയ്തെങ്കിലും കമ്മ്യൂണിസത്തെ തടഞ്ഞുനിറുത്താൻ അവർക്കു കഴിഞ്ഞില്ല. ചൈനയിൽ വിപ്ലവം വിജയിച്ചു. കിഴക്കൻ യൂറോപ്പിൽ അനേകം രാജ്യങ്ങൾ സോഷ്യലിസ്റ്റു പാത അവലംബിച്ചു.

1950-ൽ അമേരിക്ക കൊറിയയിൽ സായുധ കൈകടത്തൽ നടത്തി. അമേരിക്ക ആത്മരക്ഷയ്ക്കുവേണ്ടിയാണ് കൊറിയയിൽ കടന്നു കയറിയതെന്ന് വാഷിംഗ്ടൻ പറഞ്ഞു. അത് യുക്തിക്കും സത്യത്തിനും നിരക്കാത്ത ഒരു വാദഗതിയാണെന്ന് മുഴുവൻ ലോകത്തിനും അറിയാമായിരുന്നു. കൊറിയയിൽ അമേരിക്ക നടത്തുന്ന യുദ്ധം അവസാനിപ്പിക്കാൻ സോവിയററു യൂണിയൻ ആവശ്യപ്പെട്ടു. കൊറിയൻ യുദ്ധം അമേരിക്കൻ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകിയെന്നു പറഞ്ഞുകൊള്ളട്ടെ. അമേരിക്കൻ സമ്പദ്ഘടന 1949-ൽ വീണ്ടും കുഴപ്പത്തിലായി. അതിൽനിന്നു കരകയറാൻ ഒരു പരിധിവരെ കൊറിയൻ യുദ്ധം അമേരിക്കൻ കുത്തകകളെ സഹായിച്ചു. പതിനായിരക്കണക്കിനു മനുഷ്യർ രണ്ടു ഭാഗത്തും ചത്തു മണ്ണടിഞ്ഞു എന്നത് അവരെ സംബന്ധിച്ചേടത്തോളം നിസ്സാരമായ കാര്യമാണ്. കൊറിയൻ യുദ്ധം തുടങ്ങിയതോടെ അമേരിക്കൻ മുതലാളിമാരും അവരു

ടെ വക്താക്കളും സമൃദ്ധിയെപ്പററി പറഞ്ഞുതുടങ്ങി, കൂടുതലാളുകഠംക്കു തൊഴിൽ ലഭിച്ചു. ഓവർടൈം വഴി തൊഴിലാളികളുടെ വരുമാനം വർദ്ധിച്ചു. വില വർദ്ധിച്ചെങ്കിലും ഒരു പരിധിവരെ അതിനെ നേരിടാൻ ശമ്പളവർദ്ധന ഉണ്ടായി. ഒരു കൊച്ചു യുദ്ധത്തിമൻെറ നേട്ടങ്ങളായിരുന്നു അതെല്ലാം!

കൊറിയയിലെ രക്തച്ചൊരിച്ചിൽ മൂന്നു വർഷക്കാലം നീണ്ടുനിന്നു. ഒടുവിൽ ഒരു വെടിനിറുത്തൽ കരാർ ഒപ്പുവെക്കപ്പെട്ടു.

അതിനുമുമ്പ്, 1949-ൽ സോവിയററു യൂണിയൻ അതിൻെറ ഒന്നാമത്തെ ആററംബോംബ് പരീക്ഷിച്ചുനോക്കി. അതോടുകൂടി അമേരിക്കയുടെ ആററംബോംബു കുത്തക തകർന്നു. ആ കുത്തക തകർക്കേണ്ടത് സോവിയററു യൂണിയന് ഒരാവശ്യമായിരുന്നു. ശരിയാണ്, ആററംബോംബു നിരോധിക്കണമെന്ന് സോവിയററു യൂണിയൻ നിരന്തരം വാദിച്ചുപോന്നിരുന്നു (ഇന്നും അത് അപ്രകാരം വാദിക്കുന്നു). പക്ഷെ പാശ്ചാത്യകോയ്മകളിൽനിന്ന് അനുകൂലമായ പ്രതികരണമൊന്നും ഉണ്ടായില്ല. അണുബോംബുപോലെ പൈശാചികമായ ഒരു കൂട്ടസംഹാരായുധം കാട്ടി അമേരിക്കയും മററു പാശ്ചാത്യ കോയ്മകളും ഭീഷണിപ്പെടുത്തുന്നത് എത്രകാലം കയ്യുംകെട്ടി നോക്കിയിരിക്കാൻ കഴിയും സോവിയററു യൂണിയന്? ആററംബോംബു നിരോധിക്കാനുളള സോവിയററു നിർദ്ദേശം അമേരിക്ക സ്വീകരിച്ചിരുന്നെങ്കിൽ സോവിയററു യൂണിയൻ ആററംബോംബു നിർമ്മാണമെന്ന ധൂർത്തിന് ഒരിക്കലും ഒരുമ്പെടുമായിരുന്നില്ല.

1950-ൽ ലെനിൻെറ 80-ാം ജൻമദിനവാർഷികത്തുന്നാഠം സോവിയററു പത്രങ്ങഠം ലെനിൻ അതിനു മുപ്പതു വർഷക്കാലം മുമ്പു പറഞ്ഞ ഒരു കാര്യം അനുസ്മരിച്ചു: ''അമേരിക്കൻ മുതലാളിമാർ ഞങ്ങളെ തൊടാതിരുന്നാൽ ഞങ്ങഠം അവരെയും തൊടുകയില്ല.''

ശീതയുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്തും സോവിയററു യൂണിയൻ ആവർത്തിച്ചു പറഞ്ഞിരുന്നു സമാധാനപരമായ സഹവർത്തിത്വത്തിന്റെ സാദ്ധ്യതയെയും ആവശ്യകതയെയും പററി. 1950 ഏപ്രിൽ 23-ന് ന്യൂയോർക്കു ടൈംസ് ഇപ്രകാരം റിപ്പോർട്ടു ചെയ്തു: സോവിയററ് ജനങ്ങൾ യുദ്ധം ആഗ്രഹിക്കുന്നില്ല. അവർക്ക് അതിന്റെ ആവശ്യമില്ല. തങ്ങളുടെ ഭരണകർത്താക്കളുടെ ആക്രമണോൽസുകനയത്തെ ന്യായീകരിക്കാനായി സാമ്രാജ്യത്വ സൈദ്ധാന്തികർ പറഞ്ഞു പ്രചരിപ്പിക്കുന്നതാണ് യുദ്ധം അനിവാര്യമാണെന്ന്.

# VI. 1950-നും 1980-നും ഇടക്കുള്ള കാലം

## 1. സമാധാന മുൻകൈകൾ

**സോ**വിയററു യൂണിയൻ സുസ്ഥിരമായി അതിൻെറ സമാധാനനയം പിന്തുടരുന്നു. സമാധാനപരമായ സഹവർത്തിത്വം, സ്വാതന്ത്ര്യത്തിനും സ്വാശ്രിതത്വത്തിനും വേണ്ടി പോരാടുന്നവർക്കു പിന്തുണ, തുല്യതയുടെയും പരസ്പര പ്രയോജനത്തിൻെറയും അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രങ്ങളുമായി ആരോഗ്യകരമായ സഹകരണം, നിരായുധീകരണത്തിനു വേണ്ടിയും ആയുധമൽസരത്തിനെതിരായും അവിരാമമായ പോരാട്ടം എന്നിവയാണ് പ്രസ്തുത നയത്തിൻെറ മുഖ്യ തത്വങ്ങൾ. ഈ തത്വങ്ങൾ സോവിയററു യൂണിയൻ മുറുകെ പിടിക്കുന്നു എന്നതിനു തെളിവേകുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചില സംഭവങ്ങൾ ഇവിടെ ചുരുക്കമായി പ്രതിപാദിക്കാം.

സോവിയററു യൂണിയൻ അമേരിക്കയുടെ അണുവായുധക്കുത്തക തകർത്തപ്പോളെങ്കിലും അത്തരം പൈശാചികായുധങ്ങളുടെ ഫലശൂന്യതയെപ്പററി അമേരിക്കക്കും കൂട്ടർക്കും ബോധോദയമുണ്ടാകേണ്ടതായിരുന്നു. ആയുധങ്ങൾ ഒരിക്കലും മനുഷ്യൻെറ കഷ്ടപ്പാടിനും ദാരിദ്ര്യത്തിനും പരിഹാരമായിരുന്നിട്ടില്ല, പിന്നെയോ അതൊക്കെ വർദ്ധിച്ചിട്ടേയുള്ളു. ഇതാർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്.

സോവിയററു യൂണിയൻ ആററംബോംബുണ്ടാക്കി; ഉണ്ടാക്കാൻ നിർബന്ധിതമായി എന്നു പറയുന്ന

താണ്‌ ശരി. എന്നാൽ അതിനുശേഷവും സമ്പൂർണ്ണമായ നിരായുധീകരണത്തിനുവേണ്ടി അത്‌ അക്‌ഷീണം വാദിച്ചുപോന്നു. പക്‌ഷെ പാശ്‌ചാത്യ കോയ്‌മകൾക്ക്‌ അതു അംഗീകരിക്കാനാവശ്യമായ രാഷ്‌ട്രീയവും ധാർമ്മികവുമായ ഇച്‌ഛാശക്‌തി ഇനിയും കൈവന്നിട്ടില്ല.

പാശ്‌ചാത്യ നേതാക്കളുടെ ചിന്ത മററൊരു വഴിക്കാണ്‌ പാഞ്ഞത്‌. സോവിയററു യൂണിയൻ ആററം ബോംബു കണ്ടുപിടിച്ച സ്‌ഥിതിക്ക്‌ അതിലും മാരകമായ എന്തെങ്കിലും ആയുധം കണ്ടുപിടിക്കണമെന്ന ചിന്ത അവരെ പിടികൂടി. എങ്ങിനെയെങ്കിലും സോവിയററു യൂണിയനെ വകവരുത്തണമെന്നതാണല്ലൊ അവരുടെ ലക്‌ഷ്യം. സോഷ്യലിസ്റ്റു വ്യവസ്‌ഥിതി നിലനിൽക്കുന്നതും വളരുന്നതും മുതലാളിത്തത്തിൻെറ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുമെന്ന്‌ അവർക്കറിയാം. സോവിയററു യൂണിയൻ വിപ്ലവം കയററുമതി ചെയ്യുകയോ ലോകം വെട്ടിപ്പിടിക്കാൻ തുനിയുകയോ ചെയ്യും എന്നതല്ല അതിനു കാരണം. അത്തരം ലക്‌ഷ്യങ്ങളൊന്നും സോവിയററു യൂണിയനില്ല. അക്കാര്യം അവർക്കും അറിയാം. പിന്നെ എന്താണവർ സോവിയററു യൂണിയനെയും സോഷ്യലിസത്തെയും ഇത്രയധികം ഭയപ്പെടാൻ കാരണം? മുതലാളിത്തത്തിൻെറ തകർച്ചയും സോഷ്യലിസത്തിൻെറ നിരന്തരമായ ഉയർച്ചയും ലോകം മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്‌. അങ്ങനെ സോഷ്യലിസത്തിൻെറ മേൻമ ലോകമാസകലമുള്ള മനുഷ്യർക്കു ബോദ്‌ധ്യമായിക്കൊണ്ടിരിക്കുന്നു. അതാണ്‌ അവരുടെ ശത്രുതക്കു കാരണം.

അതുകൊണ്ട്‌ ആററംബോംബിനെ വെല്ലുന്ന ഹൈഡ്രജൻ ബോംബ്‌ അവർ കണ്ടുപിടിച്ചു. പക്‌ഷെ അമേരിക്കയുടെ ആ കുത്തകയും നീണ്ടാറം വാണില്ല. അമേരിക്ക പൊട്ടിച്ചതിൻെറ പിറേറ വർഷംതന്നെ സോവിയററു യൂണിയനും പൊട്ടിച്ചു ഒരു ഹൈഡ്രജൻ

ബോംബ്. അങ്ങിനെ തുടർന്നു ആയുധമൽസരം. ഇവിടെ ഒരു കാര്യം ഏവരും ഓർക്കേണ്ടതുണ്ട്. ആയുധമൽസരത്തിനു കാരണം വൻശക്തിമാൽസര്യമല്ല. അമേരിക്കയാണ് കൂട്ടക്കൊലക്കുള്ള മാരകായുധങ്ങളെല്ലാം ആദ്യം ഉണ്ടാക്കിയത്. അപ്പോഴം അത്തരം ആയുധങ്ങളുണ്ടാക്കാൻ സോവിയററു യൂണിയൻ നിർബന്ധിതമായതാണ്.

സോവിയററു യൂണിയൻെറ സമാധാനവാഞ്ഛയും അന്താരാഷ്ട്ര തർക്കപ്രശ്നങ്ങഠംക്കു സമാധാനപരമായ പരിഹാരം കാണാനുള്ള ആഗ്രഹവും 1955 ഫെബ്രുവരിയിൽ യു. എസ്. എസ്. ആർ. സുപ്രീം സോവിയററു പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ ഉടനീളം കാണാവുന്നതാണ്. ലോകസമാധാനം ദൃഢീകരിക്കപ്പെട്ടു കാണാൻ എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നെന്നും സമാധാനശക്തികഠം നിരന്തരം വളർന്നുകൊണ്ടിരിക്കുന്നതിനാലും ആക്രമണത്തിൻെറതും യുദ്ധത്തിൻെറതുമായ ശക്തികളേക്കാഠം അവരിന്നു കൂടുതൽ ബലമുള്ളവരായിരിക്കുന്നതിനാലും, മറെറാരു ലോകയുദ്ധം ഒഴിവാക്കാൻ ലോകജനതക്കു കഴിയുമെന്നും ആ പ്രഖ്യാപനം ഊന്നിപ്പറഞ്ഞു. പ്രതിനിധിസംഘങ്ങളെ അയക്കുകവഴി എല്ലാ രാജ്യങ്ങളിലെയും പാർലമെൻറുകഠം തമ്മിൽ നേരിട്ടു സമ്പർക്കം പുലർത്തിക്കൊണ്ട് സുഹൃൽബന്ധങ്ങളും സഹകരണവും വളർത്താൻ ജനതകഠംക്കുള്ള ആഗ്രഹം നിറവേററാൻ യു. എസ്. എസ്. ആർ. സുപ്രീം സോവിയററ് അഭ്യർത്ഥിച്ചു.

നിലവിലുള്ള നീറുന്ന പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യാനായി ബന്ധപ്പെട്ട രാജ്യങ്ങളുടെ ഒരു ഉച്ചകോടിസമ്മേളനം നടത്താൻ സോവിയററ് യൂണിയൻ നിർദ്ദേശിച്ചു. യൂറോപ്പിൽ കൂട്ടുരക്ഷാ സമ്പ്രദായം ഏർപ്പെടുത്താനും ആയുധം കുറവു ചെയ്യാനും അണുവായുധങ്ങഠം നിരോധിക്കാനുമൊക്കെ സോവിയററ് യൂണിയൻ ആഗ്രഹിച്ചു.

സോവിയററ് യൂണിയൻെറ കൈവശം നൂക്ലിയർ ആയുധങ്ങളുണ്ട്. എന്നിരുന്നാലും, സാർവ്വദേശീയ സംഘർഷത്തിൽ അയവു വരുത്താനും അമേരിക്ക ഉൾപ്പെടെ എല്ലാ രാജ്യങ്ങളുമായും നല്ല ബന്ധം വളർത്താനുമുള്ള ഉദ്യമം അതു കുറക്കുകയുണ്ടായിട്ടില്ല.

യുദ്ധത്തിനു വേണ്ടിയുള്ള പ്രചാരണം നിരോധിക്കണമെന്ന സ്വന്തം നിർദ്ദേശമനുസരിച്ച് 1951-ൽ ''ഡിഫൻസ് ഓഫ് പീസ് ആക്ട്'' എന്നൊരു നിയമം യു. എസ്. എസ്. ആർ. സുപ്രീം സോവിയററ് അംഗീകരിച്ചു. യുദ്ധത്തിനു അനുകൂലമായ പ്രചാരണം സമാധാനത്തിൻെറ താൽപര്യത്തെ തുരങ്കംവെക്കുമെന്നും യുദ്ധവിപത്ത് വർദ്ധിപ്പിക്കുമെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് യുദ്ധത്തിനുവേണ്ടിയുള്ള പ്രചാരണം മനുഷ്യരാശിക്കെതിരായ ഒരു മഹാപാതകമാണെന്ന് ആ നിയമം പ്രഖ്യാപിച്ചു.

സോവിയററ് യൂണിയൻ അതിൻെറ ആദ്യത്തെ ഹൈഡ്രജൻ ബോംബു പരീക്ഷിച്ച് ഒരു മാസം കഴിഞ്ഞപ്പോഴാണ്, പുതിയ ഒരു ലോകയുദ്ധം ഒഴിവാക്കുകയും സമാധാനം ശക്തിപ്പെടുത്തുകയും ജനതകൾ തമ്മിലുള്ള സൗഹൃദം വളർത്തുകയും ചെയ്യാനുള്ള ഒരു നിർദ്ദേശം സോവിയററ് യൂണിയൻ ഐക്യരാഷ്ട്ര സഭക്കു സമർപ്പിച്ചത്. എല്ലാ രാജ്യങ്ങളും ആയുധം കുറവു ചെയ്യുന്നതിന്നുള്ള ഒരു പരിപാടി ആവിഷ്കരിക്കാനായി ഒരു സാർവ്വദേശീയ സമ്മേളനം വിളിച്ചുകൂട്ടണമെന്നും സോവിയററ് യൂണിയൻ നിർദ്ദേശിച്ചു. പക്ഷെ പ്രസ്തുത നിർദ്ദേശങ്ങൾക്ക് അമേരിക്കയിൽനിന്നും മററു പാശ്ചാത്യ രാജ്യങ്ങളിൽനിന്നും യാതൊരു പ്രതികരണവുമുണ്ടായില്ല.

ആയുധമൽസരപ്രശ്നം മററു രാജ്യങ്ങളുമായി ചർച്ച ചെയ്യാൻ അമേരിക്ക തയ്യാറാണെന്ന് പ്രസിഡണ്ട് ഐസൻഹോവർ 1953-ൽ പ്രഖ്യാപിക്കുകയുണ്ടായി. സോവിയററ് യൂണിയൻ ഉടൻ അതിനെ സ്വാഗതം ചെയ്തു. അത്തരമൊരു ചർച്ചയിൽ പങ്കെടുക്കാൻ

തയ്യാറാണെന്നും അതു പ്രസ്താവിച്ചു. രാഷ്ട്രങ്ങഠം തമ്മിൽ നല്ല ബന്ധം പുലർത്തുന്നതിന്നു ചില തത്വ ങ്ങഠം അംഗീകരിക്കേണ്ടതുണ്ടെന്നും പ്രസ്തുത തത്വ ങ്ങഠം ഒരു രാജ്യത്തിൻെറയും താൽപര്യങ്ങഠംക്കു വിരു ദ്ധമല്ലെന്നുമാത്രമല്ല അവ എല്ലാ രാജ്യങ്ങളുടെയും തൽപര്യങ്ങഠം വളർത്താനും ലോകസമാധാനവും ഭദ്രത യും ദൃഢീകരിക്കാനും സഹായിക്കുന്നവയാണെന്നും സോവിയററ് പ്രസ്താവന എടുത്തുപറഞ്ഞു. സൈ നികകൂട്ടുകെട്ടുകളുണ്ടാക്കരുതെന്നതാണ് ഒന്നാമത്തെ തത്വം. സൈനിക താവളങ്ങളുണ്ടാക്കരുത് എന്നത് അടുത്ത തത്വം. മററു രാജ്യങ്ങഠംക്കെതിരെ അട്ടിമറി ന ടത്തുന്നതിന്ന് ഒത്താശ ചെയ്യരുതെന്നും സോവിയററ് യൂണിയൻ നിർദ്ദേശിച്ചു. ഇപ്പറഞ്ഞതെല്ലാം സാർ വ്വദേശീയ സൗഹൃദം വളർത്തുന്നതുമായി പൊരുത്ത പ്പെടുന്നവയല്ലെന്ന് സോവിയററ് പ്രസ്താവന ചൂ ണ്ടിക്കാട്ടി.

സോവിയററ് യൂണിയൻെറ നിലപാട് തികച്ചും ന്യായമാണ്. അന്ന് സോവിയററ് യൂണിയനും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളും അമേരിക്ക ഉണ്ടാക്കിയ സൈനികകൂട്ടുകെട്ടുകളാലും സൈനിക താവളങ്ങളാ ലും ചുററിവളയപ്പെട്ടിരുന്നു. ഇന്നും സ്ഥിതി വ്യ ത്യസ്തമല്ല. അമേരിക്കൻ പണംകൊണ്ട് യൂറോപ്പിൽ പ്രവർത്തിക്കുന്ന റേഡിയോ ഫ്രീ യൂറോപ്പ്, റേഡി യോ ലിബറേഷൽ (പിന്നീടതിൻെറ പേർ റേഡിയോ ലിബർട്ടി എന്നാക്കി) എന്നീ റേഡിയോ നിലയങ്ങഠം സോവിയററു യൂണിയനും മററു സോഷ്യലിസ്റ്റ് രാജ്യ ങ്ങഠംക്കുമെതിരായി പ്രകോപനപരമായ പ്രചാരണം നടത്തുകയും അട്ടിമറിക്ക് ആഹ്വാനം നൽകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

പ്രസിഡൻറ് ഐസൻഹോവറുടെ മേലെ പറഞ്ഞ പ്രസ്താവന വന്ന് രണ്ടു വർഷം കഴിഞ്ഞപ്പോഠം "നാറേറാ"ക്കു സദൃശമായ രണ്ടു സൈനികകൂട്ടുകെട്ടു കഠം ഉണ്ടായി — "സിയാറേറാ"യും ബാഗ്ദാദ് പാ

ക്ററും. (ബാഗ്ദാദ് പാക്ററിൻെറ പേർ പിന്നീട് ''സെൻേറാ'' എന്നാക്കി മാററി) അവയും സോവിയററു യൂണിനും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങരംക്കും എതിരായി തട്ടിക്കൂട്ടപ്പെട്ടവയാണ്. അപ്പോരം പ്രസിഡൻറ് ഐസൻഹോവറുടെ പ്രസ്താവനയുടെ അർത്ഥമെന്താണ്? സാർവ്വദേശീയ സംഘർഷം ലഘൂകരിക്കാൻ അമേരിക്ക ആഗ്രഹിക്കുന്നു എന്ന അദ്ദേഹത്തിൻെറ പ്രസ്താവന ആത്മാർത്ഥമായിരുന്നില്ല എന്നു വ്യക്തം.

സോവിയററു യൂണിയനും അമേരിക്കയും തമ്മിൽ ഒരു സൗഹൃദ-സഹകരണ ഉടമ്പടി ഒപ്പുവെക്കാമെന്ന നിർദ്ദേശം 1956 ജനുവരിയിൽ സോവിയററു യൂണിയൻ മുമ്പോട്ടു വെച്ചു. രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സാധാരണ നിലയിലാക്കാനായി വസ്തുനിഷ്ഠമായ മററു പല നിർദ്ദേശങ്ങളും സോവിയററു യൂണിയൻ അക്കൊല്ലംതന്നെ മുമ്പോട്ടു വെക്കുകയുണ്ടായി.

1958 ആദ്യത്തിൽ മാത്രമാണ്, അതും സോവിയററു യൂണിയൻെറ മുൻകയ്യോടുകൂടി, സാംസ്കാരികവും സാങ്കേതികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ വിനിമയത്തിന്നുള്ള ഒരു കരാർ ഒപ്പുവെക്കപ്പെട്ടത്. രണ്ടു രാജ്യങ്ങളുടെയും ചരിത്രത്തിൽ ആദ്യത്തെ അത്തരത്തിലുള്ള കരാറായിരുന്നു അത്. സാംസ്കാരിക സംഘടനകരം, യുവജന-വിദ്യാർത്ഥി സംഘടനകരം, സ്പോർട്സ് സ്ഥാപനങ്ങരം, ശാസ്ത്രകാര സംഘടനകരം തുടങ്ങിയവ തമ്മിൽ പ്രതിനിധിസംഘങ്ങളെ അന്യോന്യമയക്കാനുള്ള വ്യവസ്ഥ പ്രസ്തുത കരാറിലുണ്ടായിരുന്നു. പരസ്പര ധാരണ വളർത്താനുതകുന്ന ഒന്നായിരുന്നു അതെങ്കിലും അതിന് യുദ്ധ വിപത്തു നീക്കംചെയ്യാൻ കഴിവുണ്ടായിരുന്നില്ല:

സോവിയററു യൂണിയനും അമേരിക്കയും അവയുടെ സൈനിക ബജററുകരം 10–15 ശതമാനം കണ്ടു കു

റക്കണമെന്ന ഒരു നിർദ്ദേശം 1958-ൽ സോവിയററു യൂണിയൻ മുമ്പോട്ടു വെച്ചു. പക്ഷെ അതിന് അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടായ പ്രതികരണം തീർത്തും നിരാശാജനകമായിരുന്നു. പുതിയ ഒരു ആയുധ മൽസരം അമേരിക്ക ആരംഭിച്ചു. മുഖ്യമായ ലോകപ്രശ്നങ്ങൾ അമേരിക്കയുമായി ചർച്ചചെയ്യാൻ സോവിയററു യൂണിയൻ കൈക്കൊണ്ട മുൻകൈകളൊന്നും വിജയിച്ചില്ല. സോവിയററു മുൻകൈകളെ ഒന്നുകിൽ അമേരിക്ക അവഗണിച്ചുകളഞ്ഞു, അല്ലെങ്കിൽ അത്തരം സംഭാഷണങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ സൃഷ്ടിച്ചു; 1960 മേയ് മാസത്തിൽ ഒരു സോവിയററ്-അമേരിക്കൻ ഉച്ചകോടി സമ്മേളനം നടത്താൻ തീരുമാനിച്ചിരുന്നു. പക്ഷെ അതിനു തൊട്ടു മുമ്പാണ് ഒരമേരിക്കൻ യു-2 ചാരവിമാനം സോവിയററ് അതിർത്തി ലംഘിക്കുകയും സോവിയററ് യൂണിയൻ അതിനെ വെടിവെച്ചിടുകയും ചെയ്തത്. അങ്ങനെ ഉച്ചകോടി സമ്മേളനം അലസിപ്പോയി. ആഗോളസംഘർഷം ലഘൂകരിക്കാൻ വസ്തുനിഷ്ഠമായ സാദ്ധ്യതകളുണ്ടായിരുന്ന പല സന്ദർഭങ്ങളും അമേരിക്കയുടെ മനപ്പൂർവ്വമായ, നിഷേധാത്മകമായ പ്രവൃത്തികൾമൂലം നഷ്ടമാകുകയാണുണ്ടായത്.

1955-ലെ ജനീവാ ഉച്ചകോടിയുടെ കാര്യംതന്നെ ഒരു ദാഹരണമാണ്. പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത സോവിയററു പ്രതിനിധിസംഘത്തിനുള്ള നിർദ്ദേശത്തിൽ ഇപ്രകാരം വ്യക്തമാക്കിയിരുന്നു: ഈ ഉച്ചകോടിയുടെ മുഖ്യ ലക്ഷ്യങ്ങൾ സാർവ്വദേശീയ സംഘർഷത്തിൽ അയവുവരുത്തുകയും രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ അവശ്യം വേണ്ടതായ വിശ്വാസത്തിൻെറ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ്...

അമേരിക്കൻ പ്രസിഡണ്ട് ഐസൻഹോവർ സമാധാനത്തിൻെറയും നിരായുധീകരണത്തിൻെറയും പ്രശ്നങ്ങൾ ചർച്ചചെയ്യാനായി ജനീവയിൽ പറന്നെ

ത്തിയെങ്കിലും പ്രസ്തുത പ്രശ്നങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽ ഉണ്ടായിരുന്നെന്നതിൻെറ ലക്ഷണംപോലും ആർക്കും കാണാൻ കഴിഞ്ഞില്ല. ഭൂരിപക്ഷം അമേരിക്കൻ ജനങ്ങളും ശീതയുദ്ധത്തിനെതിരായിരുന്നതിനാൽ അവരെ സന്തോഷപ്പെടുത്താനായി അദ്ദേഹം ജനീവാ സമ്മേളനത്തിൽ പങ്കെടുക്കാൻ സമ്മതിച്ചെന്നുമാത്രം. തൻെറ സഹപ്രവർത്തകരിൽ ആരുംതന്നെ ഉച്ചകോടി സമ്മേളനമെന്ന ആശയത്തെ പിന്താങ്ങുന്നവരായിരുന്നില്ല എന്ന് ഐസൻഹോവർ പിന്നീടു തൻെറ ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തുകയുണ്ടായി. രാഷ്ട്രങ്ങൾ തമ്മിൽ തുല്യനിലയിൽ അന്തസ്സോടുകൂടിയ ചർച്ചക്ക് അനുകൂലമായിരുന്നില്ല ഐസൻഹോവറുടെ ഉപദേഷ്ടാക്കൾ. ഉപാധികളോടുകൂടിയ ചർച്ചയേ പാടുള്ളു എന്ന് അവർ നിർബ്ബന്ധം പിടിച്ചു. കിഴക്കെ യൂറോപ്പിലെ സോഷ്യലിസ്റ്റു രാജ്യങ്ങളുടെ ''വിമോചന'' പ്രശ്നം ചർച്ചചെയ്യാൻ സോവിയററു യൂണിയൻ സന്നദ്ധമാകണമെന്നതായിരുന്നു അവർ മുമ്പോട്ടുവെച്ച ഒരുപാധി. ഡളളസ്സിൻെറ അകമ്പടിയോടുകൂടി സമ്മേളനത്തിനെത്തിയ പ്രസിഡണ്ട് ഐസൻഹോവർതന്നെ ''അടിമകളാക്കപ്പെട്ട രാഷ്ട്രങ്ങളു''ടെ പ്രശ്നം ഉന്നയിക്കുകയുണ്ടായി. കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റു രാജ്യങ്ങളെയാണ് സാമ്രാജ്യവാദികൾ ''അടിമ രാജ്യങ്ങളെ''ന്ന പ്രയോഗംകൊണ്ട് അർത്ഥമാക്കിയിരുന്നത്. സോഷ്യലിസം കെട്ടിപ്പടുക്കുന്ന ജനതകളെ ''മോചിപ്പിക്കാൻ'' വെമ്പൽകൊണ്ട ഐസൻഹോവറും ഡളളസ്സും കൂട്ടരും സാമ്രാജ്യതപ്രോയ്മകളുടെ കോളനികളിൽ കിടന്നു നരകയാതന അനുഭവിക്കുന്ന ജനകോടികളുടെ വിമോചനത്തെപ്പററി ഒരക്ഷരം പറയുകയുണ്ടായില്ല.

ഒരു പ്രശ്നവും പരിഹരിക്കാൻ ജനീവാ സമ്മേളനത്തിനു കഴിഞ്ഞില്ല. സംഭാഷണം പരാജയപ്പെട്ടുപോകരുതെന്ന് സോവിയററു യൂണിയനു നിർബ്ബ

ന്ധമുണ്ടായിരുന്നു. അതുകൊണ്ട് പാശ്ചാത്യ കോയ്മകഠം മുമ്പോട്ടുവെച്ച ഒരു നിർദ്ദേശം (കാര്യമായയാതൊന്നും പ്രസ്തുത നിർദ്ദേശത്തിലുണ്ടായിരുന്നില്ല) സോവിയററു യൂണിയൻ സ്വീകരിച്ചു. സായുധ സേനാബലം ഒരു നിശ്ചിത പരിധിയിലേക്കു താഴ്ത്തുകയും പിന്നീട് പരമ്പരാഗത പടക്കോപ്പുകഠം കുറച്ചതിനുശേഷം ന്യൂക്ലിയർ നിരായുധീകരണം ആരംഭിക്കുകയും ചെയ്യണമെന്നതായിരുന്നു അവരുടെ നിർദ്ദേശം. ഗൗരവമേറിയ നിരായുധീകരണ പ്രശ്നത്തിൻെറ ഒരു മൂലയിൽപ്പോലും തൊടാത്ത പ്രസ്തുത നിർദ്ദേശം സോവിയററു യൂണിയൻ സ്വീകരിച്ചയുടൻ പാശ്ചാത്യകോയ്മകഠംതന്നെ അതിനെ തള്ളിപ്പറയുകയും ചെയ്തു!

എന്നിരുന്നാലും ജനീവാ സമ്മേളനം നടന്ന് ഒരു മാസം കഴിഞ്ഞപ്പോഠം സോവിയററു യൂണിയൻ വീണ്ടും ഏകപക്ഷീയമായി അതിൻെറ സേനാബലം 6,40,000 കണ്ടു കുറച്ചു. എന്നാൽ അമേരിക്ക ശീതയുദ്ധം കൂടുതൽ തീവ്രമാക്കുകയാണുണ്ടായത്. പത്തുദിവസം കഴിഞ്ഞ് പ്രസിഡണ്ട് ഐസ്ൻഹോവർ ഒരു പ്രസംഗത്തിൽ കിഴക്കെ യൂറോപ്പിലെ ''അടിമരാഷ്ട്രങ്ങളി''ലെ സ്വാതന്ത്ര്യത്തിൻെറ ദുരവസ്ഥയെ ച്ചൊല്ലി വിലപിച്ചു. അവരുടെ സ്വാതന്ത്ര്യം സമാധാനത്തിനു വിലയായി നൽകപ്പെടുന്നതല്ലെന്ന് അദ്ദേഹം പറഞ്ഞു.

ഇങ്ങനെയൊക്കെ ആണെങ്കിലും സോവിയററു നയതന്ത്രം ചില വിജയങ്ങഠം അക്കാലത്തു കൈവരിച്ചു. ആ വർഷം സെപ്തംബറിൽ ശീതയുദ്ധ വീരൻമാരിലൊരാളായ പശ്ചിമ ജർമ്മൻ ചാൻസലർ അഡനോർ മോസ്കോ സന്ദർശിക്കുകയും സോവിയററു യൂണിയനുമായി ഒരു കരാർ ഒപ്പുവെക്കുകയും ചെയ്തു. സോവിയററു യൂണിയനും പശ്ചിമ ജർമ്മനിയുമായി നയതന്ത്രബന്ധം സ്ഥാപിക്കപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ, ഒരു പത്രസമ്മേളനത്തിൽ ചാൻസലർ

അഡനോർ പരസ്യമായി സമ്മതിച്ചു സോവിയററു യൂണിയൻ സമാധാനത്തിനുവേണ്ടിയാണു നിലകൊള്ളുന്നതെന്ന്.

1956 മേയിൽ സോവിയററു യൂണിയൻ അതിൻെറ സായുധസേനാബലം പിന്നെയും 1,200,000 കണ്ടു കുറച്ചു. കൂടാതെ മൂന്ന് വ്യോമസേനാ ഡിവിഷനുകഠം പിരിച്ചുവിടുകയും 375 യുദ്ധക്കപ്പലുകഠം റിസർവിൽ വെക്കുകയും അനേകം സൈനിക സ്കൂളുകഠം അടച്ചുപൂട്ടുകയും യുദ്ധസാമഗ്രികഠം ഗണ്യമായി കുറക്കുകയും സൈനികബജററ് കുറക്കുകയും ചെയ്തു.

മോസ്കോ മുമ്പോട്ടുവെച്ച നിർദ്ദേശങ്ങഠം പാശ്ചാത്യകോയ്മകഠം തള്ളിക്കളഞ്ഞതു കാരണം നിരായുധീകരണത്തെയും സാർവ്വദേശീയ ഭദ്രതയേയും സംബന്ധിച്ച പ്രശ്നങ്ങഠം പരിഹരിക്കുന്നതിനുള്ള അനേകം സന്ദർഭങ്ങഠം നഷ്ടപ്പെട്ടതിന് ഡസ്സൻ കണക്കിന് ഉദാഹരണങ്ങഠം പറയാൻ കഴിയും.

ന്യൂക്ലിയർ ആയുധങ്ങളുടെ എല്ലാക്കാലത്തേക്കും നിരോധിക്കുന്ന ഒരു സാർവ്വദേശീയ കരാറുണ്ടാക്കണമെന്ന് 1946-ൽ മോസ്കോ നിർദ്ദേശിച്ച കാര്യം നേരത്തെ പറഞ്ഞുവല്ലൊ.

പിന്നീട് 1975-ൽ മോസ്കോ യു. എൻ. ജനറൽ അസ്സംബ്ലിയിൽ സമർപ്പിച്ച നിർദ്ദേശം ന്യൂക്ലിയർ ആയുധങ്ങളേക്കാഠം ഭയങ്കരമായേക്കാവുന്നതരം ആയുധങ്ങളുടെ വികസനവും ഉൽപാദനവും നിരോധിക്കണമെന്നാണ്. അന്താരാഷ്ട്രബന്ധങ്ങളിൽ ബലപ്രയോഗം നിരോധിക്കുന്ന ഒരു സാർവ്വദേശീയ ഉടമ്പടി ഉണ്ടാക്കണമെന്ന് സോവിയററു യൂണിയൻ അതേവർഷംതന്നെ നിർദ്ദേശിച്ചു.

പക്ഷെ അതൊന്നും പാശ്ചാത്യകോയ്മകഠം, പ്രത്യേകിച്ചും അമേരിക്ക, സമ്മതിച്ചില്ല. യഥാർത്ഥ

ത്തിലുള്ള നിരായുധീകരണ നിർദ്ദേശങ്ങൾ സ്വീക രിക്കാൻ അവർ തയ്യാറല്ല. നേരെമറിച്ച് അവരുടെ എല്ലായ്പോഴത്തെയും ചിന്ത എങ്ങിനെ സോവിയററു യൂണിയനേക്കാൾ സൈനികശക്തി സംഭരിക്കാം എന്നതാണ്. എങ്കിലല്ലേ, സോഷ്യലിസത്തെ ഈ ഭൂമുഖത്തുനിന്നു തുടച്ചുനീക്കുകയെന്ന അവരുടെ ചിരകാലാഭിലാഷം നിറവേററാനാവുകയുള്ളു.

ആയുധമൽസരം ഇന്നത്തേപ്പോലെ എഴുപതുകളിൽ തുടരുകയാണെങ്കിൽ ഒരണുയുദ്ധവിപത്തിനെ ഒരു കാലത്തും ഒഴിവാക്കാൻ കഴിഞ്ഞെന്നു വരില്ല. അത്തരമൊരു യുദ്ധം അപകടത്തിൽ ആരംഭിച്ചേക്കാനും സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് യു. എൻ. ജനറൽ അസ്സംബ്ലിയുടെ പ്രത്യേക നിരായുധീകരണം അംഗീകരിച്ച രേഖയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നത്:

ഏററവും നാശകരമായ ആയുധങ്ങൾ വളരെ വലിയ അളവിൽ ശേഖരിച്ചുവെക്കുന്നതിൽ തുടർന്നു മൽസരിക്കുക വഴി മനുഷ്യരാശി മുമ്പെന്നത്തേതിനെക്കാളും സ്വയം നാശത്തെ അഭിമുഖീകരിക്കുകയാണ്.

ആയുധപ്പന്തയത്തെ നിയന്ത്രിക്കുകയല്ല അത് നിശ്ശേഷം നിറുത്തുക എന്നതാണ് നിരായുധീകരണ പ്രശ്നത്തോടുള്ള വിവേകപൂർവ്വകമായ സമീപനമെന്ന് സോവിയററു യൂണിയൻ ആവർത്തിച്ചു ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

നിർഭാഗ്യമെന്നു പറയട്ടെ പാശ്ചാത്യകോയ്മകൾ, പ്രത്യേകിച്ചും അമേരിക്ക, ആ വഴിക്കല്ല ചിന്തിക്കുന്നത്.

ജോൺ എഫ്. കെന്നഡി അമേരിക്കയുടെ പ്രസിഡണ്ടായയുടനെ, സോവിയററു നേതാക്കളുമായി കാണാനും രണ്ടു രാജ്യങ്ങൾക്കും താൽപര്യമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാനും തയ്യാറാണെന്ന് പ്രസ്താവിക്കുകയുണ്ടായി. 1961 ജൂണിൽ വിയന്നയിൽവെച്ച് അത്തരമൊരു കൂടിക്കാഴ്ച നടന്നു. ആററംബോംബും

ഹൈഡ്രജൻബോംബും പരീക്ഷിക്കുന്നതു നിർത്തുന്നതു സംബന്ധിച്ച ഒരു നിർദ്ദേശം സോവിയററ് യൂണിയൻ തദവസരത്തിൽ മുമ്പോട്ടു വെച്ചു.

അമേരിക്കയുടെ വിദേശനയം സോവിയററ് നേതാക്കറംക്ക് വിശദീകരിച്ചുകൊടുക്കുകയെന്നതാണ് പ്രസ്തുത കൂടിക്കാഴ്ചയുടെ ഉദ്ദേശമെന്ന് പ്രസിഡണ്ട് കെന്നഡി പറയുകയുണ്ടായി. എത്ര പരിമിതമായ ലക്ഷ്യമായിരുന്നു അമേരിക്കൻ പക്ഷത്തിനുണ്ടായിരുന്നതെന്ന് അതിൽനിന്നു വ്യക്തമാണല്ലൊ. സോവിയററ് യൂണിയൻ മുൻവെച്ച വസ്തുനിഷ്ഠമായ നിർദ്ദേശങ്ങറംക്കൊന്നും മറുപക്ഷത്തുനിന്നും യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല. അതൊന്നും അമേരിക്കക്ക് സ്വീകാര്യമായില്ല എന്നു സാരം.

സോവിയററ് യൂണിയന്റെ ഉദ്യമങ്ങളെല്ലാം നിഷ്ഫലമായി എന്ന് ഇതുകൊണ്ടർത്ഥമാക്കേണ്ടതില്ല. ചില നേട്ടങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. സോവിയററ്-അമേരിക്കൻ ഉഭയപക്ഷ നിരായുധീകരണ കൂടിയാലോചനകളെ സംബന്ധിച്ച ഒരു സംയുക്ത പ്രസ്താവന 1961-ൽ രണ്ടു രാജ്യങ്ങളും പുറപ്പെടുവിച്ചു. കൂടിയാലോചനകളുടെ ലക്ഷ്യം സാമൂഹ്യവും സമ്പൂർണ്ണവുമായ നിരായുധീകരണമായിരിക്കണമെന്ന് അതിൽ ചൂണ്ടിക്കാട്ടിയിരുന്നു. സോവിയററ് യൂണിയന്റെ നിർബ്ബന്ധപ്രകാരമാണ് അത് പ്രസ്താവനയിൽ ഉറംപ്പെടുത്തുകയുണ്ടായത്. ഏതായാലും നിരായുധീകരണത്തിനുവേണ്ടിയുള്ള ഉദ്യമത്തിലെ പ്രധാധപ്പെട്ട ഒരു കാൽവെപ്പായിരുന്നു ആ പ്രസ്താവന.

1963-ൽ സോവിയററ് യൂണിയനും അമേരിക്കയും ബ്രിട്ടനും ഭാഗികമായ ഒരണുവായുധ പരീക്ഷണ നിരോധ ഉടമ്പടി ഒപ്പുവെച്ചു. ആകാശത്തും ശൂന്യാകാശത്തും വെള്ളത്തിലും അണുവായുധങ്ങറം പരീക്ഷിക്കുന്നത് അങ്ങനെ നിരോധിക്കപ്പെട്ടു. അത്രത്തോളമെങ്കിലും നൂക്ലിയർ ആയുധപ്പന്തയത്തിന്റെ വേഗത കുറഞ്ഞു. ബഹിരാകാശത്തേക്ക് നൂക്ലിയർ ആ

യുധമോ മററേതെങ്കിലും കൂട്ടസംഹാരായുധമോ കൊ ണ്ടുപോകരുതെന്ന് അതേ വർഷം സോവിയററ് യൂണി യനും അമേരിക്കയും തീരുമാനിച്ചു.

1971-ൽ ചേർന്ന സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 24-ാം കോൺഗ്രസ്സ്, സമാധാനം ല ക്ഷ്യമാക്കി അനേകം മുൻകൈകരം എടുക്കുകയുണ്ടാ യി. സമാധാനത്തിന്നും സാർവ്വദേശീയ സഹകരണ ത്തിന്നുമുള്ള പരിപാടിയായിരുന്നു അവയിൽ ഏററ വും പ്രധാനം.

1972 മേയിൽ മോസ്ക്കോവിൽ നടന്ന സോവിയ ററ്-അമേരിക്കൻ ഉച്ചകോടി സമ്മേളനം രണ്ടു രാജ്യങ്ങ ളും തമ്മിലുള്ള ബന്ധങ്ങളുടെ മെച്ചപ്പെടലിന് ആരം ഭം കുറിച്ചു. സുപ്രധാനങ്ങളായ പല കരാറുകളും പ്രസ്തുത സമ്മേളനത്തിൻെറ ഫലമായി ഒപ്പുവെക്ക പ്പെട്ടു.

ചുരുക്കത്തിൽ, സോവിയററ് യൂണിയൻെറ മഹ ത്തായ മുൻകൈകളുടെ ഫലമായി എഴുപതുകളിലാരം ഭിച്ച സംഘർഷശമനത്തിൻെറതും പരസ്പര ധാരണ യുടേതുമായ പ്രക്രിയ പിന്തിരിയാതെ മുന്നേറിക്കൊ ണ്ടിരിക്കുമെന്നു തോ..ിപ്പോയി. എന്നിരുന്നാലും യുദ്ധത്തിൻെറയും സമാധാനത്തിൻെറയും പ്രശ്നങ്ങ ളോട് പാശ്ചാത്യകോയ്മകരം എല്ലായ്പോഴും ക്രി യാത്മകമായ ഒരു സമീപനമല്ല കൈക്കൊണ്ടിരുന്നത്. തൻമൂലം സമാധാനത്തിൻെറ താൽപര്യങ്ങരംക്ക് പല പ്പോഴും ക്ഷതമേൽക്കുകയുമുണ്ടായിട്ടുണ്ട്.

എഴുപതുകളിൽ സമാധാനം ദൃഢീകരിക്കുന്നതി നുതകുന്ന പല കരാറുകളും ഒപ്പുവെക്കപ്പെട്ടു. ഭാഗിക മായ അണുവായുധ നിരോധ ഉടമ്പടി, അണുവായുധ നിർവ്യാപന ഉടമ്പടി (1968-ൽ ഒപ്പുവെച്ച ഈ രേഖ 1970 മുതലാണ് പ്രാബല്യത്തിൽ വന്നത്), വിഷാ ണു ആയുധങ്ങളുടെ വികസനവും ഉൽപാദനവും ശേ ഖരണവും നിരോധിക്കുന്നതു സംബന്ധിച്ചും ശേഖ

രിച്ചു വെച്ചിട്ടുള്ളവ നശിപ്പിക്കുന്നതു സംബന്ധിച്ചുമുള്ള കൺവെൻഷൻ, സൈനികാവശ്യങ്ങൾക്കായി പ്രകൃതിസാഹചര്യങ്ങൾ മാററിത്തീർക്കുന്നതു നിരോധിക്കുന്ന കൺവെൻഷൻ മുതലായവയാണ് അവയിൽ പ്രധാനപ്പെട്ടവ.

എഴുപതുകളിൽ ഒപ്പുവെക്കപ്പെട്ട രേഖകളിൽ എടുത്തുപറയേണ്ട ഒന്നാണ് തന്ത്രപ്രധാനായുധങ്ങൾ പരിമിതപ്പെടുത്തുന്നതു സംബന്ധിച്ച് സോവിയററ് യൂണിയനും അമേരിക്കയും ഒപ്പുവെച്ച ഒന്നാമത്തെ ഉടമ്പടി. ആയുധമൽസരത്തിനു കടിഞ്ഞാണിടുന്ന പ്രശ്നത്തെ സംബന്ധിച്ചേടത്തോളം വമ്പിച്ച പ്രാധാന്യമുള്ള ഒന്നാണത്. തുടർന്ന് രണ്ടു ഭാഗക്കാരും ഒപ്പുവെച്ച രണ്ടാമത്തെ ഉടമ്പടി അമേരിക്ക ഇനിയും ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല.

ഇന്നത്തെ സാഹചര്യത്തിൽ നൂക്ലിയർ നിരായുധീകരണത്തിൻെറ കാര്യത്തിൽ കൂടുതൽ കൂടുതൽ സമഗ്രമായ നടപടികളെടുക്കേണ്ടത് അത്യേയററം ആവശ്യമാണ്. യു. എൻ. ജനറൽ അസ്സംബ്ലിയുടെ 35-ാം സമ്മേളനത്തിൽ സോവിയററ് യൂണിയൻ സമർപ്പിച്ച ''സമാധാനത്തിന്നും നിരായുധീകരണത്തിന്നും വേണ്ടി, സാർവ്വദേശീയ ഭദ്രതക്കുള്ള ഉറപ്പിന്നുവേണ്ടി'' എന്ന മെമ്മോറാണ്ഡത്തിൽ ഇക്കാര്യം ആർക്കും ബോദ്ധ്യമാകുംവിധം ഊന്നിപ്പറയപ്പെട്ടിട്ടുണ്ട്. മനുഷ്യരാണ് നൂക്ലിയർ ആയുധങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. മനുഷ്യർക്ക് അത് നിരോധിക്കാൻ കഴിയും, കഴിഞ്ഞേ തീരൂ. ഒടുവിൽ അതൊക്കെ നശിപ്പിക്കുകയും ചെയ്യണം.''

അങ്ങനെ, ആയുധപ്പന്തയത്തിനു കടിഞ്ഞാണിടുകയും അണുവായുധങ്ങളും മററ് കൂട്ടസംഹാരായുധങ്ങളും കുന്നുകൂട്ടിവെക്കുന്നതു തടയുകയും അങ്ങനെ ലോകത്തിലെ എല്ലാ രാജ്യക്കാർക്കും അണുയുദ്ധ വിപത്തിനെ ഭയപ്പെടാതെ സമാധാനത്തിൽ ഒത്തൊരുമയോടുകൂടി കഴിയാനുള്ള വഴിയുണ്ടാക്കുകയും ചെയ്യു

കയെന്ന ലക്ഷ്യം സോവിയററു യൂണിയൻ നിരന്തരം പിന്തുടർന്നുപോരുന്നു. പക്ഷെ അതിനെതിരായി ചില സാമ്രാജ്യത്വവൃത്തങ്ങരം ബോധപൂർവ്വം പ്രവർത്തിച്ചുകൊണ്ട് ശീതയുദ്ധനാളുകളിലേക്ക് ലോകത്തെ തിരിച്ചുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്.

യുദ്ധാനന്തര വർഷങ്ങളിൽ സമാധാനത്തിനു ഗൗരവമായ പല പരീക്ഷണങ്ങളും നേരിടുകയുണ്ടായിട്ടുണ്ട്. കൊറിയൻ യുദ്ധത്തിൻെറ കാര്യം നേരത്തെ പറയുകയുണ്ടായി. വേറെയും ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. അവയുടെ നേരെ സോവിയററു യൂണിയൻ കൈക്കൊണ്ട സമീപനം എന്തായിരുന്നെന്നു നോക്കിക്കാണുന്നതു നന്നായിരിക്കും.

## 2. വിയററ്നാം യുദ്ധം

ജാപ്പാനീസ് ഫാസ്സിസ്റ്റുകളുടെ പരാജയത്തെ തുടർന്ന് പൗരസ്ത്യദേശത്ത് മുൻ ഫ്രഞ്ചു കോളനികളിൽ കഴിഞ്ഞിരുന്ന ജനതകരം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. വിയററ്നാം ഒരു തൊഴിലാളി - കർഷക രാഷ്ട്രം രൂപീകരിച്ചതായി വിളംബരം ചെയ്തു. അങ്ങനെ വിയററ്നാം ജനാധിപത്യ റിപ്പബ്ലിക്ക് നിലവിൽ വന്നു. ലാവോസും കമ്പോഡിയയും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇൻഡോചൈനയിലെ ജനതകളുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തെ വെച്ചുപൊറുപ്പിക്കുകയില്ലെന്ന് സാമ്രാജ്യവാദികരം തീർച്ചപ്പെടുത്തി. ബ്രിട്ടൻെറ സഹായത്തോടുകൂടി ഫ്രാൻസ് അതിൻെറ മുൻകോളനികരം തിരിച്ചെടുക്കാൻ ശ്രമിച്ചു. സൈനികമായി അമേരിക്കയും അവരെ സഹായിച്ചു. പക്ഷെ അതുകൊണ്ടൊന്നും ഫ്രാൻസിനു രക്ഷയുണ്ടായില്ല. ചരിത്രപ്രധാന ഡിയെൻ ബിയെൻ ഫൂ യുദ്ധത്തിൽ വിയററ്നാം സ്വാതന്ത്ര്യപ്പോരാളികരം ഫ്രഞ്ച് അധിനിവേശസേനയുടെ മേൽ നിർണ്ണായകമായ വിജയംനേടി.

1954-ലെ ജനീവാ സമ്മേളനത്തിൽ ഒരൊത്തുതീർപ്പുണ്ടായി. 17-ാം സമാന്തര രേഖയിൽവെച്ച് വിയററ്നാമിനെ രണ്ടായി വിഭജിച്ചു. പക്ഷെ രണ്ടു വർഷത്തിനകം വിയററ്നാമിൽ പൊതു തിരഞ്ഞെടുപ്പു നടത്തണമെന്നും അങ്ങനെ മുഴുവൻ വിയററ്നാമിന്റെയും ഭാവി നിർണ്ണയിക്കണമെന്നും ഒത്തുതീർപ്പിൽ വ്യവസ്ഥയുണ്ടായിരുന്നു. വിദേശ സൈനിക താവളങ്ങളും വിദേശ സൈനികരും വിയററ്നാമിലുണ്ടാകാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു.

പക്ഷെ ജനീവാ കരാറിനെ അമേരിക്ക ലംഘിച്ചു. ഒരു പാവ ഭരണകൂടത്തെ ദക്ഷിണ വിയററ്നാമിൽ അധികാരത്തിൽ കയററിക്കൊണ്ട് അമേരിക്ക വിയററ്നാമിൽ പ്രത്യക്ഷത്തിൽ കൈകടത്തുകയും അതുവഴി 1956-ൽ നടക്കേണ്ടിയിരുന്ന പൊതുതിരഞ്ഞെടുപ്പിനെ തുരങ്കംവെക്കുകയും ചെയ്തു.

തുടർന്ന് അമേരിക്ക വിയററ്നാമിൽ സൈനികകയ്യേററം ആരംഭിച്ചു. രാസായുധങ്ങളുൾപ്പെടെ എല്ലാത്തരം ആധുനികായുധങ്ങളും (നൂക്ലിയർ ആയുധമൊഴിച്ച്) വിയററ്നാമിന്റെ മണ്ണിൽ അമേരിക്ക പരീക്ഷിച്ചുനോക്കി. രണ്ടാം ലോകയുദ്ധത്തിൽ ഉപയോഗിക്കപ്പെട്ടതിനേക്കാൾ കൂടുതൽ ബോംബുകൾ അമേരിക്ക കൊല്ലു വിയററ്നാമിൽ വർഷിച്ചു. അമേരിക്കയെപ്പോലുള്ള ഒരു വൻശക്തി ഇരുപതുവർഷക്കാലം തുടർച്ചയായി സായുധാക്രമണം നടത്തിയിട്ടും വിയററ്നാം ജനതയുടെ മനോവീര്യം തകർക്കാൻ കഴിഞ്ഞില്ല. സ്വന്തം സാർവ്വദേശീയ കടമയോടു കൂറുപുലർത്തിക്കൊണ്ടും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നവർക്ക് പിന്തുണ നൽകുകയെന്ന സ്വന്തം നയമനുസരിച്ചും സോവിയററു യൂണിയൻ പൊരുതുന്ന വിയററ്നാമിന് സർവ്വവിധ സഹായവും നൽകി.

ആ യുദ്ധത്തിൽ 56,300 വിയററ്നാംകാർ മരണമടഞ്ഞു. മൂന്നുലക്ഷം പേർക്ക് മുറിവേററു. എങ്കി

ലും ഒടുവിൽ വിയററ്നാം ജനത അമേരിക്കൻ ആക്രമണകാരികളെ അടിച്ചോടിച്ചു. 1975 ആഗസ്റ്റിൽ മുഴുവൻ വിയററ്നാമും സ്വതന്ത്രമായി.

ആക്രമണകാരികളെ തുരത്താനെന്നപോലെ യുദ്ധം ചവുട്ടിമെതിച്ച വിയററ്നാമിന്റെ സമ്പദ്ഘടനയെ പുനരുദ്ധരിക്കാനും സോവിയററു യൂണിയൻ വിയററ്നാം ജനതക്ക് സഹായം നൽകി.

## 3. പശ്ചിമേഷ്യ

പശ്ചിമേഷ്യയിലെ വമ്പിച്ച എണ്ണ സമ്പത്തിൻമേൽ സ്ഥിരമായി പിടിമുറുക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ട് അമേരിക്കൻ സാമ്രാജ്യത്വം അതിന്റെ ചട്ടുകമാക്കി മെനഞ്ഞെടുത്ത് വളർത്തുകയായിരുന്നു ഇസ്രായേലിനെ എന്നത് ഇന്നേവർക്കും അറിയാവുന്ന ചരിത്രസത്യമാണ്. ഈജിപ്തിലെ ജനങ്ങൾ രാജവാഴ്ചയെ കടപുഴക്കിയെറിഞ്ഞുകൊണ്ട് ജമാൽ അബ്ദൽ നാസ്സറുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ വിരുദ്ധനയം കൈക്കൊണ്ടു. 1956-ൽ ഈജിപ്ത് സൂയസ് തോട് ദേശസാൽക്കരിച്ചു. ആംഗ്ലോ-ഫ്രഞ്ച് സൂയസ് കനാൽ കമ്പനി വലിയ ലാഭം തട്ടിയെടുത്തുകൊണ്ടിരിക്കുകയായിരുന്നു.

എന്നാൽ ഈജിപ്തിന്റെ ന്യായവും ജനാധിപത്യപരവുമായ നടപടിയെ കൊളോണിയലിസ്റ്റുകൾ ഒരു സായുധാക്രമണംകൊണ്ടു നേരിടാൻ തീരുമാനിച്ചു. ഇസ്രായേലാണ് ഈജിപ്തിനെ ആദ്യം കടന്നാക്രമിച്ചത്. തുടർന്ന് ബ്രിട്ടനും ഫ്രാൻസും ആക്രമണത്തിൽ പങ്കുചേർന്നു. ഈജിപ്തിന്റെ പല നഗരങ്ങളും ആക്രമണകാരികൾ ബോംബിട്ടു തകർത്തു. പ്രസ്തുത ആക്രമണത്തിന് ഒരറുതിവരുത്താൻ സോവിയററു യൂണിയൻ പരമാവധി ശ്രമിച്ചു. അതിനായി യു. എൻ. രക്ഷാസമിതിയിൽ ഒരു പ്രമേയം അതവതരിപ്പിച്ചു. ഈജിപ്തിന്റെ മണ്ണിൽനിന്ന് ആക്ര

മണ്ണസേന ഉടൻ പുറത്തു കടന്നുപോകണമെന്നും പ്രമേയം ആവശ്യപ്പെട്ടു. പക്ഷെ ബ്രിട്ടനും ഫ്രാൻസും ആ പ്രമേയത്തിനെതിരെ നിഷേധാധികാരം പ്രയോഗിച്ചു. പ്രമേയം ജനറൽ അസ്സംബ്ലിയിൽ വന്നപ്പോരം ബഹുഭൂരിപക്ഷം അംഗരാജ്യങ്ങളും അതിനു പിന്തുണ നൽകി. ബ്രിട്ടനും ഫ്രാൻസിനും ഇസ്രായേലിനും സോവിയററു ഗവർമ്മെൻറ് താക്കീതു നൽകി: ''മദ്ധ്യപൂർവ്വദേശത്ത് ആക്രമണകാരികളെ തുരത്താനും സമാധാനം വീണ്ടെടുക്കാനും വേണ്ടി ബലം പ്രയോഗിക്കാൻ ഞങ്ങരം പൂർണ്ണമായും തീരുമാനിച്ചിരിക്കുന്നു.'' വിവിധ രാജ്യങ്ങളിൽ കോടിക്കണക്കിനു ജനങ്ങരം ആക്രമണത്തിന് അറുതിവരുത്തണമെന്ന് ശക്തിയായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരവസരത്തിൽ സോവിയററു യൂണിയൻെറ മുന്നറിയിപ്പിനെ അവഗണിക്കാൻ ആക്രമണകാരികരംക്കു കഴിഞ്ഞില്ല. തൊട്ടടുത്തദിവസംതന്നെ അവർ ഈജിപ്തിൽ സൈനിക പ്രവർത്തനം അവസാനിപ്പിച്ചതായി പ്രസ്താവിച്ചു.

തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്ന ജനതകളെ സഹായിക്കുമെന്ന സോവിയററു യൂണിയൻെറ സുവിദിതമായ നയപ്രഖ്യാപനമനുസരിച്ചുള്ള അതിൻെറ ഉറച്ച നിലപാടിനെ ലോകമാസകലം ജനതകരം പുകഴ്ത്തി.

പശ്ചിമേഷ്യയെ സംബന്ധിച്ചുള്ള സോവിയററു നയം യുദ്ധം ഒഴിവാക്കുകയും സമാധാനം കാത്തു സൂക്ഷിക്കുകയും ചെയ്യുക എന്നതാണ്. ആ പ്രദേശത്തെ സമാധാനത്തിനും ഭദ്രതക്കും ഉറപ്പേകാനും അവിടുത്തെ ജനതകളുടെ അഭ്യന്തരകാര്യങ്ങളിൽ പുറമെ നിന്നുള്ള കൈകടത്തൽ ഉണ്ടാകാതിരിക്കാനും വേണ്ടിയുള്ള ഒരു പദ്ധതി സോവിയററു യൂണിയൻ തയ്യാറാക്കി ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് എന്നീ രാജ്യങ്ങ

ളുടെ പരിഗണനക്കായി വെച്ചു. പക്ഷെ പാശ്ചാത്യ കോയ്മകഠം അത് തള്ളിക്കളഞ്ഞു.

നാസ്സറുടെ കാലശേഷം സാദത്ത് അധികാരത്തിലേറി. പശ്ചിമേഷ്യയിൽനിന്ന് സോവിയററ് സ്വാധീനം തുടച്ചുനീക്കാൻ പണിപ്പെട്ടുകൊണ്ടിരുന്ന വാഷിംഗ്ടൻെറ കയ്യിൽ ഒരു കളിപ്പാവയായിത്തീർന്നു സാദത്ത്. പശ്ചിമേഷ്യൻ ജനതകളുടെ യഥാർത്ഥ സ്വാതന്ത്ര്യത്തിനും ദേശീയാവകാശങ്ങഠംക്കും ഹാനികരമായ ക്യാമ്പ് ഡേവിഡ് ഒത്തുതീർപ്പിൽ അദ്ദേഹം കയ്യൊപ്പുചാർത്തി. ഫലസ്തീൻ ജനതകളുടെ ജൻമാവകാശത്തിനുറപ്പുകൊടുക്കാത്തതും അവർക്ക് സ്വന്തമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വകുപ്പില്ലാത്തതുമായ ഒരു കരാറും പശ്ചിമേഷ്യയിൽ സമാധാനത്തിനു സഹായകരമാകുകയില്ലെന്ന് സോവിയററു യൂണിയൻ പണ്ടുമുതലേ പറഞ്ഞുപോന്നിട്ടുള്ളതാണ്. ക്യാമ്പ് ഡേവിഡ് തീരുമാനത്തിൻെറ കാര്യം തന്നെ നോക്കുക. പശ്ചിമേഷ്യയിൽ അതു ശാശ്വതസമാധാനം സ്ഥാപിക്കുമെന്നാണല്ലൊ ആദ്യമാദ്യം കൊട്ടിഘോഷിക്കപ്പെട്ടിരുന്നത്. അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ചട്ടുകമായ ഇസ്രായേൽ പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ ഫലസ്തീൻ ജനതയെ വേട്ടയാടുന്നു. അതിന് വാഷിംഗ്ടൻ താങ്ങും തണലുമായി വർത്തിക്കുന്നു. അതാണ് ക്യാമ്പ് ഡേവിഡ് ഒത്തുതീർപ്പുകൊണ്ടുണ്ടായ നേട്ടം.

പശ്ചിമേഷ്യൻ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യവും സ്വാശ്രിതത്വവുമൊക്കെ അമേരിക്കൻ സാമ്രാജ്യത്വത്തിൻെറയും അതിൻെറ ചട്ടുകമായ ഇസ്രായേലിൻെറയും താൽപര്യത്തിനനുസൃതമായി പരിമിതപ്പെടുത്തുന്ന ഒന്നാണ് ക്യാമ്പ് ഡേവിഡ് തീരുമാനം. അതിനാദ്യം ഇരയായിത്തീർന്നിരിക്കുന്നത് ലെബനോണും ഫലസ്തീൻ ജനതയുമാണ്.

ഇസ്രായേൽ നിലവിൽവന്നതു മുതൽ അതിൻെറ ഭരണവൃത്തങ്ങഠം പിന്തുടർന്നുപോരുന്ന നയം കാരണം

ഫലസ്തീൻ ജനത സ്വന്തം ജൻമനാട്ടിൽനിന്ന് പുറത്തുപോകേണ്ടതായി വന്നു. ആ ജൻമനാട് അവർക്കു തിരിച്ചുകിട്ടാതെ എങ്ങിനെ പശ്ചിമേഷ്യയിൽ സമാധാനം ഉണ്ടാകും? അത് അവർക്കു തിരിച്ചു നൽകിയേ പററൂ. ഇതാണ് സോവിയററു യൂണിയൻെറ സുസ്ഥിരമായ നിലപാട്. ഇത് അംഗീകരിക്കുന്നതിനു പകരം ഫലസ്തീൻകാരെ കൂട്ടത്തോടെ കൊന്നൊടുക്കി പ്രശ്നം പരിഹരിക്കാനാണ് അമേരിക്കയുടെയും ഇസ്രായേലിൻെറയും പുറപ്പാട്. ജൂതൻമാരെ ഉൻമൂലനം ചെയ്യാൻ ഇറങ്ങിത്തിരിച്ച ഹിററ്ലർക്ക് എന്തുപററി എന്ന് ഇക്കൂട്ടർ ഒരു നിമിഷം ചിന്തിക്കുന്നതു നന്നായിരിക്കും.

ഫലസ്തീൻ ജനതയെ കൊന്നൊടുക്കാനുള്ള പദ്ധതി ഒരു കാലവും വിജയിക്കാൻ പോകുന്നില്ല. കാററു വിതച്ച് കൊടുങ്കാററു കൊയ്യലായിരിക്കും ഫലം.

## 4. കരീബിയൻ പ്രശ്നം

അമേരിക്കയുടെ അതിർത്തിക്കടുത്ത് ഒരു സോഷ്യലിസ്റ്റു ക്യൂബയെ വെച്ചുപൊറുപ്പിക്കുകയില്ലെന്ന വാശിയോടെ വാഷിംഗ്ടൻ ആ കൊച്ചുരാജ്യത്തിനെതിരെ സായുധരായ റൗഡിസംഘങ്ങളെ പരിശീലിപ്പിച്ചയച്ചു. അവർ അമേരിക്കൻ നാവികപ്പടയുടെയും വ്യോമസേനയുടെയും സഹായത്തോടുകൂടി ക്യൂബയെ ആക്രമിച്ചു. പക്ഷെ ഫലിച്ചില്ല. പിന്നീട് വാഷിംഗ്ടൻ ക്യൂബക്കെതിരെ സാമ്പത്തികോപരോധം ഏർപ്പെടുത്തി. ക്യൂബയിൽനിന്ന് അമേരിക്കൻ കച്ചവടക്കാർ പഞ്ചസാര വാങ്ങരുതെന്നു വാഷിംഗ്ടൻ കൽപിച്ചു. അമേരിക്കയുടെ സഹായം പററിക്കഴിയുന്ന രാജ്യങ്ങളോടെല്ലാം ക്യൂബയെ ബഹിഷ്ക്കരിക്കാൻ ആജ്ഞാപിച്ചു. അങ്ങനെ ക്യൂബയെ പരസ്യമായി ഭീഷണിപ്പെടുത്തി.

ആ സമയത്ത് സോവിയററു യൂണിയൻ ക്യൂബയോടൊപ്പം നിന്നു. ക്യൂബയുടെ പഞ്ചസാര വലിയ

തോതിൽ സോവിയററു യൂണിയൻ വാങ്ങി. അമേരിക്കയുടെ പ്രത്യക്ഷമായ ഭീഷണിയെ നേരിട്ടുകൊണ്ടിരുന്നതിനാൽ അന്ന് സോവിയററ് യൂണിയനുമായി ഒരു കരാറുണ്ടാക്കാൻ ക്യൂബ നിർബന്ധിതമായി. ക്യൂബയുടെ രക്ഷക്കാവശ്യമായ ആയുധസാമഗ്രികൾ (ഏതാനും മിസ്സൈലുകൾ ഉൾപ്പടെ) സോവിയററു യൂണിയൻ നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകൾ അതിലുണ്ടായിരുന്നു. അമേരിക്കക്കു കോപമായി. ക്യൂബക്കെതിരെ ഉപരോധം പ്രഖ്യാപിച്ചു. കരാറനുസരിച്ച് ക്യൂബയുടെ രക്ഷക്കെത്താൻ സോവിയററു യൂണിയൻ ബാദ്ധ്യസ്ഥമായിരുന്നു. അന്ന് അമേരിക്കയുടെ മർക്കടമുഷ്ടികൊണ്ട് ലോകം ഒരു അണുയുദ്ധമഹാവിപത്തിന്റെ വക്കത്തേക്കു തള്ളപ്പെട്ടു.

ഒരു കൊച്ചുരാജ്യംപോലും അതിനിഷ്ടപ്പെട്ട വികസനപാത സ്വീകരിക്കുന്നതിനോട് അമേരിക്കൻ സാമ്രാജ്യത്വത്തിനുള്ള അസഹിഷ്ണുത എത്രത്തോളമാണെന്ന് അന്നു ലോകത്തിനു കാണാൻ കഴിഞ്ഞു.

ക്യൂബ നിരന്തരമായി അമേരിക്കയുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ആക്രമണത്തെ നേരിട്ടുകൊണ്ടിരുന്നു. ഒരു സ്വതന്ത്ര രാഷ്ട്രമെന്നനിലക്ക് സ്വന്തം രാജ്യരക്ഷക്കുള്ള സകല അവകാശവും അതിനുണ്ട്. പക്ഷെ അമേരിക്കൻ യുദ്ധക്കഴുകൻമാർ അതു സമ്മതിച്ചില്ല. ലോകത്തെ മുഴുവൻ ഒരണുയുദ്ധത്തിൽ കത്തിച്ചു ചാമ്പലാക്കാൻപോലും അവർ തയ്യാറായി. സോവിയററു യൂണിയൻ അക്കാര്യം നേരാംവണ്ണം മനസ്സിലാക്കി. എല്ലായ്പോഴും സമാധാനത്തിന്റെ താൽപര്യങ്ങൾക്കു സേവനമനുഷ്ഠിക്കുന്ന സോവിയററു നയതന്ത്രമാണ് അന്നു ലോകത്തെ രക്ഷിച്ചത്. മിസ്സൈലുകൾ തിരികെ കൊണ്ടുപോകാമെന്ന് സോവിയററു യൂണിയൻ സമ്മതിച്ചു. പക്ഷെ ഒരു വ്യവസ്ഥ—അമേരിക്ക ക്യൂബയുടെ അഭ്യന്തരകാര്യങ്ങളിൽ ഇടപെട്ടുകൂടാ! അങ്ങനെ ക്യൂബയുടെ സോ

ഷ്യലിസ്റ്റുനേട്ടങ്ങളും ലോകസമാധാനവും സംരക്ഷിക്കപ്പെട്ടു.

## 5. ചൈനയുടെ നേരെയുള്ള നയം

സോവിയററു വിദേശനയത്തെപ്പററി പറയുമ്പോഴം സാർവ്വദേശീയ രംഗത്ത് ചൈന വഹിക്കുന്ന പങ്കും പിന്തുടരുന്ന നയവുംകൂടി പരാമർശിക്കേണ്ടതാവശ്യമാണ്.

രണ്ടാം ലോക യുദ്ധം അവസാനിച്ചതോടുകൂടി അമേരിക്ക നഗ്നമായി ചൈനയുടെ അഭ്യന്തരകാര്യങ്ങളിൽ കൈകടത്താൻ തുടങ്ങി. ചൈനീസ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള ജനകീയ വിമോചനസേനക്കെതിരായി അമേരിക്ക ചിയാങ്ങ് കൈ-ഷെക്കിൻെറ സൈന്യത്തെ പരിശീലിപ്പിക്കുകയും അതിനാവശ്യമായ ആയുധസാമഗ്രികഠം നൽകുകയും ചെയ്തു.

ജനകീയ വിമോചനസേനക്കെതിരായി 1946-ൽ ചിയാങ്ങ് ഭരണകൂടം സൈനികാക്രമണം ആരംഭിച്ചപ്പോഠം ചൈനയിൽ അഭ്യന്തരയുദ്ധം തുടങ്ങി. അക്കാലത്ത് ചൈനാരാജ്യത്തിൻെറ നാലിലൊരു ഭാഗം വിമോചനസേനയുടെ നിയന്ത്രണത്തിൻകീഴിലായിരുന്നു. അഭ്യന്തരയുദ്ധം മൂന്നു വർഷക്കാലം നീണ്ടുനിന്നു. ആയുധസാമഗ്രികഠം നൽകി അമേരിക്ക ചിയാങ്ങിനെ ഉദാരമായി സഹായിച്ചു. പക്ഷെ ഒടുവിൽ വിപ്ലവം ജയിച്ചു. ചിയാങ്ങും കൂട്ടരും തായ്‌വാൻ ദ്വീപിൽ അഭയം തേടി. അന്ന് തായ്‌വാനിൽ അമേരിക്കൻ പട തമ്പടിച്ചിരിക്കുകയായിരുന്നു. അവരുടെ പരിപൂർണ്ണ സംരക്ഷണം ചിയാങ്ങിനും കൂട്ടർക്കും കിട്ടുകയും ചെയ്തു. 1949 ഒക്ടോബർ 1-ന് ചൈനീസ് ജനത സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള സംരംഭം ആരംഭിച്ചു. ദീർഘകാലത്തെ യുദ്ധം രാജ്യത്തിൻെറ സമ്പദ്ഘടനയെ ആകെ തകർത്തിരുന്നു. ആ നാളുകളിൽ സോവിയററു യൂണിയൻെറ സ

സംഘടനയും യുദ്ധത്തിൻെറ കെടുതികളിൽനിന്നു പൂർണ്ണമായി വിമുക്തമായിരുന്നില്ലെങ്കിലും ചൈനയുടെ സാമ്പത്തികോദ്ധാരണ സംരംഭങ്ങളിൽ അതു വളരെ വലിയ പങ്കു വഹിക്കുകയുണ്ടായി. ചൈനയെ സഹായിക്കാൻ വലിയ ഒരു പരിപാടി സോവിയററു യൂണിയൻ ആവിഷ്ക്കരിച്ചു. വായ്പകൾ, യന്ത്രോപകരണങ്ങൾ, പ്രൊജക്ടുകളുടെ ബ്ലൂ പ്രിൻറുകൾ, വിദഗ്ദ്ധൻമാരുടെ സേവനം എന്നിവയെല്ലാം ചൈനക്കാവശ്യമായത്ര നൽകാനുള്ള ഒരു പരിപാടിയായിരുന്നു അത്. ഏതാണ്ട് ഇരുനൂറ് ആധുനിക വ്യവസായ സ്ഥാപനങ്ങളാണ് സോവിയററു സഹായത്തോടുകൂടി ചൈനയിൽ പടുത്തുയർത്തപ്പെട്ടിട്ടുള്ളത്.

1950-ൽ ഒരു സൗഹൃദ-സഖ്യ-പരസ്പരസഹായ ഉടമ്പടി ജനകീയ ചൈനാ റിപ്പബ്ലിക്കും സോവിയററു യൂണിയനും തമ്മിൽ ഒപ്പുവെച്ചു. പ്രത്യക്ഷാക്രമണം വഴി ചൈനയിലെ ജനകീയാധികാരത്തെ തകിടം മറിക്കാനുള്ള ലോകപിന്തിരിപ്പൻ വൃത്തങ്ങളുടെ പദ്ധതികൾ പൊളിക്കാൻ ആ ഉടമ്പടി ഉപകരിച്ചു.

ജനകീയ ചൈനാ റിപ്പബ്ലിക്ക് അതിൻെറ ആദ്യ ദശകത്തിൽ അങ്ങനെ എല്ലാ രംഗങ്ങളിലും വമ്പിച്ച പുരോഗതി കൈവരിച്ചു.

പക്ഷെ, അമ്പതുകളുടെ അവസാനത്തിൽ നയപരമായ തെററുകൾ കാരണം വളരെ വലിയ വിഷമതകൾ ചൈനക്കു നേരിട്ടു. മാർക്സിസ്റ്റു-ലെനിനിസ്റ്റു പാതയിൽനിന്ന് ചൈനീസ് നേതൃത്വം വ്യതിചലിച്ചു. 'മുമ്പോട്ടുള്ള വമ്പിച്ച കുതിച്ചുചാട്ട'വും 'ജനകീയ കമ്മ്യൂണുകൾ' ഏർപ്പെടുത്തലുംപോലെ പല തെററുകളും അതു ചെയ്തു.

അഭ്യന്തരനയങ്ങളിൽ തെററുകളും വ്യതിയാനങ്ങളും ഉണ്ടാകുമ്പോൾ അനിവാര്യമായും അവയുടെ പ്രതിഫലനം വിദേശനയത്തിലും ഉണ്ടാകും. മാർക്സിസത്തിനുപകരം മാവോയിസം കയററി പ്രതിഷ്ഠി

ക്കാൻ മാവോത്സെ-തുങ് നടത്തിയ ഉദ്യമം ഗൗരവമേറിയ പല തെററുകറംക്കും വഴി തെളിച്ചു. സോവിയററു യൂണിയനെതിരായും സാമ്രാജ്യത്വത്തിന് അനുകൂലമായുമുള്ള ഒരു നിലപാടിലേക്ക് നേതൃത്വത്തെ കൊണ്ടുപോയെത്തിച്ചു.

ചൈനീസ് ജനതയുടെ ശ്രദ്ധ തിരിച്ചുവിടാനായി ചൈനീസ് നേതൃത്വം രാജ്യവിസ്തൃതീകരണ നയം ആരംഭിച്ചു. സോവിയററ് യൂണിയൻ, ഇന്ത്യ, ബർമ്മ, വിയററ്നാം തുടങ്ങിയ അയൽരാജ്യങ്ങറംക്കെല്ലാം എതിരായി അവർ ഭൂപരമായ അവകാശവാദം ഉന്നയിക്കാൻ തുടങ്ങി. സാർവ്വദേശീയ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൽനിന്ന് അവർ തെന്നിമാറി. സങ്കുചിത ദേശീയവാദപരമായ ഒരു നയം അവർ അവലംബിച്ചു. 1957-ലും 1960-ലും ചേർന്ന കമ്യൂണിസ്റ്റുപാർട്ടികളുടെ ലോക സമ്മേളനങ്ങളുടെ തീരുമാനങ്ങളെ അവർ തള്ളിപ്പറഞ്ഞു. ഇന്ത്യയുമായും പിന്നീട് സോവിയററു യൂണിയനുമായും അവർ അതിർത്തി സംഘട്ടനങ്ങറം കുത്തിയിളക്കി. യുദ്ധം അനിവാര്യമാണെന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് സമാധാനത്തിന്നും നിരായുധീകരണത്തിന്നും വേണ്ടിയുള്ള സകല ഉദ്യമങ്ങളെയും അവർ പരിഹസിച്ചുതള്ളി.

സമാധാനത്തിനും നിരായുധീകരണത്തിനും എതിരായും സാർവ്വദേശീയ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനെതിരായും അനേകം പാപങ്ങറം ചൈനീസ് നേതൃത്വം ചെയ്തു. നടുനായകത്വമോഹം മൂത്ത് അവർ സോവിയററു യൂണിയനും മററു സോഷ്യലിസ്റ്റു രാജ്യങ്ങറംക്കും എതിരായി പാശ്ചാത്യ സാമ്രാജ്യത്വ കോയ്മകളെ കുത്തിയിളക്കി വിടാൻപോലും അവർ ഉദ്യമിച്ചു.

ഒടുവിൽ സാമ്രാജ്യത്വത്തിൻെറ മടിയിൽ സ്വയം ചെന്നുചാടാനിടയാക്കിയ ചൈനയുടെ കഴിഞ്ഞ കാലനയം ഭാവി ചൈനീസ് നേതൃത്വത്തിൻെറ കണ്ണു തുറ

പ്പിക്കുമെന്നും ആ തെററുകളൊക്കെ തിരുത്താൻ അവർ ആത്മാർത്ഥമായി ഉദ്യമിക്കുമെന്നും നമുക്കാശിക്കാം.

ചൈനയുമായി സുഹൃൽബന്ധങ്ങൾ വളർത്താനുള്ള ആഗ്രഹത്തോടുകൂടിയ ഒരു നയമാണ് സോവിയററു യൂണിയൻ എക്കാലത്തും പിന്തുടർന്നുപോന്നിട്ടുള്ളത്. 1982 മാർച്ച് 24-ന് താഷ്ക്കെൻറിൽ ചെയ്ത തൻെറ പ്രസംഗത്തിൽ ലിയനിദ് ബ്രെഷ്നേവ് അതു വളരെ വ്യക്തമായി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "നമ്മുടെ രാജ്യങ്ങൾ തമ്മിലുള്ള ശത്രുതാവസ്ഥയും അകൽച്ചയും ഒരു സാധാരണ പ്രതിഭാസമായി നാം ഒരിക്കലും കരുതിയിട്ടില്ല. യാതൊരു മുന്നുപാധികളും കൂടാതെ ഇരു ഭാഗക്കാരുടെയും താൽപര്യങ്ങളോടുള്ള പരസ്പരാദരവിൻെറയും പരസ്പരം അഭ്യന്തരകാര്യങ്ങളിൽ കൈകടത്താതിരിക്കലിൻെറയും അടിസ്ഥാനത്തിലും മററു രാജ്യങ്ങൾക്കു ദോഷകരമാവാത്തവിധത്തിലും സോവിയററ്-ചൈനാ ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ഇരു ഭാഗക്കാർക്കും സ്വീകാര്യമായ നടപടികളെ സംബന്ധിച്ച് ഒത്തുതീർപ്പിലെത്തിച്ചേരാൻ നാം തയ്യാറാണ്." സാമ്പത്തികവും ശാസ്ത്രീയവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ ബന്ധങ്ങൾക്കെല്ലാം ഇതു ബാധകമാണ് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## 6. എമ്പതുകൾ

സാർവ്വദേശീയരംഗത്ത് രണ്ടു നയങ്ങൾ തമ്മിൽ — ന്യൂക്ലിയർ യുദ്ധം തടയുകയും സംഘർഷശമനത്തിൻെറതും വ്യത്യസ്ത സാമൂഹിക വ്യവസ്ഥിതികളോടുകൂടിയ രാഷ്ട്രങ്ങളുടെ സഹകരണത്തിൻെറതുമായ പ്രക്രിയയെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയവും സംഘട്ടനത്തിൻെറതും ആയുധപ്പന്തയത്തിൻെറതും സ്വാതന്ത്ര്യത്തിനും സ്വാശ്രിതത്വത്തിനുംവേണ്ടി പോരാടുന്ന ജനതകളുടെ അഭ്യന്തരകാര്യങ്ങളിൽ കൈകടത്തുന്നതിൻെറതുമായ നയവും തമ്മിൽ—സമരം അതി

രൂക്ഷമായ ഒരവസരത്തിലാണ് ലോകം എമ്പതുകളിലേക്കു പ്രവേശിച്ചത്.

പുതിയ റിപ്പബ്ലിക്കൻ ഭരണകൂടം അമേരിക്കയിൽ അധികരത്തിൽ വന്നതോടുകൂടി സ്ഥിതി കൂടുതൽ വഷളായി. അഭൂതപൂർവ്വമായ ഒരായുധമൽസരത്തിന് അത് തുടക്കമിട്ടു. ഈ വർഷത്തെ അമേരിക്കയുടെ സൈനികബജററ് 178 ബില്യൻ ഡോളറാണ്; അടുത്ത (1983) വർഷത്തേതത് 226 ബില്യനും. വസ്തുതകളെല്ലാം കണക്കിലെടുക്കുമ്പോഠം ഇതായിരിക്കും പരിധിയെന്നു കരുതുകവയ്യ.

സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സുകഠം ആവിഷ്കരിച്ച സമാധാനപരമായ വിദേശനയം സോവിയററ് യൂണിയൻ സുസ്ഥിരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ലെനിനിസ്റ്റ് വിദേശനയതത്വങ്ങഠം അടിയറവെക്കാതെതന്നെ തർക്കപ്രശ്നങ്ങഠംക്ക് ഇരു ഭാഗക്കാർക്കും സ്വീകാര്യമായ പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ട് സോവിയററ് യൂണിയൻ യാഥാർത്ഥ്യബോധം എല്ലായ്പോഴും പ്രകടിപ്പിച്ചുപോന്നിട്ടുണ്ട്. ന്യൂക്ലിയർ മിസൈലുകളും പരമ്പരാഗതായുധങ്ങളും കുറക്കാനും നിലവിലുള്ള തർക്കപ്രശ്നങ്ങഠം പരിഹരിക്കാനും പുതിയവ ഉണ്ടാകാതെ നോക്കാനും നടപടികഠം അടങ്ങുന്ന ഒന്നാണ് സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ 26-ാം കോൺഗ്രസ് അംഗീകരിച്ചിട്ടുള്ള എമ്പതുകളിലേക്കുള്ള സമാധാന പരിപാടി. സംഘർഷശമനം ഇനിയും ശക്തിപ്പെടുത്താനും എല്ലാ രാഷ്ട്രങ്ങളും തമ്മിൽ സഹകരണം വളർത്താനുമുള്ള ആഗ്രഹം അതിൽ മുററിനിൽക്കുന്നു. സമാധാനത്തെയും ഭദ്രതയേയും സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യാനുള്ള സോവിയററ് യൂണിയൻെറ സന്നദ്ധത അതു പ്രകടിപ്പിക്കുന്നു. തന്നെയുമല്ല, മററു രാഷ്ട്രങ്ങളുടെ ഭാഗത്തുനിന്നു വരുന്ന നിർദ്ദേശങ്ങഠം സശ്രദ്ധം പരിഗണിക്കാനുള്ള സന്നദ്ധതയും അതു പ്രകടിപ്പിക്കുന്നുണ്ട്.

പക്ഷെ ആയുധപ്പന്തയത്തിനു കടിഞ്ഞാണിടുന്ന പ്രക്രിയ തുടരുന്നതിനെ തടസ്സപ്പെടുത്തുന്ന ഒരു നിലപാടാണ് അമേരിക്ക കൈക്കൊണ്ടുപോരുന്നത്. ആയുധം പരിമിതപ്പെടുത്തുന്നതിനെ സംബന്ധിച്ച സംഭാഷണം അമേരിക്കൻ ഗവർമ്മെണ്ട് ഏകപക്ഷീയമായി മരവിപ്പിക്കുകയോ നിറുത്തിവെക്കുകയോ ചെയ്തിരിക്കുകയാണ്. ഇന്ത്യാസമുദ്രം സമാധാനമേഖലയാക്കുന്നതു സംബന്ധിച്ചാരംഭിച്ച സംഭാഷണവും അമേരിക്ക ഏകപക്ഷീയമായി നിറുത്തിവെച്ചു. സുദീർഘമായ കൂടിയാലോചനകൾക്കുശേഷം എത്തിച്ചേർന്നിട്ടുള്ള കരാറുകൾ നടപ്പിലാക്കാൻ അമേരിക്ക കൂട്ടാക്കുന്നില്ല. ''സാൾട്ട്–2'' അമേരിക്ക ഔദ്യോഗികമായി അംഗീകരിക്കില്ലെന്നു ശഠിക്കുന്നു. ഭൂഗർഭ അണുവായുധപരീക്ഷണം പരിമിതപ്പെടുത്തുന്നതു സംബന്ധിച്ച് സോവിയററ് യൂണിയനും അമേരിക്കയും ഒപ്പുവെച്ച ഉടമ്പടി അമേരിക്ക നടപ്പിലാക്കുന്നില്ല.

യുദ്ധമില്ലാത്ത ഒരു ലോത്തിനു വേണ്ടിയുള്ള സോവിയററ് യൂണിയൻെറ അകൈതവമായ ആഗ്രഹം, നിരായുധീകരണത്തിന്നുവേണ്ടി സമരം നടത്തുക എന്നതാണ് സോവിയററ് വിദേശനയത്തിൻെറ മുഖ്യ ലക്ഷ്യം എന്ന് സോവിയററ് ഭരണഘടനയിൽ എഴുതിച്ചേർത്തിരിക്കുന്നു എന്ന വസ്തുത സുവ്യക്തമാക്കുന്നു. സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണം നേടിയെടുക്കുകയെന്നതാണ് സോവിയററ് വിദേശനയത്തിൻെറ മുഖ്യ ലക്ഷ്യമെന്ന് സോവിയററ് ഭരണഘടനയുടെ 28-ാം വകുപ്പ് പറയുന്നു. ഇതിന്നു വളരെ വലിയ അർത്ഥമുണ്ട്. ആയുധം നിർമ്മിച്ചു ശേഖരിക്കുന്നതുവഴി ലാഭമുണ്ടാക്കുന്ന ഒരു സാമൂഹികശക്തിയും സോവിയററ് യൂണിയനിലില്ല എന്ന് അത് വിളിച്ചോതുന്നു. സോവിയററ് രാഷ്ട്രത്തെ സാമ്രാജ്യത്വരാഷ്ട്രങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്ന മുഖ്യ സ്വഭാവവിശേഷങ്ങളിലൊന്നാണിത്. ആയു

ധങ്ങൾ വികസിപ്പിക്കുകയും ഉത്പാദിപ്പിക്കുകയും ശേഖരിച്ചു വെക്കുകയും ചെയ്യുകവഴി കൊള്ളലാഭമുണ്ടാക്കുന്ന ആക്രമണവൃത്തങ്ങൾ സാമ്രാജ്യത്വരാഷ്ട്രങ്ങളിലുണ്ട്. അവരാണ് ഇന്ന് ലോകത്തെ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുന്ന ആയുധപ്പന്തയത്തിന്ന് ഉദരവാദി-

കയ്യൂക്കിന്റെ അടിസ്ഥാനത്തിൽ, ആ അടിസ്ഥാനത്തിൽ മാത്രം, രാഷ്ട്രാന്തരബന്ധങ്ങളെ കാണുന്നവരാണ് അമേരിക്കയിലെയും മററു "നാറേറാ" രാജ്യങ്ങളിലെയും ഭരണവൃത്തങ്ങൾ. നൂക്ലിയർ യുദ്ധം, ആഗോളവും "പരിമിത"വും, സുസ്സാദ്ധ്യമാണെന്ന് അമേരിക്കൻ രാഷ്ട്രീയനേതാക്കളും സൈനികനേതാക്കളും പ്രഖ്യാപിച്ചിരിക്കുന്നു. അമേരിക്കയുടെ അതിർത്തിയിൽനിന്ന് ആയിരക്കണക്കിനു കിലോമീററർ അകലെ സ്ഥിതിചെയ്യുന്ന അനേകം ഭൂപ്രദേശങ്ങൾ അമേരിക്കയുടെ "മുഖ്യ താൽപര്യമേഖലകളാ"യി വാഷിംഗ്ടൻ പ്രഖ്യാപിച്ചിരിക്കുകയാണ്.

സോവിയററ് യൂണിയനും അമേരിക്കയും തമ്മിലും "നാറേറാ"യും വാർസാ സഖ്യവും തമ്മിലും കഴിഞ്ഞ ദശകത്തിൽ രൂപപ്പെട്ട സന്തുലനാവസ്ഥ തകിടംമറിക്കാൻ ഇപ്പോഴത്തെ അമേരിക്കൻ ഭരണകൂടം ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. അതിനെ നീതീകരിക്കാനായിട്ടാണ് പഴയ "സോവിററ് ഭീഷണി"ക്കഥ പൂർവ്വാധികം വീറോടെ അവരിന്നു പ്രചരിപ്പിക്കുന്നത്. സൈനികരംഗത്ത് അമേരിക്ക സോവിയററ് യൂണിയന്റെ പിന്നിലായിപ്പോയെന്നാണ് അവരുടെ അവകാശവാദം.

തങ്ങൾ സൈനികമേൽക്കൈ ആഗ്രഹിക്കുന്നില്ലെന്നും എന്നാൽ തങ്ങളേക്കാൾ സൈനികശക്തി സംഭരിക്കാൻ മററാരെയും തങ്ങൾ അനുവദിക്കുന്നതല്ലെന്നും സോവിയററ് നേതാക്കൾ പല പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ട്.

ഓരോ പുതിയ മാരകായുധവും അമേരിക്കയുടെ സൃഷ്ടിയാണ്. അങ്ങനെയാണ് ആയുധപ്പന്തയത്തിന്ന് ആക്കംകൂട്ടിയുട്ടുള്ളത്. ഇപ്പോഴം അവർ പുതിയ പെർഷിങ്ങ് മിസൈലും എം. എക്സ്. മിസൈലും ഉണ്ടാക്കി ശേഖരിച്ചുവെക്കാൻ തുടങ്ങിയിരിക്കുകയാണ്.

ഈ പ്രശ്നത്തിൽ സോവിയററ് യൂണിയൻെറ നിലപാട് ലോകത്തിലെ മുഴുവൻ ജനതകളുടെയും ഉത്തമതാൽപര്യത്തിനു നിരക്കുന്നതാണ്. സൈനിക അഭിമുഖീകരണവും സംഘട്ടനവുമല്ല സോവിയററു യൂണിയൻ ആഗ്രഹിക്കുന്നത്, പിന്നെയോ മുഴുവൻ മനുഷ്യരാശിയുടെയും ഭദ്രതയാണ്. സോവിയററു യൂണിയൻ ആരേയും ആക്രമിക്കാൻ പോകുന്നില്ല. അതുകൊണ്ടുതന്നെ മററാരെക്കാളും ശക്തി സംഭരിക്കണമെന്ന ആഗ്രഹവും അതിനില്ല. വലിച്ചു ദൂരെയെറിഞ്ഞു നശിപ്പിക്കാൻ അതാഗ്രഹിക്കാത്ത ഒരൊററ ആയുധം പോലും അതിൻെറ കൈവശമില്ല. പക്ഷെ ഒരു കാര്യം: ബാക്കിപേരും അങ്ങനെ ചെയ്യാൻ തയ്യാറാകണം. ജനീവയിലും വിയന്നയിലും മററു സ്ഥലങ്ങളിലും നടന്ന, നടക്കുന്ന, കൂടിയാലോചനകളിൽ സോവിയററു യൂണിയൻ ഈ പ്രഖ്യാപനം നടപ്പിലാക്കാനുള്ള സന്നദ്ധത പല തവണ പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്. സോവിയററ് യൂണിയൻ ആയിരിക്കുകയില്ല ആദ്യം നൂക്ലിയർ ആയുധം ഉപയോഗിക്കുന്നതെന്ന് ഇക്കഴിഞ്ഞ യു. എൻ. നിരായുധീകരണ സമ്മേളനത്തിൽ സോവിയററു പ്രതിനിധി പ്രഖ്യാപിച്ചപ്പോഴം സോവിയററ് യൂണിയൻെറ നിർവ്യാജമായ സമാധാനവാഞ്ഛയാണ് അതിൽ മുഴങ്ങിക്കേട്ടത്. മററു രാജ്യങ്ങളും ഈ മാതൃക പിന്തുടരുകയാണെങ്കിൽ ഒരു നൂക്ലിയർ യുദ്ധവിപത്ത് ഒഴിവാക്കാൻ കഴിയും.

അതേ യു. എൻ. ജനറൽ അസ്സംബ്ലി സമ്മേളനത്തിൽ, രാസായുധങ്ങളുടെ വികസനത്തെയും ഉൽപാദനത്തെയും ശേഖരണത്തെയും നിരോധിക്കാനും ഉൽപാ

ദിപ്പിച്ചു വെച്ചിട്ടുള്ളവയെ നശിപ്പിക്കാനും ആവശ്യപ്പെടുന്ന ഒരു കരാറിൻെറ കരട് സമർപ്പിച്ചു.

നാളിതുവരെ സോവിയററു യൂണിയൻ മുമ്പോട്ടു വെച്ചിട്ടുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കെല്ലാം പ്രതികൂലമായ പ്രതികരണമെ പാശ്ചാത്യ കോയ്മകളിൽനിന്നുണ്ടായിട്ടുള്ളു. അവയ്ക്കു ബദലെന്നോണം അമേരിക്ക ചില നിർദ്ദേശങ്ങൾ മുമ്പോട്ടു വെക്കുകയുണ്ടായിട്ടുണ്ട്. തുല്യത, തുല്യഭദ്രത എന്നീ തത്വങ്ങളെ അവഗണിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളേ അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളു. അത്തരത്തിൽപ്പെട്ട ഏററവും ഒടുവിലത്തെതാണ് "സീറോ ഓപ്ഷൻ" എന്ന ഓമനപ്പേരിൽ കുപ്രസിദ്ധിയാർജജിച്ചിട്ടുള്ള നിർദ്ദേശം. പച്ചയായി പറഞ്ഞാൽ സോവിയററ് യൂണിയൻ ഏകപക്ഷീയമായി നിരായുധീകരണം നടപ്പിലാക്കണമെന്നാണ് അതിൻെറ സാരം. സോവിയററ് യൂണിയൻെറ മീഡിയം റേഞ്ച് മിസൈലുകളെല്ലാം യൂറോപ്യൻ മേഖലയിൽനിന്നു പൊളിച്ചു മാററണമെന്നാവശ്യപ്പെടുന്ന പ്രസ്തുത നിർദ്ദേശം സോവിയററു യൂണിയനെ ലക്ഷ്യമാക്കി കരയിലും കടലിലും വിമാനങ്ങളിലും അമേരിക്ക ഒരുക്കിവെച്ചിരിക്കുന്ന നൂറുകണക്കിന് മിസൈലുകളുടെ കാര്യമോ അമേരിക്കയുടെ പശ്ചിമയൂറോപ്യൻ സഖ്യരാജ്യങ്ങൾ ഒരുക്കിനിർത്തിയിരിക്കുന്ന മിസൈലുകളുടെ കാര്യമോ മിണ്ടുന്നേയില്ല.

തങ്ങളുടെ യുദ്ധസന്നാഹത്തെ സമാധാനത്തിൻെറയും സംഘർഷശമനത്തിൻെറയും ശത്രുക്കൾ എപ്രകാരം ന്യായീകരിക്കാൻ ശ്രമിക്കുന്നു എന്നു നോക്കാം. സോവിയററു സൈന്യം അഫ്ഗാനിസ്താനിലുണ്ടെന്നും സോവിയററു യൂണിയൻ രാജ്യവിസ്തൃതീകരണനയം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നുമാണ് അവരുടെ വാദം. അഫ്ഗാനിസ്താനിലെ സംഭവവികാസങ്ങളെപ്പററി ഹിമാലയൻ നുണകളാണവർ പറഞ്ഞു പ്രചരിപ്പിക്കുന്നത്. എന്താണ് അഫ്

ഗാനിസ്താനിൽ സംഭവിച്ചതും സംഭവിച്ചുകൊണ്ടി രിക്കുന്നതും?

1978-ൽ അഫ്ഗാനിസ്താനിൽ ഒരു വിപ്ലവം നടന്നു. അഫ്ഗാൻ ജനത അവരുടെ കൈകളിൽ സ്വന്തം ഭാഗധേയം ഏറ്റെടുത്തു. സ്വതന്ത്രമായ ഒരു വികസനപാത അവർ അവലംബിക്കുകയും ചെയ്തു. ചരിത്രത്തിൽ പതിവായി കാണുന്നതുപോലെ അഫ്ഗാനിസ്താനിലും പ്രതിവിപ്ലവകാരികൾ വിപ്ലവത്തിനെതിരെ അണിനിരന്നു. അവരെ നേരിടാനുള്ള കരുത്ത് അഫ്ഗാൻ ജനതക്കുണ്ടായിരുന്നു. പക്ഷെ, വിപ്ലവത്തിൻെറ ആദ്യനാളുകളിൽനിന്നുതന്നെ പുറമെ നിന്നുള്ള ആക്രമണങ്ങളെ നേരിടേണ്ടിവന്നു അവർക്ക്. അവരുടെ അഭ്യന്തരകാര്യങ്ങളിൽ പുറമെനിന്നു കൈകടത്തലുണ്ടായി.

പാക്കിസ്താനിൽ സ്ഥിതി ചെയ്യുന്ന സ്പെഷ്യൽ ക്യാമ്പുകളിൽ പരിശീലിപ്പിച്ച് ആയുധമണിയിച്ച ആയിരക്കണക്കിനു കലാപകാരികളെ അമേരിക്കയും ചൈനയും ഈജിപ്തും അഫ്ഗാനിസ്താനിലേക്കയച്ചു. ചുരുക്കിപ്പറഞ്ഞാൽ അഫ്ഗാനിസ്താനിലെ വിപ്ലവത്തിന്നെതിരായി അമേരിക്കൻ സാമ്രാജ്യത്വവും കൂട്ടാളികളും ഒരു അപ്രഖ്യാപിതയുദ്ധം ആരംഭിച്ചു.

ആ കൈകടത്തൽ അവസാനിപ്പിക്കാനുള്ള അഫ്ഗാനിസ്താൻെറ അഭ്യർത്ഥനയെല്ലാം അവഗണിക്കപ്പെട്ടു. അഫ്ഗാൻ നേതൃത്വം പ്രസിഡണ്ട് തരാക്കിയുടെ കാലംതൊട്ട് സോവിയററ് യൂണിയനോട് സഹായം അഭ്യർത്ഥിച്ചിരുന്നു. അതിനു വ്യവസ്ഥ ചെയ്യുന്ന ഒരു സൗഹൃദ ഉടമ്പടി സോവിയററ് യൂണിയനുമായി അഫ്ഗാനിസ്താൻ പണ്ടേ ഒപ്പുവെച്ചിട്ടുമുണ്ടായിരുന്നു. അഫ്ഗാനിസ്താനെ പുറമെ നിന്നാക്രമിക്കുന്ന ശക്തികളോട് ആക്രമണം അവസാനിപ്പിക്കാൻ അതനുസരിച്ച് ഒടുവിൽ സോവിയററ് യൂണി

യൻ ആവശ്യപ്പെട്ടു. അവർ അങ്ങനെ ചെയ്യാത്ത പക്ഷം സോവിയററു യൂണിയൻ തക്ക നടപടികളെടുക്കാൻ നിർബന്ധിതമാകുമെന്ന് അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

പ്രസിഡണ്ട് തരാക്കിക്കുശേഷം അധികാരം കൈക്കലാക്കിയ അമീൻ ആക്രമണകാരികളെ തുണച്ചു. വിപ്ലവം നടത്തിയ അഫ്ഗാൻ ജനതക്കെതിരെ ക്രൂരമായ മർദ്ദനം അഴിച്ചുവിട്ടു. ഏപ്രിൽവിപ്ലവത്തെ സഹായിച്ച രാഷ്ട്രീയപ്രവർത്തകരും സൈനികരും ബുദ്ധിജീവികളും മുസ്ലീം മതനേതാക്കളുമെല്ലാം അമീൻെറ മർദ്ദനത്തിന്നിരയായി. ബാബ്രാക് കാർമ്മലിൻെറ നേതൃത്വത്തിലുള്ള ജനാധിപത്യകക്ഷി അമീൻെറ ദുർഭരണത്തിന്നെതിരെ കലാപമുയർത്തുകയും അതിനറുതിവരുത്തുകയും ചെയ്തു. അക്കാലത്ത് അമീൻെറ പേരിൽ വിലാപമുയർന്നുകേശക്കുകയുണ്ടായി വാഷിംഗ്ടനിലും മററു ചില പാശ്ചാത്യ തലസ്ഥാനങ്ങളിലും. അവരുടെ വഞ്ചന അങ്ങനെ തുറന്നുകാട്ടപ്പെട്ടു. അമീൻ അഫ്ഗാനിസ്താനിൽ ഭീകരഭരണം നടത്തിക്കൊണ്ടിരുന്നപ്പോശ അതിനെതിരായി അവരാരും ഒരക്ഷരം പറയുകയുണ്ടായില്ല. പ്രസിഡണ്ട് തരാക്കിയെ അമീൻ വകവരുത്തിയതിനെതിരായും അവർ ഒരക്ഷരം ഉരിയാടുകയുണ്ടായില്ല.

ചുരുക്കത്തിൽ, വിദേശ പിന്തിരിപ്പൻ ശക്തികളുടെ കരുതിക്കൂട്ടിയുള്ള കൈകടത്തൽ അഫ്ഗാനിസ്താൻെറ സ്വാതന്ത്ര്യം അപകടത്തിലാക്കി. സോവിയററ് യൂണിയൻെറ തെക്കെ അതിർത്തിയിൽ അഫ്ഗാനിസ്താനെ അവരുടെ ഒരു സൈനിക വിക്ഷേപത്തട്ടാക്കണമെന്നായിരുന്നു സാമ്രാജ്യവാദികളുടെ മോഹം. ഈ നീക്കങ്ങശ കണ്ടുകൊണ്ട് കയ്യുംകെട്ടിയിരിക്കാൻ സോവിയററു യൂണിയനു സാദ്ധ്യമായില്ല. സുഹൃൽ അഫ്ഗാൻ ഭരണകൂടത്തിൻെറ അഭ്യർത്ഥന അനുസരിച്ച് വിദേശാക്രമണകാരികശക്കെതിരായി ജനകീയ അഫ്ഗാനിസ്താനെ സഹായിക്കാൻ സോ

വിയററ് യൂണിയൻ പ്രാഞ്ഞെത്തി. അഫ്ഗാൻ വിപ്ല വത്തിൻെറ രക്ഷക്ക് സോവിയററ് യൂണിയൻ ആ സമയത്ത് പാഞ്ഞെത്തിയില്ലായിരുന്നെങ്കിൽ അഫ്ഗാ നിസ്താൻ സാമ്രാജ്യത്വാക്രമണത്തിൽ ഞെരിഞ്ഞമർ ന്നുപോകുമായിരുന്നു. ജനകീയ അഫ്ഗാനിസ്താ ൻെറ സ്വാതന്ത്ര്യം ചോരയിൽ മുക്കി കൊല ചെയ്യപ്പെ ടുമായിരുന്നു.

തനതായും കൂട്ടായും ആത്മരക്ഷക്കുവേണ്ടി പോരാടാനുള്ള അവകാശത്തിന് യു. എൻ. പ്രമാണം ഉറപ്പുനൽകുന്നുണ്ട്. സോവിയററു സൈനികർക്ക് ഒരേ ഒരു കടമയേ ഉള്ളു—പുറമെനിന്നുള്ള ആക്രമണ ത്തെ തുരത്തുക. പുറമെനിന്ന് ആക്രമണമുണ്ടാകുക യില്ലെന്ന് ഉറപ്പായാൽ സോവിയററു സൈനികർ അഫ് ഗാനിസ്ഥാനിൽനിന്നു പിൻവാങ്ങുകയും ചെയ്യും.

സോവിയററു യൂണിയൻെറ ''രാജ്യവിസ്തൃതീക രണ വാഞ്ഛ''യെപ്പററിയും എണ്ണ സമൃദ്ധ ഗൾഫി ലേക്കു സോവിയററു യൂണിയൻ ''ഉററുനോക്കു''ന്ന തിനെപ്പററിയുമൊക്കെ സാമ്രാജ്യവാദികൾ പറഞ്ഞു പരത്തുന്ന നുണയുടെയെല്ലാം ലക്ഷ്യം അവരുടെ സ്വന്തം കുതന്ത്രങ്ങളും ഗൂഢാലോചനകളും മറച്ചുപി ടിക്കുക എന്നതു മാത്രമാണ്.

അഫ്ഗാനിസ്താനെച്ചൊല്ലി മുതലക്കണ്ണീർ പൊഴിക്കുന്നവരുടെ ആത്മവഞ്ചന തുറന്നുകാട്ടുന്ന ഒരു വസ്തുത നോക്കുക. ഏതെങ്കിലും ഒരു ജനത സ്വന്തം വികസനപാത അവലംബിക്കുന്ന അവസര ത്തിൽ ഇതേ മുറവിളി കേൾക്കാറുണ്ട്. ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റു രാഷ്ട്രം ജൻമമെടുത്തതിൽ പ്പിന്നെ അനേകം രാജ്യങ്ങൾ സോഷ്യലിസ്റ്റു സമ്പ്രദാ യം തിരഞ്ഞെടുക്കുകയുണ്ടായി. ആ ഓരോ സന്ദർ ഭത്തിലും സോവിയററ് ''രാജ്യ വിസ്തൃതീകരണ വാ ഞ്ഛ''യെപ്പററിയുള്ള ജൽപനങ്ങൾ മുഴങ്ങിക്കേൾക്കു കയുണ്ടായിട്ടുണ്ട്. ഉത്തര കൊറിയ, വിയററ്നാം,

ലാവോസ്, കമ്പൂച്ചിയ, ക്യൂബ, അംഗോല; നിക്കാരാഗുവ മുതലായവയുടെ കാര്യങ്ങളിലെല്ലാം അതല്ലേ സംഭവിച്ചത്?

അതേ സാമ്രാജ്യത്വ ശക്തികൾതന്നെയാണ് ഇന്ന് അഫ്ഗാനിസ്താൻെറ കാര്യത്തിലും ഇടങ്കോലിടുന്നത്. ആ രാജ്യത്തിൻെറ അഭ്യന്തര കാര്യങ്ങളിൽ പുറമെനിന്ന് ഇടപെടൽ ഉണ്ടാകുന്നില്ലെങ്കിൽ പിന്നെ പ്രശ്നമൊന്നുമില്ല.

ഈ ഭൂമുഖത്ത് ഒരു രാജ്യത്തിനും സോവിയററു യൂണിയനിൽനിന്നു യാതൊരുവക ഭീഷണിയുമില്ല. നേരത്തെ പറഞ്ഞതുപോലെ മററു ജനതകളുടെ സമ്പത്തു കൈക്കലാക്കാനും മററുള്ളവരെ അടിമകളാക്കിവെക്കാനും സോവിയററു യൂണിയൻ ആഗ്രഹിക്കുന്നില്ല. അതൊക്കെ സോഷ്യലിസത്തിന് അന്യമാണ്.

വിപ്ലവം കയററുമതി ചെയ്യുന്നതിലും സോവിയററു യൂണിയൻ വിശ്വസിക്കുന്നില്ല. ബ്രഷ്നേവ് അതു സംബന്ധിച്ച് ഇപ്രകാരം പറയുകയുണ്ടായി: മററാരുടെയെങ്കിലും പ്രചാരണമല്ല വിപ്ലവത്തിൻെറ ആഹാരം; ആരുടെയും 'അട്ടിമറി പ്രവർത്തന'വുമല്ല. സാമ്രാജ്യത്വപത്രങ്ങൾ അങ്ങനെ പറയാറുണ്ട്. യാഥാർത്ഥ്യങ്ങൾ, മനുഷ്യരുടെ അസഹനീയമായ ജീവിത സാഹചര്യങ്ങൾ, ആണ് വിപ്ലവത്തെ വളർത്തുന്നത്. അതുകൊണ്ടാണ് ആരാലും നശിപ്പിക്കാനാവാത്തവിധം അതിൻെറ വേര് ആഴ്ന്നിറങ്ങുന്നത്. പുരോഗതിയിലേക്കുള്ള പാത തടസ്സപ്പെടുത്താനും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ശ്രമത്തെ അടിച്ചമർത്താനുമുള്ള ഏതുദ്യമവും ബഹുജനങ്ങളുടെ രോഷം വർദ്ധിപ്പിക്കുകയേയുള്ളൂ.

അതുപോലെതന്നെ പ്രതിവിപ്ലവം കയററുമതി ചെയ്യുന്നതും അന്യജനതകളുടെ പരമാധികാരത്തെ അടിച്ചമർത്താനുള്ള ലക്ഷ്യത്തോടെ അവരുടെ കാര്യങ്ങളിൽ കൈകടത്തുന്നതും അനനുവദനീയമാണെന്ന്, പാ

തകമാണെന്ന് സോവിയററു യൂണിയൻ എല്ലായ്പോഴും കരുതുന്നു. വിപ്ലവം കയററുമതി ചെയ്യുന്നതിനു പിന്തുണ നൽകുന്നവരല്ല കമ്യൂണിസ്റ്റുകാം. ഏതൊരു രാജ്യത്തും അതിൻെറ സ്വന്തം മണ്ണിലാണ് വിപ്ലവം വളർന്നു പാകമാകുന്നത്. അതെപ്പോഠം എങ്ങനെ പൊട്ടിപുറപെടുന്നു എന്നതും അതിൽ എന്തെല്ലാം സമരരൂപങ്ങളും സമ്പ്രദായങ്ങളും പ്രയോഗിക്കപ്പെടുന്നു എന്നതുമെല്ലാം ബന്ധപ്പെട്ട രാജ്യങ്ങളിലെ ജനങ്ങളാണ് തീരുമാനിക്കേണ്ടത് എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

## VII. ഇന്നു നാം കാണുന്ന രംഗം

ചില ചരിത്ര വസ്തുതകൾ നാം മറന്നുപോയേക്കാം. എങ്കിലും, സോവിയററു വിദേശനയത്തിൻെറ മുഖ്യമായ സ്വഭാവ സവിശേഷതകളും അതു മുറുകെ പിടിക്കുന്ന ധാർമ്മിക തത്വങ്ങളും നാം ഓർത്തിരിക്കേണ്ടതുണ്ട്. അതാണ് മുൻ അദ്ധ്യായങ്ങളിൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുള്ളതും. അവയുമായി തട്ടിച്ചുനോക്കുമ്പോളാണ് പാശ്ചാത്യകോയ്മകൾ പിന്തുടരുന്ന നയം, പ്രത്യേകിച്ചും അമേരിക്കയുടെ നയം, എത്രത്തോളം അധാർമ്മികവും പിന്തിരിപ്പനും ആണെന്നു നമുക്കു കാണാൻ കഴിയുന്നത്. ഒരു രാഷ്ട്രവും അതിൻെറ ദേശീയ താൽപര്യമനുസരിച്ച് പ്രവർത്തിക്കാൻ അമേരിക്ക അനുവദിക്കുന്നില്ല. അതുകൊണ്ടാണ് ആനയം അധാർമ്മികമെന്നു പറഞ്ഞത്. ചരിത്രം മുമ്പോട്ടുപോകുന്നതനുസരിച്ച് പുരോമുഖമായ പരിവർത്തനങ്ങൾ അനിവാര്യമാണ്. അതു സമ്മതിച്ചുകൊടുക്കാൻ സാമ്രാജ്യവാദികൾ തയ്യാറല്ല. അതുകൊണ്ടാണ് അവരുടെ നയം പിന്തിരിപ്പനാണെന്നു പറഞ്ഞത്. സ്വന്തം താൽപര്യങ്ങളനുസരിച്ച് ബാക്കി സകലരും പ്രവർത്തിച്ചുകൊള്ളണം എന്നതാണ് സാമ്രാജ്യവാദികളുടെ കല്പന. ജൻമിത്വത്തെ മറികടന്ന അവസരത്തിൽ മുതലാളിത്തം പുരോമുഖമായിരുന്നു. പക്ഷെ അതിൻെറ പരമോന്നത ഘട്ടമായ സാമ്രാജ്യത്വത്തിൽ എത്തിച്ചേർന്നപ്പോൾ അതു പിന്തിരിപ്പനായി; സോഷ്യലിസത്തിന് അതു വഴിമാറിക്കൊടുത്തേ പററൂ. തുരുമ്പുപിടിച്ചു ദ്രവിച്ച യന്ത്രങ്ങൾ വഴിമുടക്കികളാണ്. അതാണ് സാമൂഹിക സമ്പ്രദായങ്ങളുടെയും സ്ഥിതി. പക്ഷെ ജീർണ്ണിച്ച ഒരു വ്യവസ്ഥിതിയും പുതിയതിനു സ്വയം വഴിമാ

റികൊടുക്കുന്നില്ല. അൽപസ്വൽപം ബലപ്രയോഗ മെങ്കിലും വേണ്ടിവന്നേക്കും.

ചരിത്രത്തിൻെറ മുമ്പോട്ടുരുളുന്ന ചക്രത്തെ പുറ കോട്ടു പിടിച്ചുതിരിക്കാനാണ് ഇന്നു സാമ്രാജ്യത്വം ശ്രമിക്കുന്നത്. അവരറിയുന്നില്ല ചരിത്ര ഘടികാര ത്തിൻെറ സൂചി പുറകോട്ടുതിരിക്കാൻ സാദ്ധ്യമല്ലെ ന്ന വസ്തുത.

എന്നു പറഞ്ഞതുകൊണ്ട് നാം കയ്യുംകെട്ടിയിരു ന്നാൽ ചരിത്രത്തിൻെറ ചക്രം മുമ്പോട്ടുതന്നെ സ്വയം നീങ്ങുമെന്നു കരുതുക വയ്യ. നമ്മുടെ ഈ യുഗത്തിൽ തീർച്ചയായും അങ്ങനെ സംഭവിച്ചുകൊള്ളണമെന്നില്ല. ലോകം ഇന്ന് ഒരു കുന്ന് നൂക്ലിയർ ആയുധങ്ങളുടെ മുകളിൽ ഇരിക്കുകയാണ്. ഒരു ചെറിയ തെററ്, അ ല്ലെങ്കിൽ ഒരു ചെറിയ അബദ്ധം മതിയാകും ഈ ഭൂമി തുണ്ടു തുണ്ടായി പൊട്ടിച്ചിതറിപ്പോകാൻ. അതോടു കൂടി ഈ ഭൂമുഖത്തുനിന്ന് ജീവജാലങ്ങൾ നിശ്ശേ ഷം തുടച്ചുനീക്കപ്പെടും. മനുഷ്യൻ സഹസ്രാബ്ദ ങ്ങളിലൂടെ നേടിയെടുത്ത നാഗരികതയുടെ അന്ത്യം കുറിക്കും അത്. സ്വന്തം സ്ഥാനം നഷ്ടപ്പെടാതിരി ക്കാൻ സാമ്രാജ്യത്വം അന്തിമപോരാട്ടത്തിന് വട്ടംകൂ ട്ടിക്കൊണ്ടിരിക്കുകയാണ്.

നമുക്കുചുററും എന്താണു നടക്കുന്നതെന്നു നോക്കാം.

## പശ്ചിമേഷ്യ

ഇസ്രായേലികളുടെ മൃഗീയമായ പെരുമാററത്തെ രോഷത്തോടും അവജ്ഞയോടും കൂടിയാണ് ലോകം നോക്കിക്കൊണ്ടിരിക്കുന്നത്. ഫലസ്തീൻ ജനതയെ മുഴുവൻ കൊന്നൊടുക്കാൻ ഇസ്രായേൽ ആഗ്രഹിക്കു ന്നു. ഈയിടെ ലെബനോണിൽ ഇസ്രായേലി പട്ടാളം നടത്തിയ കൂട്ടക്കൊലകൾ ഇസ്രായേലിലെതന്നെ ജന ങ്ങളെ അമ്പരപ്പിച്ചു.

ലെബനോണിൻെറ മണ്ണിൽ മനുഷ്യമാംസവും രക്തവും ചിതറി. മെനാച്ചം ബെഗിനെപ്പോലെ ഒരു ജൂതന് ഇത്ര സമർത്ഥമായി നരഹത്യ നടത്താൻ കഴിവുണ്ടെന്ന് അറിഞ്ഞാൽ ഹിററ്ലർപോലും ലജ്ജിച്ചു പോകുമായിരുന്നു.

പശ്ചിമേഷ്യൻ പ്രശ്നപരിഹാരത്തിന്ന് ക്യാമ്പ്ഡേവിഡ് ഒത്തുതീർപ്പുവരുത്തിവെച്ച ആപത്ത് എത്രത്തോളം വലുതാണെന്ന് ലെബോണിലെ ദുരന്തം വ്യക്തമാക്കി. ആ ഒത്തുതീർപ്പുകൊണ്ട് പശ്ചിമേഷ്യയിൽ സമാധാനമുണ്ടാകുകയില്ലെന്ന് ലോകത്തിലെ മിക്ക രാജ്യങ്ങളും ഇന്ന് ഏറക്കുറെ സമ്മതിക്കുന്നുണ്ട്.

പക്ഷെ അമേരിക്ക സ്വീകരിച്ചിരിക്കുന്ന പാത അതല്ല. പശ്ചിമേഷ്യയിൽ സ്വന്തം സാന്നിദ്ധ്യത്തിന് ഉറപ്പേകാനുതകുന്ന ഒരു പാതയാണ് അമേരിക്കയുടേത്. അത് മററുള്ളവരും സ്വീകരിച്ചുകൊള്ളണമെന്നാണ് അമേരിക്ക കൽപിക്കുന്നത്.

ഇസ്രായേലിപ്പട ലെബനോണിൽ അതിക്രമിച്ചു കടന്നപ്പോൾ അമേരിക്ക ഫിലിപ്പ് ഹബീബ് എന്ന ''സമാധാനദൂതനെ'' അവിടേക്കയച്ചു. എന്താണയാൾ സമാധാനത്തിനുവേണ്ടി അവിടെ ചെയ്തത്? ഫലസ്തീൻ സ്വാതന്ത്ര്യസമരപോരാളികൾ ബൈറൂട്ടു വിട്ടു പോകണം എന്നാവശ്യപ്പെട്ടു. ആക്രമണകാരിയുടെ ആവശ്യവും അതുതന്നെയായിരുന്നു. ആക്രമണകാരിക്ക് ഒത്താശചെയ്തുകൊടുക്കലായിരുന്നു അത്. ഹിററ്ലറെ പ്രീതിപ്പെടുത്താനായി ബ്രിട്ടനും ഫ്രാൻസും ചെക്കോസ്ലോവാക്യയുടെ പകുതി ജർമ്മനിക്കു തീറെഴുതിക്കൊടുത്ത അതേ പാരമ്പര്യം തന്നെ.

പക്ഷെ പശ്ചിമേഷ്യയിൽ ശരിക്കും പറഞ്ഞാൽ ഫലസ്തീനികളെ നശിപ്പിക്കുകയെന്നത് അമേരിക്കയുടെതന്നെ ആവശ്യമാണ്. അമേരിക്കയുടെ നിർദ്ദേശമനുസരിച്ചാണ് ഇസ്രായേൽ അവിടെ പ്രവർത്തി

ക്കുന്നത്. ഇസ്രായേലിൻെറ ആക്രമണത്തിനിടയിൽ ഒരു നിമിഷനേരത്തേക്കെങ്കിലും അമേരിക്ക ഇസ്രായേലിനുള്ള ആയുധ സപ്ലൈ നിറുത്തിയില്ല. എന്തിനേറെ പറയുന്നു, പശ്ചിമ ബൈറൂട്ടിലെ അഭയാർത്ഥി ക്യാമ്പുകളിലെ കൂട്ടക്കൊലയെ ലോകം മുഴുവൻ സരോഷം അധിക്ഷേപിച്ചിട്ടും യു. എൻ. ജനറൽ അസംബ്ലിയിൽ ഇസ്രായേലിനെ അധിക്ഷേപിക്കുന്ന പ്രമേയം വോട്ടിനിട്ടപ്പോൾ അതിനെതിരായി കൈപൊക്കാൻ അമേരിക്കയും ഇസ്രായേലും മാത്രമെ ഉണ്ടായിരുന്നുള്ളു. വാഷിംഗ്ടൻ തയ്യാറാക്കിക്കൊടുത്ത പദ്ധതിയനുസരിച്ചാണ് ഇസ്രായേൽ പശ്ചിമേഷ്യയിൽ പ്രവർത്തിക്കുന്നതെന്ന് ഇതെല്ലാം വിളിച്ചോതുന്നുണ്ട്. എന്താണ് പശ്ചിമേഷ്യയിൽ അമേരിക്കക്ക് ഇത്ര വലിയ താൽപര്യം? ഒററവാക്കിൽ പറഞ്ഞാൽ എണ്ണ. പശ്ചിമേഷ്യ അമേരിക്കയ്ക്കു മുഖ്യ താൽപര്യമുള്ള പ്രദേശമാണെന്ന് അമേരിക്കൻ പ്രസിഡൻറ് ഫോർഡ് പ്രസ്താവിക്കുകയുണ്ടായി. അതിനുള്ള കാരണവും അദ്ദേഹം പറഞ്ഞു. പശ്ചിമേഷ്യ തന്ത്രപ്രധാനമായ ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. തന്നെയുമല്ല, അമേരിക്കക്കും പശ്ചിമ യൂറോപ്പിനും ജപ്പാനും അവശ്യം വേണ്ടതായ ഊർജ്ജത്തിൻെറ ഉറവിടം പശ്ചിമേഷ്യയാണെന്നും അദ്ദേഹം പരസ്യമായി പറഞ്ഞു.

ഇതിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണ് സോവിയററു യൂണിയൻെറത്. ലോകത്തിൻെറ മറേറതൊരു പ്രദേശവുംപോലെ പശ്ചിമേഷ്യയും അവിടത്തുകാരുടെ മാത്രം മുഖ്യ താൽപര്യമേഖലയാണ്, മററാരുടെയുമല്ല, എന്നതാണ് സോവിയററു യൂണിയൻെറ സുസ്ഥിരവും സുവിദിതവുമായ നിലപാട്.

പിന്നെ എന്തിനാണ് പശ്ചിമേഷ്യയുടെ കാര്യത്തിൽ മോസ്ക്കോ ഇത്ര വലിയ താൽപര്യം കാട്ടുന്നതെന്ന് ചില പാശ്ചാത്യ നേതാക്കൾ അത്ഭുതപ്പെടാറുണ്ട്. ഇതു കേട്ടാൽ തോന്നും ഇറാൻ സോവിയററു

യൂണിയൻെറ അതിർത്തിയിലല്ല കിടക്കുന്നത്, അമേരിക്കയുടെ അതിർത്തിയിലാണെന്ന്. പേർഷ്യൻ ഉൾക്കടൽ മേഖലയിൽനിന്ന് ഒരു കൈപ്പാടകലമേയുള്ളു സോവിയററ് അതിർത്തിയിലേക്ക്. എന്നിട്ടും സോവിയററ് യൂണിയനെ ഒരു പുറംനാടായി ഈ മാന്യൻമാർ കരുതുന്നു. അതേസമയം ആയിരക്കണക്കിന് കിലോമീററർ അകലെ കിടക്കുന്ന അമേരിക്ക സർവ്വസന്നാഹത്തോടുംകൂടി അവിടെ കയറി കുടിയിരിക്കാൻ ശ്രമിക്കുന്നതിൽ അവർക്കാർക്കും യാതൊരാക്ഷേപവുമില്ല!

സ്വാർത്ഥതാൽപര്യങ്ങൾക്കായി ആരെയും കുളത്തിലിറക്കാൻ മടിക്കാത്ത ചൂതാട്ടക്കാർക്ക് ന്യായബോധവും യുക്തിബോധവും ഉണ്ടാകുമെന്ന് കരുതാനൊക്കുമോ? പേർഷ്യൻ ഉൾക്കടലിലും ഇന്ത്യാ സമുദ്രത്തിലുമായി അറുപതോളം അമേരിക്കൻ യുദ്ധക്കപ്പലുകളാണ് ചുററിത്തിരിയുന്നത്. പേർഷ്യൻ ഗൾഫ് മേഖലയിലെ എല്ലാ രാജ്യങ്ങളുടെയും സൈനിക ശക്തിയെ വെല്ലുന്ന സൈനികശക്തിയാണ് ഇന്ത്യാ സമുദ്രത്തിൻെറ വടക്കുപടിഞ്ഞാറു ഭാഗത്ത് അമേരിക്കയ്ക്ക് ഉള്ളതെന്ന് അമേരിക്കൻ സൈനിക വിദഗ്ദ്ധൻമാർ വീമ്പിളക്കുന്നു. പേർഷ്യൻ ഉൾക്കടൽ തീരം ഉടനീളം തന്നെ അമേരിക്കക്ക് സൈനിക താവളങ്ങളോ സൗകര്യങ്ങളോ ഉണ്ട്. ആജ്ഞ ലഭിച്ചാൽ മിന്നൽ വേഗതയിൽ ആക്രമണം നടത്താൻ കഴിവുള്ള ഒരു ലക്ഷത്തോളം സംഖ്യാബലം വരുന്ന ഒരു സൈനികദളത്തെ അമേരിക്ക ആ മേഖലയിൽ പാർപ്പിച്ചിട്ടുണ്ട്. തെക്കുപടിഞ്ഞാറെ ഏഷ്യയിലെ പ്രധാന എണ്ണസമൃദ്ധപ്രദേശങ്ങൾ ആക്രമിച്ചു പിടിച്ചെടുക്കുക എന്നതാണ് അതിനുള്ള കടമ. അതോടെ അമേരിക്കൻ സൈനിക ഡിവിഷനുകൾ അവിടേക്കു കയറുകയായി. സാധാരണ സൈന്യത്തെക്കൊണ്ട് ഇപ്പറഞ്ഞ ചുമതലകൾ നിറവേററാൻ കഴി

യുന്നില്ലെന്നു വന്നാൽ ന്യൂക്ലിയർ ആയുധങ്ങൾ അമേരിക്ക ഉപയോഗിക്കുന്നതായിരിക്കുമെന്ന് വെള്ളക്കൊട്ടാരത്തിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള മെമ്മോറാണ്ഡം 51 വ്യക്തമാക്കിയിട്ടുണ്ട്!

ഇത്തരത്തിലുള്ള പ്രകോപനങ്ങളെല്ലാം ഉണ്ടായിട്ടും സോവിയററു യൂണിയൻ പ്രകോപിക്കപ്പെട്ടിട്ടില്ല. കാരണം, സോവിയററു യൂണിയൻെറ മുഖ്യലക്ഷ്യം ലോകസമാധാനം കാത്തുസൂക്ഷിക്കുക എന്നതാണ്; ലോകത്തെ നിത്യനാശത്തിൽനിന്നു രക്ഷിക്കുക എന്നതാണ്.

## ഹെൽസിങ്കിയും അതിനുശേഷവും

ശീതയുദ്ധം കൊടുമ്പിരിക്കൊണ്ട ഒരവസരത്തിൽപ്പോലും യൂറോപ്പിൻെറ ഭദ്രതയുടെ പ്രശ്നം ചർച്ച ചെയ്യാനായി യൂറോപ്യൻ രാജ്യങ്ങളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്ന് സോവിയററു യൂണിയൻ ആവശ്യപ്പെട്ടു. അന്ന് പാശ്ചാത്യ കോയ്മകൾ അതിനു വഴിപ്പെട്ടില്ല. എന്നാൽ 1973-ൽ ലിയനിദ് ബ്രെഷ്നേവ് അമേരിക്ക സന്ദർശിച്ച അവസരത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ ഒരു കരാർ ഒപ്പുവെച്ചു. തങ്ങളുടെ നയങ്ങളുടെ ഒരു ലക്ഷ്യം ന്യൂക്ലിയർ യുദ്ധവിപത്തും ന്യൂക്ലിയർ ആയുധങ്ങളുടെ ഉപയോഗവും ഒഴിവാക്കുക എന്നതാണെന്ന് പ്രസ്തുത കരാറിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആ കരാർ ഒരു യൂറോപ്യൻ സമ്മേളനത്തിനു വഴിതുറന്നുകൊടുത്തു. അൽബേനിയ ഒഴിച്ചുള്ള എല്ലാ യൂറോപ്യൻ രാജ്യങ്ങളുടെയും അമേരിക്കയുടെയും കാനഡയുടെയും വിദേശകാര്യ മന്ത്രിമാർ ഹെൽസിങ്കിയിൽ സമ്മേളിച്ചു. അവിടെ, യൂറോപ്പിൻെറ ഭദ്രതയുടെ അടിസ്ഥാന തത്വങ്ങളെയും യൂറോപ്യൻ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ

തത്വങ്ങളേയും സംബന്ധിച്ച ഒരു പൊതു പ്രഖ്യാപനം സമ്മേളനത്തിന്റെ പരിഗണനക്കായി സോവിയററു വിദേശകാര്യമന്ത്രി ഗ്രോമീക്കോ സമർപ്പിച്ചു. പരമാധികാരത്തോടും സ്വാതന്ത്ര്യത്തോടുമുള്ള ആദരവ്; മററുരാഷ്ട്രങ്ങളുടെ അഭ്യന്തര കാര്യങ്ങളിൽ കൈകടത്താതിരിക്കൽ; മനുഷ്യാവകാശങ്ങളോടും അടിസ്ഥാന സ്വാതന്ത്ര്യങ്ങളോടും ആദരവ്; സാർവ്വദേശീയ സമാധാനവും ഭദ്രതയും ശക്തിപ്പെടുത്താനായി രാഷ്ട്രങ്ങരം തമ്മിലുള്ള സഹകരണം എന്നിവയായിരുന്നു പ്രസ്തുത രേഖയിൽ പറഞ്ഞിരുന്ന പ്രധാനപ്പെട്ട കാര്യങ്ങരം. സമാധാനത്തിനു സോവിയററു യൂണിയനുള്ള ആഗ്രഹം എത്രത്തോളം യഥാർത്ഥവും ആത്മാർത്ഥവുമാണെന്ന് പ്രസ്തുത രേഖ വിളിച്ചോതുന്നുണ്ട്.

സുദീർഘമായ ചർച്ചകരംക്കു ശേഷം 1975 ജൂലായ് 30-ന് ഹെൽസിങ്കിയിൽ ചേർന്ന 33 യൂറോപ്യൻ രാജ്യങ്ങളുടെയും അമേരിക്കയുടെയും കാനഡയുടെയും ഉച്ചകോടി സമ്മേളനം ഹെൽസിങ്കി രേഖക്ക് അന്തിമരൂപം നൽകി. സോവിയററ് യൂണിയൻ മുമ്പോട്ടു വെച്ച പ്രധാനപ്പെട്ട എല്ലാ നിർദ്ദേശങ്ങളുംതന്നെ അതിലടങ്ങിയിട്ടുണ്ട്. പ്രസ്തുത രേഖ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ രാജ്യങ്ങളും 1975 ആഗസ്റ്റ് 1-ന് ഒപ്പുവെക്കുകയും ചെയ്തു.

മററുള്ളവർ അവരുടെ കാര്യങ്ങരം എപ്രകാരം നടത്തണമെന്ന് ആരും തങ്ങളുടെ വിദേശനയ പരിഗണനകളുടെ അടിസ്ഥാനത്തിൽ ആജ്ഞാപിക്കാൻ ശ്രമിക്കരുത് എന്ന് ഹെൽസിങ്കി സമ്മേളനഫലങ്ങളെ വിലയിരുത്തിക്കൊണ്ട് ലിയനിദ് ബ്രെഷ്നേവ് ചൂണ്ടിക്കാട്ടുകയുണ്ടായി.

ഹെൽസിങ്കി തീരുമാനം യൂറോപ്പിലേയും അതുവഴി മുഴുവൻ ലോകത്തിലെയും സ്ഥിതി വളരെ മെച്ച

പ്പെടുത്തുമായിരുന്നു. പക്ഷെ നിർഭാഗ്യവശാൽ അങ്ങ നെ സംഭവിക്കുകയുണ്ടായില്ല. സോഷ്യലിസ്റ്റ് പോള ണ്ടിൻെറ ചില അഭ്യന്തര വിഷമതകൾ ഉപയോഗപ്പെടു ത്തിക്കൊണ്ട് അമേരിക്കയും മററു "നാറോ" രാജ്യ ങ്ങളും ഏതുപ്രകാരമാണ് പോളണ്ടിൽ സോഷ്യലിസ ത്തെ അട്ടിമറിക്കാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരുക്കു ന്നതെന്നു നമുക്കറിയാം. സ്വന്തം നാട്ടിൽ ക്രമസമാധാ നം പുധഃസ്ഥാപിക്കാൻ പോളിഷ് അധികൃതർ തക്ക നടപടികൾ കൈക്കൊണ്ടപ്പോൾ അമേരിക്കയും കൂട്ടരും അതിനെതിരായി തൊള്ളയിട്ടു. പോളണ്ടിലെ സോ ഷ്യലിസ്റ്റു വിരുദ്ധ ശക്തികൾക്ക് സർവ്വവിധ പി ന്തുണയും നൽകിക്കൊണ്ടിരിക്കുകയാണ് അമേരിക്ക. പോളണ്ടിലെ നിയമാനുസൃത ഗവർമ്മേണ്ടിനെതിരാ യി രാപ്പകൽഭേദമെന്യേ നുണപ്രചാരണം നടത്തിക്കൊ ണ്ടിരിക്കുകയുമാണത്. പോളണ്ടിൽ എന്തു സംഭവി ച്ചാലും അത് പോളണ്ടിൻെറ കാര്യമാണ്. അത് കൈ കാര്യം ചെയ്യേണ്ടത് അവിടത്തെ ഗവർമ്മേണ്ടുമാണ്. എന്നിട്ടെന്തുകൊണ്ട് ഹെൽസിങ്കി രേഖയിൽ ഒപ്പുവെ ച്ചിട്ടുള്ള, അമേരിക്കയും മററു പാശ്ചാത്യകോയ്മക ളും പോളണ്ടിൻെറ അഭ്യന്തരകാര്യങ്ങളിൽ ഇങ്ങനെ പ രസ്യമായി ഇടപെടുന്നു? ഹെൽസിങ്കി രേഖയിൽ അ വർ ഒപ്പുവെച്ചത് ആത്മാർത്ഥതയോടുകൂടി അല്ലെ ന്നു സാരം.

## ലാററിൻ അമേരിക്ക

1973-ൽ ചിലിയിലെ അല്ലൻഡെ സർക്കാരിനെ മറിച്ചിടുകയും പ്രസിഡണ്ട് അല്ലൻഡെയെ കൊലപ്പെ ടുത്തുകയും ചെയ്തതിൻെറ പിന്നിൽ അമേരിക്കൻ രഹസ്യവകുപ്പിൻെറ കറുത്ത കരങ്ങളുണ്ടായിരുന്നുവെ ന്ന വസ്തുത ഇന്ന് ഏവർക്കും അറിവായിക്കഴിഞ്ഞി ട്ടുണ്ട്. ഇന്നും ലാററിൻ അമേരിക്കയിലെ പരമാധി കാര സ്വതന്ത്ര രാഷ്ട്രങ്ങളുടെ അഭ്യന്തരകാര്യങ്ങളിൽ അമേരിക്ക പരസ്യമായി കൈകടത്തിക്കൊണ്ടിരിക്കുക യാണ്. ലാററിൻ അമേരിക്കൻ മേഖലയിലെ ദേശീയ

വിമോചന സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ അമേരിക്ക കച്ചകെട്ടിയിറങ്ങിയിരിക്കുകയാണെന്നു പറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ല. എൽസാൽവഡോറിലെ നരഹത്യക്ക് വാഷിംഗ്ടൻ കൂട്ടുനിൽക്കുന്നു. നിക്കരാഗ്വാക്കെതിരെ നടത്തപ്പെടുന്ന അട്ടിമറിശ്രമങ്ങൾക്കുപിന്നിൽ അമേരിക്കയാണു പ്രവർത്തിക്കുന്നത്. ഗ്രെനാഡയിലെയും ഗ്വോട്ടിമാലയിലെയും വിമോചന ശക്തികൾക്കെതിരായി കൊല്ലും കൊലയും സംഘടിപ്പിക്കുന്നതും അമേരിക്ക തന്നെയാണ്. ക്യൂബക്കെതിരായുള്ള പ്രകോപനങ്ങൾ ആരെയും അമ്പരപ്പിക്കുന്ന ഒരു പരിധിവരെ ചെന്നെത്തിയിരിക്കുന്നു. ലാററിൻ അമേരിക്കയിൽ വാഷിംഗ്ടൻ പിന്തുടരുന്ന നയത്തെ അനുഗമിക്കാൻ കൂട്ടാക്കാത്ത ആ മേഖലയിലെ രാഷ്ട്രങ്ങളെ വാഷിംഗ്ടൻ പല പ്രകാരത്തിൽ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

## ആഫ്രിക്കയിൽ

ആഫ്രിക്കയിലും അമേരിക്ക അതേ തരത്തിലുള്ള ഒരു നയമാണ് പിന്തുടരുന്നത്. ദക്ഷിണാഫ്രിക്കയിലെ വംശീയവാദി ഭരണകൂടത്തെ ഒരുപകരണമാക്കിക്കൊണ്ട് നമീബിയൻ ജനതയുടെ ദേശീയ വിമോചന സംഘടനയെ തകർത്ത് ആ രാജ്യത്തെ സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ വാഷിംഗ്ടൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതേ ഉപകരണം ഉപയോഗിച്ചുകൊണ്ട് സ്വതന്ത്ര അംഗോളയെയും മൊസാംബിക്കിനെയും അട്ടിമറിക്കാനും അതു ശ്രമം നടത്തുന്നു. തന്ത്രപ്രധാനമായ ആ പ്രദേശമാകെ സ്വന്തം കൈപ്പിടിയിൽ ഒതുക്കാനാണ് വാഷിംഗ്ടന്റെ ആഗ്രഹം.

''സോവിയററ് ഭീഷണി''യെപ്പററിയും ''സോവിയററ് രാജ്യവിസ്തൃതീകരണ മോഹത്തെ''പ്പററിയും നാഴികക്കു നാൽപതു വട്ടം നാക്കിട്ടടിക്കുന്ന അമേരിക്കൻ സാമ്രാജ്യവാദികളുടെ റിക്കാർഡാണ് മേലെ ചുരുക്കമായി പറഞ്ഞത്.

# ഉപസംഹാരം

സോവിയററു രാഷ്ട്രം അതിൻെറ ആരംഭം മുതലേ മററു രാഷ്ട്രങ്ങളുടെ അഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനെ എതിർത്തുപോരുന്നു. അതേസമയം അമേരിക്ക കഴിഞ്ഞ ഇരുനൂറു കൊല്ലങ്ങൾക്കുള്ളിൽ ഇരുനൂറിലധികം യുദ്ധങ്ങൾ നടത്തിയിട്ടുണ്ട്. അമേരിക്കൻ ജനത സൃഷ്ടിച്ച സമുദായത്തിൻെറ മുഖ്യ തൊഴിൽ അക്രമമാണെന്ന് ഒരു പ്രമുഖ അമേരിക്കൻ രാഷ്ട്രീയ നേതാവായ വില്യം ഫുൾ ബ്രൈററ് എഴുതുകയുണ്ടായി. അനേക വർഷങ്ങൾ അവർ ഒന്നുകിൽ യുദ്ധം ചെയ്യുകയായിരുന്നു, അല്ലെങ്കിൽ യുദ്ധത്തിനു തയ്യാറെടുക്കുകയായിരുന്നു. യുദ്ധവും യുദ്ധസന്നാഹവും അമേരിക്കൻ ജീവിതരീതിയുടെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞു. അമേരിക്കയുടെ ഏററവും വലിയ ഉൽപന്നം അക്രമമാണ്, മി. ഫുൾ ബ്രൈററ് ചൂണ്ടിക്കാട്ടി.

ഇപ്പറഞ്ഞതു നൂറു ശതമാനവും ശരിയാണെന്നു തെളിയിക്കുന്ന ഏതാനും വസ്തുതകൾ പറയാം.

അമേരിക്കൻ ബ്രൂക്കിംഗ്സ് ഇൻസ്റ്റിട്യൂട്ടിൻെറ കണക്കനുസരിച്ചുതന്നെ 1946-നും 1975-നും ഇടക്ക് അമേരിക്ക നേരിട്ടോ അല്ലാതേയോ മററു രാജ്യങ്ങളിൽ 215 തവണ സൈനിക കയ്യേററം നടത്തുകയോ കയ്യേററം നടത്തുമെന്നു ഭീഷണിപ്പെടുത്തുകയോ ചെയ്യുകയുണ്ടായിട്ടുണ്ട്. അതിനിടയിൽ 19 പ്രാവശ്യം ന്യൂക്ലിയർ ആയുധങ്ങളുപയോഗിക്കുന്ന കാര്യം അമേരിക്ക ഗൗരവമായി ആലോചിക്കുകയുണ്ടായിട്ടുണ്ട്. നാലു പ്രാവശ്യം അത്തരം ഭീഷണി സോവിയററു യൂണിയനു നേരെ മുഴക്കിയിട്ടുണ്ട്. 1945-നു ശേഷം ഉണ്ടായിട്ടു

ുള്ള സൈനിക സംഘട്ടനങ്ങളിലെല്ലാം അമേരിക്ക ഒരുതരത്തിലല്ലെങ്കിൽ മററൊരു തരത്തിൽ ഭാഗഭാക്കായിരുന്നു. പ്രസ്തുത സംഘട്ടനങ്ങളിൽ പത്തു ദശലക്ഷം പേർക്കാണ് ജീവഹാനിയുണ്ടായിട്ടുള്ളത്.

''ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട്'' പറയുന്നതു ഇപ്രകാരമാണ്: 1945 ഡിസംബർ മാസത്തിനും 1972 ഫെബ്രുവരി മാസത്തിനും ഇടയ്ക്ക് (1955, 1956, 1959 എന്നീ ആണ്ടുകളിലൊഴിച്ച്) അമേരിക്കൻ പട്ടാളവും വിമാനങ്ങളും യുദ്ധക്കപ്പലുകളും മിക്കവാറും ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും—യൂറോപ്പിലും ആഫ്രിക്കയിലും പശ്ചിമേഷ്യയിലും ഏഷ്യയിലും ലാററിൻ അമേരിക്കയിലുമെല്ലാം—ഇടപെട്ടിട്ടുണ്ട്.

ഇപ്പോൾ 32 രാജ്യങ്ങളിലായി 1500-ൽപരം സൈനിക താവളങ്ങളും മററു സൗകര്യങ്ങളുമാണ് അമേരിക്കയ്ക്കുള്ളത്. അവിടങ്ങളിലെല്ലാംകൂടി അഞ്ചു ലക്ഷത്തിലധികം അമേരിക്കൻ പട്ടാളക്കാരുമുണ്ട്.

കഴിഞ്ഞ 20 വർഷങ്ങളിൽ (1960–80) അമേരിക്കയുടെ സൈനികചിലവ് മൂന്നിരട്ടിയായി (45 ബില്യനിൽനിന്ന് 135 ബില്യൻ ഡോളറായി) വർദ്ധിച്ചു. അതിലുമധികമായിരിക്കും എമ്പതുകളിലെ വർദ്ധനവ്. 1981 മുതൽ 85 വരെയുള്ള കാലത്ത് വർദ്ധനവ് 120 ശതമാനമായിരിക്കും. അങ്ങനെ 1985-ൽ യുദ്ധചിലവ് 303.9 ബില്യൻ ഡോളറിലെത്തും.

ഇങ്ങനെയെല്ലാം വാരിക്കോരി യുദ്ധത്തിനുവേണ്ടി ചിലവുചെയ്തിട്ടും പിന്നെയും അമേരിക്കൻ നേതാക്കൾ ''സോവിയററു ഭീഷണി''യെപ്പററിയാണ് പറയുന്നത്. സോവിയററു യൂണിയൻ സ്വന്തം രക്ഷക്കുവേണ്ടി ആയുധമുണ്ടാക്കാൻ നിർബ്ബന്ധിതമായിരിക്കുകയാണ്. ജനക്ഷേമത്തിനുവേണ്ടി ചിലവിടാവുന്ന പണം ആയുധങ്ങൾക്കു വേണ്ടി വിനിയോഗിക്കാൻ സോവിയററു യൂണിയന് ഇഷ്ടമുണ്ടായി

ട്ടല്ല, ഒരു ''പ്രാവ്ദാ'' ലേഖകന് അനുവദിച്ച അഭിമുഖസംഭാഷണത്തിൽ ലിയനിദ് ബ്രെഷ്നേവ് ഇങ്ങനെ പറയുകയുണ്ടായി: സോവിയററ് യൂണിയൻ മുമ്പോട്ടുവെച്ചിട്ടുള്ള നിർദ്ദേശങ്ങളെ എന്തുകൊണ്ട് അമേരിക്ക പിന്താങ്ങുന്നില്ല?...ആദ്യമായി ന്യൂക്ലിയർ ആയുധം ഉപയോഗിക്കുകയില്ലെന്ന നിർദ്ദേശംതന്നെ നോക്കുക. ഒന്നാമതൊരു ന്യൂക്ലിയർ ആക്രമണം ഉണ്ടാകുന്നില്ലെങ്കിൽ രണ്ടാമത്തതും മൂന്നാമത്തതും ഉണ്ടാകില്ല. അങ്ങനെയെങ്കിൽപ്പിന്നെ ന്യൂക്ലിയർ യുദ്ധം ജയിക്കാനുള്ള സാദ്ധ്യതയെയും അസാദ്ധ്യതയെയും പററിയുള്ള വർത്തമാനമൊക്കെ സ്വാഭാവിക്മായും തന്നി അസംബന്ധമായിത്തീരും. ന്യൂക്ലിയർ യുദ്ധമെന്ന പ്രശ്നം തന്നെ ദൂരീകരിക്കപ്പെടും.

എല്ലാ ദിവസവും തന്നെ ഏതെങ്കിലും അമേരിക്കൻ നേതാവ് സോവിയററ് യൂണിയനെതിരെ യുദ്ധോൽസുക പ്രസ്താവന നടത്തിയതിൻെറ റിപ്പോർട്ട് പത്രങ്ങളിൽ വന്നു കാണാറുണ്ട്. സോഷ്യലിസത്തെ ചരിത്രത്തിൻെറ ചാരക്കൂമ്പാരത്തിൽ കുഴിച്ചുമൂടുമെന്ന് ഈയിടെ അമേരിക്കൻ പ്രസിഡൻറ് റീഗൻ തന്നെ പറയുകയുണ്ടായി.

അതിൽനിന്നു തികച്ചും വ്യത്യസ്തമാണ് സോവിയററു യൂണിയൻ പിന്തുടന്ന സമചിത്തതയോടുകൂടിയതും സുചിന്തിതവുമായ നയം. ഒരു അമേരിക്കൻ എൻ. ബി. സി. ലേഖകനു മറുപടിയായി ലിയനിദ് ബ്രെഷ്നേവ് ഇപ്രകാരം പറഞ്ഞു: ...ഈ ഭൂമുഖത്തുള്ള എല്ലാ ജനതകളെയും സംബന്ധിച്ചേടത്തോളം പ്രധാനപ്പെട്ട കാര്യം സമാധാനവും നാളയിൽ വിശ്വാസവുമാണെന്ന് ഗവർമ്മെൻറുകളും രാജ്യതന്ത്രജ്ഞരും പരിപൂർണ്ണമായി മനസ്സിലാക്കിയിരിക്കണം. അതിലും പ്രധാനം അക്കാര്യം രാഷ്ട്രങ്ങളുടെ നയങ്ങളിൽ പ്രകടമായിരിക്കണം എന്നതാണ്. ആയുധമൽസരജ്വരംഅവസാനിക്കണം. വർദ്ധിച്ച പിരിമുറക്കത്തിന് അയവുണ്ടാകണം. യുദ്ധത്തിൻെറ വിള

നിലങ്ങറം തുടച്ചുനീക്കണം. വിവരംകെട്ട ആയുധ മൽസരനയം തിരസ്ക്കരിക്കപ്പെടണം. രാഷ്ട്രങ്ങറം തമ്മിൽ സാധാരണബന്ധങ്ങളുടെ, പരസ്പമാദരവി ൻെറതും പരസ്പര ധാരണയുടെതും പരസ്പരമുളള താൽപര്യങ്ങളോടുളള ആദരവിൻെറതുമായ ബന്ധങ്ങ ളുടെ പാതയിലേക്ക് തിരിച്ചുപോകണം. ഇതെല്ലാം നടന്നാൽ അത് ന്യൂക്ലിയർ യുദ്ധം ഒഴിവാക്കാൻ തീർ ച്ചയായും സഹായിക്കും...

അമേരിക്കൻ ജനങ്ങളുറംപ്പടെ ലോകത്തിൽ കൂടു തൽ കൂടുതൽ ആളുകറം ഇന്നു ചോദിക്കുന്ന ഒരു ചോ ദ്യമുണ്ട് : എന്താണ് ഒരു യുദ്ധത്തിൻെറ ആവശ്യം?

സോവിയററു യൂണിയനെയും സോഷ്യലിസത്തെ യും തനിക്കിഷ്ടമില്ലെന്ന് പ്രസിഡൻറു റീഗൻ പറ യുന്നു. അമേരിക്കൻ ജീവിതരീതിയും അമേരിക്കൻ മോഡൽ ജനാധിപത്യവും സോവിയററു ജനങ്ങളും ഇഷ്ടപ്പെടുന്നില്ല. എന്നുകണ്ട് അമേരിക്ക സോഷ്യ ലിസ്റ്റു വ്യവസ്ഥിതി സ്വീകരിച്ചുകൊളളണമെന്ന് സോവിയററു ജനങ്ങറം നിർബ്ബന്ധം പിടിക്കുന്നി ല്ല. പിന്നെ സോവിയററു യൂണിയനിലെ വ്യവസ്ഥി തി മാറിയേ തീരൂ എന്ന് നിർബ്ബന്ധം പിടിക്കാൻ അമേരിക്കൻ നേതാക്കറംക്ക് എന്തവകാശം?

സമാധാനം നിലനിറുത്തുന്നതിന് ഇന്നത്തെ ലോ കത്തിൽ ഒരേ ഒരു വഴിയേയുളളു—സമാധാനപരമായ സഹവർത്തിത്വം. കഴിഞ്ഞ യുദ്ധത്തിൽ ആദ്യന്തം പങ്കെടുത്ത ആളായിരുന്നു ലിയനിദ് ബ്രെഷ്നേവ്. പക്ഷെ അദ്ദേഹത്തിനു യുദ്ധക്കൊതിയുണ്ടായിരു ന്നില്ല. ആരെയും ഇരുത്തിച്ചിന്തിപ്പിക്കുകയും ആരു ടെയും മനസ്സിളക്കുകയും ചെയ്യുന്ന തരത്തിലാണ് അദ്ദേഹം യുദ്ധത്തെയും സമാധാനത്തെയും പററി പറഞ്ഞിട്ടുളളത്. ''മാലൃയ സെംല്യ'' എന്ന തൻെറ

പുസ്തകത്തിൻെറ അവസാനഭാഗത്ത് അദ്ദേഹം ഇപ്രകാരം എഴുതി:

...സമാധാനം ഉണ്ടാകട്ടെ. അതാണ്ട് സോവിയററു ജനങ്ങൾക്കും ലോകമാസകലമുള്ള എല്ലാ നല്ല ആളുകൾക്കും അവശ്യം വേണ്ടത്.

പോരാട്ടത്തിൽ മരിച്ചുവീണ കൂററഠ എത്രയോ സഖാക്കളെ യുദ്ധത്തിൻെറ അവസാനനാൾവരെയും ഞങ്ങൾ മറവുചെയ്തുകൊണ്ടിരുന്നു. യുദ്ധത്തിൻെറ എല്ലാ പാതയിലും ഉടനീളം, ഫാസിസ്റ്റു ക്രൂരതകളേൽപ്പിച്ച മുറിവുകളുടെ പാടുകൾ ഞങ്ങൾ കണ്ടു; വിലപിക്കുന്ന അമ്മമാരേയും സമാശ്വസിപ്പിക്കപ്പെടാൻ കഴിയാത്ത വിധവകളേയും വിശന്നുവലയുന്ന അനാഥരേയും ഞങ്ങൾ കണ്ടു. യുദ്ധത്തിൽ അതിൻെറ തുടക്കം മുതൽ അവസാനം വരെയും പങ്കെടുത്തിട്ടുള്ള ഞാൻ അതിൽനിന്നു കൈക്കൊണ്ട അതിപ്രധാന നിഗമനം എന്താണെന്ന് ഇന്ന് ആരെങ്കിലും എന്നോടു ചോദിക്കുകയാണെങ്കിൽ, ഞാൻ പറയും: മറെറാരു യുദ്ധം ഒരിക്കലും ഉണ്ടാകരുതെന്ന്. മറെറാരു യുദ്ധം ഇനി ഒരിക്കലും ഉണ്ടായിക്കൂടാ.

താൻ യഥാർത്ഥത്തിൽ ചിന്തിക്കുന്നതു പറയാനും, ചെയ്യണമെന്ന് ആത്മാർത്ഥമായി കരുതുന്നതു ചെയ്യാനും, യാതൊന്നിലാണോ താൻ യഥാർത്ഥത്തിൽ വിശ്വസിക്കുന്നത് അതിനുവേണ്ടി പ്രവർത്തിക്കാനും എപ്പോഴും കഴിയുന്ന രാഷ്ട്രീയ പ്രവർത്തകന്നോ രാജ്യതന്ത്രജ്ഞന്നോ ആഹ്ലാദിക്കാൻ എല്ലാവിധ അവകാശവുമുണ്ട്. ഞങ്ങൾ സമാധാനപരിപാടി ആവിഷ്കരിച്ചപ്പോൾ, പല സാർവ്വദേശീയ യോഗങ്ങളിലും യുദ്ധഭീഷണിയെ നിർമ്മാർജ്ജനം ചെയ്യാൻ സഹായിക്കുന്ന ഞങ്ങളുടെ മുൻകൈ നടപടികളാവിഷ്കരിച്ചപ്പോൾ ഞാൻ ചെയ്തിരുന്നതും പറഞ്ഞിരു

ന്നതും ഒരു കമ്യൂണിസ്റ്റുകാരനെന്ന നിലയിൽ ഞാൻ സർവ്വാത്മനാ വിശ്വസിച്ചിരുന്ന കാര്യങ്ങളാണ്; ആ കാര്യങ്ങൾക്കു വേണ്ടിയാണ് ഞാൻ പ്രവർത്തിച്ചിരുന്നത്.

7646

ഇതാണ്, യുദ്ധത്തിന്റെ അനുഭവത്തിൽനിന്നു ഞാൻ കൈക്കൊണ്ട അതിപ്രധാന നിഗമനമായി ഞാൻ പരിഗണിക്കുന്നത്.

★

PC Library & Research Center

SB

# സോവിയററു വിദേശനയം സമാധാനത്തിന്റെ രക്ഷയ്ക്കു

947

പി. കെ. വാസുദേവൻ നായർ

Indic Digital Archive Foundation
gpura.org